# ഏതുമാർഗ്ഗം?

കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

# ഏതുമാർഗ്ഗം?

ഗ്രന്ഥകർത്താവ്:

**കെ. ഭാസ്കരൻനായർ, ഡി. എസ്സ്‌സി.**

പ്രൊഫസ്സർ, ജന്തുശാസ്ത്രവകുപ്പ്

യൂനിവേഴ്സിററി കോളേജ്

തിരുവനന്തപുരം

പ്രകാശകന്മാർ:

മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ്

കമ്പനി, ലിമിററഡ്, കോഴിക്കോട്.

1954 വില ക. 1/12/-

Digitized by Kerala Sahitya Akademi

*All rights reserved*

Printed at

THE MATHRUBHUMI PRESS,

KOZHIKODE

Digitized by Kerala Sahitya Akademi

# പ്രസ്താവന

ഇരുപത്തിനാലു് ഉപന്യാസങ്ങളാണു് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. ഇവയിൽ ചിലതിനു് ആറേഴു കൊല്ലത്തെ പഴക്കമുണ്ടു്. ഒരു പ്രത്യേക ആശയത്തേയോ ചിന്താഗതിയേയോ ആധാരമാക്കിയുള്ള കൃതിയാണിതെന്നു് അവകാശപ്പെടുന്നില്ല. പലപ്പോഴായി എഴുതിയതാകയാൽ ഉപന്യാസങ്ങളിൽ അങ്ങിങ്ങു് ചില ആവർത്തനങ്ങളും മററും കണ്ടേക്കാം. അതെല്ലാം വായനക്കാർ സദയം ക്ഷമിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
മാർച്ചു് 15, 1954.

കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# വിഷയവിവരം


| | | |
|---|---|---|
| 1. | ഏതു മാർഗ്ഗം? .... .... | 1 |
| 2. | സാംസ്കാരിക സ്വാതന്ത്ര്യം .... .... | 16 |
| 3. | നവീകരണത്തിന്റെ ലക്ഷ്യം .... .... | 30 |
| 4. | നമ്മുടെ മുഖം .... .... | 36 |
| 5. | "ഹിന്ദുസ്ഥാൻ ഹമാരാ" .... .... | 40 |
| 6. | വ്യവസായ ദുഷ്പ്രഭുത്വം .... .... | 47 |
| 7. | ഡിസംബർ 15 .... .... | 55 |
| 8. | നമ്മുടെ ദുഷ്കാലം .... .... | 60 |
| 9. | നമ്മുടെ ഭാഷാപ്രശ്നം .... .... | 66 |
| 10. | മഗ്ദലനമറിയം .... .... | 72 |
| 11. | പൗരാണികകാവ്യങ്ങളും ആധുനികസാഹിത്യവും | 80 |
| 12. | ഭാഷാഗവേഷണം .... .... | 87 |
| 13. | മാതൃഭാഷവഴിയുള്ള ശാസ്ത്രാഭ്യസനം .... | 97 |
| 14. | നമ്മുടെ അച്ചടി .... .... | 105 |
| 15. | ബർട്രൻഡ് റസ്സൽ .... .... | 114 |
| 16. | വിൻസ്റ്റൺ ചർച്ചിൽ .... .... | 123 |
| 17. | പരിണാമവും പ്രകൃതിയും .... .... | 126 |
| 18. | ശാസ്ത്രവും ഇന്ത്യയുടെ അഭ്യുദയവും .... | 132 |
| 19. | ഒരു പുതിയ കാമശാസ്ത്രം .... .... | 142 |
| 20. | സംസ്കാരത്തിന്റെ ഉത്ഭവസ്ഥാനങ്ങൾ .... | 149 |
| 21. | മത്സരവും മേന്മയും .... .... | 154 |
| 22. | ഇന്നത്തെ ജന്തുശാസ്ത്രം .... .... | 159 |
| 23. | റഷ്യയിലെ ജീവശാസ്ത്രം .... .... | 168 |
| 24. | ജീവശാസ്ത്രത്തിലെ ദുർഘടസന്ധി .... | 176 |


Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# 1

# ഏതു മാർഗ്ഗം?

**ന**മ്മുടെ മാതൃഭൂമി ഇന്ന് ഒരു വിഷമസന്ധിയിൽ എത്തിയിരിക്കുകയാണ്. ഏററവും ഒടുവിലെടുത്ത കാനേഷുമാരിക്കണക്കിൻ പ്രകാരം 3568 ലക്ഷം വരുന്ന ഭാരതീയക്കു ക്ഷേമവും സംതൃപ്തിയും കൈവരുത്തുവാൻ ഏതു മാർഗ്ഗമാണ് സ്വീകരിക്കേണ്ടതെന്നതിനെപ്പററി മൗലികമായ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുന്നു. ഒരു വശത്ത് പശ്ചിമാർദ്ധഗോളത്തിലെ രാഷ്ട്രങ്ങളുടെ മാതൃകയിൽ ഭാരതത്തിന് ഉൽക്കർഷവും പ്രാബല്യവും കൈവരുത്തുവാനുള്ള തീവ്രയത്നം നടക്കുന്നു. സ്വന്തമായ വിദേശനയം, പുതിയ വ്യവസായങ്ങൾ, നദീതടപദ്ധതികൾ, ഗവേഷണശാലകൾ, പൊതു തെരഞ്ഞെടുപ്പ്, പാർലമെൻറ്, പഞ്ചവത്സരപദ്ധതി എന്നിങ്ങനെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നമുക്കുണ്ടായ നേട്ടങ്ങളെല്ലാം നമ്മെ ഈ ലക്ഷ്യത്തിലേക്ക് അതിശീഘ്രം അടുപ്പിച്ചുകൊണ്ടിരിക്കുകയാണെന്നു പറയപ്പെടുന്നു. ഈ നേട്ടങ്ങളുടെ പട്ടികയും അവയെക്കുറിച്ചുള്ള പ്രശംസകളും നിയമസഭാസമ്മേളനങ്ങളിലും ഭരണാധിപന്മാരുടെ പ്രസംഗങ്ങളിലും നാം കൂടക്കൂടെ കേൾക്കാറുണ്ട്. അന്യരാജ്യങ്ങളിലെ നേതാക്കന്മാരും പത്രങ്ങളും ഇവയെപ്പററി പറയുന്ന നല്ല അഭിപ്രായങ്ങളും നാം കേൾക്കാറുണ്ട്. ഈ നേട്ടങ്ങളുടെ മേന്മകളെയും പോരായ്മകളെയും കുറിച്ചുള്ള വാദപ്രതിവാദം നമ്മുടെ ഇന്നത്തെ രാഷ്ട്രീയജീവിതത്തിൻെറ പ്രാണശ്വാസമായിത്തീർന്നിട്ടുണ്ടെന്നുതന്നെ പറയാം. പാശ്ചാത്യരാഷ്ട്രങ്ങളുടെ തോതുവെച്ചു നോക്കുമ്പോൾ ഇതിലെല്ലാം ഉൽക്കർഷത്തിൻെറ ഉദയപ്രഭകൾ കാണുവാൻ കഴിഞ്ഞേക്കാം. പ്രധാനവും പ്രബലവുമായ ഒരു രാഷ്ട്രമായിത്തീരുവാൻ അവ നമ്മെ സഹായിച്ചേക്കാം. പക്ഷെ നാലഞ്ചു നൂററാണ്ടു കാലമായി പാശ്ചാത്യരാഷ്ട്രങ്ങളെ വ്യാമോഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ഉൽക്കർഷവും പ്രാബല്യവും യഥാർത്ഥത്തിൽ അത്രവളരെ കാമ്യമായ ലക്ഷ്യങ്ങളല്ലെന്നും, അവയെ മുൻനിർത്തി

Digitized by Kerala Sahitya Akademi

യല്ല ഭാരതീയർ യത്നിക്കേണ്ടതെന്നും, ഗാന്ധിജിയുടെ ആദർശങ്ങളേയും ആശയങ്ങളേയും മുറുകെപ്പിടിച്ചുകൊണ്ടു വിനോബയും കുമരപ്പയും വാദിക്കുന്നു; സവ്വോദയപ്രസ്ഥാനം പ്രചരിപ്പിക്കുവാൻ നാടുനീളെ സഞ്ചരിക്കുന്നു. അവക്കു പണവും പ്രതാപവും അധികാരശക്തിയുമില്ല. അന്യരാജ്യക്കാർ അവരെപ്പററി കേൾക്കുന്നുപോലുമില്ല. കുഗ്രാമങ്ങളിലും കുടിയിടകളിലുമാണ് അവർ പ്രവർത്തിക്കുന്നത്. പക്ഷെ അവർ വെറുതെ ശകുനം മുടക്കുവാനോ കുതക്കത്തിനു വേണ്ടിയോ നില്ക്കുന്നവരാണെന്നു കരുതുന്നത് അബദ്ധമാണ്. അത്യഗാധമായ സ്വരാജ്യസ്നേഹത്താലും അടിയുറച്ച ആത്മവിശ്വാസത്താലും പ്രേരിതരായി ഒരു പുതിയ ജീവിതം ജീവിച്ചു കാണിക്കുകയാണ് അവർ ചെയ്യുന്നത്.

ഈ രണ്ടു മാഗ്ഗങ്ങളിൽ ഏതാണു നല്ലത്? ഏതാണു ഭാരതീയർ സ്വീകരിക്കുവാൻ പോകുന്നത്? അഭ്യസ്തവിദ്യരെന്നഭിമാനിക്കുന്നവക്കു സവ്വോദയപ്രസ്ഥാനം ആകപ്പാടെ അനാകഷകമാണ്. ഭരണാധികാരികൾ അതിൽ യാതൊരു താല്പര്യവും കാണിക്കുന്നില്ല. അവക്കെല്ലാം ആദ്യം പറഞ്ഞ ലക്ഷ്യങ്ങളും മാഗ്ഗങ്ങളുമാണ് മെച്ചമായി തോന്നുന്നത്. ആ വഴിക്കു പോയാൽ നമുക്കു പ്രാധാന്യവും പ്രാബല്യവും സിദ്ധിക്കുമെന്നും, അമേരിക്കയേയും റഷ്യയെയും ഇംഗ്ലണ്ടിനെയുംപോലെ ഭാരതം ഒരു ലോകശക്തിയായി ഉയരുമെന്നും അവർ വിശ്വസിക്കുന്നു. ശരിയായിരിക്കാം. പക്ഷെ ഇതെല്ലാം സാധിച്ചതുകൊണ്ടുള്ള പ്രയോജനമെന്തെന്നാണ് ആലോചിക്കേണ്ടത്. 1933 മുതൽ 1945 വരെ ജമ്മനിയും ഇററലിയും വളരെ വളരെ പ്രധാനങ്ങളും പ്രബലങ്ങളുമായ രാഷ്ട്രങ്ങളായിരുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും അവർ ദൂരീകരിച്ചു. പ്രസ്തുത രാഷ്ട്രങ്ങൾ ലോകശക്തികളായി ഉയന്നു. എങ്കിലും അവയുടെ പില്ക്കാലത്തെ അനുഭവമെന്തെന്ന് ആലോചിച്ചുനോക്കുക. പ്രാധാന്യവും പ്രാബല്യവും നിലനിറുത്തുവാൻവേണ്ടി നടത്തിയ യുദ്ധത്തിൽ ജയിച്ച ഗ്രേററ് ബ്രിട്ടന്റെ അനുഭവവും ഇതിൽനിന്നു ഭിന്നമല്ല. അമേരിക്കയും റഷ്യയും തമ്മിൽ ഇന്നു പ്രാബല്യത്തിനുവേണ്ടി മത്സരിക്കുകയാണ്. മത്സരം മൂത്തുമൂത്ത് അവസാനം ഏതെങ്കിലും ഒന്നേ ശേഷിക്കുകയുള്ളു എന്നുപോലും തോന്നിപ്പോകുന്നു. ആരു ശേഷിച്ചാലും അവരുടെ അനുഭവം എതിരാളിയുടേതിൽനിന്നു വളരെയൊന്നും ഭേദമായിരിക്കുമെന്നും തോന്നുന്നില്ല. ആധുനികകാലത്തെ രാഷ്ട്രീയമത്സരങ്ങളിൽ ജയിക്കുന്നവന്റെയും തോല്ക്കുന്നവന്റെ

Digitized by Kerala Sahitya Akademi

യും അനുഭവം തുല്യമാണ്. ഇങ്ങനെ നോക്കിയാൽ പ്രാബല്യവും പ്രാധാന്യവും ഭംഗുരങ്ങളും അന്തസ്സാരശൂന്യങ്ങളുമായ രാഷ്ട്രീയലക്ഷ്യങ്ങളാണെന്നു കാണാം. ഇവയെ ചുററിയുള്ള രാഷ്ട്രോദ്ധാരണപരിപാടികളിലും ഈ ഭംഗുരത്വം, അനിവാര്യമായി, അന്തർഭവിച്ചിരിക്കുന്നു. ഉൽക്കർഷവും പ്രാബല്യവും ഉച്ചകോടിയിലെത്തുമ്പോൾ എങ്ങിനെയെങ്കിലും അവക്ക് ആപത്തുണ്ടാകുന്നു. ഒരിടത്തല്ലെങ്കിൽ മററൊരിടത്ത് അടിക്കടിയുണ്ടാകുന്ന ഈ ആപന്നിപാതത്തിന്റെ നിദാനത്തെയും നിവാരണമാർഗ്ഗങ്ങളെയും കുറിച്ച് അനേകം ചിന്തകന്മാർ നിഗമനങ്ങളും നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്. എങ്കിലും അതുകൊണ്ടൊന്നും ഒരു ഫലവുമുണ്ടായതായി നാം കാണുന്നില്ല. മലഞ്ചരിവിൽ നാറാണത്ത് ഭ്രാന്തൻ ചെയ്തതുപോലെ രാഷ്ട്രീയനേതാക്കന്മാർ ജനസഞ്ചയത്തിന്റെ ഭാഗധേയത്തെ താഴോട്ടു തള്ളിയിടുവാൻവേണ്ടിമാത്രം മുകളിലേക്ക് ഉരുട്ടിക്കയററുന്നു. ആധുനിക രാഷ്ട്രങ്ങൾ നേട്ടങ്ങളായെണ്ണുന്നതൊന്നും കഴമ്പുള്ളവയല്ലെന്നും, അവക്കു പ്രേരകമായ ലക്ഷ്യങ്ങൾതന്നെ ആപൽക്കരങ്ങളാണെന്നും മനസ്സിലാക്കി പുതിയ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും സ്വീകരിക്കുവാൻ ഒരു ഭരണാധികാരിയും ധൈര്യപ്പെടുന്നില്ല. സ്വതന്ത്രഭാരതത്തിലും ഇതുതന്നെയാണു സംഭവിച്ചിരിക്കുന്നത്. പാശ്ചാത്യരാഷ്ട്രങ്ങളുടെ മാതൃകതന്നെയാണു നാമും സ്വീകരിച്ചിരിക്കുന്നത്. പ്രാധാന്യവും പ്രാബല്യവും കരസ്ഥമാക്കുക എന്നതാണു നമ്മുടെയും ആന്തരോദ്ദേശം. ഗാന്ധിയുടെ ആദർശവും അശോകന്റെ അടയാളവും നാം സ്വീകരിച്ചിട്ടുണ്ട്. പക്ഷെ ആ മഹാപുരുഷന്മാർ കാണിച്ചുതന്ന ജീവിതരീതി സ്വീകരിക്കുവാൻ നാം മടിക്കുകയാണ്; പേടിക്കുകയാണ്. പ്രയാസപ്പെട്ടു നേടിയ സ്വാതന്ത്ര്യം നഷ്ടപ്പെട്ടുപോകുമെന്നും നാം ലോകരാഷ്ട്രങ്ങളുടെ പിന്നണിയിലായിപ്പോകുമെന്നും, നമ്മുടെ ഭരണാധികാരികൾ ഭയപ്പെടുന്നു. പക്ഷെ കോടിക്കണക്കിലുള്ള ഭാരതീയജനസാമാന്യത്തിനു സ്വാതന്ത്ര്യം ലഭിച്ചതിലുള്ള ഉത്സാഹോന്മേഷങ്ങളും, അതിന്റെ പേരിൽ അവർ പുലർത്തിയ പ്രതീക്ഷകളും മങ്ങുന്നതിൽ അവർക്കു കുണ്ഠിതമില്ല; ആശങ്കയില്ല. ആധുനികഭാരതത്തിൽ ആർക്കും എവിടേയും അനുഭവപ്പെടുന്ന ഈ ജീവിതയാഥാർത്ഥ്യത്തെ ആസ്പദമാക്കി നോക്കുമ്പോഴാണ്, ഇന്നു നാം പെരുമ്പറ കൊട്ടിപ്പുകഴ്ത്തുന്ന നേട്ടങ്ങളെപ്പററി സംശയം ജനിക്കുന്നത്. നമ്മുടെ നദീതടപദ്ധതികളും പഞ്ചവത്സരപദ്ധതിയും എല്ലാം പൂർണ്ണതയിലെത്തുന്ന

Digitized by Kerala Sahitya Akademi

ഘട്ടത്തിൽപ്പോലും ഭാരതീയക്ക് അമേരിക്കയുടേയോ ഗ്രേററ്ബ്രിട്ടന്റെയോ പ്രാബല്യവും പ്രാധാന്യവും കൈവരുകയില്ല. സാധാരണക്കാരന്റെ ജീവിതത്തോത് ഇന്നത്തേതിൽനിന്ന് ഒന്നോ രണ്ടോ നെല്ലിട ഉയർത്താമെന്നല്ലാതെ വലിയ മേന്മയൊന്നും പ്രസ്തുത പദ്ധതികളുടെ ഉപജ്ഞാതാക്കൾപോലും പ്രതീക്ഷിക്കുന്നില്ല. കടലാസ്സുപദ്ധതികളുടെ യഥാവിധിയുള്ള സഫലീകരണത്തിന്ന് അമിതമായ അധികാരശക്തി ആവശ്യമാണെന്നും പറയപ്പെടുന്നു. ഇങ്ങിനെ അന്തിമലക്ഷ്യങ്ങൾ നന്നെന്നു സമ്മതിച്ചാൽപ്പോലും ഈ പദ്ധതികളുടെ പേരിൽ സവിശേഷമായ ഉത്സാഹത്തിനൊന്നും വകയില്ല. നമ്മുടെ ലക്ഷ്യത്തിലും ജീവിതവീക്ഷണത്തിൽത്തന്നെയും സമൂലമായ ഒരു പരിവർത്തനം വരേണ്ടിയിരിക്കുന്നു. ദരിദ്രരായ നമ്മുടെ പരിമിതികൾ മാത്രമല്ല, ആധുനികകാലത്തെ രാഷ്ട്രീയലക്ഷ്യങ്ങളുടെ പരിമിതികളും നാം മനസ്സിലാക്കണം. വെള്ളക്കാരന്റെ ഉൽക്കർഷവും ലോകമേധാവിത്വവും കണ്ടു കൊതിചുരത്തുമ്പോൾ അവയിൽ അന്തർലീനമായ ആപത്തുകളെക്കുറിച്ചുകൂടി നാം ആലോചിക്കേണ്ടതാണ്. ലോകചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അവയെ നോക്കിക്കണ്ടു വിലയിരുത്തുവാൻ നാം ശ്രമിക്കണം. ഇന്നലത്തെ മഴയ്ക്ക് ഇന്നുണ്ടായ ഈ പുതുമകളിൽ, അയ്യായിരം വർഷത്തെ സംസ്കാരപാരമ്പര്യമുള്ള നാം ഇത്രത്തോളം വ്യാമോഹിതരാകുന്നതിൽ എന്തോ ഒരു പോരായ്മയുണ്ട്. അംബരചുംബികളായ നഗരസൗധങ്ങളേയും, അന്യന്റെ ആവശ്യത്തെ ആദായത്തിന്റെ അക്ഷയപാത്രമാക്കുന്ന ആധുനിക വ്യവസായങ്ങളെയും, ആററംബോമ്പും ഹൈഡ്രജൻബോമ്പും കൈവശമുള്ള സേനാസന്നാഹങ്ങളെയും മാത്രം പുരോഗതിയുടെ ലക്ഷണങ്ങളായി കരുതുന്നത് അത്ര ശരിയാണോ എന്നു നാം ആലോചിക്കണം.

ലളിതജീവിതവും പരിമിതമായ സുഖങ്ങളുംകൊണ്ടു സംതൃപ്തിനേടുവാൻ മനുഷ്യനു—ഭാരതീയനെങ്കിലും—കഴിവില്ലെ? ഉണ്ട്; തീർച്ചയായുമുണ്ട്. ഈ ലക്ഷ്യങ്ങളെ പിൻതുടരണമെന്നുള്ള ഉൽബോധനം ചരിത്രത്തിന്റെ ആരംഭംമുതല്ക്കുതന്നെ മാനവസമുദായം കേട്ടിട്ടുള്ളതാണ്. ആദിത്യചന്ദ്രന്മാരും നക്ഷത്രജാലവും പോലെ മനുഷ്യചിത്തത്തിൽ സ്ഥാനം ലഭിച്ചിട്ടുള്ള ലോകാചാര്യന്മാർ ഒന്നൊഴിയാതെ ഈ സന്ദേശമാണു മനുഷ്യരാശിക്കു നല്കിയിട്ടുള്ളത്. ശാസ്ത്രീയപുരോഗതിയാലും വ്യവസായവിസ്മയങ്ങളാലും

Digitized by Kerala Sahitya Akademi

മതിഭ്രമം വന്നുപോയ ഈ ഇരുപതാം നൂററാണ്ടിൽപോലും പ്രസ്തുത സന്ദേശത്തിൻെറ ഒരു പ്രവാചകൻ നമ്മുടെ മണ്ണിൽ ജനിയ്ക്കുക യുണ്ടായി. അദ്ദേഹത്തെ അപൽബന്ധുവായും ആത്മമിത്രമായും ഈശ്വരാവതാരമായിപ്പോലും ഭാരതത്തിലെ മൂകലക്ഷങ്ങൾ ഇന്നും കരുതിപ്പോരുന്നു. ഒരു പുതിയ ജീവിതത്തിൻെറ ഉണർവ്വും ഒരു പുതിയ ലോകത്തിൻെറ വെളിച്ചവും അദ്ദേഹം അവക്കു നല്കി. ഒരു ഭൂഖണ്ഡത്തെ മുഴുവൻ ആവേശംകൊള്ളിച്ച് മനുഷ്യവർഗ്ഗത്തിൽ അഞ്ചിലൊരംശത്തിന്ന് ആശ്വാസവും ആത്മവിശ്വാസവും നല്കി യ അദ്ദേഹത്തിൻെറ സന്ദേശം എത്ര പ്രസിദ്ധമായ രാഷ്ട്രസിദ്ധാന്തങ്ങളേക്കാളും ഏതു വലിയ കടലാസ്സുപദ്ധതിയേക്കാളും വിലയുള്ളതും വിശ്വസിയ്ക്കത്തക്കതും ആണെന്നു ഞാൻ കരുതുന്നു. ആ മഹാപുരുഷൻെറ സ്വരാജ്യസ്നേഹത്തിലും സഹാനുഭൂതിയിലും നിസ്തുലമായ പ്രായോഗികബുദ്ധിയിലുംനിന്നാണ് സർവ്വോദയപ്രസ്ഥാനം ഉടലെടുത്തത്. ആപത്തിനു പഴുതില്ലാത്ത സാമാന്യസുഖങ്ങളാണ് അതിലൂടെ അദ്ദേഹം തൻെറ നാട്ടുകാർക്കു നല്കുവാൻ ശ്രമിച്ചത്. അവർ അതുകൊണ്ടു തൃപ്തിപ്പെടുവാൻ സമ്മതിച്ചെന്നു മാത്രമല്ല, അതു കൈവരുത്തുവാനുള്ള മഹായത്നത്തിനു സന്നദ്ധരാവുകയും ചെയ്തു. അദ്ദേഹം നിർദ്ദേശിച്ച പരിപാടികളുടെ ആത്മാർത്ഥതയും പ്രായോഗികതയും സാദ്ധ്യതകളും ബോദ്ധ്യമായതുകൊണ്ടാണ് അവക്ക് ഈ സന്നദ്ധതയും ഉത്സാഹവും ഉണ്ടായത്.

പക്ഷെ ഇന്നിതാ അദ്ദേഹം ജനിപ്പിച്ച ഉത്സാഹോന്മേഷങ്ങളും പ്രയത്നസന്നദ്ധതയും നാമാവശേഷമായിരിയ്ക്കുന്നു. നമ്മുടെ ഭരണാധികാരികൾക്ക് പ്രസ്തുത പരിപാടികളിൽ വിശ്വാസമില്ലാതായിരിയ്ക്കുന്നു. മൂകലക്ഷങ്ങൾ വെറും മൂഢലക്ഷങ്ങളാണെന്നും, അവരുടെ ഉത്സാഹവും പ്രയത്നവും ഭാഗഭാഗിത്വവും പുനരുദ്ധാരണത്തിന് ആവശ്യമില്ലെന്നും ഉള്ള ധാരണ വന്നുകൂടിയിരിയ്ക്കുന്നു. വിദേശമൂലധനത്തിൻെറയും വിദേശീയവിദഗ്ദ്ധന്മാരുടേയും കാരുണ്യമുണ്ടായാൽ വിദൂരഭാവിയിൽ സിദ്ധിച്ചേയ്ക്കാവുന്ന ഐശ്വര്യപ്രചുരിമയെക്കുറിച്ചുള്ള മോഹനസ്വപ്നങ്ങളിൽ ഭാരതത്തിലെ അഭിജ്ഞമണ്ഡലം മുഴുകിപ്പോയിരിക്കുന്നു. കഷ്ടം! നാം കാനൽജലങ്ങൾ കണ്ടു കൊതിയ്ക്കുകയാണ്, അവയുടെ നേക്കു കുതിയ്ക്കുകയാണ്. നമ്മുടെ ആത്മാവിനെപ്പോലും കരണ്ടുതിന്നുന്ന കഠിനയാതനകൾ നാം കാണുന്നില്ല. നമ്മുടെ മുമ്പിൽ കിടക്കുന്നതു തീയാണെന്നു നാം അറിയുന്നില്ല. 1951-ലെ കണക്കനുസരിച്ചു 83

Digitized by Kerala Sahitya Akademi

ശതമാനം ഭാരതീയരും ഗ്രാമീണരാണ്. നിർഭാഗ്യവശാൽ ഈ മഹാഭൂരിപക്ഷമാണ് ഇന്നത്തെ വ്യവസ്ഥിതിയിൽ തീരെ വിഗണിക്കപ്പെട്ടിരിക്കുന്നത്. പുരോഗതിയും പുനരുദ്ധാരണവും നഗരങ്ങളിൽ ചുററിപ്പററി നില്ക്കുന്ന ഒരു പ്രതിഭാസമായിത്തീർന്നിരിക്കുന്നു. ഒരു കൃത്രിമലോകത്തിൽ ജീവിക്കുന്ന വെറും 27 ശതമാനം ജനങ്ങളുടെ ഉത്സാഹത്തിൽനിന്ന് ഒരു പുതിയ 'നാഗരികത' കെട്ടിപ്പടുക്കുവാനാണ് നാമിന്നു ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലോകചരിത്രത്തെ ആസ്പദമാക്കി താത്വികമായി നോക്കുമ്പോൾ പാശ്ചാത്യമാതൃകകളിലും സമ്പ്രദായങ്ങളിലും ഉള്ളതായിക്കാണുന്ന വൈകല്യങ്ങൾ സാരമില്ലാത്തവയാണെന്നു, വാദത്തിനുവേണ്ടി, സമ്മതിച്ചാലും മറെറാരു വലിയ പരമാർത്ഥം നമ്മെ തുറിച്ചുനോക്കുന്നുണ്ട്. പ്രായപൂർത്തിവോട്ടവകാശവും ജനകീയഭരണവും ഏർപ്പെടുത്തിയശേഷം ഇങ്ങനെ ഭൂരിപക്ഷത്തെ അവഗണിക്കുന്നതു ആപൽക്കരമാണ്. പ്രത്യക്ഷമായ ഈ ആപത്തിനെക്കുറിച്ചുപോലും ആരും ആലോചിക്കാത്തതാണ് അത്ഭുതം. ഇന്നലെവരെ പാരതന്ത്ര്യത്തിന്റെയും ഇന്ന് അവഗണനയുടെയും ഫലമായി ക്ഷേമവും ക്ഷമയും നശിച്ചിരിക്കുന്ന ഗ്രാമീണജനങ്ങൾക്കുവേണ്ടിയാണ് സർവ്വോദയപ്രസ്ഥാനം നിലകൊള്ളുന്നത്. ആചാര്യവിനോബഭാവെയുടെ നേതൃത്വത്തിൽ അതിന് ഈയിടെയുണ്ടായ നവോന്മേഷമാണ് വാസ്തവത്തിൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഭാരതത്തിനു കിട്ടിയ മഹാ ഭാഗ്യം. ഗ്രാമീണജീവിതത്തെ എത്രയോ കാലമായി ആവരണം ചെയ്തിരുന്ന കൂരിരുട്ടിൽ അതൊരു പ്രകാശനാളം തെളിയിച്ചിരിക്കുന്നു. അതു വിദേശീയ സഹായത്തെ ഉപജീവിക്കുന്നില്ല. സ്വാശ്രയശക്തിയിലാണ് അത് അധിഷ്ഠിതമായിരിക്കുന്നത്. ഗ്രാമീണജീവിതത്തിന്റെ നാനാവശങ്ങളെയും അതു സ്പർശിക്കുന്നുണ്ട്. കൃഷി, വ്യവസായം, വിദ്യാഭ്യാസം, വൈദ്യസഹായം. വിശ്രമം, വിനോദം എന്നിങ്ങനെ എല്ലാ ഘടകങ്ങളെയും പുഷ്ടിപ്പെടുത്തി ചൈതന്യപൂർണ്ണവും, ഗുണപുഷ്കലവും പരിസരങ്ങളോടും പാരമ്പര്യങ്ങളോടും പൊരുത്തമുള്ളതും സംതൃപ്തിയുടെയും സമാധാനത്തിന്റെയും പ്രസന്നതകൾ നിറഞ്ഞതുമായ ഒരു ജീവിതത്തിലേക്കാണ് അതു നയിക്കുന്നത്. ആപ്പീസുകളിലും വ്യവസായശാലകളിലും വിദ്യാലയങ്ങളിലും തിങ്ങിക്കൂടി ബുഷ്കോട്ടും കാലുറകളുംധരിച്ച്, അനാരോഗ്യകരമായ ചുററുപാടുകളിൽ ആയുസ്സിന്റെ ഏറിയ പങ്കും ചിലവഴിച്ച്. ആർക്കുവേണ്ടിയെന്നോ എ

Digitized by Kerala Sahitya Akademi

ന്തിനുവേണ്ടിയെന്നോ അറിയാത്ത ജോലിചെയ്യുന്ന യന്ത്രമായി മനുഷ്യനെ അധഃപതിപ്പിച്ച് നഗരജീവിതത്തിന്റെ ദുരിതങ്ങളെ പോഷിപ്പിക്കുന്ന ഒരു വ്യവസ്ഥിതിയല്ല അതിന്റെ ലക്ഷ്യം. സർവ്വോദയപ്രസ്ഥാനം കാളവണ്ടിയുടെയും കൈത്തറിയുടെയും പഴഞ്ചൻ ലോകത്തിലേക്കാണ് ഭാരതത്തെ നയിക്കുന്നതെന്നു പരിഷ്കാരഭ്രമക്കാർ പരിഹസിക്കാറുണ്ട്. എടുപ്പുകൾക്കകത്തും യന്ത്രങ്ങൾക്കിടയിലും മനുഷ്യനെ ജീവനോടെ കുഴിച്ചുമൂടുന്ന പുത്തൻപരിഷ്കാരത്തെ അതു വെറുക്കുന്നുണ്ടെന്നുള്ളതു വാസ്തവമാണ്. പക്ഷെ സുഖവും സംതൃപ്തിയും നേടുന്നതിന് 'നാഗരികത'യുടെ ആർഭാടങ്ങളെല്ലാം അത്യന്താപേക്ഷിതമാണെന്നു വിചാരിക്കുന്നത് അബദ്ധമാകുന്നു. ഇതൊന്നുമില്ലാതെ ആയിരമായിരം വർഷക്കാലം മനുഷ്യൻ ജീവിച്ചിട്ടുണ്ട്; അങ്ങേയററത്തെ പൂർണ്ണതയെ പ്രാപിച്ചിട്ടുമുണ്ട്. ഇന്നുപോലും മനുഷ്യരാശിയിൽ ബഹുഭൂരിപക്ഷവും കാളവണ്ടിയുടേയും കൈത്തറിയുടേയും ലോകത്തിൽതന്നെയാണു ജീവിക്കുന്നത്. കഴിഞ്ഞ ലോകമഹായുദ്ധത്തിന്നിടക്ക് യൂറോപ്പിൽവെച്ച് വിവാഹം കഴിച്ച ഒരു അമേരിക്കൻ ഭടൻ വിവാഹവേദിയിൽവെച്ചു വധുവിനോട് 'നീ എന്നെയാണോ ന്യൂയോക്കിനെയാണോ സ്നേഹിക്കുന്നതെ'ന്നു ചോദിച്ചതായി കേട്ടിട്ടുണ്ട്!! ജീവിതത്തേയും മനുഷ്യനേയും സ്നേഹിക്കുന്നതിനുപകരം ഇങ്ങനെ 'ന്യൂയോക്കിനെ സ്നേഹിക്കു'വാനാണ് ആധുനികപരിഷ്കാരം പ്രേരിപ്പിക്കുന്നത്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായങ്ങളും അനുകരണഭ്രമങ്ങളുംമൂലം തുടരെ നിർദ്ധനമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഗ്രാമങ്ങളെ പുനരുദ്ധരിക്കുവാനും സംതൃപ്തമാക്കുവാനുമുള്ള ഒരു മഹായത്നമാണ്—മഹായജ്ഞമെന്നുതന്നെ പറയണം—സർവ്വോദയപ്രസ്ഥാനം.

നിർഭാഗ്യവശാൽ ഇന്നത്തെ ഭരണചക്രമാണ് ഈ മഹായത്നത്തിന്റെ പരമശത്രുവായിത്തീർന്നിരിക്കുന്നത്. അത് പുതിയപുതിയ പലതരം പദ്ധതികളിലൂടെ ഭാരതത്തെ നാഗരികതയിലേക്ക് ആഞ്ഞുവലിക്കുന്നു. ഭാരതീയ ഗ്രാമങ്ങളുടെ പുനരുദ്ധാരണത്തിനായി അമേരിക്കൻ വിദഗ്ദ്ധന്മാരെ ക്ഷണിച്ചുവരുത്തുന്നു. വൈദഗ്ദ്ധ്യം വിളമ്പിയതുകൊണ്ടോ ഉപദേശം ഉരുവിട്ടതുകൊണ്ടോ ഒരു ജനതയും ഉണർന്നതായോ ഉദ്യമിച്ചതായോ കേട്ടിട്ടില്ല. പറന്നുനടക്കുകയും പരന്ത്രീസു പറയുകയും ചെയ്യുന്ന ഈ വിദഗ്ദ്ധന്മാരായ പരദേശിഢചരമാർ ഉഷ്ണമേഖലയിലെ ഉച്ചവെയിലിൽ പണിയെടുക്കുന്ന ഇന്ത്യൻ കൃഷീവലന്റെ മനോരാജ്യങ്ങളെപ്പററി എന്തറിയുന്നു!

Digitized by Kerala Sahitya Akademi

അവർ സ്ഥിതിവിവരക്കണക്കുകളും ശാസ്ത്രസിദ്ധാന്തങ്ങളും ഉദ്ധരിക്കുന്നു. അവൻ പത്താമുദയവും തിരുവാതിരഞാററുവേലയും കാത്തുനില്ക്കുന്നു. ഭരണചക്രത്തിനും ഗ്രാമീണജനതയ്ക്കും ഇടയിൽ ഒരു ഇരുമ്പുമറയാണു നില്ക്കുന്നത്. ഭരണാധികാരികൾ ഗാന്ധിശിഷ്യന്മാരായ കോൺഗ്രസ്സുകാരാണെങ്കിലും യഥാർത്ഥത്തിൽ ഭരണം നടത്തുന്നത് പാശ്ചാത്യരുടെ ജീവിതവീക്ഷണംമാത്രം വിലമതിക്കുന്ന ഉദ്യോഗസ്ഥന്മാരാണ്. ജനങ്ങൾ അസംതൃപ്തരാണെന്നു പറയുമ്പോൾ, അന്യരാജ്യങ്ങളിൽ ആരംഭകാലത്തു ഇതിലും കൂടുതൽ അസംതൃപ്തിയുണ്ടായിരുന്നു എന്നുള്ള സമാധാനമാണ് നമുക്കു ലഭിക്കുന്നത്. വിനോബഭാവെയുടെ ഭൂദാനയജ്ഞംപോലുംഭരണാധികാരികൾക്കു ഇഷ്ടമായിട്ടില്ല. ഇന്ത്യയിലെ ഗ്രാമീണജനങ്ങളുടെ ഹൃദയത്തിൽ ആ മഹാപ്രസ്ഥാനം ജനിപ്പിച്ചിട്ടുള്ള ഉത്സാഹപ്രകർഷം അവർ കാണുന്നില്ല. അതിനു ലഭിക്കുന്ന അത്ഭുതകരമായ പൊതുജനപ്പിൻതുണ അവർ മനസ്സിലാക്കുന്നില്ല. ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും റഷ്യയിലെയും കാര്യങ്ങളും കണക്കുകളും ഉദ്ധരിച്ച് ഈ പ്രസ്ഥാനത്തിൻെറ വിധിയെഴുതുവാനാണ് അവർ ബദ്ധപ്പെടുന്നത്. ഇങ്ങനെ ഏട്ടിലെ പശുവിൻെറ പാലു കറക്കുന്ന ഉദ്യോഗസ്ഥന്മാരോ പുസ്തകപ്പുഴുക്കളായ വിദഗ്ദ്ധന്മാരോ അല്ല ഈ പ്രസ്ഥാനത്തെ നയിക്കുന്നത്! അന്യരാജ്യങ്ങളുടെ അനുഭവം എന്തായിരുന്നാലും ഇന്ത്യയിൽ ഈ പുനരുദ്ധാരണപ്രസ്ഥാനം വിജയിക്കുമെന്നു പരീക്ഷിച്ചറിഞ്ഞ കർമ്മയോഗികളാണ്. ഭരണചക്രത്തിലൂടെ ഭാവുകം കൈവരുത്താമെന്ന് അവർ വ്യാമോഹിക്കുന്നില്ല. അങ്ങുമിങ്ങും ചില വ്യവസായശാലകളും അണക്കെട്ടുകളും സ്ഥാപിച്ച് മുപ്പത്തിയഞ്ചുകോടി ജനങ്ങളെ ക്ഷേമത്തിലെത്തിക്കാമെന്ന് അവർ വിശ്വസിക്കുന്നില്ല. കൃഷിയും കൈത്തൊഴിലും കുടിൽവ്യവസായങ്ങളുംകൊണ്ടുമാത്രമേ ഈ മഹാരാജ്യത്തിലെ ജനസഞ്ചയത്തിനു സംതൃപ്തി ലഭിക്കുകയുള്ളു. പക്ഷെ യുവജനങ്ങളെ ഇവയിൽനിന്ന് ഒളിച്ചോടുവാൻ പ്രേരിപ്പിക്കുന്ന ഒരു സാംസ്കാരികാന്തരീക്ഷമാണ് ഭരണാധികാരികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. അവരിൽ യാഥാർത്ഥ്യബോധവും കർമ്മകുശലതയും വളർത്തി, അങ്ങിനെയുള്ള ഒളിച്ചോട്ടത്തിൻെറ ഭവിഷ്യത്തുകളിൽനിന്നു രക്ഷിക്കുവാനാണ് സർവ്വോദയപ്രസ്ഥാനം ശ്രമിക്കുന്നത്. അതൊരു ശ്രേയോമാർഗ്ഗം മാത്രമല്ല; ഒരു പുതിയ സംസ്കാരത്തിലേക്കുള്ള രാജപാതയുംകൂടിയാകുന്നു. വൻതരം വ്യവസായങ്ങളെ മുൻനിർത്തിയു

Digitized by Kerala Sahitya Akademi

ണ്ടായ ആധുനികപാശ്ചാത്യസംസ്കാരത്തിൻെറ പോരായ്മകളും അതു ണ്ടാക്കുന്ന മഹാവിപത്തുകളുമാണു ഭാരതീയർ ആദ്യമായി മനസ്സി ലാക്കേണ്ടത്. അങ്ങിനെയുണ്ടാകുന്ന വിചാരവിപ്ലവം സർവ്വോദ യപ്രസ്ഥാനത്തിൻെറ വിജയത്തിന് അത്യന്താപേക്ഷിതമാണ്. ഗ്രാമങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ ജീവിതവീക്ഷണ മാണ് ഭാരതത്തിന്ന് ആവശ്യമായിരിക്കുന്നത്. ഇങ്ങിനെയൊ രു വീക്ഷണം സാദ്ധ്യമാണെന്നും, അതുമൂലം അന്യരാജ്യക്കാരോ ടൊപ്പം മനുഷ്യരെന്ന നിലയിൽ നമുക്കു വളരുവാൻ കഴിയുമെന്നു മു ള്ള വിശ്വാസം നമ്മുടെ ഹൃദയത്തിൽ വേരുറയ്ക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം നേടുന്നതിനു ഗാന്ധിജി നിർദ്ദേശിച്ച മാർഗ്ഗം വെറും ഭോഷത്വമാണെന്ന് അടുത്തകാലംവരെ അഭിജ്ഞന്മാരെന്നു ഭാവി ക്കുന്നവരിൽ പലരും അഭിപ്രായപ്പെട്ടിരുന്നു. എങ്കിലും അതു നമ്മെ സ്വാതന്ത്ര്യത്തിലെത്തിച്ചു. ആ മഹാപുരുഷൻ നിർദ്ദേശിച്ച പുനരുദ്ധാരണമാർഗ്ഗത്തിൻെറ കഥയും ഇതുതന്നെയായിരിക്കും. അന്ധ മായ അനുകരണഭ്രമത്തിൽനിന്നുണ്ടായ അഭിപ്രായങ്ങളും ആദർശങ്ങ ളുമാണ് പ്രസ്തുത മാർഗ്ഗത്തിൻെറ അംഗീകാരത്തിനു വിഘ്നങ്ങളായി നില്ക്കുന്നത്. ഫലസിദ്ധി വരുമ്പോൾമാത്രമേ ഈ അഭിപ്രായങ്ങൾ മാറുകയുള്ളു. ഏതായാലും ഒരു ന്യൂനപക്ഷത്തിൻെറ അഭിപ്രായ വ്യത്യാസംമൂലം ഇങ്ങനെയുള്ള ഒരു മഹാപ്രസ്ഥാനം പരാജയപ്പെടു വാനനുവദിച്ചുകൂടാ. ഭാരതീയസംസ്കാരം നഗരങ്ങളുടെയോ വൻത രം വ്യവസായങ്ങളുടെയോ ഉല്പന്നമായിരുന്നില്ല. നമ്മുടെ ജീവി തത്തിന് ഇവയോടുള്ള പരാധീനത വന്നുകൂടിയതിനുശേഷമാണ് ഭാരതം അധഃപതിച്ചത്. നമുക്കു രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടിയെ ങ്കിലും ഈ പരാധീനതയിൽനിന്നുള്ള മോചനം ഇനിയും ലഭിച്ചി ട്ടില്ല. എന്നുമാത്രമല്ല ഇത് എത്രയോ അധികം വർദ്ധിക്കുവാനിട യാക്കുന്ന ചുററുപാടുകൾ നാം അടിക്കടി സൃഷ്ടിച്ചുകൊണ്ടിരിക്കു കയും ചെയ്യുന്നു. ബാബിലോണും നിനവയും ഗ്രീസും റോമും എല്ലാം നശിച്ചിട്ടും 'നമ്മുടെ ഹിന്ദുസ്ഥാനം' നിലനില്ക്കുന്നു എന്ന് നാം അഭിമാനഗാനം മുഴക്കാറുണ്ട്. പക്ഷേ അതിൻെറ രഹസ്യ മെന്തെന്നു മനസ്സിലാക്കുവാനോ, അതനുസരിച്ച് ആത്മധീരതയോ ടും ആശയസ്വാതന്ത്ര്യത്തോടുംകൂടി പ്രവർത്തിക്കുവാനോ നാം ശ്രമി ക്കുന്നില്ല.

നമ്മുടെ ഇന്നത്തെ വൻനഗരങ്ങൾ ഇടിച്ചുപൊളിക്കണമെ ന്നോ വളർത്തിക്കൊണ്ടുവന്ന വൻതരം വ്യവസായങ്ങൾ നിർത്തിക്ക

Digitized by Kerala Sahitya Akademi

ളയണമെന്നോ അല്ല പറയുന്നത്; ഇവയെ നിരുപാധികം വളർത്തി രാഷ്ട്രത്തിൻെറ വിശാലതരവും സാർവ്വത്രികവുമായ ക്ഷേമത്തെ അപകടത്തിലാക്കരുതെന്നാണ്. ചില വലിയ വ്യവസായങ്ങളെല്ലാം ആവശ്യമാണ്. ഇരുമ്പും ഉരുക്കും കുടിൽവ്യവസായത്തിൽ ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. ഒരു തീവണ്ടിയന്ത്രം കൊല്ലൻെറ ആലയിൽ നിർമ്മിക്കുവാനും നിവൃത്തിയില്ല. പക്ഷെ ഇരുമ്പും ഉരുക്കും ഉള്ളതുകൊണ്ടു കോൺക്രീററു വീടുകളിൽ താമസിക്കണമെന്നും ഇരുമ്പുപെട്ടികൾ ഉപയോഗിക്കണമെന്നും അങ്ങിനെ ചെയ്യുന്നതു മേന്മയാണെന്നും പരിഷ്ക്കാരമാണെന്നുമുള്ള മനോഭാവം വന്നുകൂടുന്നതാണ് ആപത്ത്. യഥാർത്ഥസംസ്കാരം എന്തെന്നുള്ള കാര്യത്തിൽ നമുക്കൊരു ദേശീയബോധവും ദേശീയമാനദണ്ഡങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. അന്യരാജ്യക്കാരുടെ വീക്ഷണരീതികളും മാനദണ്ഡങ്ങളും സ്വീകരിക്കുന്നതുകൊണ്ടാണ് നമുക്കു വിഷമം നേരിടുന്നത്. അമേരിക്കയിൽ നാലുപേർക്ക് ഒരു കാറുവീതമുണ്ട്; ഇന്ത്യയിൽ നാലായിരം പേർക്ക് ഒന്നു വീതംപോലുമില്ല. അതുകൊണ്ട് അമേരിക്കക്കാർ ഇന്ത്യക്കാരേക്കാൾ ശ്രേഷ്ഠന്മാരാണ്, പരിഷ്ക്കാരമുള്ളവരാണ്, കേമന്മാരാണ്; ഇന്ത്യക്കാർ അവരെ അനുകരിക്കേണ്ടതാണ് എന്നുള്ള വാദഗതിയാണു നമ്മെ നശിപ്പിക്കുവാൻ പോകുന്നത്. ഇതുപോലെ, റഷ്യയിൽ സ്ഥിതിസമത്വമുണ്ട്, 'സമത്വസുന്ദര'മുണ്ട്, എല്ലാക്കാര്യത്തിലും ഏകാഭിപ്രായമുണ്ട്, നമുക്കതില്ല, അതുകൊണ്ടു നാം മോശക്കാരാണ്, എന്ന വാദഗതിയും ശുഭകരമല്ല. ഇമ്മാതിരിയിലുള്ള തരതമവീക്ഷണത്തിന് ഒരു എതിർവശം ഉണ്ടെന്നുള്ളതും നാം ഓർക്കേണ്ടതാണ്. അമേരിക്കയിൽ ചെന്നുകേറിയ വെള്ളക്കാർ ആ രാജ്യത്തെ ആദിമനിവാസികളെ വെറും നാലു നൂറാണ്ടുകൊണ്ടു നാമാവശേഷമാക്കിയതും, കറുത്ത തൊലിയുണ്ടെന്ന കാരണത്താൽ നീഗ്രോകളെ ഈ ജനാധിപത്യയുഗത്തിൽപോലും ജീവനോടെ ദഹിപ്പിക്കുന്നതും, റഷ്യയിൽ ഭരണാധികാരത്തിൻെറ കൊല്ലുംശക്തിയിൽ അഭിപ്രായവ്യത്യാസമുള്ളവർ അപ്രത്യക്ഷരാകുന്നതും, ഈ രണ്ടു 'മാതൃകാരാഷ്ട്രങ്ങ'ളും സഹായത്തിൻെറയും പുരോഗതിയുടെയും പേരിൽ സാമ്പത്തികമായും രാഷ്ട്രീയമായും അന്യരാജ്യങ്ങളെ ചൂഷണം ചെയ്യുന്നതും പരാധീനമാക്കുന്നതും നാം മനസ്സിലാക്കണം. ഇമ്മാതിരി ഹീനകൃത്യങ്ങൾ അംഗീകരിക്കുന്നില്ലെന്നതു തീർച്ചയായും നമുക്കൊരു മേന്മയാണ്. നമ്മുടെ സംസ്കാരത്തിൻെറ മാന്യതയ്ക്കു തെളിവുമാണ്. നമുക്കു സ്വന്തവും സ്വത

Digitized by Kerala Sahitya Akademi

നൂവുമായ പുനരുദ്ധാരണപരിപാടികൾ സ്വീകരിക്കേണ്ടിയിരിക്കു ന്നു. നമ്മുടെ നൈസർഗ്ഗികസംസ്കാരത്തെ പോഷിപ്പിക്കേണ്ടിയിരി ക്കുന്നു. നഗരസൌധങ്ങളുടെയും യന്ത്രസാമഗ്രികളുടെയും വൈ പുല്യം നോക്കി മനുഷ്യൻെറ മേന്മയെ അളക്കുന്ന സമ്പ്രദായം നാം നിശ്ശേഷം പരിത്യജിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ജീവിതവീക്ഷണത്തിലാണ് വിപ്ലവകരമായ മാററം ഉണ്ടാകേണ്ടത്. ഇന്നത്തെ വിദ്യാഭ്യാസലക്ഷ്യങ്ങളും സമ്പ്രദായ ങ്ങളും ആകപ്പാടെ മാറിയെങ്കിലേ ഇതുണ്ടാവുകയുള്ളു. ഗുമസ്തന്മാ രായും അദ്ധ്യാപകന്മാരായും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥ ന്മാരായും ജോലി നോക്കുവാൻമാത്രം കഴിവുള്ള ചെറുപ്പക്കാരാണ് നമ്മുടെ വിദ്യാശാലകളിൽനിന്നു പുറത്തുവരുന്നത്. ബാലികാ ബാലന്മാർ അഞ്ചുവയസ്സുമുതൽ പുസ്തകങ്ങളുടെ ലോകത്തിലേക്കു തള്ളിവിടപ്പെടുന്നു. ആഴ്ചയിൽ അഞ്ചുദിവസവും ക്ലാസ്സുമുറികളിൽ കുത്തിയിരുന്ന് അക്ഷരവിദ്യമാത്രം അഭ്യസിക്കുകയാണ് അവർ ചെയ്യുന്നത്. ഇങ്ങനെ പത്തും പതിനഞ്ചും കൊല്ലം തുടരെ പുസ്ത കപരിചയംനേടി 'അഭ്യസ്തവിദ്യ'രായി പുറത്തുവരുന്ന യുവജനങ്ങ ളെക്കൊണ്ടു രാഷ്ട്രനിർമ്മാണം സാധിക്കാമെന്നും ക്ഷേമം കൈവരു ത്താമെന്നും നാം വിശ്വസിക്കുന്നു. അവരാണ് നമ്മുടെ ആശാ ദീപങ്ങളെന്നും, രാജ്യത്തിൻെറ ഭാവി അവരുടെ കൈയിലാണെ ന്നും നേതാക്കന്മാർ ഉൽഘോഷിക്കുന്നു. ഈ ദിവാസ്വപ്നങ്ങളും ഭംഗിവാക്കുകളും ഉപേക്ഷിച്ചിട്ടു പരമാർത്ഥമെന്തെന്നു നാം മനസ്സി ലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആരാണ് ഈ രാഷ്ട്ര ത്തെ പുലർത്തുന്നത്? ആരുടെ യത്നംകൊണ്ടാണ് മുപ്പത്തിയഞ്ചു കോടി ജനങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേറുന്നത്? യഥാകാലം നിലമുഴുന്നതും വിതയ്ക്കുന്നതും ആരാണ്? ആരാണ് വീടുകൾ പണി യുന്നത്? അത്യന്താപേക്ഷിതമായ കൃഷിയായുധങ്ങൾ നിർമ്മിക്കുന്ന തും നന്നാക്കുന്നതും ആരാണ്? നാം നമ്മെത്തന്നെ കബളിപ്പിക്കുന്ന തെന്തിന്? പരമാർത്ഥം പറയാം. യാഥാർത്ഥ്യങ്ങളെ അഭിമുഖീകരി ക്കാം. രാഷ്ട്രത്തിൻെറ പ്രാണങ്ങൾ നിലനിർത്തുന്ന ഈ മഹാകാര്യ ങ്ങൾ സാധിക്കുന്നത് അഭ്യസ്തവിദ്യരല്ല. വിദ്യാലയങ്ങളും പുസ്ത കങ്ങളുമല്ല, അവയ്ക്കുവേണ്ട അറിവും കഴിവും നല്കുന്നത്. ഇന്ന ത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ നീർച്ചുഴിയിൽ ഇറങ്ങാത്ത വരും, ദീർഘമായ അക്ഷരവിദ്യാപ്രയോഗത്തിൽ ഇടയ്ക്കിടയ്ക്കു പൊ ഴിഞ്ഞുപോയവരും, ഉന്നതാഭിലാഷങ്ങൾക്കും പരിഷ്കാരത്തി

Digitized by Kerala Sahitya Akademi

ൻെറ പ്രലോഭനങ്ങൾക്കും വശഗരാകാത്തവരുമായ 'ഭാഗ്യഹീന' രാണ് ഈ ജോലികളെല്ലാം ചെയ്യുന്നത്. അവരാണ് രാഷ്ട്രത്തെ പുലർത്തുന്നത്. കൃഷിക്കാരനും ആശാരിയും കൊല്ലനും രജകനും ക്ഷുരകനും വണ്ടിക്കാരനും വള്ളക്കാരനും ഒന്നും നാം സ്ഥാപിച്ചു നടത്തുന്ന വിദ്യാലയങ്ങളിൽ പരിശീലനം സിദ്ധിച്ചവരല്ല. എങ്കിലും അവരില്ലെങ്കിൽ ഈ മഹാരാജ്യം ഒരു ദിവസംപോലും 'ഉദിച്ചണയു'മോ എന്നു നാം ആലോചിക്കണം. സമുദായത്തിൻെറ ജീവിതത്തിന് അടിസ്ഥാനഭൂതമായ ഈ കാര്യങ്ങൾക്ക് ഒരു സഹായവും നല്കാത്ത ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ നിന്ന് എന്തു സേവനമാണ്, രാഷ്ട്രനിർമ്മാണമാണ്, നമുക്കു ലഭിക്കുവാൻ പോകുന്നത്? അത്യന്താപേക്ഷിതമായ ഈ തൊഴിലുകളിൽനിന്നു ബാലികബാലന്മാരെ അകററുകയും, അവക്കതിൽ പരിചയം ലഭിക്കാനുള്ള അവസരം ഇല്ലാതാക്കുകയും, ഒടുവിൽ അവക്ക് അതിനോടു വെറുപ്പും വിപ്രതിപത്തിയും ഉണ്ടാകുവാൻ ഇടയാക്കുകയുമാണ് ഇന്നത്തെ വിദ്യാഭ്യാസംകൊണ്ടുള്ള പ്രയോജനം! സ്ക്കൂളുകൾ പോരെന്നും, കോളേജുകളിൽ പ്രവേശനം കിട്ടുന്നില്ലെന്നും പഠിത്തം കഴിഞ്ഞാൽ ജോലി കിട്ടുന്നില്ലെന്നും നാം, പരാതിപ്പെടുന്നു. എല്ലാവക്കും ഒരുപോലെ വിദ്യാഭ്യാസസൗകര്യം ലഭിക്കണമെന്നു മുറവിളികൂട്ടുന്നു. എന്തിന്? കൃഷിക്കാരൻെറ മകനും, ആശാരിയുടെ മകനും, കൊല്ലൻെറ മകനും ആധുനികവിദ്യാഭ്യാസം നല്കുവാൻ! നാട്ടിൻപുറത്തെ പണമെല്ലാം നഗരങ്ങളിൽ ചില വഴിക്കുവാൻ! പുസ്തകങ്ങളും നോട്ടുബുക്കുകളും ചുമന്നുകൊണ്ടു നടക്കുവാൻ! ഉടുപ്പിടാത്തവനെ, വിയത്തൊലിക്കുന്ന ഈ ഉഷ്ണരാജ്യത്ത്, ഉടുപ്പിട്ടു ശീലിപ്പിക്കുവാൻ! വേല ചെയ്യുന്നതിൽ വിമുഖനാക്കുവാൻ! മുറിയിംഗ്ലീഷും പുസ്തകവിദ്യയും പഠിപ്പിച്ചു ഗ്രമസ്തനാക്കുവാൻ! വേലചെയ്തു ലളിതജീവിതം നയിച്ചു സാമാന്യസുഖങ്ങൾകൊണ്ടു തൃപ്തിപ്പെട്ടുപോന്ന എത്രയെത്ര ഗ്രാമീണകുടുംബങ്ങളാണ് ഇന്നത്തെ ഈ വിദ്യാഭ്യാസസമ്പ്രദായത്താൽ നിദ്ധനരാക്കപ്പെട്ടു, നിരാശയിൽ ആഴ്ത്തപ്പെട്ടു, രാഷ്ട്രത്തിനു ഭാരമായിത്തീരുന്നത്! ഉല്പാദനം വദ്ധിപ്പിക്കണമെന്നും അദ്ധ്വാനിക്കണമെന്നും, രാഷ്ട്രത്തെ സമ്പന്നമാക്കണമെന്നും ശക്തിപ്പെടുത്തണമെന്നും ഉള്ള ഉൽബോധനം നാം കൂടെക്കൂടെ കേൾക്കുന്നുണ്ട്. അദ്ധ്വാനിക്കേണ്ടതാരെന്നും ഉല്പാദിപ്പിക്കേണ്ടതാരെന്നും ഉള്ളതിനെപ്പററി ആക്കും ഒരു ബോധവുമില്ല. പുതിയ തലമുറയ്ക്കു പ്രയത്നശീ

Digitized by Kerala Sahitya Akademi

ലം സമ്പാദിക്കുവാനുള്ള ചുററുപാടുകളുമില്ല.

നമ്മുടെ വിദ്യാഭ്യാസരീതിയിലുള്ള ഈ വൈകല്യങ്ങളിലും ക്രാന്തദർശിയായ ഗാന്ധിജിയുടെ ശ്രദ്ധ പതിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തെ ഭാരതീയന്റെ ദൈനന്ദിനജീവിതവുമായി പൊരുത്തപ്പെടുത്തുവാനുള്ള ഒരു പദ്ധതിയും അദ്ദേഹം രൂപവൽക്കരിച്ചു. ഇതും സർവ്വോദയപ്രസ്ഥാനത്തിന്റെ ഒരവിഭാജ്യഘടകമാകുന്നു. പക്ഷേ ഇക്കാര്യത്തിലും ഇന്നു പറയത്തക്ക താൽപര്യമൊന്നും കാണ്മാനില്ല. അന്യരാജ്യങ്ങളിലെ കാര്യം പറഞ്ഞു, സിദ്ധാന്തപരമായ ന്യായങ്ങളുദ്ധരിച്ചു, പഴയ രീതിതന്നെ തുടർന്നുകൊണ്ടു പോകാനുള്ള ഭാവമാണു കാണുന്നത്. വിദ്യാഭ്യാസം മാതൃഭാഷയിൽക്കൂടി വേണമെന്നുള്ള വാദത്തിന്നുപോലും ചൂടു കുറഞ്ഞുവരുന്നതുപോലെ തോന്നുന്നു. ഇംഗ്ലീഷ് സാർവ്വലൌകികഭാഷയാണെന്നും അതിനെ കൈവെടിയുന്നത് ആപൽക്കരമാണെന്നും ഉള്ള അഭിപ്രായക്കാർ കൂടിക്കൂടിവരുകയാണ്. ഭൂരിപക്ഷത്തിന്റെ ആഗ്രഹങ്ങളും താൽപര്യങ്ങളും ഭാഗധേയങ്ങളും അധികാരസ്ഥാനങ്ങളിൽ നേരത്തെ കയറിക്കൂടിയ ഒരു ന്യൂനപക്ഷത്തിന്റെ സൌകര്യത്തിന്നുവേണ്ടി അവഗണിക്കപ്പെടുന്നതിന്ന് ഇതും ഒരു തെളിവാണ്. ഈ 3568 ലക്ഷത്തിൽ എത്രപേർക്കാണ് ഈ 'സാർവ്വലൌകികം' വേണ്ടത്? എത്ര ശതമാനം ഭാരതീയരാണ് അവരവരുടെ ഭാഷാപരിധിക്കപ്പുറത്തേക്കുതന്നെ പോകാറുള്ളത്? വിരലിലെണ്ണാവുന്ന കുറേപ്പേരുടെ സൌകര്യത്തിന്നും പ്രശസ്തിക്കും വേണ്ടി മററുള്ള മഹാഭൂരിപക്ഷം മുഴുവനും ഒരു വിദേശഭാഷ പഠിക്കണമെന്നു പറയുന്നത്, ഈ ജനകീയയുഗത്തിൽ ആരും ക്ഷമിക്കുകപോലുമില്ല. 'ലോകത്തിൽ ആകപ്പാടെ 2000 ലക്ഷം ജനങ്ങൾ ഇംഗ്ലീഷുഭാഷ സംസാരിക്കുന്നു; 4500 ലക്ഷം ജനങ്ങൾ ചീനഭാഷയും. ഏതാണ് സ്നേഹിതാ 'സാർവ്വലൌകികം?' എന്ന് ഈ സാർവ്വലൌകികവാദം കേട്ട ഒരു ചൈനക്കാരൻ ചോദിക്കുകയുണ്ടായി. അയാളുടെ രാജ്യത്തു കഴിഞ്ഞ രണ്ടേരണ്ടു വർഷംകൊണ്ടു വിദ്യാഭ്യാസം അങ്ങേയററത്തെ പടിവരെ ചീനഭാഷയിലാക്കുകയുണ്ടായി. അവർക്കു യാതൊരപകടവും പററിയില്ല. ഇതെല്ലാം മുടക്കുവാദങ്ങളാണ്. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. ജനകീയവ്യവസ്ഥിതിയിൽ വേണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതു മഹാജനങ്ങളാണ്. ആരെന്തൊക്കെ ന്യായങ്ങൾ പറഞ്ഞാലും അവർക്കു മനസ്സിലാകുന്ന ഭാഷയ്ക്കേ പ്രാധാന്യം കിട്ടുകയുള്ളു. പണ്ടൊക്കെ മാതൃഭാഷ വ

Digitized by Kerala Sahitya Akademi

ശമില്ലെന്നു പറയുന്നത് ഒരന്തസ്സായിപ്പോലും കരുതിയിരുന്നു. ഇംഗ്ലീഷുഭാഷ മാത്രമല്ല സ്വന്തം ഭാഷകൂടിയും തനി ഇംഗ്ലീഷുകാരനെപ്പോലെ സംസാരിക്കുന്ന നാടൻ ധ്വരമാരും ഉണ്ടായിരുന്നു! എത്ര പെട്ടെന്നാണ് അക്കാലമെല്ലാം മാറിയതെന്നു നോക്കുക. ഇതുപോലെയുള്ള മാററങ്ങൾ വിദ്യാഭ്യാസരീതിയിലും വരുമെന്നുള്ളതിൽ സംശയമില്ല.

നമ്മുടെ ചരിത്രം പലതുകൊണ്ടും ശ്രദ്ധേയമാണ്. ഇത്ര ദീർഘവും അനുസ്യൂതവുമായ ഒരു സംസ്കാരം മറെറവിടെയാണ് കാണ്മാനുള്ളത്? അതിൻെറ ഉത്ഭവങ്ങൾ നോക്കെത്താത്ത ഭൂതകാലദൂരതയിൽ മറഞ്ഞുകിടക്കുന്നു. ആയിരമായിരം വർഷക്കാലം നമ്മുടെ പൂർവ്വപരമ്പരകൾ അതിനെ സംരക്ഷിച്ചു. വിദേശീയാക്രമണങ്ങളും വിദേശീയാധിപത്യവും അന്യജനതകളെയെന്നപോലെ നമ്മെയും വിമഥിച്ചിട്ടുണ്ട്. പക്ഷെ ഓരോ പ്രാവശ്യവും അക്രമണകാരികൾ അപ്രത്യക്ഷരാവുകയും നാം അവശേഷിക്കുകയും ആണുണ്ടായത്. പലപ്പോഴും അവർ നമ്മുടെ ഇടയ്ക്കുതന്നെയാണ് അപ്രത്യക്ഷരായത്. ദീനതയുടെയും ദാരിദ്ര്യത്തിൻെറയും ആഴങ്ങളിൽ താണുപോയ കാലങ്ങൾ നമ്മുടെ ചരിത്രത്തിൽ ധാരാളമുണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ സംസ്കാരദീപം ഒരിക്കലും പൊലിഞ്ഞുപോയില്ല. തന്നിലേക്കും പിന്നിലേക്കും നോക്കി സമാധാനം നേടുന്ന സ്വഭാവമാണ് നമുക്കുള്ളതെന്ന ആക്ഷേപം കേൾക്കാറുണ്ടെങ്കിലും, അങ്ങിനെ സമാധാനം നല്കുവാൻ കഴിയുന്ന വർഗ്ഗാനുഭൂതികളും ഭൂതകാലപാരമ്പര്യങ്ങളും ഉണ്ടെന്നുള്ളതു തീർച്ചയായും നമുക്ക് അഭിമാനകരമാണ്. മറെറാരു വർഗ്ഗവും അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ അവരുടെ ഭൂതകാലം അത്രയ്ക്കു ശൂന്യമാണെന്നേ കരുതേണ്ടതുള്ളു. ചരിത്രം അവർക്ക് ആവേശങ്ങളല്ലാതെ ആത്മീയാനുഭൂതികൾ നല്കുന്നില്ല. വിരോധവും, വാശിയും, താൻ പറയുന്നതുമാത്രം ശരിയെന്നുള്ള വിചാരവും, അന്യരെ കുതിരകയറുവാനുള്ള വാസനയും എല്ലാം ആദ്ധ്യാത്മികമായ ഈ അടിയുറപ്പില്ലാത്തതുമൂലമുണ്ടാകുന്ന വർഗ്ഗചാപല്യങ്ങളാകുന്നു. നമ്മുടെ ഭാഗ്യാതിരേകത്താൽ ഭാരതവർഷം ഇക്കാര്യത്തിൽ മനുഷ്യരാശിക്കു മാതൃകയായിത്തന്നെ നിലകൊള്ളുന്നു. ഒരു ജനത എന്ന നിലയിൽ നമുക്കു കടന്നുപോരേണ്ടിവന്നിട്ടുള്ള ശോകദശകളിൽ താരതമ്യേന വളരെ ഹ്രസ്വമായ ഒന്നിൻെറ അവധിയിലാണ് നാമിന്നു നില്ക്കുന്നത്. നമ്മുടെ യത്നംകൊണ്ടാണ് നാം അതിൽനിന്നു മോചനം നേടിയ

Digitized by Kerala Sahitya Akademi

തെന്നും, പ്രസ്തുത യത്നം ലോകചരിത്രത്തിൽ അഭൂതപൂർവ്വമാണെന്നും നാം അഭിമാനിക്കുന്നു. നാം നടത്തിയ സ്വാതന്ത്ര്യസമരം അക്രമരഹിതമായിരുന്നു. ശത്രുക്കളായി തമ്മിലിടഞ്ഞവർ മിത്രങ്ങളായി പിരിഞ്ഞ ഈ രാഷ്ട്രീയസംഭവം ലോകത്തെ വിസ്മയിപ്പിക്കുകയുണ്ടായി. ഇങ്ങനെ അനന്യസാധാരണമായ രീതിയിൽ ഇതുവരെ ജീവിച്ച നമുക്കു മദമാത്സര്യങ്ങൾ ബാധിച്ച ബാഹ്യലോകത്തിന്റെ ബീഭത്സഭാവങ്ങളിൽ കൊതിതോന്നേണ്ട കാര്യമില്ല. നമുക്കു ഭാരതീയമായ രീതിയിൽ, ഭാരതീയനു യോജിച്ച ഒരു ഭാവിക്കുവേണ്ടി പരിശ്രമിക്കാം. അന്യരാജ്യക്കാരുടെ കാലു പിടിക്കാതെയും, നമ്മുടെ ഇടയിൽ ഏറ്റവും എളിയവരെക്കൊണ്ടുപോലും സ്വാതന്ത്ര്യത്തിന്റെ ഉന്മേഷപ്രസരം അനുഭവിപ്പിച്ചും, സാത്വികവും സമാധാനപരവുമായ സൃഷ്ടിമാർഗ്ഗത്തിലൂടെ നമുക്കു സർവ്വോദയമാകുന്ന സംതൃപ്തിയിലേക്കു സഞ്ചരിക്കാം. അണഞ്ഞുപോകാത്ത അധ്യാത്മദീപം നമുക്കു വഴി തെളിക്കട്ടെ.

Digitized by Kerala Sahitya Akademi

2

# സാംസ്കാരികസ്വാതന്ത്ര്യം

**ഈ** അടുത്ത കാലത്തു നാം പല മാററങ്ങളും ദർശിച്ചു. ഇവയിൽ ഏററവും പ്രധാനമായ സംഭവം ഭാരതത്തിൻെറ സ്വാതന്ത്ര്യപ്രാപ്തിയാണ്. ചരിത്രത്തിൻെറ ആരംഭംമുതല്ക്കുതന്നെ ഏകവും അഖണ്ഡവുമായി അറിയപ്പെട്ടുവന്ന നമ്മുടെ മാതൃഭൂമിയ്ക്കു് ഗണ്യമായ അംഗഭംഗം അനുഭവിക്കേണ്ടിവന്നെങ്കിലും നമുക്കു് നാഥന്മാർ നാംതന്നെ എന്ന നില കൈവന്നതിൽ അത്യധികമായ ചാരിതാർത്ഥ്യത്തിനു വകയുണ്ടു്. മുമ്പൊരിയ്ക്കലും ഉണ്ടായിട്ടില്ലാത്തവിധം സുസംഘടിതവും ഏകീകൃതവുമായ ഒരു രാഷ്ട്രമായിത്തീരുവാൻ ഇതിനകംതന്നെ നമുക്കു സാധിച്ചിട്ടുണ്ടു്. എങ്കിലും രാഷ്ട്രീയമായ സ്വാതന്ത്ര്യം മാത്രമേ നമുക്കു് കൈവന്നിട്ടുള്ളുവെന്നും ആനന്ദപൂർണ്ണവും അഭിമാനകരവുമായ ജീവിതത്തിനു് അത്യന്താപേക്ഷിതമായ പലതും ഇനിയും നേടേണ്ടിയിരിക്കുന്നുവെന്നും ഉള്ള വസ്തുത എല്ലാവരും സമ്മതിക്കുന്നതാണ്. ഇക്കൂട്ടത്തിൽ സാമ്പത്തികസ്വാതന്ത്ര്യമാണ് ഇന്നു് ഏററവും കൂടുതൽ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിയ്ക്കുന്നതു്. ഇതിൻെറ പ്രാധാന്യത്തെപ്പററി സംശയത്തിനോ തർക്കത്തിനോ വകയില്ലെങ്കിലും അതേക്കുറിച്ചുള്ള വ്യഗ്രതയിൽ വിസ്മൃതമായിപ്പോകുന്നതും അത്രത്തോളംതന്നെ പ്രാധാന്യമർഹിക്കുന്നതുമായ മറെറാരു സ്വാതന്ത്ര്യംകൂടിയുണ്ടു്. അതാണ് സാംസ്കാരികസ്വാതന്ത്ര്യം. അതേപ്പററിയാണ് രണ്ടുവാക്കു് പറയണമെന്നു ഞാനുദ്ദേശിയ്ക്കുന്നതു്.

'ഏകലോകം' എന്ന ആദർശം അംഗീകരിച്ചിട്ടുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിയ്ക്കുന്നതെന്നും ഏതെങ്കിലും ഒരു പ്രത്യേകജനതയ്ക്കു് സാംസ്കാരികമായി സ്വാതന്ത്ര്യം വേണമെന്നോ സാധ്യമാണെന്നോ പറയുന്നതു് അബദ്ധമാണെന്നും വാദിയ്ക്കുന്നവരുണ്ടു്. അതിരുകടന്ന ആദർശശാലിത്വം പ്രായോഗിക ബുദ്ധിയേയും പ്രത്യക്ഷവസ്തുതകളേയും മിയ്ക്കപ്പോഴും അവഗണിച്ചുകളയുന്നതിങ്ങനെയാണ്. ഏകലോകാദർശം വേണ്ടെന്നോ ചീത്തയാണെന്നോ ആരും പറയുന്നില്ല. പക്ഷെ അതുള്ളതുകൊണ്ടു് മറെറാന്നും വേണ്ടെന്നു പറയുന്നതിലേ അഭിപ്രായവ്യത്യാസമുള്ളു. വിഭിന്നങ്ങളായ സാഹചര്യങ്ങളിലും കാലദേശാവസ്ഥകളിലും ജീവിയ്ക്കുന്ന

Digitized by Kerala Sahitya Akademi

ജനസമൂഹങ്ങളുടെ ജീവിതവീക്ഷണവും സാംസ്കാരികമൂല്യങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ഈ വീക്ഷണഗതികളേയും അടിസ്ഥാനമൂല്യങ്ങളേയും മുറുകെപ്പിടിക്കുന്നതോ കൈവെടിയാൻ വിസമ്മതിക്കുന്നതോ ഒരു കുററമായി കരുതാനുമില്ല. സാംസ്കാരികമായ ഈ വ്യത്യാസങ്ങളെയെല്ലാം ഞൊടിയിടകൊണ്ട് തട്ടിത്തകർത്ത് ഒരു ഏകലോകസംസ്കാരം ഉണ്ടാക്കിക്കളയാമെന്നു വിചാരിക്കുന്നതാണബദ്ധം. ഞാൻ ഒന്നു ചോദിക്കട്ടെ. അമേരിക്കയും റഷ്യയും തമ്മിൽ നടക്കുന്ന മത്സരത്തിന്റെ പൊരുളെന്താണ്? മുതലാളിത്തവും സമത്വവാദവും തമ്മിലുള്ള വടംവലിയാണതെന്നു പറഞ്ഞാൽ എനിക്കു തൃപ്തിയാകുന്നില്ല. ഉപയോഗിച്ചു പഴകിയ ചില വാക്കുകൾ ഉരുവിടുകമാത്രമാണ് അതുകൊണ്ടു സാധിക്കുന്നത്. വാസ്തവത്തിൽ രണ്ടു ജീവിതരീതികൾക്കു വേണ്ടിയുള്ള പോരാട്ടമാണത്. അമേരിക്കക്കാരൻ പറയുന്നു, എന്തു വന്നാലും ഞങ്ങൾക്കു പ്രിയതരമായ ഈ ജീവിതരീതി കൈവിടുകയില്ലെന്ന്. റഷ്യക്കാരനും അതുതന്നെ പറയുന്നു. ഏകലോകാദർശം ഈ മത്സരത്തിൽ കാണാത്തതെന്താണെന്നു ഞാൻ ചോദിക്കുന്നു. അപ്പോൾ പരമാർത്ഥം ഇതാണ്; അമേരിക്കക്കാരൻ ഏകലോകം പ്രസംഗിക്കുമ്പോൾ അമേരിക്കൻ മാതൃകയിലുള്ള ഒരു ഏകലോകമാണ്, അറിഞ്ഞോ അറിയാതെയോ, അയാളുടെമനസ്സിലിരിക്കുന്നത്. റഷ്യക്കാരൻ പ്രസംഗിക്കുമ്പോൾ റഷ്യൻ മാതൃകയിലുള്ളതും. ഈ പ്രസംഗങ്ങളാലും പ്രചരണത്താലും വ്യാമോഹിതരാകുന്ന ആദർശഭക്തകൾ തങ്ങൾക്കു സ്വന്തമായ മാതൃകകൾ വല്ലതുമുണ്ടോ എന്നുപോലും ആലോചിക്കാതെ കേട്ടതെല്ലാം ഏററുപാടുകയും ചെയ്യുന്നു. ചരിത്രത്തിന്റെ ഓരോരോ ദശകളിൽ ഭൗതികശക്തിയാൽ പ്രാമാണ്യംനേടുന്ന ജനസമൂഹങ്ങൾക്കു തങ്ങളുടെ സംസ്കാരം ഒരു ലോകസംസ്കാരമാണെന്നും ഏററവും കാമ്യമാണെന്നുമുള്ള ധാരണ മററു ജനങ്ങളുടെ ഇടയിൽ ഉളവാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതു കരുതിക്കൂട്ടി അടിച്ചേല്പിക്കുന്നതാണെന്ന് ഞാൻ പറയുന്നില്ല. പലപ്പോഴും ഭൗതികമായ വിജയത്തിന്റെകൂടെ താനേ ഉണ്ടായിപ്പോകുന്ന ഒരു ധാരണയാണത്. കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ ആദ്യത്തെ പോക്കു കണ്ടപ്പോൾ ജർമ്മൻകാരുടെ അച്ചടക്കത്തേയും സംഘടനാസാമർത്ഥ്യത്തേയും നാമെല്ലാം അകമഴിഞ്ഞ് അഭിനന്ദിക്കുകയുണ്ടായി. ജർമ്മൻകാരുടെ സംസ്കാരത്തെപ്പററിയുള്ള ഈ ബഹുമാനം ഹിററ്ലർ നമ്മുടെ മേൽ അടിച്ചേല്പിച്ചതല്ല. ആ മഹാസമ

Digitized by Kerala Sahitya Akademi

രത്തിൽ ഹിററ്ലർ ജയിച്ചെങ്കിൽ ജർമ്മൻസംസ്കാരം ഒരു ലോക സംസ്കാരമായും അധികാമ്യമായും മിക്ക രാജ്യക്കാരും അംഗീകരിക്കു മായിരുന്നു. അത് ഏതായാലും സംഭവിച്ചില്ല. പക്ഷെ അതുകൊണ്ട് മററുള്ളവരുടെ സാംസ്കാരികസ്വാതന്ത്ര്യം അപകടത്തിലായില്ലെന്നു ധരിക്കരുത്. ജയം കൈവരിച്ച ആംഗ്ലോ–സാക്സൺവർഗ്ഗക്കാരുടേയും റഷ്യക്കാരുടെയും ജീവിതവീക്ഷണങ്ങൾ ഇന്നു പൊതുവെ മാനിക്കപ്പെടുന്നു. ഇവ രണ്ടും ലോകസംസ്കാരങ്ങളാകുവാൻ മത്സരിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത യുദ്ധത്തിൽ ആരു ജയിക്കുന്നുവോ അവരുടേതായിരിക്കും പിന്നത്തെ ലോകസംസ്കാരം.

വളരെ പഴയ കാലങ്ങളിലേക്കു കടന്ന് അനുമാനങ്ങൾക്കു തുനിയുന്നത് ശരിയല്ലാത്തതുകൊണ്ട് കഴിഞ്ഞ നാലഞ്ചു നൂററാണ്ടുകളെക്കുറിച്ചുമാത്രം ചിന്തിക്കാം. ഈ നാലഞ്ചു നൂററാണ്ടുകളായി പശ്ചിമയൂറോപ്യൻ–അമേരിക്കൻസംസ്കാരം ഒരു ലോകസംസ്കാരത്തിൻെറ വേഷമണിഞ്ഞുനില്ക്കുകയാണ്. ആധുനികത്വമെന്നും പുരോഗതിയെന്നും ഉല്പതിഷ്ണുത്വമെന്നും മററും മററും ഘോഷിക്കുമ്പോൾ ഒരു ഇന്ത്യക്കാരൻെറയോ ജപ്പാൻകാരൻെറയോ മനസ്സിനെ ഭരിക്കുന്നത് ഈ പശ്ചിമയൂറോപ്യൻ–അമേരിക്കൻ സംസ്കാരത്തിൻെറ മൂല്യങ്ങളും ജീവിതവീക്ഷണവുമാകുന്നു. ഒരു കാൽനൂററാണ്ടിനു മുമ്പു മാത്രമാണ് ഇതിനോടു മത്സരിക്കുവാൻ മറെറാരു വീക്ഷണഗതി റഷ്യയിലുണ്ടായത്. അതിൻെറ ആരാധകന്മാരും ഇന്നു വേണ്ടുവോളമുണ്ട്. ഈ രണ്ടുകൂട്ടം ആരാധകന്മാരും സാംസ്കാരികമായ അടിമത്വം അനുഭവിക്കുന്നവരാണ്. നാം എത്ര ഉറക്കെ നിഷേധിച്ചാലും ഉറപ്പിച്ചു പറഞ്ഞാലും ഈ പരതന്ത്രഭാവം ഒരു മേന്മയാവുകയില്ല. ഈ അടിമത്വത്തിൽനിന്നു നമ്മുടെ മനസ്സും ആത്മാവും മോചനം നേടാത്ത കാലത്തോളം ഒരു ജനത എന്ന നിലയിൽ നമുക്കു പൂർണ്ണമായ വികാസവും സംതൃപ്തിയും ലഭിക്കുകയില്ല. പുരാതനവും സനാതനവുമായ ഒരു സംസ്കാരത്തിന്ന് ഉടയവരായ ഭാരതീയർക്ക് ഈ പാരതന്ത്ര്യം പ്രത്യേകിച്ചും ആപല്ക്കരമാകുന്നു. ഇന്നോ ഇന്നലെയോ ഉണ്ടായ ഒരു സംസ്കാരമാണെങ്കിൽ അതിനെ പരിത്യജിച്ചു മറെറാന്നു കൈക്കൊള്ളാൻ പ്രയാസമില്ല. കൈക്കൊണ്ടാൽ ആപത്തുമില്ല. സുദീർഘവും സുവ്യക്തവുമായ പാരമ്പര്യങ്ങളുടെ മേലുള്ള ഒട്ടിച്ചുചേർപ്പാണ് ഏററവും വലിയ ആപത്തായിത്തീരുന്നത്.

നിർഭാഗ്യവശാൽ ഇന്ന്, രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നതി

Digitized by Kerala Sahitya Akademi

ന്ന ശേഷവും, ഭാരതത്തിൽ ഭരണചക്രത്തിന്റെ പരമാധികാരകേന്ദ്രങ്ങളിൽപ്പോലും സാംസ്കാരികമായ അടിമത്വമാണ് നിലവിലിരിക്കുന്നത്. പാശ്ചാത്യമായുള്ള സർവ്വവും ശോഭനമാണെന്നും ലോഭനീയമാണെന്നും ഉള്ള വിശ്വാസം വേരുറച്ചുപോയതുപോലെ തോന്നിപ്പോകുന്നു. പാശ്ചാത്യരുമായുള്ള സമ്പർക്കംമൂലം ചൈനാക്കാർക്കുണ്ടായ സാംസ്കാരികമായ അധഃപതനത്തെപ്പററി ലിൻയുട്ടാങ്ങ് ഒരിക്കൽ ഹൃദയവേദനയോടെ പറഞ്ഞ വാക്കുകൾ ഓർമ്മിച്ചുപോകുന്നു. അറിവിനേയും അറിവുള്ളവനേയും മറെറന്തിനേക്കാളും ഉപരിയായി മാനിച്ചുപോന്ന ചീനജനതയുടെ ഇടയ്ക്ക്, അതൊന്നുമല്ല, ശുചിത്വവും ഒരു പ്രത്യേകരീതിയിലുള്ള ദിനചര്യകളുമാണ് മാനിക്കപ്പെടേണ്ട കാര്യങ്ങളെന്നുള്ള ധാരണ പരന്നതിനെപ്പററി അദ്ദേഹം വിലപിക്കുകയുണ്ടായി. സോപ്പു തേച്ചുകുളിപ്പിച്ച ശ്വാനൻ കുളിയിൽ നിഷ്ഠയില്ലാത്തവനെങ്കിലും ജ്ഞാനത്തിന്റെ പരമകോടികളെ പ്രാപിച്ച ഒരു മനുഷ്യനേക്കാൾ മാന്യനാണെന്നു കരുതുവാൻ കഴിയുന്ന നിലയിലേയ്ക്കു തന്റെ നാട്ടുകാർ അധഃപതിക്കുന്നതോർത്ത് അദ്ദേഹം ദുഃഖിച്ചു. നമ്മുടെ സ്വാതന്ത്ര്യസമരകാലത്തു രാഷ്ട്രീയമായ അടിമത്വമെന്നപോലെ സാംസ്കാരികമായ അടിമത്വവും നമ്മെ വേദനിപ്പിച്ചിരുന്നു. ആയുധശക്തിയിലല്ലാതെ മറെറാന്നിലും പാശ്ചാത്യരാഷ്ട്രങ്ങളേക്കാൾ താഴെയല്ലെന്നു നാം അഭിമാനിച്ചിരുന്നു. അനർഘനും അകിഞ്ചനനും അദ്ധ്യാത്മശക്തിയെമാത്രം അവലംബിച്ചവനുമായ ഒരു നേതാവിനെ നാം പിൻതുടരുകയും ആരാധിക്കുകയും ചെയ്തു. പക്ഷെ സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞപ്പോൾ കാററു പിന്നേയും മാറി വീണിരിക്കുകയാണ്. വീണ്ടും നാം വൈദേശിക മൂല്യങ്ങളെ ലാളിച്ചു തുടങ്ങിയിരിക്കുന്നു. നാം മാതൃകയായി സ്വീകരിക്കുന്നത് മററു രാജ്യങ്ങളെയാണ്. അവരുടേതുപോലെയുള്ള ഉല്ക്കർഷത്തിനുവേണ്ടിയാണ് നാം വെമ്പിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രപിതാവിന്റെ നാമം തരംകിട്ടുമ്പോഴൊക്കെ ഗദ്ഗദസ്വരത്തിൽ എല്ലാവരും ഉരുവിടാറുണ്ട്. പക്ഷെ അദ്ദേഹത്തിന്റെ മാതൃകയും ആദർശങ്ങളും മാർഗ്ഗങ്ങളും ആർക്കും ആവശ്യമില്ലെന്നായിരിക്കുന്നു. ബ്രിട്ടീഷുകാരൻ ചെയ്യുന്നതും റഷ്യക്കാരൻ ചെയ്യുന്നതും അമേരിക്കക്കാരൻ ചെയ്യുന്നതും എന്തൊക്കെയാണെന്ന് ഉററുനോക്കി അതിനെ അനുകരിക്കുവാൻ മാത്രമാണ് നാമിന്നു ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒരു പുതിയ രാഷ്ട്രവും ഒരു പുതിയ

Digitized by Kerala Sahitya Akademi

സംസ്കാരവും സൃഷ്ടിക്കാനുള്ള വ്യഗ്രതയിൽ അന്ധമായ അനുകരണത്തിന്റെ അപഹാസ്യതയല്ലാതെ മറെറാന്നും സൂക്ഷ്മദൃക്കുകൾക്കു കാണാൻ കഴിയുന്നില്ല. എങ്കിലും ഇതിനിടയിൽ അങ്ങിങ്ങായി നമ്മുടെ നൈസർഗ്ഗികമായ സംസ്കാരം നാമ്പെടുത്തുതുടങ്ങിയിട്ടുണ്ട്. അതു മാത്രമാണ്, അന്യഥാ നിരാശാജനകമായ ഇന്നത്തെ സാംസ്കാരികാന്തരീക്ഷത്തിൽ, കുറച്ചൊരു ആശ്വാസം തരുന്നത്. ഒരു ഉദാഹരണം മാത്രം പറയാം. ഒച്ചപ്പാടും പെരുമ്പറയും, വൻപ്രചാരവേലയും ഒന്നുമില്ലാതെ, അന്യരാജ്യങ്ങളിൽ അശ്രുതപൂർവ്വമായ രീതിയിൽ, സർവ്വോദയം എന്ന ലക്ഷ്യത്തിലേയ്ക്കു കാൽനടയായി നീങ്ങിക്കൊണ്ടിരിയ്ക്കുന്ന ആചാര്യവിനോബാഭാവെയുടെ മഹാപ്രസ്ഥാനം നോക്കുക. അതു ഐക്യരാഷ്ട്രസംഘടനയുടേയോ അന്യരാജ്യക്കാരുടേയോ ശ്രദ്ധയെ ആകർഷിയ്ക്കുന്നില്ല. അതേക്കുറിച്ചു ലണ്ടൻ ടൈംസും ന്യൂയോർക്ക് ടൈംസും മുഖപ്രസംഗമെഴുതുന്നില്ല. എങ്കിലും അതിൽ ഭാരതത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യത്തിന്റെ നവോദയമാണു ഞാൻ ദർശിയ്ക്കുന്നത്. കാശ്മീരം മുതൽ കന്യാകുമാരിവരേയും, കത്തിയവാർ മുതൽ കാമരൂപംവരേയും, തികച്ചും ഭാരതീയമായ ഈ ചൈതന്യത്തിന്റെ തരംഗങ്ങൾ വ്യാപിക്കുമാറാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. 'സാമാന്യജനങ്ങളുടെ അവകാശം പിടിച്ചുപററാനുള്ള' പതിഞ്ഞ മട്ടിലുള്ള ഒരു പ്രസ്ഥാനമെന്നോ, മാർക്സിയൻ വിപ്ലവത്തിന്റെ നാടൻ പതിപ്പെന്നോ, അതിനെ വ്യാഖ്യാനിച്ചുകൊള്ളുക. ഒരു കാര്യംമാത്രം ഓർമ്മിച്ചുകൊണ്ടാൽ മതി. 'അവകാശം' എന്ന് കേരളീയരായ നാം എങ്ങനേയോ ഒരു വാക്കുണ്ടാക്കിയിട്ടുണ്ടെങ്കിലും 'റൈററ്' എന്ന പാശ്ചാത്യപദത്തിനു ഭാരതീയഭാഷകളിൽ ശരിയായ വാക്കില്ല. ഭാരതീയരുടെ ജീവിതവീക്ഷണം അവകാശങ്ങളെ മുൻനിർത്തിയുള്ളതല്ല; ധർമ്മമാണ് അതിന്റെ അടിസ്ഥാനം. സർവ്വോദയസിദ്ധാന്തത്തിൽ അടങ്ങിയിരിക്കുന്ന സംസ്കാരബീജവും ഇതുതന്നെയാകുന്നു. എട്ടുപത്തു നൂററാണ്ടുകാലത്തെ ദുരിതാനുഭവങ്ങളിൽ തിരോഹിതമായിപ്പോയ ഭാരതീയസംസ്കാരം ഇങ്ങിനെയുള്ള മണ്ഡലങ്ങളിലൂടെയും മാർഗ്ഗങ്ങളിലൂടെയുമാണ് വീണ്ടും പ്രകാശിയ്ക്കുവാൻ പോകുന്നത്. അല്ലാതെ, അന്ധമായ അനുകരണത്തിലൂടെ മേന്മയും മഹത്വവും നേടിക്കളയാമെന്നുള്ള വിചാരം വെറും വ്യാമോഹമാണ്.

ഈ വസ്തുത നമ്മുടെ സാഹിത്യകാരന്മാർ മനസ്സിലാക്കേണ്ടത്

Digitized by Kerala Sahitya Akademi

അത്യാവശ്യമാകുന്നു. അവക്കാണ് രാഷ്ട്രീയനേതാക്കന്മാരേയും സാമ്പത്തികവിദഗ്ധന്മാരേയുംകാൾ, ഒരു ജനതയുടെ ഹൃദയാന്തർഗ്ഗതമായ പ്രവണതകളെയും ഭാവാനുരൂപമായ ഭാഗധേയത്തേയും മനസ്സിലാക്കാൻ കഴിയുന്നത്. ശുഷ്കമായ വെറും അറിവല്ല അനുഭൂതിയുടെ മിഴിവും ഫലപൂർണ്ണതയുമാണ് സാഹിത്യത്തെ ജനിപ്പിക്കുന്നത്. ഉത്തമമായ സാഹിത്യം ജനിപ്പിക്കേണ്ടതും അതുതന്നെയാകുന്നു. ജനതാഹൃദയത്തെപ്പററി ഭരണാധിപന്മാരുടെ വിജ്ഞപ്തികൾക്കും വിദഗ്ധന്മാരുടെ വിവരണങ്ങൾക്കും നൽകുവാൻ കഴിയാത്ത ഉൾക്കാഴ്ചയാണ് സാഹിത്യകൃതികൾ നല്കുന്നത്. കലാനുഭൂതികളുടെ കൂടപ്പിറപ്പായ ഈ ക്രാന്തദർശിത്വവും സാക്ഷാൽക്കാരവുമാണ് സംസ്കാരത്തിനു കവിയിലും സഹൃദയനിലുംനിന്നു ലഭിക്കുന്ന ഏററവും വലിയ പ്രചോദനം. പാശ്ചാത്യസാഹിത്യം ആശയപ്രധാനമാണെന്നും ഭാരതീയസാഹിത്യം അനുഭൂതിപ്രധാനമാണെന്നും എനിക്കു തോന്നുന്നു. ആധുനികകാലത്തു പാശ്ചാത്യസാഹിത്യത്തിൽ ആശയമല്ലാതെ മറെറാന്നുമില്ലെന്ന നില വന്നിട്ടുണ്ട്. വെറും വാദപ്രതിവാദരൂപമായ ഗദ്യനാടകങ്ങളുടേയും പ്രശ്നാത്മകനോവലുകളുടേയും പ്രചാരം ഇതിനു സാക്ഷ്യം വഹിക്കുന്നു. സയൻസിൻെറ അധിപ്രസരം മൂലമായിരിക്കണം അത്യന്തശുഷ്കമായ ഈയൊരു നില വന്നുകൂടിയത്. കാരണം എന്തായാലും, പാശ്ചാത്യസാഹിത്യത്തിൽ അനുഭൂതിക്കു പണ്ടുണ്ടായിരുന്ന അപ്രധാനസ്ഥാനംപോലും ഇന്നു കാണ്മാനില്ല. സാംസ്കാരികമായ ആശ്രിതഭാവം മൂലമുണ്ടായ അനുകരണഭ്രമത്താൽ ഭാരതീയരും കുറഞ്ഞൊരു കാലമായി ആശയങ്ങളുടെ ലോകത്തിലൂടെത്തന്നെ സാഹിത്യത്തെ നയിച്ചുകൊണ്ടിരിക്കുകയാണ്. കേരളീയ ഗദ്യസാഹിത്യം ഇന്ന് ഈ പരിവർത്തനത്തെ സവ്വത്ര തെളിയിക്കുന്നുണ്ട്. മാർക്സിനും ഫ്രോയിഡിനും ഇബ്സനെന്നും ഷായെന്നും ഓരോരോ മാതൃകകളും മാർഗ്ഗസൂചനകളും പരക്കെ സ്വീകരിക്കപ്പെട്ടിരിക്കുന്നു. പുതിയ പുതിയ ആശയങ്ങളും തത്ത്വജ്ഞാനങ്ങളും ആദർശങ്ങളും പ്രചരിപ്പിക്കുകയാണെന്നു കഥാകൃത്തുകളും നാടകകൃത്തുകളും അഭിമാനിക്കുകയും ചെയ്യുന്നു. പരദേശത്തുനിന്നും കടംവാങ്ങിയ ഈ പുതിയ ആശയങ്ങളെ ഉൾക്കൊള്ളിച്ച കൃതികൾ അച്ചടിച്ചുവിട്ടാൽ അചിരേണ ഈ ദരിദ്രരാജ്യം സ്വർഗ്ഗമാകുമെന്നും ധാരാളമാളുകൾ വിശ്വസിച്ചുതുടങ്ങിയിരിക്കുന്നു. ഞാനൊരു വഴക്കിനു കളമൊരുക്കുകയാണെന്നു മാന്യസദസ്സ് തെററിദ്ധരിക്കരുത്. എനിക്ക് ആരോടും വഴക്കില്ല. എൻെറ അഭി

Digitized by Kerala Sahitya Akademi

പ്രായങ്ങൾ തുറന്നു പറയുന്നുവെന്നേയുള്ളു.

സാഹിത്യം ആശയങ്ങളുടെ ലോകത്തിലൂടെ സഞ്ചരിയ്ക്കാൻ തീരെ പററിയ ഒരുപകരണമല്ല. ആശയപ്രധാനമായ നാടകങ്ങളെഴുതിയ ബർനാഡ്ഷാസ്സ് ഓരോ പ്രാവശ്യവും നാടകത്തേക്കാൾ വലിയ ആമുഖം എഴുതേണ്ടിവന്നു. ആശയങ്ങളെ കൈകാര്യം ചെയ്യുന്നതിന് അതിസമർത്ഥമായ മറെറാരുപകരണം മനുഷ്യൻ നിർമ്മിച്ചിട്ടുണ്ട്. ബുദ്ധിയുടെ സഹായത്താൽ അതിൻെറ സാമർത്ഥ്യം നാൾതോറും വർദ്ധിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്യുന്നു. ഈ ഉപകരണമാണ് ശാസ്ത്രം. ആശയങ്ങളുടെ ലോകം അതിൻേറതാണ്. സാഹിത്യത്തിൻെറ അമ്മയെന്നോ മകളെന്നോ പലരും കരുതുന്ന തത്ത്വചിന്തപോലും ഇന്നു സങ്കീർണ്ണമായ ഒരു ശാസ്ത്രമായിരിയ്ക്കുകയാണ്. ബർട്രൻഡ് റസ്സൽ പറയുന്നു:—'തത്ത്വചിന്തയുടെ സാങ്കേതികരീതി ശാസ്ത്രത്തിൻേറതിനോടു സാമ്യമുള്ളതാണ്. താത്ത്വികമായ ജ്ഞാനം, കിട്ടാവുന്നിടത്തോളം, നേടുന്നതിനുള്ള ഉപായം ഇതാണെന്നുള്ളതിൽ എനിയ്ക്കു സംശയമേയില്ല; പ്രാചീനകാലം മുതൽ മനുഷ്യനെ വിഷമിപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾക്കെല്ലാം ഈ വഴിയ്ക്കു പൂർണ്ണമായ ഉത്തരം കണ്ടുപിടിയ്ക്കാമെന്നുള്ളതിലും എനിയ്ക്കു സംശയമില്ല.' നോക്കുക, ആശയങ്ങൾക്കായി ഉഴിഞ്ഞുവെച്ചിട്ടുള്ള തത്ത്വചിന്തയുടെ കഥയിതാണ്. അങ്ങനെയിരിയ്ക്കെ, സാഹിത്യമാകുന്ന കൈവഞ്ചിയെ ആശയങ്ങളുടെ മഹാസമുദ്രത്തിലേയ്ക്കു നയിയ്ക്കുന്നതു കഥയില്ലായ്മയാണെന്ന് എനിയ്ക്കു തോന്നുന്നു. ഈ അപഥസഞ്ചാരത്തിനു പലക്കമുള്ള സമാധാനം പാശ്ചാത്യസാഹിത്യത്തിൻെറ ഗതി അതാണെന്നാണ്. നമ്മുടെ കലയും സാഹിത്യവും ഈ വഴിയ്ക്കാണോ പോകേണ്ടതെന്നും പോയതുകൊണ്ടുള്ള പ്രയോജനമെന്തെന്നും ആലോചിയ്ക്കേണ്ട സമയം അതിക്രമിച്ചിരിയ്ക്കുന്നു. ഭാരതീയസംസ്കാരം മുഴുവൻതന്നേയും അനുഭൂതികളുടെ അമൃതവാഹിനികളിലേയ്ക്കുള്ള ഒരു തീർത്ഥാടനമായിട്ടാണ് ഞാൻ കാണുന്നത്. അനുഭൂതികളുടെ ലോകത്തിൽ ഇത്ര ദീർഘമായി, ഇത്ര വൻപിച്ച നേട്ടങ്ങളോടെ, സഞ്ചരിച്ചിട്ടുള്ള ഒരു ജനത മറേറതുള്ളു? ധർമ്മവും കർമ്മവും സ്വർഗ്ഗവും മോക്ഷവും, ശൂന്യശൂന്യതയായി പലരും വ്യാഖ്യാനിയ്ക്കുന്ന നിർവ്വാണംപോലും, അതിവിശിഷ്ടങ്ങളായ അനുഭൂതികളല്ലാതെ മറെറന്താണ്? നമ്മുടെ തത്ത്വജ്ഞാനികൾപോലും ബുദ്ധിയെ തൃപ്തിപ്പെടുത്തുന്ന ആശയരൂപമായ പ്രപഞ്ചചിത്രങ്ങൾ നിർമ്മിയ്ക്കുന്നതിനല്ല യത്നിച്ചിട്ടുള്ളത്. ആത്മാവിന് അനുഭവി

Digitized by Kerala Sahitya Akademi

ച്ചറിയാവുന്ന മൂല്യങ്ങളായി, അതിവിശിഷ്ടങ്ങളായ അനുഭൂതിക ളായി, പ്രപഞ്ചത്തെ വീക്ഷിയ്ക്കുവാനും, ജീവിതത്തെ രൂപാന്തര പ്പെടുത്തുവാനുമാണ് അവർ പഠിപ്പിയ്ക്കുന്നത്. തത്വജ്ഞാനം അവർക്കു, പാശ്ചാത്യരുടെ കാര്യത്തിലെന്നപോലെ, വെറുമൊരു ചിന്താസമ്പ്രദായമല്ല. അനുഭൂതികളെ അടിസ്ഥാനമാക്കിയുള്ള ഒരു ജീവിതസമ്പ്രദായമാകുന്നു. നമ്മുടെ ഏററവും മഹാന്മാരായ കവികൾ അനുഭൂതികളെയാണ് എന്നും, എവിടെയും, അന്വേഷി ച്ചിട്ടുള്ളത്. ആശയങ്ങൾ കുത്തിച്ചെലുത്തുവാനല്ല, അനുഭൂതികൾ ജനിപ്പിയ്ക്കുവാനാണ് അവർ സാഹിത്യകലയെ സേവിച്ചത്. അവരുടെ കൃതികളിൽ സന്ദേശങ്ങളും ആശയപരമായ സംഭാവന കളും കണ്ടുപിടിയ്ക്കുവാൻ ശ്രമിച്ച നിരൂപകന്മാർ നിരാശപ്പെടു കയേ ചെയ്തിട്ടുള്ളു. ഉപദേശിച്ചും ഗുണദോഷിച്ചും നല്ല നല്ല ആശയങ്ങൾ നിരത്തിവെച്ചും സഹൃദയഹൃദയങ്ങളിൽ ധന്യത കല ത്താമെന്നു വിചാരിയ്ക്കുന്നത്, ആക്ഷേപിച്ചും അപഹസിച്ചും വെറുപ്പുതോന്നുന്ന വസ്തുതകൾ വിളിച്ചുപറഞ്ഞും ജീവിതത്തെ പരി വർത്തനം ചെയ്യാമെന്ന് മോഹിയ്ക്കുന്നതുപോലെതന്നെയുള്ള കഥയി ല്ലായ്മയാണെന്ന് ഭാരതീയമഹാകവികൾ മനസ്സിലാക്കിയിരുന്നു.

ഭാരതീയ സംസ്കാരത്തിൻെറ ഈ സ്വഭാവവിശേഷം കേരളക്ക രയിലും സവിശേഷം കാണാവുന്നതാണ്. സാഹിത്യത്തെ സംഗീ തം, അഭിനയം, നൃത്തം എന്നിവയോടു കൂട്ടിക്കലർത്തി, അതിൽ നിന്നു ജനിയ്ക്കുന്ന അനുഭൂതിയുടെ തീക്ഷ്ണതയും ഫലദായകത്വവും വർദ്ധിപ്പിയ്ക്കുവാനുള്ള ഒരുപായം നാം കണ്ടുപിടിച്ചു. അന്യഥാ മി ന്നിമറഞ്ഞ് പിടിവിട്ടുപോകുന്ന രസാനുഭൂതികളെ പിടിച്ചുനിർത്തി തടഞ്ഞുവെച്ച്, സഹൃദയൻെറ ആത്മസത്വത്തെ അവയിൽ ആവ ർത്തിച്ചാവർത്തിച്ച് ആമജ്ജനം ചെയ്യിക്കുവാനുള്ള ഒരത്ഭുതവിദ്യ യാണ് കഥകളിയെന്നു് ഞാൻ കരുതുന്നു. കാവ്യാനുഭൂതിയുടെ ക്ഷണപ്രഭാചഞ്ചലത്വത്തെ വെല്ലുവിളിച്ചു കീഴടക്കുന്ന ഈ കല യാണ് സംസ്കാരമണ്ഡലത്തിൽ നമ്മുടെ ഏററവും വലിയ നേട്ടം. ശീഘ്രസംഭവങ്ങളുടെ വേഗതയെ ലഘൂകരിച്ചു കാണിയ്ക്കുന്ന ചല നചിത്രങ്ങൾ മിയ്ക്കവരും കണ്ടിരിയ്ക്കും. കാവ്യരസാനുഭൂതിയുടെ കാര്യത്തിൽ ഇതുപോലെയുള്ള ഒരു വേഗനിരോധമാണ് കഥകളി സാധിയ്ക്കുന്നത്. ഇങ്ങിനെയൊരു വിദ്യ സാധ്യമാണെന്നും അതു മൂലം രസാനുഭൂതിയെ തീക്ഷ്ണവും കൂടുതൽ സഫലവും ആക്കാ മെന്നും കണ്ടുപിടിച്ച കേരളീയൻ, അജ്ഞാതനാണെങ്കിലും ലോക

Digitized by Kerala Sahitya Akademi

ചരിത്രത്തിൽ അനശ്വരവും അതുല്യവുമായ കീർത്തിക്ക് അർഹനാണെന്നു ഞാൻ കരുതുന്നു. കാളിദാസാദിമഹാകവികൾ ഉപമകളുടെ ആവർത്തനംകൊണ്ടും മധുരസ്വരങ്ങളുടെ അനുരണനംകൊണ്ടും എഴുത്തച്ഛനെപ്പോലുള്ള ഭക്തകവികൾ തുരുതുരെ ചൊരിയുന്ന കീർത്തനപദങ്ങൾകൊണ്ടും കുഞ്ചൻനമ്പ്യാരെപ്പോലുള്ള വശ്യവചസ്സുകൾ ശബ്ദപ്രയോഗത്തിന്റെ അത്ഭുതശക്തികൊണ്ടും കൈവരുത്തുവാൻ ശ്രമിക്കുന്ന ഫലമാണ് കഥകളി ഒരു പ്രയാസവുമില്ലാതെ സാധിക്കുന്നത്. അനുഭൂതികളെ ഇത്രമേൽ ലാളിച്ചുവളർത്തിയ നാം ദാരിദ്ര്യത്തേയും കാമചാപല്യങ്ങളേയും കുടുംബകലഹങ്ങളേയും ആസ്പദമാക്കി നിർമ്മിക്കപ്പെടുന്ന അർത്ഥശാസ്ത്രനിരീക്ഷണങ്ങളേയും മനശ്ശാസ്ത്രഗവേഷണങ്ങളേയും സമുദായശാസ്ത്രചർച്ചകളേയും നോവലുകളെന്നും ചെറുകഥകളെന്നും നാടകങ്ങളെന്നുമുള്ള പേരുകളിൽ സാഹിത്യകൃതികളായി സ്വീകരിക്കണമെന്നും രസിക്കണമെന്നും വാദിക്കുന്നത്, മറെറാന്നും പറയുന്നില്ല, ക്രൂരതയാണ്! ശരീരത്തേയും മനസ്സിനേയും ആത്മാവിനേയും ഒന്നുപോലെ ഏതോ വൈദ്യുതപ്രവാഹത്താലെന്നപോലെ ത്രസിപ്പിച്ച് അസ്തിത്വത്തെപ്പോലും വിസ്മരിപ്പിച്ച് അറിയുന്നവനും അറിയപ്പെടുന്നതും അറിവും ഒന്നായിത്തീരുന്ന ഒരു മണ്ഡലത്തിലേക്കു സഹൃദയനെ ഉയർത്തുന്ന ഒരനുഭൂതി ഒരിക്കലും കേട്ടിട്ടില്ലാത്തതായ ഒരു ലക്ഷം ആശയങ്ങളേക്കാൾ മെച്ചമാണെന്നും കാമ്യമാണെന്നും ഒരു സാഹിത്യാസ്വാദകനെന്നനിലയിൽ ഞാൻ പറയും. ഒരു കൊച്ചുകുട്ടിയെ ക്ഷേത്രത്തിലേക്കെന്നപോലെ സഹൃദയനെ കൈയ്ക്കു പിടിച്ച് അനുഭൂതികളുടെ തേജോമയമായ ലോകത്തിലേക്ക് കൂട്ടികൊണ്ടുപോയി പ്രപഞ്ചവിസ്തൃതിയുടെ ഉദാത്തഗംഭീരമായ പശ്ചാത്തലത്തിൽ മനുഷ്യജീവിതത്തിന്റെ മഹത്വവും മനോഹരത്വവും അനുഭവിപ്പിച്ചനുഗ്രഹിക്കുന്ന സാഹിത്യമാണ് നമുക്കു വേണ്ടത്. കേരളീയസാഹിത്യകാരന്മാരോടു എനിക്കുള്ള അപേക്ഷ ഇതാണ്: ഇതിവൃത്തവും ആഖ്യാനരൂപവും ഇഷ്ടമുള്ളതു സ്വീകരിച്ചുകൊള്ളുക. ആരെ വേണമെങ്കിലും ആചാര്യനായി സ്വീകരിച്ചുകൊള്ളുക. രാഷ്ട്രീയമായും സാമ്പത്തികമായും ഏതു ചേരിയിൽ വേണമെങ്കിലും ചേർന്നുകൊള്ളുക. പക്ഷെ അനുഭൂതിയുടെ അനുഗ്രഹമേൽക്കാത്ത, അനുഭൂതിയെ പകർന്നുകൊടുക്കാത്ത ഒരൊററ വാക്കുപോലും എഴുതുകയില്ലെന്നു ശപഥംചെയ്യുക. ഒരു സാഹിത്യോപാസകന്റെ ജീവിതമാണ് കാംക്ഷിക്കുന്നതെങ്കിൽ ആശയങ്ങളുടെയും അന്യസംസ്കാരങ്ങളുടെ

Digitized by Kerala Sahitya Akademi

യും വാലിൽ തൂങ്ങാതെ അന്തരാത്മാവിന്റെ ആഭിമുഖ്യംമാത്രം അംഗീകരിച്ച്, ആത്മാവിഷ്കരണമായും ആത്മാർപ്പണമായും, കാവ്യകല അതിന്റെ അത്യുച്ചകോടിയിൽ മുക്തിസാധനയാണെന്ന പൂർണ്ണവിശ്വാസത്തോടെയും, നിർമ്മാണകർമ്മം നിർവ്വഹിക്കുക.

ആശയങ്ങളുടെയും സിദ്ധാന്തങ്ങളുടെയും മണ്ഡലത്തിലല്ല, അനുഭൂതികളുടെ ലോകത്തിലാണ് സാഹിത്യകാരന്മാർ പുതിയപുതിയ പരീക്ഷണങ്ങൾക്കു മുതിരേണ്ടത്. ഇന്നത്തെ പല എഴുത്തുകാർക്കും ഇതത്ര സമ്മതമാവുകയില്ല. ഓരോരോ 'ഇസ'ങ്ങളുടെ ഇരുട്ടിൽ തപ്പിത്തടയുവാനാണ് അവർ ഇഷ്ടപ്പെടുന്നതും, ബദ്ധപ്പെടുന്നതും. ഇത് ആരെ ബോധിപ്പിക്കുവാനാണെന്നാണ് ഞാൻ ചോദിക്കുന്നത്. ആദ്യത്തെ എക്സ്പ്രഷനിസ്റ്റ്നാടകം പുതിയ സർറിയലിസ്റ്റ് നോവൽ എന്നൊക്കെ പറഞ്ഞതുകൊണ്ട് എന്തു പ്രയോജനമാണെന്നു മനസ്സിലാകുന്നില്ല. സഹൃദയഹൃദയങ്ങളിൽ കാവ്യാനുഭൂതി ജനിപ്പിക്കാത്തകാലത്തോളം ഈ പുതുമകളെല്ലാം വ്യർത്ഥയത്നങ്ങളാണ്. ആശയങ്ങൾക്കല്ലാതെ മറ്റൊന്നിനും വില കല്പിക്കാത്ത പാശ്ചാത്യസാഹിത്യംപോലും ഇന്ന് അല്പാല്പമായി ഈ വസ്തുത മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. അതിൽ കാണുന്ന പുതിയ പരീക്ഷണങ്ങൾ കാവ്യകലയെ ആശയങ്ങളുടെയും സിദ്ധാന്തങ്ങളുടെയും കൂട്ടുകെട്ടിൽനിന്നു വേർതിരിപ്പിക്കുവാൻവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണെന്ന് എനിക്കു തോന്നുന്നു. ടി. എസ്സ്. എലിയട്ടിന്റെ കവിതകളും ജെയിംസ്ജോയ്സിന്റെ ആഖ്യായികകളും അനുഭൂതിപ്രധാനമായ ഒരു പുതിയ സാഹിത്യം നിർമ്മിക്കുവാൻവേണ്ടിയുള്ള ഉദ്യമങ്ങളാണ്. സയൻസിന്റെ സ്വാധീനശക്തിയിൽ അമർന്നിരിക്കുന്ന പാശ്ചാത്യലോകത്ത് ഈ പ്രസ്ഥാനം വിജയിക്കുമോ എന്നു നിശ്ചയമില്ല. ഫലം എന്തുമാകട്ടെ, ഇങ്ങനെയൊരു പരിവർത്തനത്തിനു പാശ്ചാത്യസാഹിത്യം യത്നിക്കുന്നുവെന്നതാണ് നമുക്കിവിടെ ശ്രദ്ധേയമായ സംഗതി. നമുക്ക് ഒട്ടും ശങ്കിക്കാനില്ല. നമ്മുടെ സാഹിത്യത്തെ അനുഭൂതികളിലൂടെത്തന്നെയാണ് നയിക്കേണ്ടത്. പുതുമകൾക്കും പരീക്ഷണങ്ങൾക്കും തുനിയേണ്ടതും ആ മണ്ഡലത്തിൽതന്നെയാണ്. അർത്ഥശാസ്ത്രസിദ്ധാന്തങ്ങളേയും മനശ്ശാസ്ത്രതത്വങ്ങളേയും ആസ്പദമാക്കി ദാരിദ്ര്യം ഭോഗലാലസ എന്നിത്യാദിവിഷയങ്ങളെക്കുറിച്ചുള്ള കഥകളുടെ ഒരു പ്രളയം തന്നെ ഇന്നു മലയാളത്തിൽ കാണുന്നുണ്ട്. പക്ഷെ യോഗവിദ്യ, കർമ്മബന്ധം, ധർമ്മബോധം, എന്നിങ്ങനെ തികച്ചും ഭാരതീയമായ

Digitized by Kerala Sahitya Akademi

പ്രമേയങ്ങളെ ഉൾക്കൊള്ളിച്ച് അവയിൽനിന്നു ജനിയ്ക്കുന്ന അതിവിശിഷ്ടങ്ങളായ അനുഭൂതികളെ പകർന്നുതരുവാൻ ശ്രമിയ്ക്കുന്ന ഒരൊററ സാഹിത്യശകലംപോലും എങ്ങും കാണ്മാനില്ല. ഈ മണ്ഡലങ്ങളിൽ വൻപിച്ച നേട്ടങ്ങളുള്ള ഒരു ജനതയാണ് ഭാരതീയർ. പക്ഷെ അവയെ കൈകാര്യം ചെയ്യുന്നതിൽ ആർക്കും താല്പര്യമില്ല. വിദൂരമായ അമേരിയ്ക്കയിലിരുന്നു യോഗവിദ്യയുടെ പ്രാഥമികപാഠങ്ങൾ അഭ്യസിക്കുവാൻ ശ്രമിക്കുന്ന ആൽഡസ് ഹക്സിലി തൻെറ ചില ആഖ്യായികകളിൽ ഈ വിഷയങ്ങളിൽ ചിലതിനെ ഉൾക്കൊള്ളിച്ചിരിക്കുന്നത് എൻെറ ശ്രദ്ധയിൽ പെടുകയുണ്ടായി. ഇങ്ങിനെയുള്ള കാര്യങ്ങളെ സ്പർശിയ്ക്കുന്നതു തന്നെ ആക്ഷേപകരമായിട്ടാണ് നമ്മുടെ സാഹിത്യകാരന്മാരിൽ പലരും കരുതുന്നത്. ഭാരതീയരായ നമുക്ക് ഒരിയ്ക്കലും വേണ്ടവണ്ണം അനുഭവിച്ചറിയുവാൻ കഴിയാത്ത മറേറതോ സംസ്കാരത്തിൻെറ സന്താനങ്ങളായ മന്തർലങ്ങും മയാക്കോവ്സ്കിയും മററുമാണ് അവരെ ഭ്രമിപ്പിക്കുന്നത്. ഈ പോക്ക് ശരിയല്ലെന്ന് എൻെറ എളിയ ബുദ്ധിയിൽ തോന്നുന്നു. നെടുനാളത്തെ പരാധീനതക്കു ശേഷം സ്വതന്ത്രരാകുന്ന ജനസമൂഹങ്ങൾ തങ്ങളുടെ പ്രാചീന സംസ്കാരത്തിൽ താല്പര്യം പ്രദർശിപ്പിക്കുകയും അതിൻെറ ചിരന്തന മൂല്യങ്ങളിൽ ആവേശംകൊണ്ട് അവയെ ഉപജീവിയ്ക്കുകയും ചെയ്യുകമൂലം അത്യത്ഭുതകരമായ ഉല്ക്കർഷത്തെ പ്രാപിച്ചതിനു ചരിത്രത്തിൽവേണ്ടുവോളം ഉദാഹരണങ്ങളുണ്ട്. ഇന്നു നമ്മുടെയെല്ലാം കണ്ണു മഞ്ചിയ്ക്കുന്ന പശ്ചിമയൂറോപ്യൻസംസ്കാരത്തിൻെറ നവോത്ഥാനംതന്നെ ഇങ്ങിനെയുണ്ടായിട്ടുള്ളതാണ്. ക്രിസ്തു 14-ം 16-ം നൂററാണ്ടുകൾക്കിടക്കാണ് ഈ നവോത്ഥാനം സംഭവിച്ചത്. പ്രാചീനയവനസംസ്കാരത്തിൻെറ മൂല്യങ്ങളിലും മാതൃകകളിലും അന്നത്തെ യൂറോപ്യൻകവികൾക്കും കലാകാരന്മാർക്കും ഉണ്ടായ ആവേശമാണ് ഈ നവോത്ഥാനത്തിനു പ്രചോദനം നല്കിയത്. സാഹിത്യവും കലയും മാത്രമല്ല, ശാസ്ത്രവും തത്വജ്ഞാനവും എല്ലാം ഇതുമൂലം മേന്മ നേടി. ആധുനികശാസ്ത്രം എന്ന പേരിൽ അറിയപ്പെടുന്ന വിജ്ഞാനശാഖകളുടെ ആവിർഭാവത്തിനും വികാസത്തിനും അവശ്യം വേണ്ടിയിരുന്ന മാനസികാന്തരീക്ഷവും ലോകവീക്ഷണവും യൂറോപ്യൻ ജനതയ്ക്കു ലഭിച്ചത് ഈ നവോത്ഥാനത്തിൻെറ ഫലമായിട്ടാണ്. ക്രിസ്തുവിന്ന് അടുത്തു മുമ്പുള്ള നാലഞ്ചു നൂററാണ്ടുകളിൽ യവനന്മാർ പ്രകൃതിയുടെ നേർക്കു

Digitized by Kerala Sahitya Akademi

എന്തെന്നില്ലാത്ത ഉത്സാഹകൌതുകങ്ങളും മനുഷ്യജീവിതത്തിൽ ഉച്ഛൃംഖലമായ ഉന്മേഷപ്രകർഷവും പ്രദർശിപ്പിക്കുകയുണ്ടായി. ഈ ജീവിതോന്മേഷവും മാനസോല്ലാസവുമാണ് 14-ാം നൂററാണ്ടിലുണ്ടായ നവോത്ഥാനത്തിൻെറ ഫലമായി യൂറോപ്യൻജനതയ്ക്കു ലഭിച്ചത്. അതിൻെറ സഹായത്താൽ ജാജ്ജ്വല്യമാനമായ ഒരു സംസ്കാരം സൃഷ്ടിക്കുവാൻ അവക്കു സാധിച്ചു. ഈ സംസ്കാരത്തിൻെറ നിഴലിൽ ദീർഘകാലം കഴിഞ്ഞുകൂടിയ നമുക്ക് അതൊരു പാഠമാകേണ്ടതാണ്. എങ്കിലും എന്തുകൊണ്ടോ, ഈ അടിസ്ഥാനവസ്തുതകഠം മനസ്സിലാക്കി അതനുസരിച്ചു പ്രവൎത്തിക്കുന്നതിനല്ല, പ്രസ്തുത സംസ്കാരത്തിൻെറ ബാഹ്യമോടികളെ അനുകരിക്കുന്നതിനാണ് നാം ശ്രമിക്കുന്നത്.

സാഹിത്യത്തിലും കലയിലും സംസ്കാരരംഗത്തു പൊതുവേയും നമ്മുടെ നാട്ടിൽ ഒരു നവോത്ഥാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇരുപതാംനൂററാണ്ടിൽ ജീവിക്കുന്ന കേരളീയർ പഴഞ്ചൻരീതികഠം സ്വീകരിക്കണമെന്നോ കാലം മാറിയകാര്യം വിസ്മരിക്കണമെന്നോ അല്ല ഞാൻ നിൎദ്ദേശിക്കുന്നതെന്നു വ്യക്തമാക്കിക്കൊള്ളട്ടെ. സാംസ്കാരികമായ ഒരു നവോത്ഥാനത്തിനുവേണ്ടിയാണ് ഞാൻ വാദിക്കുന്നത്. നവോത്ഥാനം ഒരിക്കലും പിന്നോട്ടുപോകലല്ല. കണ്ണും കെട്ടി, കൈയിലുള്ളതെല്ലാം കളഞ്ഞു കുളിച്ചുകൊണ്ടുള്ള പരക്കംപാച്ചിലുമല്ല. ഈ രണ്ടാമത്തെ അംശം അവഗണിക്കപ്പെടുന്നതുമൂലമുള്ള ആപത്താണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അയ്യായിരം വർഷമായി നിലനില്ക്കുന്ന നമ്മുടെ മഹാസംസ്കാരത്തിൽനിന്നു യാതൊന്നും ഇന്നത്തെ സാഹിത്യകാരന്മാക്കു സ്വീകരിക്കാനില്ലെന്നു പറയുന്നതു വിശ്വസിക്കാൻ പ്രയാസമായിരിക്കുന്നു. ആധുനികഭാരതത്തിലെ ഏററവും മഹാനായ സാഹിത്യകാരൻ ഈ അഭിപ്രായം സൎവ്വാബദ്ധമാണെന്നു തെളിയിച്ചു. ടാഗോർസാഹിത്യം നമ്മുടെ പൂൎവ്വസംസ്കാരത്തോടെന്തുമാത്രം കടപ്പെട്ടിട്ടുണ്ടെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഞാൻ വിവക്ഷിക്കുന്നതരത്തിലുള്ള നവോത്ഥാനത്തിൻെറ ആദ്യത്തെ സ്പന്ദനങ്ങളാണ് നാം അതിൽ അനുഭവിക്കുന്നത്. നമ്മുടെ ജീവിതത്തിൽ അതു കലൎത്തിയ ധന്യതയും, നമ്മുടെ പ്രപഞ്ചവീക്ഷണത്തിൽ അതു വരുത്തിയ പരിവൎത്തനവും വൎണ്ണിക്കുവാൻ സാധ്യമല്ല. പക്ഷെ എന്തു കാരണത്താലോ, ടാഗോർ നല്കിയ പ്രചോദനത്തെ ഏറെറടുക്കുവാൻ നമുക്കു സാധിച്ചിട്ടില്ല. ബംഗാളിൽപ്പോലും അതു മിക്കവാറും തേഞ്ഞുമാഞ്ഞുപോയിരിക്കു

Digitized by Kerala Sahitya Akademi

ന്നതായിട്ടാണ് കാണുന്നത്. നമ്മുടെ ചരിത്രത്തിന്റെ ഈ ദശയിൽ ഇങ്ങനെ സംഭവിച്ചത് ഏററവും നിർഭാഗ്യകരമായിരിക്കുന്നു. രാഷ്ട്രീയ നേതാക്കന്മാർക്കും ഭരണാധിപന്മാർക്കും ഇമ്മാതിരി കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ സമയമില്ല. ഒരുപക്ഷേ അവരുടെ ദൃഷ്ടിയിൽ ഇതെല്ലാം അപ്രധാനങ്ങളും ആയിരിക്കാം. ഏതായാലും ഭൗതികമായ ഉൽക്കർഷത്തിൽ ദത്തശ്രദ്ധരായ അവരെ പഴിപറഞ്ഞിട്ടു കാര്യമില്ല. നവോത്ഥാനത്തിന്റെ ആവശ്യം മനസ്സിലാക്കി അതിനുവേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ മുറവിളികൂട്ടേണ്ടതു സാഹിത്യകാരന്മാരാണ്. ജനസമുദായത്തിന്റെ പാരമ്പര്യത്തിനു യോജിച്ചതും, നവനവോന്മേഷസംയുതവുമായ സംസ്കാരത്തിന്റെ സംസർഗ്ഗം ലഭിക്കാത്ത ഭൗതികോൽക്കർഷം ശാന്തിയും സമാധാനവും ശാശ്വതമായ സംതൃപ്തിയും നൽകുകയില്ല. കഴിഞ്ഞ ഒന്നു രണ്ടു് തലമുറകളിൽ ജപ്പാൻകാർക്കുണ്ടായ ഭൗതികാഭ്യുദയം ഈ നൂററാണ്ടിലെ മഹാത്ഭുതങ്ങളിലൊന്നാണ്. മറേറതോ നഭോഗോളത്തിലുള്ള രാജ്യംപോലെ വിദൂരമായി, അപരിചിതമായി, കേട്ടുകേൾവിപോലുമില്ലാതെ കിടന്ന ജപ്പാൻ ഉദയസൂര്യന്റെ കൊടിക്കൂറകൾ പാറുന്ന പടക്കപ്പലുകളെ യൂറോപ്യൻ സമുദ്രങ്ങളിലേക്ക് അയച്ചതു കണ്ടപ്പോൾ പാശ്ചാത്യലോകം അന്ധാളിച്ചുപോയി. ഒട്ടും താമസിയാതെ അവർ വ്യാപാരവിഷയത്തിൽ പാശ്ചാത്യരാഷ്ട്രങ്ങളോടു വിജയപൂർവ്വം മത്സരിച്ചു. എങ്കിലും അത്യത്ഭുതകരമായ ഈ അഭ്യുദയത്തിന് അകമ്പടിയായും അവലംബമായും, അതിന്റെ പിന്നിലുള്ള അദ്ധ്യാത്മപ്രചോദനത്തിന്റെ ആവിഷ്കരണമായും കരുതാവുന്ന ഒരു സംസ്കാരത്തെ വളർത്തുവാൻ ജപ്പാൻകാർ ശ്രദ്ധിച്ചില്ല. അവരുടെ കലയും സാഹിത്യവും നവോത്ഥാനത്തിന്റെ ഉന്മേഷം അനുഭവിച്ചില്ല. ഈ കാലഘട്ടത്തിൽ അന്യരാജ്യക്കാരുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു സാഹിത്യകാരനോ കലാകാരനോ ജപ്പാനിൽ ഉണ്ടായില്ല. സൌന്ദര്യാരാധനയിൽ അതിവിശിഷ്ടമായ പാരമ്പര്യങ്ങളുള്ള ഒരു ജനതയാണ് ജപ്പാൻകാർ. ചിത്രകലയിൽ അവരോടു കിടനില്ക്കുന്നവർ അപൂർവ്വമാണ്. പക്ഷേ അരമുക്കാൽ നൂററാണ്ടുകാലമായി ഈ മണ്ഡലങ്ങളിൽ ജപ്പാൻകാർ കാര്യമായി എന്തെങ്കിലും പ്രവർത്തിച്ചതായി അറിയുന്നില്ല. രാഷ്ട്രീയ നിരീക്ഷകന്മാരും അർത്ഥശാസ്ത്രവിദഗ്ദ്ധന്മാരും എന്തൊക്കെ പറഞ്ഞാലും, ആ രാജ്യത്തിന്റെ ക്ഷണേനയുള്ള അധഃപതനത്തിന്റെ കാരണം ഇതാണെന്നാണ്

Digitized by Kerala Sahitya Akademi

ഞാൻ കരുതുന്നത്. പൂർവ്വേഷ്യൻ ജനതയുടെ നേതൃത്വം ഏറ്റെടുത്തു രണ്ടാം ലോകമഹായുദ്ധത്തിൽ പ്രവേശിച്ച ജപ്പാൻകാരെ ഏററവും കൂടുതൽ വെറുക്കുവാൻ സംഗതിയായതു് പൂർവ്വേഷ്യയിലെ ജനങ്ങൾക്കുതന്നെയാണ്. ശത്രുക്കളുടെ പ്രചരണത്തിലുള്ള അതിശയോക്തികളെ അവഗണിച്ചാലും, യുദ്ധകാലത്തു ജപ്പാൻകാർ പ്രവർത്തിച്ച ക്രൂരതകളും കടുംകൈകളും അദ്ധ്യാത്മസൗന്ദര്യത്തിൻെറ ആർദ്രതയും സംസ്കാരസമുൽക്കർഷത്തിൻെറ സംതൃപ്തിയും അനുഭവിച്ച മനുഷ്യർ ചെയ്യുന്നവയല്ല. ചെന്നായ്ക്കളിൽപ്പോലും കാണുവാൻ കഴിയാത്ത കശ്മലതയാണ് ജപ്പാൻ പട്ടാളക്കാരൻെറ കണ്ണിലുള്ളതെന്നു സിംഗപ്പൂരിലും മററും അവരുമായി ഇടപെടേണ്ടിവന്നവർ പറയുകയുണ്ടായി. ഭൗതികമായ ഉല്ക്കർഷത്തിൽമാത്രം ശ്രദ്ധവെച്ചതിൻെറ ഫലമാണത്. സംസ്കാരത്തിൻെറ സജീവസ്പന്ദനങ്ങൾ ജനസമുദായത്തിൻെറ സിരാചക്രത്തിൽനിന്നു മാഞ്ഞുപോകുമ്പോൾ ഇതും ഇതിലപ്പുറവും സംഭവിക്കും. ആർഷഭൂമീ! ലോകരാഷ്ട്രങ്ങളുടെ ഗണനയിൽ നിൻെറ സ്ഥാനം ഏററവും താഴെയായിപ്പോയാലും സാംസ്കാരികമായ ഈ അധഃപതനം നിനക്കുണ്ടാകാതിരിക്കട്ടെ! നീണ്ട നീണ്ട നൂററാണ്ടുകളിലെ പരാധീനതമൂലം മരവിച്ചുപോയ നമ്മുടെ നരമ്പുനാരുകളിൽ ഒരു നവചൈതന്യം പ്രസരിക്കുകയും, ശിലീഭൂതരൂപത്തിൽ ഗ്രന്ഥവരികളിൽ തങ്ങിനില്ക്കുന്ന സംസ്കാരസത്തകൾ ഓരോ കേരളീയൻേറയും ചേതനയിലെ അതിവിശിഷ്ടങ്ങളായ അനുഭൂതികളായി മാറുകയും ചെയ്യുമാറാകട്ടെ. ഭൂതകാലസ്മരതയിൽനിന്നും, ചരിത്രത്തിൻെറ ആഴങ്ങളിൽനിന്നും, നീർക്കുമിളകൾപോലെ പൊങ്ങിവരുന്ന ഈ അനുഭൂതികൾ ഭാവനയുടെ വിഹായസ്സിൽ നൂതനങ്ങളായ ചക്രവാളങ്ങളെ സൃഷ്ടിക്കുകയും കേരളസാഹിത്യത്തെ അതിൻെറ ഏററവും ഭാസുരമായ നിലയിലേക്കു് ഉയർത്തുകയും ചെയ്യുമാറാകട്ടെ.

[1951–ൽ എറണാകുളത്തുവെച്ചു നടന്ന പരിഷത്സമ്മേളനത്തിലെ പ്രസംഗം]

Digitized by Kerala Sahitya Akademi

3

# നവീകരണത്തിൻെറ ലക്ഷ്യം

**ഭാ**രതീയരായ നാം നമ്മുടെ നാടിനെ നവീകരിക്കുവാൻ വെമ്പൽകൊള്ളുന്ന കാലമാണിത്. ഇന്നത്തെ പദ്ധതികളുടെയും വികസനപരിപാടികളുടെയും, എല്ലാം ലക്ഷ്യം ഇതാണ്. നവീകരിക്കുക എന്നു പറഞ്ഞാൽ പാശ്ചാത്യമാതൃകയിലാക്കിത്തീർക്കുക എന്ന അർത്ഥമാണ് ഇക്കാലത്ത് അധികം പേരും മനസ്സിലാക്കുന്നത്. ആ മാതൃക എന്താണെന്നു നോക്കാം. പാശ്ചാത്യദേശത്ത് ആധുനികത്വവും പുരോഗതിയും പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നത് ചില മഹാനഗരങ്ങളിലാണ്. ഈ നഗരങ്ങളാണ് അവയുടെ സംസ്കാരമാണ്, നവീകരണയത്നത്തിൻെറ പരിണതഫലമെന്നുപറയാവുന്നതാണ്. ഉരുക്കും സിമെൻറും പെട്രോളും അതിഭീമമായ അളവിൽ ചെലവഴിഞ്ഞുണ്ടാകുന്ന ഈ നഗരസംസ്കാരം മനുഷ്യവർഗ്ഗത്തെ മുഴുവനും വിഭ്രമിപ്പിക്കുകയും വ്യാമോഹിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കോംഗോവനത്തിലെ നീഗ്രോജാതികളും ആസ്സാം മലയിലെ ആദിവാസികളും അതിനുവേണ്ടിയാണു കൊതിക്കുന്നത്. നഗരങ്ങളെ അത്ഭുതകരങ്ങളായ ഗന്ധർവലോകങ്ങളായാണ് അവർ ഭാവനയിൽ കാണുന്നത്. ഈ നഗരസംസ്കാരം സാർവത്രികമായാലല്ലാതെ ഇന്നത്തെ മനസ്ഥിതിയിൽ മനുഷ്യൻ തൃപ്തനാവുകയില്ല. ഇതു സാധിക്കാത്ത കാര്യമാണ്. വൻനഗരങ്ങളും വൻതരം വ്യവസായങ്ങളും കൂടപ്പിറപ്പുകളാണ്. രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരകേന്ദ്രീകരണത്തിൽനിന്നാണ് അവ ജനിക്കുന്നത്. മഹാനഗരങ്ങളുടെ സംസ്കാരം സാർവത്രികമാകണമെന്നു പറഞ്ഞാൽ ഈ അധികാരം വികേന്ദ്രീകൃതമാകണമെന്നാണ് അർത്ഥം. ഇന്നത്തെ കാലത്ത് ഒരു രാഷ്ട്രവും ഇതിനു സമ്മതിക്കുകയില്ല. സ്വാതന്ത്ര്യം എല്ലാ രാഷ്ട്രങ്ങളും വിലമതിക്കുന്നു. അതിനെ നിലനിർത്തുവാൻ പലപ്പോഴും യുദ്ധം ചെയ്യേണ്ടിവരും. ഇക്കാലത്തു യുദ്ധത്തിൻെറ രീതി ആകപ്പാടെ മാറിയിരിയ്ക്കുകയാണ്. വൻതരം വ്യവസായങ്ങളും കേന്ദ്രീകൃതമായ അധികാരശക്തിയും ഇല്ലാത്ത രാഷ്ട്രങ്ങൾക്ക് ഒരു ദിവസംപോലും യുദ്ധംചെയ്തുനിൽക്കാൻ സാ

Digitized by Kerala Sahitya Akademi

ധിക്കയില്ല. ഇങ്ങിനെ നോക്കിയാൽ ഈ ''നാഗരികത'' ഒരി ക്കലും സാർവത്രികമാവുകയില്ലെന്നു കാണാവുന്നതാണ്. അങ്ങി ങ്ങായി ചില നഗരങ്ങളും ബാക്കിയെല്ലാം നാട്ടിൻപുറവുമായുള്ള ഈ വ്യവസ്ഥിതി നീണ്ടുനിൽക്കുകതന്നെ ചെയ്യും. അവയ്ക്കു തമ്മി ലുള്ള അന്തരവും വൈരുദ്ധ്യവും മാറിപ്പോകുമെന്നു വിചാരിക്കു വാൻ വഴികാണുന്നില്ല. എന്നുതന്നെയുമല്ല നവീകരണപദ്ധതി കഠം പുരോഗമിക്കുംതോറും ഈ വൈരുദ്ധ്യവും അതു മൂലമുണ്ടാകുന്ന വിഷമങ്ങളും വർദ്ധിക്കുകയും ചെയ്യും.

പാശ്ചാത്യരുടെ ദൃഷ്ടിയിൽ സംസ്കാരത്തിൻെറ ചരിത്രം നഗരങ്ങളുടെ ചരിത്രമാണ്. ലിഖിതമായ ലക്ഷ്യങ്ങഠം ഉണ്ടാകു ന്നതിനുമുമ്പുള്ള കാലത്തെപ്പററി പഠിക്കുന്ന ചരിത്രകാരൻെറ പ്ര ധാനമായ അവലംബം നഗരങ്ങളുടെ അവശിഷ്ടങ്ങളാകുന്നു. ഒരു സംസ്കാരം മാഞ്ഞുപോയെന്നും മറെറാന്ന് ഉടലെടുത്തു എന്നും മററും പറയുമ്പോഠം അയാഠം വിവക്ഷിക്കുന്നത് ഒരു കൂട്ടം നഗര ങ്ങഠം നശിച്ചുപോയെന്നും മറെറാരുകൂട്ടം ഉണ്ടായിവന്നു എന്നുമാ ണ്. ബാബിലോൺ, സൂമർ, മോഹൻജോദാരോ എന്നീ നഗര നാമങ്ങഠം ഓരോരോ സംസ്കാരങ്ങളെ സൂചിപ്പിക്കുവാൻ ഉപ യോഗിക്കുന്നതു നോക്കുക. ചരിത്രത്തെയും സംസ്കാരത്തേയും ജനസമുദായങ്ങളുടെ നെട്ടനാളത്തെ നേട്ടങ്ങളേയും കുറിച്ചുള്ള ഈ പാശ്ചാത്യവീക്ഷണം നാമുഠംപ്പെടെ സമസ്തലോകവും ഇന്ന് അം ഗീകരിച്ചിരിക്കുകയാണ്. ഈ വീക്ഷണഗതിക്കനുരൂപമായ ഒരു നവഭാരതത്തെ കെട്ടിപ്പടുക്കുവാനാണ് നാമിന്നു വെമ്പുന്നത്. ഇതു എറെക്കുറെ സാധിച്ചേക്കുമെങ്കിലും, അതിൻെറ പിന്നിലുള്ള വീ ക്ഷണഗതി അഭാരതീയവും ആപൽക്കരവുമാണെന്ന് എനിക്കു തോന്നുന്നു. ചരിത്രത്തെയും സംസ്കാരത്തെയും കുറിച്ചുള്ള ഭാരതീ യ സങ്കല്പങ്ങഠം പാശ്ചാത്യരുടേതിൽനിന്നു പാടെ ഭിന്നമാണ്. നഗരങ്ങളുടെ വൃദ്ധിക്ഷയങ്ങഠം ചരിത്രമാണെന്നും, രാജധാനികളു ടെ സംവിധാനവൈചിത്ര്യങ്ങഠം സംസ്കാരമാണെന്നും നാം കരു തിയിട്ടില്ല. മോഹൻജോദാരോവിൽ സർ ജോൺ മാർഷലിൻെറ ഗവേഷണങ്ങഠം വെളിപ്പെടുത്തിയ ഓടകളും കുളിമുറികളും കൊ ത്തളങ്ങളും പാശ്ചാത്യരുടെ ചരിത്രവീക്ഷണം ശീലിച്ച പണ്ഡിത ന്മാരെയല്ലാതെ ഭാരതീയജനസാമാന്യത്തേയോ അവക്കു എത്.പ്ര ദ്യോതനം നൽകിയ ആചാര്യന്മാരേയോ ആവേശംകൊള്ളിച്ചിട്ടി ല്ല. ആ പ്രാചീനനഗരത്തിൻെറ ഉത്ഖനനം നടന്നുകൊണ്ടി

Digitized by Kerala Sahitya Akademi

രുന്ന കാലത്ത് ഇന്ത്യ സന്ദർശിച്ച ഒരു ചിന്തകൻ ന്യൂഡൽഹിയിൽ (അന്ന് അതിന്റെ പണിയും ധ്രുതഗതിയിൽ നടക്കുകയായിരുന്നു) വളരെ നേരം ചുറ്റിനടന്നിട്ടും ഒരക്ഷരവും മിണ്ടാതിരുന്നതെന്തെന്നു കൂടെയുള്ളവർ ചോദിച്ചതായി ഒരു കഥയുണ്ട്.'' ''ഇല്ല, ഈ മഹാരാജധാനിയുടെ അവശിഷ്ടങ്ങൾ എത്ര അത്ഭുതകരമായിരിക്കും എന്നോർത്ത് ഞാൻ ചിന്താമഗ്നനായിപ്പോയതാണ്'' എന്ന് അദ്ദേഹം പറഞ്ഞുവത്രെ. ടാഗൂറും ഗാന്ധിയും ന്യൂഡൽഹിയുടെ നിർമ്മാണത്തെപ്പറ്റിപ്പറഞ്ഞ അതിപരുഷങ്ങളായ അഭിപ്രായങ്ങളെക്കാളും ആഴത്തിൽപ്പതിയുന്ന ഒരു പ്രസ്താവനയാണിത്. ഇന്ത്യൻ ജനതയുടെ ഘോരദാരിദ്ര്യവും ഈ പുതുരാജധാനിയുടെ ധാരാളിത്വവും തമ്മിലുള്ള വൈരുദ്ധ്യമാണ് അവർ ചൂണ്ടിക്കാണിച്ചത്. പക്ഷെ ഈ ചിന്തകനാകട്ടെ ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ സവിശേഷസ്വഭാവം മനസ്സിലാക്കിയ ഒരു ക്രാന്തദർശിയുടെ അഭിപ്രായമാണു പറഞ്ഞത്. നഗരങ്ങളും രാജധാനികളും നമുക്ക് ''അത്ഭുതകര''ങ്ങളായ അവശിഷ്ടങ്ങളല്ലാതെ അഭിമാനകരവും ആവേശജനകവുമായ സംസ്കാരമൊന്നും നൽകിയിട്ടില്ല. ദീർഘദീർഘമായ നമ്മുടെ ചരിത്രത്തിൽ ചിരന്തനമായ സ്ഥാനം നേടുകയും, ഭാരതീയസംസ്കാരത്തോട് അതിഗാഢമായ ബന്ധം നേടുകയും ചെയ്തിട്ടുള്ളതായി പറയാവുന്ന നഗരം ഒന്നേയുള്ളു—കാശി. വാസ്തുശില്പത്തിന്റെ വൈഭവംകൊണ്ടോ രാജധാനിയെന്നുള്ള മേന്മകൊണ്ടോ അല്ല നമുക്കതു പ്രിയതരവും സ്മരണീയവുമായിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. ഒരു പക്ഷെ ഇക്കാരണത്താലായിരിക്കുമോ അതു വെറും അവശിഷ്ടങ്ങളാകാതെ സജീവമായ ഒരു ജനപദമായിത്തന്നെ എത്രയോ നൂറ്റാണ്ടുകളായി നിലനില്ക്കുന്നത്?

ഭൂമുഖത്തെ അധിവസിക്കുന്ന അതിപ്രാചീന ജനതകളിൽ ഒന്നായ ഭാരതീയർ ആരാധിക്കുകയും അഭിമാനപൂർവ്വം അവകാശപ്പെടുകയും ചെയ്യുന്ന സംസ്കാരം തീർച്ചയായും ഒരു നഗര സംസ്കാരമല്ല; സ്കൂൾകുട്ടികളുടെ വാദപ്രതിവാദമത്സരങ്ങളിൽ പുകഴ്ത്താറുള്ള ഗ്രാമസംസ്കാരവുമല്ല. ഇവരണ്ടിലുംനിന്നു ഭിന്നവും ലോകത്തിൽ മറ്റൊരിടത്തും ഉണ്ടായിട്ടില്ലാത്തതുമായ ആരണ്യകധർമ്മമാകുന്നു—വനതലങ്ങളിൽ, പ്രകൃതിയുടെ മടിത്തട്ടിൽ, പർണ്ണശാലകളിൽനിന്നുളവായ സാക്ഷാൽ അദ്ധ്യാത്മസംസ്കാരം. അലക്സാണ്ടറുടെ കാലംമുതൽ ഇന്നോളമുണ്ടായ വിദേശീയാക്രമണങ്ങളെയും ഏകാധിപത്യങ്ങ

Digitized by Kerala Sahitya Akademi

ളെയും അതിജീവിച്ചു നില്ക്കുന്ന ഒരു ഘടകം ഭാരതീയ ജീവിതത്തിലുണ്ടെങ്കിൽ അത് ഈ സംസ്കാരത്തോടുള്ള അളവററ ബഹുമാനമാണ്. വാല്മീകിയും വ്യാസനും, താരതമ്യേന അവ്വാചീനനായ കാളിദാസനും അതിനെയാണ് പ്രകീർത്തിക്കുന്നത്. വല്ക്കലവും വരിനെല്ലും, ഓടലെണ്ണവിളക്കുകളും ഹോമാഗ്നികുണ്ഡങ്ങളും, മഹഷിമാരുടെ മടിയിൽ പൊക്കിററംകൊടി പൊഴിക്കുന്ന മാൻകിടാങ്ങളുമാണ് ഈ സംസ്കാരത്തിൻെറ ജന്മഭൂമിയിൽ കാണപ്പെടുന്നത്. പില്ക്കാലത്തു കുഴിച്ചെടുക്കേണ്ടതോ, കുഴിച്ചെടുക്കാവുന്നതോ ആയ യാതൊന്നും അവശേഷിപ്പിക്കാത്ത ഒരു സംസ്കാരമാണിത്. വാസ്തുവിദ്യയോ, ശില്പകലയോ, കല്പപാകിയ നിരത്തുകളോ, പഞ്ഞിയോ പട്ടുനൂലോ, മൺപാത്രങ്ങളോ കൃഷിയായുധങ്ങളോ, യുദ്ധോപകരണങ്ങളോ ഒന്നും അതിൽ കാണുമാറില്ല. അതിനു ശിലാശാസനങ്ങളില്ല, ചെമ്പുപട്ടയങ്ങളില്ല. ശുദ്ധവൃത്തികളെയും സാത്വികഭാവങ്ങളെയുമാണ് അതു പുലത്തിയത്. അതിൻെറ ഏററവും വലിയ നേട്ടങ്ങരം ആഭ്യന്തരങ്ങളാണ്. പ്രകൃതിയോടു പൊരുത്തം നേടി, ഹിംസ്രമൃഗങ്ങളിൽപ്പോലും സൌമ്യത ജനിപ്പിച്ച്, ദുഃഖത്തിനും ദോഷത്തിനുമെന്നപോലെ സുഖത്തിനും മോഹത്തിനും അതീതമായി, വേദാധ്യയനത്തിലും ധ്യാനത്തിലും സാധനയിലും സമാധിയിലുംകൂടി പരമമായ ശാന്തിയെ പ്രാപിച്ചുനില്ക്കുന്ന ഒരു ജീവിതചിത്രമാണ് ഈ സംസ്കാരത്തിൽ നാം കാണുന്നത്.

> അഥ മരവുരിപൂണ്ടും സ്നാനസംശുദ്ധയായ_
> ങ്ങതിഥികളെ വിധിയ്ക്കാമ്മാറുപൂജിച്ചുകൊണ്ടും
> മിഥിലതനയ വന്യംകൊണ്ടഹോ തൻ ശരീരം
> പതികുലമതു നില്പാൻവേണ്ടിമാത്രം വഹിച്ചാരം.

എന്നു കാളിദാസൻ വാല്മീകിയുടെ ആശ്രമത്തിൽ ജീവിയ്ക്കുന്ന സീതയെ വർണ്ണിച്ചിരിയ്ക്കുന്നതു വായിയ്ക്കുമ്പോരം ആ തപോവനസംസ്കാരത്തിൻെറ അത്ഭുതശക്തിയെക്കുറിച്ചുള്ള പ്രതീതി നമുക്കുണ്ടാകുന്നു; അതു നൽകുന്ന ശാന്തിയുടെ സ്വാദ് നമുക്കറിയുവാൻ സാധിയ്ക്കുന്നു. ഈ ലോകത്തിലെ ഏററവും വലിയ ദുഃഖത്തെപ്പോലും അതിവത്തിയ്ക്കുവാൻ അതു സഹായിയ്ക്കുമെന്നു നമുക്കു ബോധ്യമാകുന്നു.

നവീകരണയത്നങ്ങരം നാടൊട്ടുക്കു നടക്കുന്ന ഈ ഇരുപതാം നൂററാണ്ടിൽപ്പോലും ഭാരതീയജനതയ്ക്ക് അനാകഷ്കമായിത്തീ

Digitized by Kerala Sahitya Akademi

ന്നിട്ടില്ലാത്ത ഈ അത്ഭുതസംസ്കാരം കാട്ടുചെടികളെപ്പോലെ താനേ ജനിക്കുന്നതല്ല. മഹാനഗരങ്ങളും കോട്ടകൊത്തളങ്ങളും നിർമ്മിക്കുന്നതുപോലെയുള്ള മനഃപൂർവ്വയത്നം അതിൻെറ സൃഷ്ടിക്കും ആവശ്യമാകുന്നു. വെറുതെയങ്ങു കാട്ടിൽ പോയാൽ ആർക്കും അതു കിട്ടുകയില്ല. ദീർഘവും പതറാത്തതുമായ മഹായത്നംകൊണ്ടാണ് നമ്മുടെ പൂർവ്വികന്മാർ അതിൻെറ സിദ്ധികൾ നേടിയത്. അന്നും ഭാരതത്തിൽ പല സ്ഥാനങ്ങളിലും, ചെറിയ തോതിലെങ്കിലുമുള്ള നഗരസംസ്കാരം നിലവിലിരുന്നു. അതിൻെറ വ്യാമോഹവലയത്തിൽനിന്നു രക്ഷനേടിയതുതന്നെ ആയിരിക്കണം ഈ യത്നത്തിൻെറ ആദ്യത്തെ പടി. പക്ഷേ അതൊരു ഒളിച്ചോടലായിരുന്നു എന്നു ധരിക്കരുത്. എന്തെന്നാൽ തങ്ങൾ നിർമ്മിച്ച തപോവനസംസ്കാരവുംകൊണ്ട് മനുഷ്യരെ കാണാതെ ഒളിച്ചിരിക്കുകയല്ല ആ മഹർഷിമാർ ചെയ്തത്. ഒരു മഹാഭൂഖണ്ഡത്തിലെ ബഹുലക്ഷം ജനങ്ങൾക്ക് ആ സംസ്കാരം ആദരണീയവും അഭികാമ്യവുമാക്കിത്തീർക്കുവാൻ അവർക്കു സാധിച്ചു. ചക്രവർത്തികളും യോദ്ധാക്കളും കുബേരന്മാരും അതിന്നുമുമ്പിൽ നിഷ്പ്രഭരായി; ആ നിഷ്പ്രഭത്വം ഒരു ഭൂഷണമായി അവർ അംഗീകരിക്കുകകൂടി ചെയ്തു. ഇന്നുപോലും കഥകളിയിൽ കത്തിയും കിരീടവും വെച്ച്, രാജശക്തിയുടേയും നഗരസംസ്കാരത്തിൻേറയും പ്രതാപം കാണിക്കുന്ന കഥാപാത്രങ്ങൾ മഹർഷിമാരെ ഉപചരിക്കുന്നതു കാണുമ്പോൾ പ്രാചീനകാലത്ത് അദ്ധ്യാത്മസംസ്കാരം ഈ രാജ്യത്തു നേടിയ മഹാവിജയത്തിൻെറ ഒരു മനോഹരചിത്രം നമുക്കു ലഭിക്കുന്നു. ഇന്നല്ലെങ്കിൽ, നാളെയെങ്കിലും, യൌവനത്തിലല്ലെങ്കിൽ വാർദ്ധക്യത്തിലെങ്കിലും ലോഭമോഹജടിലമായ നാഗരികതയോടു യാത്ര പറയണമെന്നും മോക്ഷമാർഗ്ഗം തേടണമെന്നുമുള്ള ആഗ്രഹം ഭാരതീയഹൃദയങ്ങളിൽ സ്വാഭാവികമായി ഉണ്ടായിട്ടുണ്ട്. സിദ്ധാർത്ഥരാജകുമാരൻ ബുദ്ധനായിത്തീർന്നത് ഈ ചിന്താഗതിയുടെ ഫലമായിട്ടാണ്. എന്നാൽ ഇന്നാകട്ടെ, ഇമ്മാതിരി വിചാരങ്ങളും പ്രവണതകളുമാണ് നമ്മെ നശിപ്പിച്ചതെന്നും പരതന്ത്രരാക്കിയതെന്നുമുള്ള അഭിപ്രായഗതിയാണ് ബലപ്പെട്ടുവരുന്നത്. അതോടൊപ്പംതന്നെ മഹർഷിതുല്യനായ ഒരു മഹാപുരുഷനെ രാഷ്ട്രപിതാവെന്നും ആപൽബന്ധുവെന്നും മാർഗ്ഗദർശിയെന്നും കരുതി ആരാധിക്കുവാനുള്ള ആഹ്വാനങ്ങളും മുഴങ്ങിക്കേൾക്കുന്നു. ഇതു രണ്ടുംകൂടി എങ്ങിനെ പൊരുത്തപ്പെടുമെന്നുള്ളതാണ് മനസ്സിലാ

Digitized by Kerala Sahitya Akademi

കാത്തത്. നമ്മുടെ രാഷ്ട്രപിതാവ് പാശ്ചാത്യസംസ്കാരത്തിൻെറ പ്രാണനായ രജോഗുണത്തിൻെറ ഉപാസകനല്ലായിരുന്നു. ആശ്രമജീവിതവും ശമദമങ്ങളും ശീലിച്ച് അദ്ധ്യാത്മശക്തിയും ആരണ്യകധർമ്മവും സ്വീകരിച്ച ആ മഹാസാത്വികനെ നാം കൺമുമ്പിൽ കണ്ടതാണ്; അദ്ദേഹത്തിൻെറ ആത്മാർത്ഥത നിറഞ്ഞ ഉപദേശങ്ങാം നേരിട്ടു കേട്ടതാണ്. പക്ഷേ ഭാഗ്യദോഷംകൊണ്ടെന്നല്ലാതെ എന്തു പറയട്ടെ, അദ്ദേഹം പ്രതിനിധാനം ചെയ്ത ആർഷസംസ്കാരവും ആദ്ധ്യാത്മികപ്രവണതകളും നമുക്കിന്നു നിഷിദ്ധമായിത്തീർന്നിരിക്കുകയാണ്. അദ്ദേഹം തൻെറ ഋഷിവാടത്തിൽ വളർത്തിയെടുത്ത സ്വതന്ത്രഭാരതം പാശ്ചാത്യനാഗരികതയിൽ അഭിനിവേശംപൂണ്ട ഗാന്ധർവ്വവിവാഹത്തിനുതന്നെ മുതിർന്നിരിക്കുകയാണ്.

ഇപ്പോഠം പോവുകയായ് ശകുന്തളയിതോ–
    ത്തിണ്ടൽപ്പെട്ടുന്നു മനം;
കണ്ഠം ബാഷ്പനിയന്ത്രണാൽ കലുഷിതം;
    മങ്ങുന്നു കൺ ചിന്തയാൽ—
സ്നേഹാലിത്ഥമാകുലൻ ഹ! ഹ! വനേ
    മേവുന്ന ഞാൻപോലുമേ;
ഗേഹസ്ഥർക്കിഴലെത്രയെത്ര, പുതുതാം
    പുത്രീവിയോഗാൽപ്പെടാം!

Digitized by Kerala Sahitya Akademi

# 4

# നമ്മുടെ മുഖം

മുഖം മനസ്സിന്റെ ദർപ്പണമാണെന്നും, കണ്ണ് ആത്മാവിന്റെ ജാലകമാണെന്നും പറയപ്പെടുന്നു. ഇതു ശരിയാണെങ്കിൽ, നമ്മുടെ മനസ്സിനും ആത്മാവിനും അടുത്ത കാലത്തു സാരമായ എന്തോ മാററങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു തീർച്ചയാണ്. എന്തെന്നാൽ പത്തിരുപതുകൊല്ലംമുമ്പു നാഗരവീഥികളിലും നാട്ടിൻപുറങ്ങളിലും ചുററിനടന്നാൽ മനുഷ്യരുടെ മുഖങ്ങൾ നമുക്കു നല്കിയിരുന്ന പ്രതീതിയല്ല ഇന്ന്, അങ്ങിനെ ചെയ്താൽ, അവ നമുക്കു നല്കുന്നത്. അന്നു സൗമ്യതയും ആർദ്രതയും വിനയവുമുള്ള മുഖങ്ങളാണ് അധികവും കണ്ടിരുന്നത്. അവയിൽത്തന്നെ ഒട്ടുമിക്കതിലും ജീവിതക്ലേശത്തിന്റെ കരിനിഴലും ദൃശ്യമായിരുന്നു. ഇന്ന് അതെല്ലാം പാടെ മാറിയിരിക്കുന്നു. സൌമ്യതയും ആർദ്രതയും ഒന്നും കാണ്മാനില്ല. വിനയമെന്നതു മഷിയിട്ടുനോക്കിയാൽപ്പോലും കണ്ടുകിട്ടുകയില്ല. പാരുഷ്യവും രോഷവും ധിക്കാരവുമാണ് പരക്കെ കാണുന്നത്. ഇരുപതുകൊല്ലം മുമ്പു വഴിയെ പോകുന്നവരെല്ലാം മററുള്ളവരെ നോക്കി വണങ്ങിയും ഓച്ഛാനിച്ചുമാണ് നടന്നിരുന്നത് എന്നല്ല പറയുന്നത്. ആരെന്നും ഏതെന്നും എവിടത്തുകാരനെന്നും എന്തിന് എങ്ങോട്ടു പോകുന്നു എന്നും, ഒന്നും, അറിഞ്ഞുകൂടെങ്കിലും എതിരെ വരുന്ന ആളിനെക്കണ്ടാൽ എന്തെന്നില്ലാത്ത ഒരു സമാധാനവും അനുഭാവവും തോന്നിയിരുന്നു. വഴി ചോദിച്ചാൽ പറഞ്ഞുതരുമെന്നും, അറിഞ്ഞുകൂടെങ്കിൽത്തന്നെയും കോപിക്കുകയില്ലെന്നും ഒരു വിശ്വാസം ഉണ്ടായിരുന്നു. ഇന്നത്തെ കഥ അതൊന്നുമല്ല. മുഖം കണ്ടാൽതന്നെ ചോദിക്കാൻ മടിക്കും. അറിയാമെങ്കിലും പറഞ്ഞുതരുകയില്ലെന്നുള്ള ശങ്കയാണ് മനസ്സിലുദിക്കുന്നത്. ''നീയാരെടാ എന്നോടു ചോദിക്കാൻ; നിന്റെ പാട്ടിനു പോ'' എന്നൊരുമട്ടാണ് മുഖത്തു കാണുന്നത്. നമുക്കും ഇങ്ങനെ ഒരാവശ്യം വന്നേക്കും എന്നൊരു വിചാരം ഉള്ളതായി തോന്നുകയില്ല. എല്ലാവരും തൻകാര്യക്കാരായി, തൻകാര്യംമാത്രം നോക്കുന്നവരായി, മററുള്ളവർ ഉണ്ടെന്നുള്ള വിചാരംപോലും ഇല്ലാത്തവരായിത്തീർന്നിരിക്കുന്നു. ബസ്സും തീവണ്ടിയും കാത്തുനില്ക്കുമ്പോൾ യൂക്കാലിപ്റ്റസ്തൈലവും, ചെവിത്തോണ്ടിയും, രണ്ടണയ്ക്കു



Digitized by Kerala Sahitya Akademi

സൂചിയും വില്ക്കാൻ വരുന്നവരുടേയും കഥ ഇതുതന്നെയാണ്. ഉപയോഗിയ്ക്കുന്ന വാചകങ്ങൾ എന്തായാലും, 'വാങ്ങിക്കുന്നോ ഇല്ല യോ' എന്നൊരു ഭാവമാണ് മുഖത്തു സ്ഫുരിയ്ക്കുന്നത്. റിക്ഷാക്കാര ന്റെയും, ബസ്സുകണ്ടക്ടറുടെയും, കടത്തുവള്ളക്കാരന്റെയും, പാല്വ കാരന്റെയും, മുറുക്കാൻകടക്കാരന്റെയും, വിദ്യാർത്ഥിയുടേയും, അദ്ധ്യാപകന്റെയും, രക്ഷാകർത്താവിന്റെയും, ആഫീസറുടേയും, ക്ലാർക്കിന്റെയും, പ്യൂണിന്റെയും, തോട്ടിയുടെയും, ഭിക്ഷക്കാ രന്റെയും എന്നുവേണ്ടാ എല്ലാവരുടേയും മുഖത്തു കാണുന്ന ഭാവം ഇതാണ്. പണ്ടൊക്കെ ചിലരെ കണ്ടാൽ പോലീ സ്സുകാരാണെന്ന് ഉടനെ പറയാമായിരുന്നു. ഇന്നതു സാധ്യമ ല്ല. എന്തെന്നാൽ എല്ലാവരും പോലീസ്സുകാരെപ്പോലെയിരി യ്ക്കുന്നു. പല സന്ദർഭങ്ങളിലും മനുഷ്യരുടെ നോട്ടംപോലും ദുസ്സഹമായിത്തോന്നും. വല്ലവിധവും കടന്നുപോയാൽ മതിയെ ന്നു വിചാരിച്ചുപോകും. ഉണ്ടായതിൽപ്പിന്നെ ഇന്നുവരെ കണ്ടി ട്ടില്ലാത്ത ആളുകൾപോലും തീ ചിതറുന്ന കണ്ണുകൾകൊണ്ടാണ് നമ്മെ നോക്കുന്നതു്. റോബിൻസൺക്രൂസോ കപ്പൽച്ചേതംവന്ന് ഏകാകിയായി കയറിക്കൂടിയ ദ്വീപിലെ കടൽപ്പുറത്ത് ഒരു ദിവ സം കാലത്തു മറ്റൊരു മനുഷ്യന്റെ കാൽച്ചുവടു കണ്ടപ്പോൾ അനു ഭവിച്ച ആനന്ദം എത്രയെന്ന് ആ കഥ വായിച്ചിട്ടുള്ളവർ ഓർമ്മി ക്കുന്നുണ്ടാവും. വിജനതയിൽനിന്നുള്ള മോചനമാണ് അദ്ദേഹം ആ കാലടിപ്പാടു കണ്ടപ്പോൾ അനുഭവിച്ചത്. ഒരു മനുഷ്യനു മറ്റൊരുവൻ എത്രമാത്രം വേണ്ടപ്പെട്ടവനാണെന്നാണ് ആ സംഭ വം തെളിയിയ്ക്കുന്നത്. പക്ഷെ, ഇന്നു, ജനപ്പെരുപ്പമുള്ള ഈ ആധുനികകാലത്തു, പരസ്പരം മുട്ടിമുട്ടിക്കടന്നുപോകുന്ന മനുഷ്യ മഹാസമുദ്രത്തിൽ, ആയിരത്തിൽ ഒരു മുഖംപോലും ഇങ്ങനെയൊ രു ആനന്ദവും സംതൃപ്തിയും പ്രത്യാശയും നല്കുന്നതായിക്കാണ്മാ നില്ല. മററുള്ളവരുടെ അസ്തിത്വംതന്നെ ഒരുപദ്രവമായിട്ടാണ് ഓരോരുത്തരും കരുതുന്നതെന്നു തോന്നിപ്പോകുന്നു.

സ്വാതന്ത്ര്യപ്രാപ്തിയുടെയും, ജനപ്രഭുത്വത്തിന്റെയും, പ്രാ യപൂർത്തിവോട്ടവകാശത്തിന്റെയും മൗലികാവകാശബോധത്തി ന്റെയും ലക്ഷണമാണിതെന്നു വ്യാഖ്യാനിയ്ക്കപ്പെട്ടേക്കാം. നമ്മു ടെ ആളുകൾ തലയുയർത്തിനടക്കാൻ പഠിച്ചു എന്നാണിതെല്ലാം തെളിയിയ്ക്കുന്നതെന്നും വാദിച്ചേയ്ക്കാം. പക്ഷെ ഈ വൻകാര്യ ങ്ങളെല്ലാം നമുക്കു നേടിത്തരുകയും, ഇങ്ങിനെ തലയുയർത്തി നട

Digitized by Kerala Sahitya Akademi

ക്കാൻ നമ്മെ പഠിപ്പിക്കുകയും ചെയ്ത ഗാന്ധിജിയുടെ മുഖം നാം കണ്ടിട്ടുള്ളതാണല്ലോ. അദ്ദേഹത്തെസ്സംബന്ധിച്ചുള്ള മററു പലതും മറന്നെങ്കിലും ആ മുഖത്തിൻെറ സ്മരണ നമ്മുടെ മനസ്സിൽനിന്നു മാഞ്ഞുപോയിരിക്കാനിടയില്ല. ‘‘ഞാൻ ഇന്ത്യൻസ്വാതന്ത്ര്യസമരത്തിലെ സർവ്വസൈന്യാധിപനാണെ’’ന്നു സ്വയം പ്രഖ്യാപിച്ച അദ്ദേഹത്തിൻെറ മുഖം കണ്ടാൽ ഒരു ‘‘ഹേഡങ്ങത്തെ’’യുടെ പ്രതീതിപോലും നമ്മുടെ മനസ്സിൽ ഉദിച്ചിരുന്നില്ല. നേരെമറിച്ചു സൗമ്യതയും മാധുര്യവും, മനുഷ്യത്വം എന്ന പദംകൊണ്ടു വിവക്ഷിക്കപ്പെടുന്ന മഹാമൂല്യങ്ങൾ സമസ്തവുമാണ് അതിൽ തുളുമ്പിനിന്നിരുന്നത്. വഴി ചോദിച്ചാൽ പറഞ്ഞുതരുമെന്നു മാത്രമല്ല, കൂടെ വന്നു വഴി കാണിച്ചുതരുമെന്നുകൂടി, ആ മുഖം കണ്ടാൽ തോന്നിയിരുന്നു. മുഖം മനസ്സിൻെറയും ആത്മാവിൻെറയും മാത്രമല്ല ഈശ്വരചൈതന്യത്തിൻെറയും ദർപ്പണമാണെന്ന് ആ മുഖം തെളിയിച്ചിരുന്നു. വാസ്തവത്തിൽ ഇന്നു നമ്മുടെ മുഖങ്ങളിൽ പരക്കെക്കാണുന്ന ഈ പരുഷഭാവത്തിൻെറ കാരണം സ്വാതന്ത്ര്യബോധമോ, അവകാശസ്ഥൈര്യമോ, ജനപ്രഭുത്വവിശ്വാസമോ ഒന്നുമല്ല. ധീരതയുടെ വേഷമാണ് അതു കാണിക്കുന്നതെങ്കിലും വാസ്തവത്തിൽ അതു ഭീതിയുടെ മൂടുപടമാണ്. അത്യാഗ്രഹങ്ങളും അധർമ്മങ്ങളും സ്വാർത്ഥത്തിൻെറ സമഗ്രദൗഷ്ട്യങ്ങളും തഴച്ചുപടന്ന്, അന്യോന്യം കഴുത്താക്കുവാൻ പ്രേരിപ്പിക്കുന്ന മാത്സര്യജടിലമായ ഇന്നത്തെ സമുദായസ്ഥിതിയുടെ കരാളരൂപം കണ്ടുണ്ടായ ഭീതിയിൽനിന്നാണ് ഈ പരുഷതകൾ ജനിക്കുന്നത്. മനുഷ്യനെ—ഒരുവനെയും—വിശ്വസിച്ചുകൂടെന്നും, കണ്ണു തെററിയാൽ കഴുത്തു പോകുമെന്നുള്ള ഭയമാണ് ഇന്നു സകലരുടെയും മനസ്സിലുള്ളത്. ഹൃദയത്തിനു ചുററും കരിങ്കല്ലുകൊണ്ടുള്ള കോട്ട കെട്ടിക്കൊണ്ടാണ് ഓരോരുത്തരും നടക്കുന്നത്. ആത്മരക്ഷയെക്കരുതി സ്വീകരിച്ചിട്ടുള്ള ഈ ഉപായം ആക്രമണത്തിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നു നാം തെററിദ്ധരിക്കുന്നു.

പുരോഗതിയും പുത്തൻപരിഷ്കാരവും ആഗോളവിശാലമായ സങ്കല്പങ്ങൾക്കും സംവിധാനങ്ങൾക്കും തുനിയുമ്പോൾ, ഏകലോകമെന്നും, ലോകപൌരത്വമെന്നുമുള്ള ആദർശങ്ങൾ പെരുമ്പറ മുഴക്കുമ്പോൾ, ദൈനന്ദിനജീവിതത്തിൻെറ പെരുവഴിയിൽ ഓരോ മനുഷ്യനും ഇങ്ങനെ ഓരോ കൊച്ചുലോകമായിത്തീരുന്നതാണ് നാം കാണുന്നത്. പരാശ്രയമില്ലാതെ, പരോപദ്രവമില്ലാതെ,

Digitized by Kerala Sahitya Akademi

സ്വയം പര്യാപ്തതയിൽ കഴിയുവാനാണ് ഓരോരുത്തരും ശ്രമിക്കുന്നത്. സാധിക്കുമായിരിക്കാം; പക്ഷെ നാം ഓരോരുത്തരും സ്വപ്നം കാണുന്ന ഈ സ്വർഗ്ഗരാജ്യം സമ്പാദിക്കുവാൻ നാം കൊടുക്കേണ്ടിവരുന്ന വിലയെന്തെന്നുകൂടി നാം ആലോചിക്കേണ്ടതാണ്. സമസൃഷ്ടങ്ങളെ വിഗണിച്ചും വെറുത്തും സൌഖ്യം നേടാമെന്നുള്ള വിചാരം വെറും വ്യാമോഹമാണ്. പിറന്നുവീഴുന്നതുമുതൽ പ്രാണൻ പോകുന്നതുവരെയും മററുള്ളവരുടെ സ്നേഹമല്ലാതെ എന്താണ് നമുക്കൊരാശ്രയം? മനസ്സിൻെറ സംതൃപ്തിക്കെന്നപോലെ സമുദായത്തിൻെറ നിലനില്പിനും കാരണഭൂതമായ സ്നേഹത്തിൻെറ പ്രഥമലക്ഷ്യം മുഖമല്ലാതെ മറെറാന്താണ്? താമര സൂര്യൻെറ നേർക്കെന്നപോലെയാണ് ഓരോ മുഖവും മററുള്ളവയുടെനേർക്കു തിരിയുന്നത്. തിരിയുന്നിടത്തെല്ലാം പരുഷതയും കാലുഷ്യവുമാണ് കാണുന്നതെങ്കിൽ ജീവിതംതന്നെ ദുസ്സഹമാകുമെന്നുള്ളതു തീർച്ചയാണ്. ലോകത്തിൻെറ വിശാലതയിൽ, കാലത്തിൻെറ അനന്തതയിൽ, എത്രയോ തുച്ഛമായ ഒരംശത്തിലാണ് ഓരോ മനുഷ്യൻെറയും ജീവിതം നീർപ്പോളപോലെ ഒട്ടിനില്ക്കുന്നത്. അതിനിടയ്ക്ക് ആവുംവിധം സമസൃഷ്ടങ്ങളുടെ സന്തോഷത്തിനു സഹായിക്കണമെന്ന് ഓരോരുത്തരും വിചാരിച്ചാൽമാത്രമേ ഇന്നു പരക്കെ കാണുന്ന ഈ കാളിമ നീങ്ങുകയുള്ളു. അതുകൊണ്ടുമാത്രമേ അന്യഥാ ശൂന്യമായ മനുഷ്യജീവിതത്തിൽ തെല്ലൊരു ധന്യതയെങ്കിലും കലരുകയുള്ളു. സർവ്വഭൂതഹിതേരതന്മാരായി, സമസ്തലോകത്തിൻെറയും സൌഖ്യത്തിനുവേണ്ടി ജീവിച്ച മഹാത്മാക്കൾ നമുക്കു നല്കുന്ന പാഠം ഇതാകുന്നു. മററുള്ളവരാൽ വെറുക്കപ്പെടുക എന്ന അവസ്ഥതന്നെയാണ് നരകം. അതാരും കാമ്യമായി കരുതുമെന്നു തോന്നുന്നില്ല. പക്ഷെ വെറുക്കപ്പെടാതെ ഇരിക്കണമെങ്കിൽ വെറുക്കാതെയുമിരിക്കണം. സ്നേഹംകൊണ്ടുമാത്രമേ സ്നേഹം സമ്പാദിക്കുവാൻ സാധിക്കുകയുള്ളു. മുഖം നോക്കിയാണ് മനുഷ്യൻ ഇതെല്ലാം മനസ്സിലാക്കുന്നത്. നന്മയും തിന്മയും, സ്വർഗ്ഗവും നരകവും, സൌഖ്യവും ദുഃഖവും എല്ലാം അതിൽ പ്രതിബിംബിക്കുന്നു. നമ്മുടെ മുഖം നന്മയുടെ മുഖമാകുവാൻ നാംതന്നെ ശ്രമിക്കേണ്ടിയിരിക്കുന്നു.

Digitized by Kerala Sahitya Akademi

# 5

# "ഹിന്ദുസ്ഥാൻ ഹമാരാ"



*Courtesy Hindustan Times, Delhi.*

**1947** ആഗസ്റ്റ് 15-ാംനു- ദില്ലിയിലെ "ഹിന്ദുസ്ഥാൻ ടൈംസ്" പത്രം പുറപ്പെടുവിച്ച വിശേഷാൽപ്പതിപ്പിൽ ചേർത്തിരുന്ന ഒരു ചിത്രമാണിത്. "ഹിന്ദുസ്ഥാൻ ഹമാരാ' എന്ന രണ്ടു വാക്കുകൾമാത്രമേ അതിന്നു മുകളിൽ എഴുതിയിരുന്നുള്ളു. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തി സംബന്ധിച്ചുണ്ടായ എണ്ണമററ, കലാസൃഷ്ടികളിൽ ഏററവും അർത്ഥവത്തും ആകർഷകവുമായി എനിക്കു തോന്നിയത് ഈ ലഘുചിത്രമാണ്. പ്രത്യാശയുടെ നവോദയമാണ് അതിൽ നാം ദർശിക്കുന്നത്. ലക്ഷക്കണക്കിലുള്ള ഭാരതീയ ഗ്രാമങ്ങളിലെ ഓരോ ഭവനത്തിലും ഇങ്ങനെയൊരു രംഗം, ഭാവനയിലെങ്കിലും, അന്നത്തെ പ്രഭാതത്തിൽ ഉണ്ടായിട്ടുണ്ട്. വെറുതെ ഉത്സാഹം പ്രകടിപ്പിക്കുവാനല്ല അജ്ഞാതനായ ആ ഗ്രാമീണൻ സ്വകുടുംബത്തെയും അതിലുൾപ്പെട്ട കന്നുകാലികളെപ്പോലും സാക്ഷിനിർത്തി വീട്ടുമുററത്തു കൊടികെട്ടുന്നത്. എത്രയോ നൂററാണ്ടുകാലം മൂകനായി താൻ അനുഭവിച്ചുപോന്ന കഷ്ടതകൾ

Digitized by Kerala Sahitya Akademi

ക്ക് അറുതിവന്നെന്നും, തൻെറ കാളരാത്രിയും പുലരിയെ പ്രാപിച്ചുവെന്നും അയാഠം പ്രഖ്യാപനം ചെയ്യുകയാണ്. ഗാന്ധിജിയുടെ വാഗ്ദാനത്തിൻെറ സഫലീകരണത്തെയാണ് അയാഠം പുളകിതഗാത്രനായി ആ ഉഷഃപ്രകാശത്തിൽ സ്വാഗതം ചെയ്യുന്നത്. ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടി രണ്ടു വഷം തികയുന്ന ഈ സന്ദഭത്തിൽ അന്ന് ആ സാധുവിൻെറ കൺകോണിൽ പ്രതിഫലിച്ച പ്രതീക്ഷകഠംക്കും മധുരങ്ങളായ മനോരഥങ്ങഠംക്കും എന്തു സംഭവിച്ചുവെന്നു നാം ആലോചിക്കേണ്ടതാണ്.

ഈ ചിത്രവും അതു ജനിപ്പിക്കുന്ന ചിന്തകളും ഇന്ന് എൻെറ ഹൃദയത്തെ വ്യാകുലമാക്കുന്നു. അജ്ഞാതനായ ആ സഹോദരൻെറ പുളകപ്രസരം മാഞ്ഞുപോയി. അയാളുടെ പ്രതീക്ഷകഠം സഫലീകൃതമായില്ല. ആ കൊടി അയാഠം വീണ്ടും കെട്ടുമെന്ന് എനിക്കു തോന്നുന്നില്ല. കാത്തിരിക്കുവാൻമാത്രം ശീലിച്ച ആ സാധുമനുഷ്യൻെറ ക്ഷമയും അസ്തമിച്ചു. നാം പാടിപ്പുകഴ്ത്തുന്ന സ്വാതന്ത്ര്യത്തിൽ അയാഠംക്കു താല്പര്യമില്ലാതായി. തനിക്കുവേണ്ടിയുള്ളതെന്നു വിശ്വസിച്ചുപോയ ആ നവോദയത്തെക്കുറിച്ച് അയാഠം ആലോചിക്കുന്നുവോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. സാധുവായ ആ ഗ്രാമീണൻ വീണ്ടും വിസ്മൃതനായിപ്പോയി. അയാളുടെ ആത്മമിത്രമായ ഗാന്ധിജിയും പൊയ്പ്പോയി.

സ്വാതന്ത്ര്യത്തിൻെറ ഈ രണ്ടാം ജന്മദിനത്തിൽ "നമ്മുടെ ഹിന്ദുസ്ഥാനം" ഈ നിലയിലാണ് കാണപ്പെടുന്നത്. ഈ പരമാത്ഥം വിസ്മരിക്കുന്നത് ആപല്ക്കരവും അതിൻെറനേക്കു കണ്ണടക്കുന്നത് കാപട്യവുമാകുന്നു. വിദേശങ്ങളിൽ നമുക്കു വില കൂടിയെന്നും, നമ്മുടെ സ്ഥാനപതികഠം സവ്വലോകസമ്മേളനങ്ങളിൽ പൂജിക്കപ്പെടുന്നുവെന്നും, നാം പല മഹാദുർഘടങ്ങളെയും മറികടന്നുവെന്നും ഘോഷിച്ചതുകൊണ്ട് ഇന്നാട്ടിലെ മൂകലക്ഷങ്ങഠംക്കു യാതൊരു സന്തോഷവും ഉണ്ടാകുന്നില്ല. നാളുകഠം കഴിയുന്തോറും അവരുടെ മനസ്സു നിരാശയിൽനിന്നു നീരസത്തിലേക്കും, നീരസത്തിൽനിന്ന് അമഷത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യസമരം തങ്ങളുടെ സമരമാണെന്നുള്ള വിശ്വാസം ഗാന്ധിജി ഇന്ത്യയിലെ ഗ്രാമീണജനങ്ങളിൽ ജനിപ്പിച്ചു. അദ്ദേഹം സാധിച്ച മഹാത്ഭുതം ഇതാണ്. സബർമതിയിലും സേവാഗ്രാമത്തിലും അവരുടെ കൂട്ടത്തിൽ ഏററവും എളിയവനെപ്പോലെ ജീവിച്ചു, സ്വാതന്ത്ര്യദിനത്തിൽപ്പോലും ദില്ലിയിൽ

Digitized by Kerala Sahitya Akademi

നടന്ന കോലാഹലങ്ങളിൽ പങ്കുകൊള്ളാതെ കദനവും കണ്ണുനീരും തേടിത്തേടി നാട്ടുചുററിയ ആ മഹാപുരുഷൻെറ മാതൃകയും മാർഗ്ഗനിർദ്ദേശവും എത്ര പെട്ടെന്നാണ് പഴങ്കഥകളായിത്തീർന്നത്! നമ്മുടെ രാഷ്ട്രീയയത്നവും സമുദായസേവനവും എല്ലാം ഇന്നു തലസ്ഥാനനഗരങ്ങളിൽ തങ്ങിനില്ക്കുകയാണ്. ഗ്രാമങ്ങളുടെ കാര്യം എല്ലാവരും മറന്നിരിക്കുന്നു. അങ്ങോട്ടു ചെല്ലുവാൻ ആക്കും നേരമില്ല. വൻതരം വ്യവസായങ്ങളും വിപുലമായ പരിപാടികളും നടപ്പിലാക്കുന്നതിനുവേണ്ടി നേതാക്കന്മാരെല്ലാം നഗരങ്ങളുടെ പരിധികാംക്കുള്ളിൽക്കിടന്നു വെമ്പൽകൊള്ളുന്നു. ഇന്ത്യക്കാരിൽ നൂററിനു തൊണ്ണൂറുപേരും നഗരങ്ങളിലല്ല, നാട്ടിൻപുറങ്ങളിലാണ് ജീവിക്കുന്നതെന്ന പരമാർത്ഥം പണ്ടൊക്കെ പലരും ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ടായിരുന്നു. ഇന്ന് അതേക്കുറിച്ച് ഒരു ശബ്ദവുമില്ല. സ്വാതന്ത്ര്യം കിട്ടിയപ്പോഴേയ്ക്കു സ്ഥിതിഗതികാം മറിച്ചായി എന്നു സംശയിക്കത്തക്ക മനോഭാവമാണ് പൊതുവെ കാണുന്നത്. വ്യവസായങ്ങളും വിമാനത്തപാലും വിദേശസമ്പർക്കങ്ങളും എല്ലാം അത്യാവശ്യമായ കാര്യങ്ങളാണ്. പക്ഷെ ഇവയെക്കുറിച്ചുള്ള വ്യഗ്രതയിൽ വിഗണിക്കപ്പെടുന്നവരാണ് യഥാർത്ഥത്തിലുള്ള ഇന്ത്യക്കാർ. ''വ്യവസായീകരിക്കുക അല്ലെങ്കിൽ നശിക്കുക'' എന്ന അർത്ഥശാസ്ത്രമഹാമന്ത്രം ഉരുക്കഴിച്ചുകൊണ്ട് സർമോക്ഷഗുണ്ടം വിശേഷജ്ഞന്മാർ നിർദ്ദേശിക്കുന്ന പരിപാടികാം സർവ്വവും നടപ്പാക്കിയാലും മനുഷ്യൻെറ നോട്ടമെത്തുന്ന കാലത്തിനിപ്പുറം ഇന്ത്യ ഒരു കഷ്കരാജ്യമല്ലാതായിത്തീരുമെന്നു തോന്നുന്നില്ല. ഈ മുപ്പതായിരം ലക്ഷം ആത്മാക്കളെയും യന്ത്രശാലകളിലേക്കു പറഞ്ഞയയ്ക്കുവാൻ സാധ്യമല്ല. സാധിച്ചാൽത്തന്നെയും അത് കാമ്യമായ ഒരു ലക്ഷ്യമല്ല.

രാഷ്ട്രത്തിൻെറ പുരോഗതിക്കും ജനസാമാന്യത്തിൻെറ അഭ്യുദയത്തിനും ഉതകുന്ന ഏററവും നല്ല പദ്ധതികാം—നിർദ്ദോഷമായ പരിപാടികാം—ഏതെന്നുള്ളതിനെപ്പററി ഈ ഇരുപതാം നൂററാണ്ടിലും ഏകാഭിപ്രായമില്ല. വ്യവസായവും കൃഷിയും തമ്മിലും, നഗരവും നാട്ടിൻപുറവും തമ്മിലും, സർക്കാരും സാധുജനങ്ങളും തമ്മിലും ദുരാധിരൂഢമായ ഒരു വൈരുദ്ധ്യം ഉള്ളതുപോലെ തോന്നിപ്പോകുന്നു. ഈ ഘടകങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തേണ്ടത് എങ്ങിനെയെന്ന് ആക്കും ശരിയായ രൂപമില്ല. അതുകൊണ്ട് മററു മഹച്ഛക്തികളെ അനുകരിച്ച് ഇപ്പറഞ്ഞ ദ്വന്ദ്വങ്ങളിൽ

Digitized by Kerala Sahitya Akademi

ആദ്യം കാണുന്നവയെമാത്രം പുഷ്ടിപ്പെടുത്തുന്ന പരിപാടികളിലാണ് സ്വാതന്ത്ര്യഭാരതവും വെമ്പലോടെ ഏർപ്പെട്ടിരിക്കുന്നത്. വൻതരം വ്യവസായങ്ങളില്ലെങ്കിൽ രാഷ്ട്രത്തിന്റെ പ്രാമാണ്യം നശിക്കുമെന്നും, പ്രതിരോധശക്തി ക്ഷയിക്കുമെന്നും, സർക്കാരിനു ശക്തിയില്ലെങ്കിൽ ആഭ്യന്തരസമാധാനം ഇല്ലാതാകുമെന്നും പറയപ്പെടുന്നു. ശരിയായിരിക്കാം. പക്ഷെ വ്യവസായങ്ങളെ പോഷിപ്പിച്ച് നഗരങ്ങളിൽ കേന്ദ്രീകൃതമായി ശക്തിയും പ്രാമാണ്യവും പ്രതിരോധവുംമാത്രം ലക്ഷ്യങ്ങളാക്കി നില്ക്കുന്ന ആധുനികരാഷ്ട്രതന്ത്രത്തിൽ കർഷകനും ഗ്രാമീണനും അവഗണിക്കപ്പെട്ടുപോകുന്നു. ഇങ്ങനെ സംഭവിക്കുന്നത് ഇന്ത്യയ്ക്കു തീർച്ചയായും ആപത്താണ്. നമ്മുടെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും ഇക്കൂട്ടരാണ്. അവരുടെ സന്തുഷ്ടിയിൽ ദൃഷ്ടിവെയ്ക്കാത്ത പദ്ധതികൾക്ക ജനകീയമായ സാധൂകരണവും പിൻതുണയും ലഭിക്കുവാൻ സാധ്യമല്ല.

അതിഭയങ്കരമായ ഈ ആപത്തിനെയാണ് ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്നത്. നമ്മുടെ പുനരുദ്ധാരണപരിപാടികളെപ്പററി വിദഗ്ധന്മാരുടെ ഇടയിൽത്തന്നെ അഭിപ്രായവ്യത്യാസമുണ്ട്. പാശ്ചാത്യസമ്പ്രദായങ്ങൾ നമുക്ക പററുമോ എന്നുപോലും പലരും സംശയിക്കുന്നു. വലിയ വലിയ വ്യവസായശാലകൾ സ്ഥാപിക്കുന്നതിനും, വൻതോതിൽ വിദ്യുച്ഛക്തി ജനിപ്പിക്കുന്നതിനും കോടിക്കണക്കിനു പണം ചെലവാക്കേണ്ട പല പദ്ധതികളും ഇതിനകംതന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവയുടെ ഉല്പന്നങ്ങളെയും അന്ത്യഫലങ്ങളെയും ഉപയോഗപ്പെടുത്തേണ്ടത് ആരെന്നും എങ്ങിനെയെന്നും വേണ്ടത്ര ആലോചിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. വിദ്യുച്ഛക്തിയുടെ കാര്യംതന്നെ ആലോചിക്കാം. അതുകൊണ്ടു വിളക്ക കത്തിക്കാം; യന്ത്രം തിരിക്കാം; വ്യവസായശാലകൾ പ്രവർത്തിപ്പിക്കാം. ഇതൊന്നുമില്ലെങ്കിൽ വിദ്യുച്ഛക്തി ഉപയോഗിക്കാൻ സാധിക്കയില്ല. ഇന്ത്യയെസ്സംബന്ധിച്ചിടത്തോളം ശക്തി ജനിപ്പിക്കുന്നതിനേക്കാൾ വലിയ പ്രശ്നം അത് ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങളുടേതാണ്. മുന്നൂറു കോടി രൂപാ ചെലവാക്കി പത്തൊമ്പതു ലക്ഷം കിലോവാട്ട് വൈദ്യുതശക്തി ജനിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഇതിനകംതന്നെ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. ചിലതെല്ലാം ആരംഭിച്ചിട്ടുമുണ്ട്. ഇത്രയും അളവിലുള്ള ശക്തി ഉപയോഗപ്പെടുത്തണമെങ്കിൽ ആയിരത്തി അഞ്ഞൂറുകോടി രൂപ വിലയ്ക്കുള്ള ഉപകരണ

Digitized by Kerala Sahitya Akademi

ങ്ങൾ, വ്യവസായശാലകളായും, യന്ത്രങ്ങളായും, ആവശ്യമുണ്ടെന്നു കണക്കാക്കപ്പെട്ടിരിയ്ക്കുന്നു. ഈ ചെലവ് ആരാണ് ചെയ്യുക? ഗവണ്മെണ്ടിനെക്കൊണ്ട് അതു സാധ്യമല്ല; ആദ്യം പറഞ്ഞ മുന്നൂറു കോടിക്കുതന്നെ മാൎഗ്ഗം കാണാതെ അവർ കഷ്ടണിക്കുകയാണ്. പിന്നെ ആരാണ്? ഇന്ത്യൻജനതയോ? ഈശ്വരോ രക്ഷതു.

ഇതുപോലെയുള്ള ഉത്തരംമുട്ടുന്ന എത്രയോ പ്രശ്നങ്ങൾ ഇന്നത്തെ പരിപാടികളിൽ അന്തൎഭവിച്ചിട്ടുണ്ട്. അനുകരണഭ്രമത്തിൽ, ആധുനികരാഷ്ട്രമാകുവാനുള്ള അക്ഷമയിൽ, സ്വാതന്ത്ര്യത്തിൻെറ ആനന്ദലഹരിയിൽ, അതൊന്നും വ്യക്തമായി ഗ്രഹിച്ചിട്ടില്ലെന്നേയുള്ളു. ചിന്തയെ അന്ധാളിപ്പിയ്ക്കുന്ന ഈ പരമാൎത്ഥങ്ങളിൽ ചെന്നുമുട്ടുമ്പോഴാണ് നാം ഗാന്ധിജിയുടെ ഉപദേശങ്ങളുടെയും പരിപാടികളുടെയും മേന്മ മനസ്സിലാക്കുന്നത്. അദ്ദേഹത്തെ ഒരു അൎത്ഥശാസ്ത്രവിശാരദനായോ, അണക്കെട്ടുവിദഗ്ദ്ധനായോ ആരും സങ്കല്പിയ്ക്കുന്നില്ല. ജലവൈദ്യുതപദ്ധതികളെയും പഞ്ചവത്സരപരിപാടികളെയും കുറിച്ച് അദ്ദേഹം പ്രസംഗിച്ചിട്ടില്ല. അദ്ദേഹം ഉപദേശിച്ച സൃഷ്ടിപരപദ്ധതികൾ ഇതൊന്നുമല്ല; നൂൽനൂൽപ്പും, ഗ്രാമസേവനവും, തോട്ടിവേലയും പ്രാൎത്ഥനായോഗവും മററും മററുമാണ്. ഇതൊക്കെ ഒരു പഴഞ്ചൻെറ പാഴ്‌വേലകളായിട്ടാണ് അഭ്യസ്തവിദ്യരിൽ ഭൂരിപക്ഷവും എണ്ണിപ്പോരുന്നത്. ഒരു വിനോബഭാവെയോ, കുമരപ്പയോമാത്രം ഇന്നും ആ വഴിയ്ക്കു പ്രവൎത്തിയ്ക്കുന്നു. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഈ പരിപാടികൾ പാടെ വിസ്മരിയ്ക്കപ്പെട്ടിരിയ്ക്കുയാണ്. ഇന്നത്തെ രാഷ്ട്രതന്ത്രത്തിൽ അവഗണിയ്ക്കപ്പെട്ടിരിയ്ക്കുന്ന, നാട്ടിൻെറ നാഡിയും നട്ടെല്ലുമായ, ഗ്രാമീണരെയും കൃഷീവലലക്ഷങ്ങളെയും ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് ഗാന്ധിജി ഉപദേശിച്ചത്. അവൎക്ക് അഭയവും ആശ്രയവും സംതൃപ്തിയും നല്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. അവരുടെ അധോഗതിയും അക്ഷമയും ക്രാന്തദൎശിയായ ആ മഹാപുരുഷൻ മനസ്സിലാക്കി. അവയെ നിവാരണംചെയ്തില്ലെങ്കിൽ നമ്മുടെ സ്വാതന്ത്ര്യം നിലനില്ക്കുകയില്ലെന്ന് അദ്ദേഹം ആവൎത്തിച്ചുപറഞ്ഞു. ദേശഭക്തന്മാർ നഗരങ്ങളിലും പരിഷ്കാരകേന്ദ്രങ്ങളിലും തിങ്ങിക്കൂടുന്നതിനെ അദ്ദേഹം വിലക്കി. ഇതെല്ലാം ഇന്ത്യൻഗ്രാമീണൻെറ വിശ്വാസം നഷ്ടപ്പെടാതിരിയ്ക്കുന്നതിനുള്ള രക്ഷാവ്യവസ്ഥകളായിരുന്നു. ഇന്ന് അവയെക്കുറിച്ച് ആൎക്കും ചിന്തയില്ല. ജനകീയനേതാക്കന്മാരും ഭരണാധിപന്മാരും രാഷ്ട്രപി

Digitized by Kerala Sahitya Akademi

താവിൻെറ പേരിൽ അത്യുജ്ജ്വലമായ ആഹ്വാനങ്ങൾ നടത്താറുണ്ട്. ദുഃഖലക്ഷങ്ങൾക്കുവേണ്ടി മുതലക്കണ്ണുനീർ പൊഴിക്കാറുണ്ട്. പക്ഷെ ഗ്രാമങ്ങളിലേയ്ക്കു ചെല്ലുവാൻ ആർക്കും സമയമില്ല. ഗ്രാമീണജനങ്ങൾക്കു തങ്ങൾ കൊതിയോടെ കാത്തിരുന്ന സ്വവർണ്ണകാലം ഇനിയും കൈവന്നിട്ടില്ല. അവരുടെ ആശകൾ അസ്തമിയ്ക്കുന്നു; ഹൃദയം മരവിയ്ക്കുന്നു. അവരെ ആവരണംചെയ്യുന്ന അന്തരീക്ഷത്തിൽ ഗാന്ധിജിയുടെ മന്ദസ്മിതത്താൽമാത്രം അല്പകാലത്തേയ്ക്കു മാററപ്പെട്ട ആ പഴയ കാളിമ പിന്നെയും പരക്കുന്നു.

അനേകായിരം വഷങ്ങളായി ഇന്ത്യയുടെ മുഖത്തു കാണുന്ന ഈ കരുവാളിപ്പ്, വിദേശീയസന്ദർശകരെപ്പോലെ, പരിഷ്ക്കാരികളായ നമ്മെയും വെറുപ്പിയ്ക്കുന്നുണ്ടാവാം. പക്ഷെ നമുക്കുണ്ടെന്നു പറയുന്ന സുദീർഘമായ ചരിത്രത്തിൻെറ തഴമ്പാണതെന്നുള്ള പരമാത്ഥം നാം അറിയേണ്ടതാണ്. ശാപത്തിൽ കഴിയുന്ന, ശാപത്തെയും സഹിച്ചു ജീവിയ്ക്കുന്ന, അജ്ഞാതനായ ഗ്രാമീണനാണ് ഇന്ത്യാചരിത്രത്തിലെ ഏററവും മഹാനായ വ്യക്തി. സാമ്രാജ്യങ്ങൾ ജനിച്ചപ്പോഴും നശിച്ചപ്പോഴും, സേനാനിവഹങ്ങൾ ഇരച്ചുകേറിയപ്പോഴും വിട്ടുപോയപ്പോഴും, നഗരങ്ങൾ ഉയന്നപ്പോഴും തകന്നപ്പോഴും, കടലിലെ പാറമേൽ പററിയിരിയ്ക്കുന്ന ജലജന്തുക്കളെപ്പോലെ, മാതൃഭൂമിയുടെ മൃണ്മയശരീരത്തെമാത്രം ശരണീകരിച്ച് അവൻ ജീവിച്ചു; ഇന്ത്യയുടെ ജീവനെ സംരക്ഷിച്ചു. "നമ്മുടെ ഹിന്ദുസ്ഥാനം" യഥാത്ഥത്തിൽ അവൻേറതാണ്. അവൻ തൻെറ എല്ലും ചോരയും വിയപ്പുതുള്ളികളുംകൊണ്ടു നിമ്മിച്ച എടുപ്പുകളിലാണ് നാം പരിഷ്ക്കാരത്തിൻെറ പരവതാനിയും പട്ടുമെത്തയും വിരിച്ചത്. ഈ മോടിയും ധാടിയുമെല്ലാം ജീർണ്ണിച്ച കാലത്തും ആ എടുപ്പുകൾ നിലനിന്നു. ഇനിയും അങ്ങിനെ സംഭവിച്ചുകൂടെന്നില്ല. അന്നു ആരാണ് തുണച്ചതെന്നും ആരാണ് "പാലം കടന്നപ്പോൾ കൂരായണ" എന്നു പറഞ്ഞത് നഗരങ്ങളുടെനേക്ക് നെടുംകമ്പി നീട്ടിയതെന്നും അവൻ ആലോചിയ്ക്കാതിരിയ്ക്കയില്ല. ഇന്ത്യയിലെ ഗ്രാമങ്ങൾ കോൺഗ്രസ്സിൻെറ കാൽപ്പെരുമാററം കേട്ട കാലം മറന്നു. അങ്ങിനെയിരിയ്ക്കെ, തീണ്ടാപ്പാടു ദൂരെ നിന്നുകൊണ്ടുള്ള ഇന്നത്തെ ധമ്മോപദേശംകൊണ്ടു യാതൊരു ഫലവുമില്ല. ഇന്ത്യയിലെ ഗ്രാമീണൻ, അജ്ഞാതനാണെങ്കിലും, ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയുന്ന കാര്യത്തിൽ അജ്ഞനാണെന്ന് ആരും കരുതേണ്ട. ദൈവനിശ്ചയമെന്നും കമ്മഫലമെന്നും സമാധാനിച്ച് എത്രയോ നൂററാ

Digitized by Kerala Sahitya Akademi

ണ്ടുകാലം അവൻ എന്തു കഷ്ടപ്പാടും സഹിയ്ക്കുകയുണ്ടായി. ഈ അടിമത്തത്തിൽനിന്നു ഗാന്ധിജി അവനെ മോചിപ്പിച്ചു. പൌരുഷത്തോടെ നിവൎന്നു നില്ക്കുന്നതിനും, തൻെറ അവകാശങ്ങൾ ആവശ്യപ്പെടുന്നതിനും ആ മഹാപുരുഷൻ അവനെ പഠിപ്പിച്ചു. ഇനിയും അവൻ പഴയപോലെ എന്തും സഹിയ്ക്കുമെന്നും, അവഗണിയ്ക്കപ്പെട്ടാലും ആപത്തില്ലെന്നും ധരിയ്ക്കരുത്. ധൎമ്മസമരത്തിനുവേണ്ടി അദ്ദേഹം നല്കിയ ആഹ്വാനംതന്നെയാണ്, ഇന്നു മററുചിലർ വേറൊരു ആദൎശസംഹിതയെ ആധാരമാക്കി അവനു നല്കിക്കൊണ്ടിരിയ്ക്കുന്നത്. ഈ പുതിയ ആദൎശം നമുക്ക് അരോചകമാണെങ്കിൽ, അതിനെതിരായി ദൂരെനിന്നു പ്രസംഗിച്ചാൽ പോരാ. ഗ്രാമീണഭാരതത്തിൻെറ മ്ലാനമായ പ്രശാന്തതയെ ഭഞ്ജിച്ചുതുടങ്ങിയിരിയ്ക്കുന്ന പുതിയ സംഭവങ്ങൾ കണ്ട്, അവയുടെ അൎത്ഥം പകുതി ഗ്രഹിച്ചും പകുതി ഗ്രഹിയ്ക്കാതെയും, പലതും ചിന്തിച്ചും നില്ക്കുന്ന സാധു കൃഷീവലൻെറ അടുക്കലേയ്ക്കു ചെല്ലുക. അവൻെറ തോളിൽ കൈവെച്ചു ഗാന്ധിജി നമുക്കു നേടിത്തന്ന ആ പഴയ പരിചയം പുതുക്കുക. ആ ദരിദ്രനാരായണൻെറ മിക്കതും മാഞ്ഞുപോയ സ്നേഹവും വിശ്വാസവും വീണ്ടും നേടുക. ഇന്നത്തെ വ്യവസ്ഥിതിയിൽ തനിയ്ക്കു സ്ഥാനമില്ലെന്നുള്ള അവൻെറ ബോധത്തെ ഉറച്ചുപോകുംമുമ്പ് അകററുക. അവൻ എടുത്തുചാട്ടക്കാരനല്ല. ചരിത്രത്തിൻെറ പെരുവഴിയിൽ നാത്തിൽ പലരും ഭീതിയോടെ വീക്ഷിയ്ക്കുന്ന ഒരു തിരിവിൻെറ അരികിലാണ് അവൻ നില്ക്കുന്നത്. വളരെ വളരെ ആലോചിച്ചതിന്നുശേഷമേ അവൻ ആ തിരിഞ്ഞ വഴി—എന്നല്ല, ഏതു വഴിയും—സ്വീകരിക്കുകയുള്ളു. പക്ഷെ സ്വീകരിച്ചുകഴിഞ്ഞാൽ മററു വഴിയ്ക്കു കൊണ്ടുപോകാനും സാധ്യമല്ല. പ്രപഞ്ചയാത്രയിൽ താൻ എന്നും ഏകാകിയാണെന്ന് എത്രയോ തലമുറകളായി അനുഭവിച്ചറിഞ്ഞിട്ടുള്ള ധീരനായ ഈ ഗ്രാമീണനെ കണ്ണുരുട്ടിയും വെകിളിപിടിപ്പിച്ചും പിൻതിരിപ്പിയ്ക്കാമെന്ന് ആരും മോഹിക്കേണ്ട. യഥാൎത്ഥമായ സ്നേഹവും സമഭാവനയും, ദീർഘമായ സഹവാസവുംകൊണ്ടുമാത്രമേ അവൻെറ ഹൃദയം കരസ്ഥമാക്കുവാൻ നമുക്കു സാധിയ്ക്കുയുള്ളൂ. കാട്ടുപൊയ്കയിലെ കുമുദങ്ങളെപ്പോലെ, കാലത്തിൻെറ കൊല്ലുംശക്തിയെ അതിജീവിച്ചു, വേവിലും വൎഷത്തിലും എന്നും മൂകമായി മുകളിൽ ത്തന്നെ നില്ക്കുന്ന ഈ ഗ്രാമീണഹൃദയത്തിലാണ് ഭാരതത്തിൻെറ ഭൂതമെന്നപോലെ ഭാവിയും സ്ഥിതിചെയ്യുന്നത്.

Digitized by Kerala Sahitya Akademi

# 6

# വ്യവസായദുഷ്പ്രഭുത്വം

**ആഗസ്റ്റ് 15, 1948.**

**സാ**മ്രാജ്യവാദികളുടെ രാഷ്ട്രീയ ദുഷ്പ്രഭുത്വത്തെപ്പററി ഭാരതീയരായ നമുക്കു നല്ല പരിചയമുണ്ടു്. കുറഞ്ഞതു ഒരു ആയിരം വർഷമെങ്കിലും നാം അതിൻെറ ദോഷങ്ങൾ അനുഭവിച്ചവരാണു്. ദൈവാനുഗ്രഹത്താലും 'വാടാക്കരൾകൊണ്ടു' നമ്മുടെ സംസ്കാരത്തിൻെറ ചിരാർജ്ജിതമായ ശക്തിവിശേഷംകൊണ്ടും, നാം അതിൻെറ യാതനകളെ തരണംചെയ്തു. ആ കാളരാത്രിക്കും ഒരു പുലരിയുണ്ടായി. ഇന്നും ഒരു രാഷ്ട്രീയാദർശമായി സാമ്രാജ്യവാദത്തെ പുലർത്തുന്നവരുണ്ടു്. പക്ഷെ അവർ അതിശീഘ്രം ക്ഷയിച്ചുവരുന്ന ഒരു വർഗ്ഗമാണു്. എന്നാൽ ഇത്രത്തോളം പ്രത്യക്ഷമല്ലാത്തതും സാമാന്യജനങ്ങൾക്കു യാതൊരു പരിചയവുമില്ലാത്തതും, ഇതിനേക്കാൾ കർക്കശവുമായ മറെറാരുതരം സാമ്രാജ്യവാദമുണ്ടു്. ഇതു വൻതരം വ്യവസായങ്ങളുടേതാണു്. ഇരുപതാംനൂററാണ്ടിലാണു് അതിൻെറ ആരംഭം. 1914-ലെയും 1939-ലെയും മഹായുദ്ധങ്ങൾ രണ്ടും വ്യവസായപരമായ ഈ സാമ്രാജ്യദുഷ്പ്രഭുത്വത്തിൻെറ ഫലങ്ങളാണെന്നു വ്യാഖ്യാനിക്കുന്നവരുണ്ടു്. അവരുടെ അഭിപ്രായത്തിൽ വളരെ പരമാർത്ഥമുണ്ടെന്നും സമ്മതിക്കാതെ തരമില്ല. വൻപിച്ച തോതിലുള്ള സാധനനിർമ്മാണത്തിൻെറ സാധ്യത വർദ്ധിക്കുമ്പോഴാണു് വ്യവസായസാമ്രാജ്യങ്ങളുണ്ടാകുന്നതു്. ആധുനികജീവിതത്തിനു് അത്യന്താപേക്ഷിതമായ സാധനങ്ങളാണു് ഈ സാമ്രാജ്യങ്ങൾക്കു് ഉടയവരായ ദുഷ്പ്രഭുക്കൾ കൈകാര്യംചെയ്യുന്നതു്. ആദ്യം അതു് ഏതെങ്കിലും ഒരു കൂട്ടരുടെ കുത്തകയായിത്തുടങ്ങുന്നു. വലിയവൻ ചെറിയവനെ വിഴുങ്ങും എന്ന ന്യായമനുസരിച്ചു് കുത്തകക്കു മോഹിക്കുന്നവൻ ചെറുതരക്കാരായ എതിരാളികളെ ലോകത്തിലെ കമ്പോളങ്ങളിൽനിന്നു നിർമ്മാർജ്ജനംചെയ്യുന്നു. ഈ വിഴുങ്ങൽ പല വിധത്തിൽ സംഭവിക്കും. ചെറുതരക്കാരനെ വിലക്കു വാങ്ങി സംഹരിക്കുന്നതു് സാധാരണമാണു്. അതിനു സമ്മതിക്കാത്തപ്പോൾ അവനോടു് മത്സരിച്ചു നശിപ്പിക്കാറുമുണ്ടു്. അവനുണ്ടാക്കുന്നതരം സാധനങ്ങൾ തന്നെ വളരെ

Digitized by Kerala Sahitya Akademi

വില കുറച്ചു വിററും, ചിലപ്പോഠം വിലയില്ലാതെതന്നെ വിററും അവനു് ജീവിയ്ക്കാൻ നിവൃത്തിയില്ലാതാക്കും. വൻതരം വ്യവസായിക്കു് ഇതും ഇതിലപ്പുറവും സാധ്യമാണു്. മററു ചിലപ്പോഠം നിർമ്മാണത്തിനു വേണ്ട അസംസ്കൃത സാധനങ്ങഠം നിരോധിച്ചും ഇക്കാര്യം സാധിയ്ക്കുന്നതായി കാണാം.

ഇതുകൊണ്ടൊന്നും വഴങ്ങാത്ത എതിരാളിയെ നേരിടുമ്പോഴാണു് വിചിത്രമായ പരിവർത്തനങ്ങഠം ഉണ്ടാകുന്നതു്. ഒരു നാഴിയിൽ മറെറാരു നാഴി ഒതുങ്ങുകയില്ലെന്നു് ഇരുകൂട്ടരും മനസ്സിലാക്കുന്നു. രണ്ടു പേരും തങ്ങളുടെ ഉല്പന്നങ്ങഠംക്കു് ലോകമൊട്ടാകെ കുത്തകയ്ക്കു മോഹിയ്ക്കുന്നവരും എതിരാളിയില്ലെങ്കിൽ അതു നേടുവാൻ കഴിവുള്ളവരുമാണു്. ഈ നിലയിലെത്തിയാൽ ഈ സ്ഥാപനങ്ങളുടെ മേധാവികഠം പരസ്പരം ഒരു ഒത്തുതീർപ്പിലെത്തുന്നു. മൂകളിലത്തെ അററത്താണു് ഈ രഹസ്യധാരണകഠം ഉണ്ടാകുന്നതു്. ഒന്നുകിൽ അവർ ഇരുകൂട്ടരും യോജിച്ചു് ഒരൊററ സ്ഥാപനമാകും. അല്ലെങ്കിൽ രണ്ടു പേരുടെയും ലാഭം ഒന്നിച്ചെടുത്തു വീതിയ്ക്കാമെന്നു് സമ്മതിയ്ക്കുന്നു. അതുമല്ലെങ്കിൽ ഭൂഖണ്ഡത്തെ കമ്പോളങ്ങഠം പങ്കിട്ടെടുത്തു് "കളിയും ചിരിയും ഒന്നിച്ചു്; കഞ്ഞികുടി പ്രത്യേകം പ്രത്യേകം" എന്ന രീതിയിൽ പരസ്പരം മത്സരിയ്ക്കുകയില്ലെന്നു നിശ്ചയിയ്ക്കുന്നു. എന്തായാലും, മൂന്നാമതൊരുത്തൻ കൂടി ഉയർന്നുവരാൻ സമ്മതിയ്ക്കരുതെന്നുള്ളതാണു് ഈ രഹസ്യസന്ധികളുടെ പരമലക്ഷ്യം. വ്യവസായത്തിൽ ഏർപ്പെട്ടിരിയ്ക്കുന്ന വിദഗ്ദ്ധന്മാരോ, വില്പനയ്ക്കു വേണ്ടി ലോകം ചുററുന്ന ഏജൻറൻമാരോ, പ്രചരണത്തിനും പരസ്യത്തിനും ചുമതലപ്പെട്ടവരോ ആരും ഇക്കാര്യം അറിയുകയില്ല. കമ്പോളത്തിൽ വാശികൊണ്ടു് പരസ്പരം കടിച്ചുകീറുന്ന പല വ്യവസായസ്ഥാപനങ്ങളും അവയുടെ ഉന്നതമണ്ഡലങ്ങളിൽ അത്യഗാധമായ പരസ്പരധാരണയിൽ വർത്തിയ്ക്കുന്നവയും ഒരേ താല്പര്യത്തെ മുൻനിർത്തി പ്രവർത്തിയ്ക്കുന്നവയുമാണു്. ഈ സമ്പ്രദായത്തിനു് 'കാർട്ടൽ' എന്നാണു് പേർ പറയുന്നതു്. ഇങ്ങനെ ഒരു സംഗതി നിലവിലുണ്ടെന്നല്ലാതെ അതിൻെറ ഉള്ളുകള്ളികളൊന്നും മററാർക്കും അറിവില്ല. ഇതിലേർപ്പെടുന്ന വ്യവസായ സ്ഥാപനങ്ങഠം അതിഭീമമായ സമ്പത്തുള്ളവയാണു്. നാലോ അഞ്ചോ പത്തോ കോടി മുതൽമുടക്കുള്ള ഒരു വ്യവസായസ്ഥാപനം വൻകിടയിൽപെട്ടതെന്നു നാം പറയാറുണ്ടു്. എന്നാൽ കാർട്ടൽവിദ്യയിലേർപ്പെട്ടിരിയ്ക്കുന്ന പല സ്ഥാപനങ്ങളും

Digitized by Kerala Sahitya Akademi

ഇതിനെക്കാൾ നൂറോ ആയിരമോ ഇരട്ടി വലിപ്പമുള്ളവയാണ്. പെട്രോൾ ഉൾപ്പെടേയുള്ള മണ്ണെണ്ണകൾ, രസതന്ത്രപദാർത്ഥങ്ങൾ, കൃത്രിമനൂലുകൾ, ഔഷധങ്ങൾ, യുദ്ധോപകരണങ്ങൾ എന്നിങ്ങിനെ പലതും കാട്ടൽവ്യവസ്ഥയിൽ ഉൾപ്പെട്ട സാധനങ്ങളാണ്. ആദ്യത്തെ രണ്ടെണ്ണത്തിൻെറ കാര്യത്തിൽ ഈ ദുർമ്മോഹവും ദുഷ്പ്രഭുത്വവും പരമകാഷ്ഠയിലെത്തിയിരിക്കുന്നതായി വെളിപ്പെട്ടിട്ടുണ്ട്. ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും വ്യവസായസ്ഥാപനങ്ങൾക്കാണ് ഇവയുടെ കുത്തക. അവരെ ആശ്രയിക്കാതെ, അവരുടെ അടിമത്വം സ്വീകരിക്കാതെ, ആർക്കും ഈ സാധനങ്ങൾ ഉപയോഗിക്കാനോ കൈകാര്യംചെയ്യാനോ സാധ്യമല്ല. കമ്പോളത്തിൽ പല പേരുകളിലും പലരുടെ പേരുകളിലുമാണ് ഇവരുടെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള സാധനങ്ങൾ വ്യാപരിക്കുന്നത്. രസതന്ത്രപദാർത്ഥങ്ങൾ എന്ന വകുപ്പിൽ ഉൾപ്പെടാത്തതായി ഈ ലോകത്തിൽ എന്തെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. കാരംതൊട്ടു കർപ്പൂരംവരെ, സോപ്പുമുതൽ കടലാസ്സുവരെ സകലതിലും രസതന്ത്രമുണ്ട്. അതിപ്രധാനമായ ചില രാസികവസ്തുക്കളില്ലാതെ ഇവയുടെ നിർമ്മാണം സാധ്യമല്ല. മർമ്മസ്ഥാനീയങ്ങളായ ഈ പദാർത്ഥങ്ങളിലാണ് ആംഗ്ലോ അമേരിക്കൻ കാട്ടലിൻെറ അയവും മയവുമില്ലാത്ത പിടി വീണിരിക്കുന്നത്.

കഴിഞ്ഞ കുറെ കൊല്ലങ്ങൾക്കുള്ളിൽ ഇന്ത്യയിൽ സോപ്പുവ്യവസായം വളരെ അഭിവൃദ്ധിപ്പെട്ടു എന്നും, ഇന്ത്യൻസോപ്പുകൾ വിദേശസോപ്പുകളെ നമ്മുടെ കമ്പോളങ്ങളിൽനിന്നു തോല്പിച്ചോടിച്ചു എന്നും സാമാന്യജനങ്ങൾ വിശ്വസിച്ചുപോരുന്നു. എന്നാൽ വാസ്തവത്തിൽ സംഭവിച്ചത് ഇതൊന്നുമല്ല. സോപ്പുനിർമ്മാണത്തിൻെറ മുന്നണിയിൽ നില്ക്കുന്ന ഇന്ത്യയിലെ ചില വ്യവസായസ്ഥാപനങ്ങൾ, സോപ്പുണ്ടാക്കുന്നതിനുവേണ്ട ആൽക്കലി മേല്പറഞ്ഞ കാട്ടലുകളിൽനിന്നാണ് വാങ്ങുന്നത്. അവരിൽനിന്നുമാത്രമെ അതു കിട്ടുകയുള്ളൂ. അവരാണ് നാം തോല്പിച്ചോടിച്ചതായി സങ്കല്പിക്കുന്ന സോപ്പുകളുടെ നിർമ്മാണം നിർവ്വഹിച്ചുകൊണ്ടിരുന്നത്. സോപ്പു വിററുണ്ടാക്കുന്ന പണം ആൽക്കലി വിററുണ്ടാക്കിക്കൊള്ളാമെന്നു സമ്മതിക്കുകയെ അവർ ചെയ്തുള്ളൂ. ഈ സമ്മതത്തിൻെറ സാമ്പത്തികവശം രഹസ്യമായിരിക്കുന്നു. ഇതാണുണ്ടായത്. അല്ലാതെ ആരും തോറേറാടിയില്ല. ഇന്നും നാളെയുമൊന്നും തോറേറാട്ടുകയുമില്ല.

Digitized by Kerala Sahitya Akademi

ഇറക്കമതിയും കയററുമതിയും നിയന്ത്രിച്ച ഗവമ്മെണ്ടുകൾക്ക് ഈ കുടിലതന്ത്രങ്ങളെ നേരിടരുതോ എന്നു ചോദിച്ചേയ്ക്കാം. ശരിയാണ്; അതു സാധിയ്ക്കും. പക്ഷെ കാർട്ടലിനെ നിരോധിച്ചു എന്ന സമാധാനംമാത്രമെ ബാക്കിയുണ്ടാവുകയുള്ളു. അത്യന്താപേക്ഷിതമായ സാധനങ്ങളൊന്നും ജനങ്ങൾക്കു കിട്ടുകയില്ല. വെള്ളത്തോടൊപ്പം കുഞ്ഞിനെയും കളഞ്ഞാലുള്ള അനുഭവമായിരിയ്ക്കും ഫലം. പിച്ചവെച്ചുതുടങ്ങുന്ന നാടൻവ്യവസായങ്ങൾക്കു അപമൃത്യു വരാതിരിയ്ക്കണമെങ്കിൽ വളരെക്കാലത്തേയ്ക്കു കാർട്ടലുകളുടെ സഹായം—എന്നുതന്നെ പറയേണ്ടിയിരിയ്ക്കുന്നു—കൂടിയേ കഴിയൂ. വേറൊരു പോംവഴിയുണ്ട്. വിദേശികൾ ഉണ്ടാക്കിക്കൊണ്ടുവരുന്നതായാലും ശരി, അവരെ ആശ്രയിച്ചു ഇവിടെത്തന്നെ ഉണ്ടാക്കുന്നതായാലും ശരി, ഈ സാധനങ്ങളൊന്നും വേണ്ടെന്നും വാങ്ങുകയില്ലെന്നും ഉപഭോക്താക്കളായ ജനങ്ങൾ നിശ്ചയിയ്ക്കണം. സോപ്പും കടലാസ്സും സോഡാക്കാരവും ഒന്നുമില്ലാതെയും മനുഷ്യനു ജീവിയ്ക്കാം. ഇവയെ നിർമ്മിയ്ക്കുന്ന വ്യവസായങ്ങളൊന്നും ഇല്ലാത്ത രാജ്യങ്ങളുണ്ട്. പക്ഷെ അങ്ങിനെയുള്ള ജനങ്ങൾ അപരിഷ്കൃതരായും, അത്തരം രാഷ്ട്രങ്ങൾ ബലഹീനങ്ങളായും എണ്ണപ്പെടും. ഇതിൽ ആദ്യത്തെ ആരോപണം സഹിക്കാവുന്നതാണ്. പക്ഷേ രണ്ടാമത്തേതിൽ ആപത്തിന്നുള്ള പഴുതുണ്ട്. വ്യവസായങ്ങളില്ലാത്ത രാഷ്ട്രങ്ങൾ, വ്യവസായങ്ങളുള്ള രാഷ്ട്രങ്ങളാൽ വിഴുങ്ങപ്പെട്ടുമെന്നുള്ളതു ചരിത്രത്തിലെ ഒരു പരമാർത്ഥമാണ്. അവസ്ഥ് ഒരിയ്ക്കലും സൈ്വരജീവിതം സാദ്ധ്യമല്ലാതെവരും. ഇങ്ങിനെ ഏതു വഴിയ്ക്കു നോക്കിയാലും ഇന്നത്തെ ലോകത്തിൽ കാർട്ടലുകാരനു സ്ഥാനമുണ്ട്.

ആംഗ്ലോ അമേരിക്കൻ കാർട്ടലുകൾക്ക് ഇന്നുള്ള സ്വാധീനശക്തി അപ്രമേയമാണ്. 1930-നും 1939-നും ഇടയ്ക്കു ജമ്മനിയും ജപ്പാനും അവരെ വെല്ലുവിളിയ്ക്കുകയുണ്ടായി. കാർട്ടലിൻെറ കൌടില്യങ്ങളെ എതിർത്തുകൊണ്ടാണ് അവർ തങ്ങളുടെ വാണിജ്യം പുഷ്ടിപ്പെടുത്തിയത്. ജമ്മനിയുടെ കാര്യത്തിൽ ഇതു പ്രത്യക്ഷമായി കാണാമായിരുന്നു. എണ്ണഖനികൾ മുഴുവനും കാർട്ടലിൻെറ കൈവശം ആയിരുന്നതുകൊണ്ടു അതുവഴി അവർ ഞെരുക്കാതിരിയ്ക്കുന്നതിന്നുവേണ്ടി, ജമ്മൻകാർ സ്വരാജ്യത്തു ധാരാളമുള്ള കല്ക്കരിയിൽനിന്നു എണ്ണയുണ്ടാക്കി. രസതന്ത്രവസ്തുക്കളുടെ കാര്യത്തിൽ അവർ ലോകത്തിലെ കമ്പോളങ്ങളിൽ, ആംഗ്ലോ അമേരിക്കൻ

Digitized by Kerala Sahitya Akademi

കാർട്ടലിനോട്ട കേറിച്ചെന്നു മത്സരിച്ചു. അവരെയും ജപ്പാൻകാരെയും അകററിനിർത്താൻവേണ്ടി കക്കശമായ താരിപ്പുകളും മററും പല ദിക്കിലും ഏർപ്പെടുത്തിയെങ്കിലും അവർ തോററില്ല. ഐ. ജി. ഫാർബൻ ഇൻഡസ്ട്രി എന്ന ജർമ്മൻ വ്യവസായസ്ഥാപനം ഇംഗ്ലണ്ടിലെയും അമേരിക്കയിലേയും കാർട്ടലുകാരെ എന്തെന്നില്ലാതെ വിഷമിപ്പിച്ചു. ഒടുവിൽ, നിവൃത്തിയില്ലാതെ, കാർട്ടൽമേധാവികളിൽ ചിലർ, തങ്ങളുടെ ഗവമ്മേണ്ടുകാംപോലും അറിയാതെ, ജർമ്മൻ വ്യവസായികളുമായി രഹസ്യക്കരാറുകളിൽ ഏർപ്പെട്ടുകകൂടി ചെയ്തുവെന്നു പറയപ്പെടുന്നു. അതുകൊണ്ടും രക്ഷയില്ലെന്നുകണ്ടപ്പോഴാണ് യുദ്ധത്തിനുതന്നെ ഇറങ്ങിയതു. ഹിററ്ലറുടെ ഭീഷണികേട്ടു ഇംഗ്ലണ്ടിലെ ചേംബർലെയിൻഗവമ്മേണ്ടു നടത്തിയ പ്രീണനയത്നങ്ങൾക്കു പിന്നിൽ വാണിജ്യപരമായ എന്തെല്ലാം ഉപജാപങ്ങൾ ഉണ്ടായിരുന്നെന്ന് ആരറിഞ്ഞു! ഏതായാലും യുദ്ധത്തിൻെറ അവസാനദശയിൽ ഉണ്ടായ ഒരു കാര്യം ശ്രദ്ധേയമാണ്. ജനറൽ ഐസൻഹവറുടെ മുന്നണിസേനകൾ ജർമ്മനിയിൽ പ്രവേശിച്ചപ്പോൾ അവരുടെകൂടെ, ബ്രിട്ടീഷ്പാർലിമെണ്ടിൻെറയും അമേരിക്കൻ സെനററിൻെറയും നിയോഗപ്രകാരം അയയ്ക്കപ്പെട്ടിരുന്നവരും, രസതന്ത്രവ്യവസായത്തിൽ പ്രത്യേക വൈദഗ്ദ്ധ്യം നേടിയവരുമായ ഒരു വലിയ സംഘം ആളുകൾ ഉണ്ടായിരുന്നു. ഐക്യകക്ഷികളുടെ വിമാനാക്രമണത്താൽ 'ക്രൂപ്പ്' എന്ന ജർമ്മൻ ഉരുക്കുവ്യവസായസ്ഥാപനം നാമാവശേഷമായെങ്കിലും (എത്രയോ ചതുരശ്രമൈൽ വിസ്താരത്തിൽക്കിടക്കുന്ന അതിൻെറ അവശിഷ്ടങ്ങൾ വാരിനീക്കുവാൻ ഇരുപതു കൊല്ലം വേണ്ടിവരുമെന്നു പറയപ്പെടുന്നു), ഫാർബൻ രസതന്ത്രശാലകൾ കേടുകൂടാതെ ശേഷിച്ചതു വെറുമൊരു യാദൃച്ഛികമായിരുന്നെന്നു വിശ്വസിയ്ക്കാൻ സാധിയ്ക്കുന്നില്ല. ഇക്കൂട്ടത്തിൽ ഒരു വ്യവസായശാലയിലാണ് 1948-ൽ ഭൂകമ്പംപോലെയുള്ള ഒരു പൊട്ടിത്തെറിക്കൽ ഉണ്ടായതു്. യുദ്ധം തീൎന്നു വെറും മൂന്നു കൊല്ലംകൊണ്ടു ജർമ്മൻ രസതന്ത്രവ്യവസായം ഇത്ര വലിയ അത്യാഹിതം ഉണ്ടാകത്തക്കതോതിൽ പ്രവർത്തനം നടത്തികൊണ്ടിരിയ്ക്കുന്നു എന്നതു ശ്രദ്ധേയമാണ്. പ്രസ്തുത സ്ഥാപനങ്ങൾ ആംഗ്ലോ-അമേരിക്കൻ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്നും പ്രത്യേകം ഓർമ്മിയ്ക്കേണ്ടിയിരിയ്ക്കുന്നു.

സാമ്പത്തികശക്തികൊണ്ടും അന്യരാജ്യക്കാരുടെ മേൽ രാഷ്ട്രീ

Digitized by Kerala Sahitya Akademi

യമായ സ്വാധീനശക്തിയും സമ്പത്തും പ്രയോഗിക്കുന്നതിനു വേണ്ടിയും, കാർട്ടലിൻെറ കിങ്കരന്മാർ എപ്പോഴും തങ്ങളുടെ രാജ്യത്തെ ഗവമ്മേണ്ടിൽ അതിപ്രധാനമായ സ്ഥാനങ്ങൾ കരസ്ഥമാക്കാറുണ്ട്. പ്രസ്തുത ഗവമ്മേണ്ടുകളുടെ നയങ്ങളും നടപടികളും സൂക്ഷ്മമായ അപഗ്രഥനത്തിൽ കാർട്ടൽതാൽപര്യങ്ങളെ സംരക്ഷിക്കുന്നതിനും പുരോഗമിപ്പിക്കുന്നതിനും വേണ്ടിയുള്ളവയാണെന്നു കാണാം. ജനാധിപത്യഭരണങ്ങളും പ്രാതിനിധ്യസമ്പ്രദായങ്ങളും അവക്കിങ്ങിനെ ഗവമ്മേണ്ടിൽ കടന്നുകൂടുവാൻ സൌകര്യം കൊടുക്കുന്നു. ഭരണകൂടം മാത്രമല്ല പൊതുജനാഭിപ്രായവും പൊതുജനംതന്നെയും അവരുടെ ചൊൽപടിയിൽ വരുവാൻ വഴിയുണ്ട്. വത്തമാനപ്പത്രങ്ങളാണ് ഇതിനു സൌകര്യം ഉണ്ടാക്കിയിരിക്കുന്നത്. പത്രങ്ങൾ പരസ്യംകിട്ടുന്നതുകൊണ്ടാണ് പുലരുന്നത്. പരസ്യം കൊടുക്കുന്നതു വ്യവസായികളാണ്. അവർ കൊടുന്ന താളത്തിന്നു പത്രങ്ങൾ തുള്ളകതന്നെ വേണം. പത്രം തന്നെയാണ് ഇന്നത്തെ പൊതുജനം. പൊതുജനനാവുകളെന്നും മററും പറയുന്നത് ഭംഗിവാക്കാണ്. ഇംഗ്ലണ്ടിലും അമേരിക്കയിലും ഉള്ള വലിയ പത്രങ്ങളെല്ലാംതന്നെ കാർട്ടലുകൾക്ക നിവൃത്തിയില്ലാത്തവിധം പരാധീനങ്ങളായിട്ടുണ്ട്. ഒട്ടുവളരെയെണ്ണം അവയുടെ ഉടമസ്ഥതയിലുള്ളവകൂടിയാണ്. വൻതരം വ്യവസായങ്ങൾ പത്രങ്ങളെ ആദ്യം പാട്ടിലാക്കുകയും പിന്നെ സ്വന്തമാക്കുകയും ചെയ്യുന്ന ഈ സമ്പ്രദായം ഇന്നു ലോകമൊട്ടുക്ക നടപ്പിലായിട്ടുണ്ട്. ഇന്ത്യയിലും ഇതു വന്നുകഴിഞ്ഞു.

ഇന്ത്യ രാഷ്ട്രീയമായ സ്വാതന്ത്ര്യം കരസ്ഥമാക്കിയെങ്കിലും അവളുടെ വ്യവസായങ്ങളെല്ലാംതന്നെ ഇന്നും ഈ കാർട്ടലുകളുടെ പിടിയിൽ കിടക്കുകയാണ്. തരം കിട്ടിയാൽ ഇന്ത്യൻവ്യവസായങ്ങളെ മുഴുവൻതന്നേയും വിലയ്ക്കു വാങ്ങാൻ ഈ ഭീകരസംഘങ്ങൾക്ക കഴിവുണ്ട്. ജമ്മനിയും ജപ്പാനും പോയതോടെ റഷ്യ ഒഴികെയുള്ള ഭൂതലം മുഴുവനും ഇവക്ക സൈ്വരവിഹാരത്തിനും സ്വേച്ഛാപ്രഭുത്വത്തിനും കിട്ടിയിട്ടുണ്ട്. ''വ്യവസായീകരിക്കുക അല്ലെങ്കിൽ നശിക്കുക'' എന്ന സിദ്ധാന്തപ്രകാരം നുക്ക നമ്മുടെ വ്യവസായങ്ങളെ പുഷ്ടിപ്പെടുത്താതെ നിവൃത്തിയില്ല. കാർട്ടലിൻെറ കാലുപിടിക്കാതെ ഇന്നത്തെ നിലയ്ക്കു വ്യവസായീ

Digitized by Kerala Sahitya Akademi

കരണം സാധ്യവുമല്ല. അവരുമായി സഹകരിച്ചാൽ വൻതരം ശക്തികളുടെ രാഷ്ട്രീയ രംഗത്തുള്ള വടംവലികളിലും വയ്യാവേലികളിലും അകപ്പെട്ടുവാൻകൂടി നാം തയ്യാറായിരിയ്ക്കണം. കാർട്ടലിൻെറ ഉപജാപങ്ങളിൽനിന്നുളവാകുന്ന കയ്യാംകളികാരാക്കാണ് "പവർപോളിററിക്സ്" എന്ന വലിയ പേരു കൊടുത്തിരിയ്ക്കുന്നത്. അതിൻെറ കുനാംകരുക്കകളിൽ അകപ്പെട്ടുവാൻ ഇന്ത്യ സന്നദ്ധമല്ല. ഈ ദുർഘടസന്ധിയിൽനിന്നുള്ള രക്ഷാമാർഗ്ഗം കമ്യൂണിസമാണെന്നും നമ്മുടെ നായനാങ്ങൾ റഷ്യയുടെ നേക്കാണ് തിരിയേണ്ടതെന്നും ഇന്ന് ഒരുകൂട്ടമാളുകൾ വാദിയ്ക്കുന്നുണ്ട്. റഷ്യ കാർട്ടൽസംഘടനയിൽ ഉൾപ്പെട്ടിട്ടില്ലെന്നുള്ളതും ലോകത്തിലെ കമ്പോളങ്ങളിൽ കുത്തകനേടുവാൻ ശ്രമിയ്ക്കുന്നില്ലെന്നുള്ളതും പരമാർത്ഥമാണ്. പക്ഷെ അവർ കാർട്ടലുകാരുടെ ദുഷ്പ്രഭുത്വമനോഭാവത്തിനു അതീതരാണെന്നു കരുതുവാൻ വഴികാണുന്നില്ല, രാഷ്ട്രീയമോ, വാണിജ്യപരമോ, ആയ സാമ്രാജ്യങ്ങൾ സ്ഥാപിയ്ക്കുവാൻ അവർ മോഹിയ്ക്കുന്നില്ലെന്നു വിശ്വസിച്ചാൽത്തന്നേയും, അത്രത്തോളംതന്നെ അന്യായവും, അതിനൊക്കാൾ കക്കശവും, സ്വാതന്ത്ര്യഭഞ്ജകവുമായ ദുർമ്മോഹങ്ങൾ അവർ പുലർത്തുന്നുണ്ടെന്നു സ്പഷ്ടമാണ്. ജീവതത്തെത്തന്നെ ഒരു വൻതരം വ്യവസായമാക്കുകയാണ് അവർ ചെയ്യുന്നത്. കാർട്ടലുകാരൻ തൻെറ ചരക്കുകൾക്കു കുത്തകനേടുവാൻ ശ്രമിക്കുകയാണെങ്കിൽ റഷ്യക്കാരൻ തൻെറ ജീവിതാദർശത്തിനും, സമുദായഘടനയ്ക്കും കുത്തകനേടുവാൻ ശ്രമിയ്ക്കുന്നു. ഒന്നു നിർജ്ജീവസാധനങ്ങളെക്കൊണ്ടുള്ള വ്യാപാരമാണ്. മററതിലെ ചരക്കുകൾ മനുഷ്യജീവിതങ്ങളാണ്. രണ്ടിലും ഗർഹണീയമായ ദുഷ്പ്രഭുത്വമുണ്ട്. പക്ഷെ ഒന്നു വ്യവസായത്തേയും വാണിജ്യത്തേയുംമാത്രം പരാധീനമാക്കുമ്പോൾ മററതു ജീവിതത്തെ മുഴുവനുംതന്നെ ആ നിലയിലേയ്ക്കു താഴ്ത്തുന്നു. കമ്യൂണിസത്തിൽ ജനങ്ങൾ സ്വതന്ത്രരും, സമന്മാരും, തുല്യാധികാരമുള്ളവരും ആണെന്നു ഘോഷിയ്ക്കാറുണ്ട്. ശരിയാണ്. കാർട്ടൽ വ്യവസ്ഥയിൽപെട്ട സോപ്പ്, സോഡാക്കാരം, മണ്ണെണ്ണപ്പാട്ട എന്നിത്യാദി കച്ചവടസാധനങ്ങൾക്കുള്ള സമത്വവും സ്വാതന്ത്ര്യവും അധികാരവും കമ്മ്യൂണിസത്തിൽ സഖാക്കൾക്കുമുണ്ട്. ഇവയെ കാമ്യങ്ങളായി കരുതുന്നതിൽമാത്രമെ അഭിപ്രായവ്യത്യാസമുള്ളു.

Digitized by Kerala Sahitya Akademi

ഇങ്ങനെയുള്ള രണ്ടുതരം ദുഷ്പ്രഭുത്വങ്ങളെ അഭിമുഖീകരിച്ചു കൊണ്ടാണ് ഇന്ത്യ ഇന്നു നില്ക്കുന്നത്. ഇവയിൽ ഏതെങ്കിലും ഒന്നിൻെറ അടിമയാകാതെ അവനവരുടെ അഭിവൃദ്ധിപ്പെടുവാൻ നിവൃത്തിയില്ലെന്നുപോലും തോന്നിപ്പോകുന്നു. നമ്മുടെ ബുദ്ധിശക്തിയേയും വിവേകത്തേയും വെല്ലുവിളിക്കുന്ന ഒരു പ്രതിസന്ധിയാണിത്. ഈ വെല്ലുവിളിയെ നേരിടുന്നതിന്നും രണ്ടുതരം ആപത്തിലും അകപ്പെടാതെ സ്വാതന്ത്ര്യവും ഐശ്വര്യവും പുലർത്തുന്നതിന്നും നമുക്കു കഴിയുമാകട്ടെ.

Digitized by Kerala Sahitya Akademi

# 7

# ഡിസംബർ 15

ആന്ധ്രാസംസ്ഥാനം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി നിരാഹാരസത്യഗ്രഹം അനുഷ്ഠിച്ച ശ്രീ പോട്ടി ശ്രീരാമുലു 1952 ഡിസംബർ 15-ാംനു- രാത്രി മരണമടഞ്ഞു. 58 ദിവസം നീണ്ടുനിന്ന ഒരു വൻതപസ്സായിരുന്നു അത്. ഒരു മനുഷ്യനിൽനിന്നു പ്രതീക്ഷിക്കാവുന്ന അങ്ങേയററത്തെ ത്യാഗത്തിൽ അത് അവസാനിക്കുകയും ചെയ്തു. ഈ സത്യഗ്രഹത്തെപ്പററി അമർഷവും പുച്ഛവുമാണ് അധികാരസ്ഥാനങ്ങളിൽനിന്നുപോലും ഉണ്ടായത്. കാലം മാറിയെന്നും കഥയില്ലായ്മയാണെന്നും മക്കടമുഷ്ടിയാണെന്നും അയാഠം ചാവുകതന്നെയാണ് വേണ്ടതെന്നും ഈ ആയുധം ഇനി ഒരിക്കലും ആരും പ്രയോഗിക്കരുതെന്നും മററുമുള്ള അഭിപ്രായങ്ങളാണ് 15-ാംനു-ക്കുമുമ്പു പരക്കെ കേട്ടിരുന്നത്. പക്ഷെ, ഇന്ന് ആ മനോഭാവമെല്ലാം മാറിപ്പോയിരിക്കുന്നു. നിസ്സ്വാർത്ഥമായ ഒരു കാര്യത്തിനുവേണ്ടി ഒരു നല്ല മനുഷ്യൻ അനുഷ്ഠിച്ച അത്യുഗ്രതപസ്സിനെയും അതിൻെറ നേക്കുണ്ടായ അവഗണനയേയും അതിൻെറ അതിദാരുണമായ പരിണാമത്തെയും കുറിച്ചുള്ള പ്രസ്താവനകളാണ് ഇപ്പോഠം കേഠംക്കുന്നത്. ശ്രീരാമുലു ആരായിരുന്നു എന്നും അദ്ദേഹത്തിൻെറ പൂർവ്വചരിത്രം എന്തായിരുന്നു എന്നും ആളുകഠം അന്വേഷിച്ചുതുടങ്ങിയിരിക്കുന്നു. അദ്ദേഹം ഒരു ഭ്രാന്തനല്ലായിരുന്നു എന്നും ഗാന്ധിജിയുടെ പ്രിയശിഷ്യന്മാരിൽ ഒരാളായിരുന്നു എന്നും സ്വാതന്ത്ര്യസമരത്തിൽ സാരമായ പങ്കെടുത്തിട്ടുണ്ടെന്നും അസാധ്യമായ കാര്യമൊന്നുമല്ല അദ്ദേഹം ആവശ്യപ്പെട്ടതെന്നും അറിവായിരിക്കുന്നു. ഗാന്ധിജി ഇന്നുണ്ടായിരുന്നെങ്കിൽ ശ്രീരാമുലു മരിക്കുവാൻ ഇടയാവുകയില്ലായിരുന്നു എന്നും അദ്ദേഹം ഇതിനെത്രയോ മുമ്പുതന്നെ ആ സത്യഗ്രഹിയുടെ അടുക്കൽ ഓടിയെത്തുമായിരുന്നു എന്നും പറയപ്പെടുന്നു. ജവഹർലാൽനെഹ്റുവും രാജേന്ദ്രപ്രസാദും രാജഗോപാലാചാരിയും തീർച്ചയായും അങ്ങിനെ ചെയ്യേണ്ടതായിരുന്നു എന്നും ഈ സംഭവം അവക്കൊരു തീരാക്കളങ്കമായിപ്പോയെന്നും ചിലർ വാദിക്കുന്നു.

പൊതുജനങ്ങളുടെ ഹൃദയത്തിൽ ഇങ്ങനെയൊരു പരിവർത്ത

Digitized by Kerala Sahitya Akademi

നം വരുത്തിയതുകൊണ്ടുതന്നെ ശ്രീരാമുലുവിൻെറ സത്യഗ്രഹം സഫലമായെന്നു എനിയ്ക്കു തോന്നുന്നു. അദ്ദേഹത്തെ പുച്ഛിച്ച വരും ആന്ധ്രാസംസ്ഥാനസ്ഥാപനശ്രമത്തെ അവഹേളിച്ചവരും വാസ്തവത്തിൽ സ്വയം അപഹാസ്യരായിത്തീൎന്നിരിക്കയാണ്. അധികാരനിഃശ്രേണിയിൽ മേലോട്ടുപോകുംതോറും ഈ അപഹാസ്യതയുടെ തീക്ഷ്ണത കൂടിവരുന്നതായും കാണാം. ആന്ധ്രാസംസ്ഥാനം സ്ഥാപിയ്ക്കപ്പെട്ടു എന്നുതന്നെ കരുതാവുന്നതാണ്. അത്ര ശക്തിയേറിയ പൊതുജനാഭിപ്രായമാണ് അപ്രസിദ്ധനായ ഈ മനുഷ്യൻെറ ആത്മത്യാഗം ഉളവാക്കിയിരിയ്ക്കുന്നത്. ഗാന്ധിജി അദ്ധ്യാത്മശക്തിയെന്നും ഉള്ളിൽനിന്നുള്ള ആഹ്വാനമെന്നും തപസ്യയെന്നും ഹൃദയപരിവൎത്തനമെന്നും മറ്റും പറഞ്ഞതിൻെറ അൎത്ഥം നമുക്കിന്നു തികച്ചും ബോധ്യമായിരിയ്ക്കുന്നു. ഇതൊക്കെ വെള്ളക്കാരനെ കളിപ്പിയ്ക്കുവാൻ കണ്ടുപിടിച്ച ഉപായങ്ങളല്ലെന്നും അതിലെല്ലാം അത്യത്ഭുതകരങ്ങളായ പരമാൎത്ഥങ്ങൾ ഒളിച്ചിരിപ്പുണ്ടെന്നും നമുക്കു മനസ്സിലാകുന്നു. വാസ്തവത്തിൽ സ്വാതന്ത്ര്യപ്രാപ്തിയ്ക്കുശേഷം ഇത്രമേൽ അൎത്ഥഗർഭമായ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നു തന്നെ പറയേണ്ടിയിരിയ്ക്കുന്നു. ഗാന്ധിജിയുടെ വധംപോലും ഇതിനെ അപേക്ഷിച്ചുനോക്കുമ്പോൾ ഒരു സാധാരണസംഭവമായിട്ടാണ് തോന്നുന്നത്. ഒരു ഭ്രാന്തൻ അദ്ദേഹത്തിൻെറ നേക്ക് തൻെറ തോക്കുചൂണ്ടി നിറയൊഴിച്ചു. മരണത്തെ അദ്ദേഹം സ്വയം വരിക്കുകയല്ല ചെയ്തത്. പക്ഷെ, ശ്രീരാമുലുവിൻെറ മരണം അങ്ങിനെ സംഭവിച്ചതല്ല. തൻെറ നാട്ടുകാരിൽ എത്രയോ ലക്ഷം പേരുടെ ഹൃദയാഭിലാഷം സാധിയ്ക്കുന്നതിനു വേണ്ടി, അക്കാര്യത്തിലേയ്ക്കു ഭാരതീയരുടെ ശ്രദ്ധയെ കേന്ദ്രീകരിയ്ക്കുന്നതിനുവേണ്ടി, അദ്ദേഹം അറിഞ്ഞുകൊണ്ട്, ആദൎശശാലികളെന്നും ഗാന്ധിശിഷ്യന്മാരെന്നും അഭിമാനിയ്ക്കുന്ന ഭരണാധികാരികളുടെ കൺമുമ്പിൽ കിടന്ന്, അല്പാല്പമായി, മനഃപൂൎവ്വം മരിയ്ക്കുകയാണ് ചെയ്തത്. ഗാന്ധിജിയുടെ പേരുപിടിച്ച് ആണയിടുകയും, അതേസമയംതന്നെ ആ മഹാപുരുഷൻ പഠിപ്പിച്ച പാഠങ്ങൾ പരമാവധി പ്രയോഗിയ്ക്കുവാൻ മുതിൎന്ന ഈ ഗാന്ധിമാൎഗ്ഗചാരിയുടെ ആത്മാഹുതിയിൽ അമൎഷം പ്രകടിപ്പിയ്ക്കുകയും ചെയ്യുന്ന നമ്മുടെ ഇന്നത്തെ ഭരണാധികാരികളേക്കാൾ എത്രയോ കൂടുതൽ ഭാവനാശക്തിയും കാര്യഗ്രഹണപടുത്വവും, അദ്ധ്യാത്മശക്തിയെക്കുറിച്ചുള്ള ബഹുമാനവും ബ്രിട്ടീഷുകാൎക്കുണ്ടായിരുന്ന

Digitized by Kerala Sahitya Akademi

എന്നു തോന്നിപ്പോകുന്നു. അവരൊരിക്കലും ഒരു സത്യഗ്രഹിയെ മരിക്കുവാൻ അനുവദിച്ചില്ല. അതിനിടയാക്കിയാലുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ അവർ നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. ഭാരതീയ ജനസാമാന്യത്തിന്റെ ചിത്തവൃത്തികൾ അവർ തികച്ചും ഗ്രഹിച്ചിരുന്നു. ഇന്നു ഭാരതഭൂമിയിൽ ചരിത്രം പോകുന്ന പോക്കുകണ്ട് ആലോചനാശീലരായ ബ്രിട്ടീഷുകാർ ചിരിക്കുന്നുണ്ടാവും! അദ്ധ്യാത്മശക്തിയുടെ അഗ്നികുണ്ഡത്തിനു നടുവിൽനിർത്തി ഇന്ത്യയുടെ ഭരണാധികാരികളായിരുന്ന അവരുടെ മനുഷ്യത്വത്തെ നാം എത്രയോ പരിവൃത്തി പരീക്ഷിക്കുകയുണ്ടായി. ഭൗതികമായ പ്രതാപത്തിൽ അഹങ്കാരവും അതിന്റെ സാദ്ധ്യതകളിൽ അമിതമായ വിശ്വാസവും ഉള്ളവരാണെങ്കിലും, ഉദ്ദേശശുദ്ധിയോടെ നടത്തപ്പെട്ട സത്യഗ്രഹങ്ങൾക്കു മുമ്പിൽ തലകുനിച്ചു തങ്ങളുടെ മനുഷ്യത്വം തെളിയിക്കുകയും അതിനു മാറ്റുകൂട്ടുകയുമാണ് ഓരോ പ്രാവശ്യവും അവർ ചെയ്തത്. ഈ ചരിത്രവസ്തുതകൾക്കെതിരെ ഇന്നത്തെ കഥയൊന്നു കാണുവാൻ ശ്രമിക്കുക. മേൽപറഞ്ഞ പരീക്ഷണങ്ങളിലൂടെ ഗാന്ധിജി നമുക്കു നേടിത്തന്ന സ്വാതന്ത്ര്യത്തിന്റെ അയവിറക്കിക്കൊണ്ടു ഭാരതീയരായ നാം ചെയ്തതെന്താണ്? സ്വാതന്ത്ര്യലബ്ധിക്കുശേഷം ആദ്യമായുണ്ടായ ഈ അദ്ധ്യാത്മപരീക്ഷണത്തെ എങ്ങിനെയാണ് നാം അഭിമുഖീകരിച്ചതെന്ന് ആലോചിച്ചു നോക്കുക! കഷ്ടം! ശ്രീരാമുലുവിന്റെ മരണത്തിനുമുമ്പിൽ ഓരോ ഭാരതീയനും തന്റെ കശ്മലതയോർത്തു കരയേണ്ടിയിരിക്കുന്നു. വെള്ളക്കാരൻ നമ്മുടെ നേർക്കു കാണിച്ച മനുഷ്യത്വത്തിന്റെ ഒരംശംപോലും നാം നമ്മുടെ കൂട്ടത്തിലൊരാളായ ഈ മനുഷ്യനോടു കാണിച്ചില്ല. അദ്ദേഹം പ്രയോഗിച്ച ആയുധം നമുക്ക് അപഹാസ്യമായിപ്പോയി! ഈ ആയുധംതന്നെയാണ് ഗാന്ധിജി പ്രയോഗിച്ചതെന്ന വസ്തുതപോലും നാം മറന്നുപോയി. ഗാന്ധിജിയെ പൂജിക്കുകയും ശ്രീരാമുലുവിനെ പുച്ഛിക്കുകയും ചെയ്യുന്നവർ അവസരസേവകരാണ്. ഗാന്ധിയും ഗാന്ധിമാർഗ്ഗവും അവർക്കു താൽക്കാലികങ്ങളായ ഉപായങ്ങൾ മാത്രമായിരുന്നു. അടിമത്വത്തിലെന്നപോലെ സ്വാതന്ത്ര്യത്തിലും ബഹുമാനാർഹങ്ങളായ ജീവിതമൂല്യങ്ങളാണ് ഗാന്ധിമാർഗ്ഗം ഉൾക്കൊള്ളുന്നതെന്ന് അവർ വിശ്വസിക്കുന്നില്ല. "പാലം കടക്കുവോളം നാരായണ; പിന്നെ കൂരായണ" എന്ന മനോഭാവമാണ് അവർക്കുള്ളത്.

Digitized by Kerala Sahitya Akademi

സ്വാതന്ത്ര്യപ്രാപ്തിയ്ക്കുശേഷം ഭാരതീയരുടെ മനോഭാവങ്ങൾക്കുണ്ടായിരിയ്ക്കുന്ന ഈ പരിവർത്തനം വളരെ വളരെ ശ്രദ്ധാർഹമാണ്. ഇന്നു നാം പുതിയ ലക്ഷ്യങ്ങളും ആദർശങ്ങളും ജീവിതമൂല്യങ്ങളുമാണ് തേടിക്കൊണ്ടിരിക്കുന്നതു്. 1947 ആഗസ്റ്റ്മാസം 15-ാംനുവരെ നാം വെറും കിരാതന്മാരായിരുന്നു എന്നും, ഇന്നിപ്പോൾ പരിഷ്കാരികളാകാനുള്ള കനകാവസരം കിട്ടിപ്പോയെന്നും, എത്രയും വേഗം ആ കിരാതവാസനയുടെ ലാഞ്ഛനകൾ മായ്ച്ചുകളയണമെന്നുമാണ് അധികം പേരുടേയും വിചാരമെന്നു തോന്നുന്നു. ചക്രയും ഖദറുംകൊണ്ടു ചരിത്രം സൃഷ്ടിച്ച ഈ രാജ്യത്തു കൈത്തറി വസ്ത്രങ്ങൾക്കു, പ്രോത്സാഹനം പോകട്ടെ, ചെറിയൊരു സംരക്ഷണമെങ്കിലും കൊടുക്കുവാൻവേണ്ടി ശ്രീ രാജഗോപാലാചാരി പെട്ട പാട് ഓർത്തുനോക്കുക. ചക്രയും ഖദറുമെന്നപോലെ, സത്യഗ്രഹവും അഹിംസയും ആദ്ധ്യാത്മമൂല്യങ്ങളും നമുക്ക ഇപ്പോൾതന്നെ ജുഗുപ്സാവഹങ്ങളും വർജ്യങ്ങളും ആയിക്കഴിഞ്ഞു. രാഷ്ട്രപിതാവെന്നും, മഹാത്മാവെന്നും, മാർഗ്ഗദർശിയെന്നും മററും ഇന്നും ഇടവന്ന സ്വരത്തിൽ ഗാന്ധിജിയെപ്പററി നേതാക്കന്മാർപോലും പറയാറുണ്ട്; അദ്ദേഹത്തിൻെറ സമാധിസ്ഥാനത്തു പുഷ്പമാല്യങ്ങൾ അർപ്പിയ്ക്കാറുണ്ട്. പക്ഷെ, മേല്പറഞ്ഞ പരിവർത്തനം തുടർന്നുപോവുകയാണെങ്കിൽ, ഈ കർമ്മങ്ങൾ ആത്മാർത്ഥതയില്ലാത്ത വെറും ഉപചാരങ്ങളായിത്തീരുന്ന കാലം വിദൂരമല്ല. ഒരു പക്ഷെ, അവ ദുരാചാരങ്ങളായിപ്പോലും കരുതപ്പെട്ടേയ്ക്കാം. നമ്മുടെ പോരായ്മകളെ പററിയല്ലാതെ, നമുക്കുള്ളതായി നാം ഇന്നലെവരെ വിശ്വസിച്ചിരുന്ന, അഭിമാനിച്ചിരുന്ന, മേന്മകളെപ്പററി ഇന്ന് ആർക്കും എങ്ങും ഒരു ചിന്തയും ഉള്ളതായി തോന്നുന്നില്ല. ബാഹ്യലോകം, മഹച്ഛക്തികളെന്നു പറയുന്ന കൂട്ടർ പ്രത്യേകിച്ചും, പട്ടിണിക്കോലങ്ങളായ ഭിക്ഷാംദേഹികളുടെ ഒരു രാഷ്ട്രമായിട്ടാണ് നമ്മെ ഇന്നു കാണുന്നതു്. നമുക്കൊരു ചരിത്രമുണ്ടെന്നും സംസ്കാരമുണ്ടെന്നും അവരാരും സ്മരിയ്ക്കുന്നുപോലുമില്ല. പക്ഷെ, അതിൽ വിസ്മയിച്ചിട്ടോ, പരിഭവിച്ചിട്ടോ കാര്യമില്ല. നമുക്കുതന്നെ നമ്മെപ്പററി ഇങ്ങിനെയുള്ള വിചാരങ്ങളൊന്നും ഇല്ലാതിരിയ്ക്കുമ്പോൾ മററുള്ളവരിൽ അതെങ്ങിനെ ഉണ്ടാകുവാനാണ്? ആത്മാഭിമാനമില്ലാത്തവനെ അന്യർ ബഹുമാനിയ്ക്കുകയില്ല. പുരാതനവും സനാതനവുമായ ഒരു സംസ്കാരത്തിൻെറ അവകാശികളാണ് നാമെന്നുള്ള അഭിമാനബോധം ആളിക്കത്തിച്ചാണ് വിവേകാനന്ദനും ലോകമാന്യതിലകനും മഹാത്മാ

Digitized by Kerala Sahitya Akademi

ഗാന്ധിയും അലസത നീക്കി നമ്മെ ഒരു രാഷ്ട്രമെന്ന നിലയിൽ ഉണർത്തിയത്, ഉന്മേഷശാലികളാക്കിയതു്. പക്ഷെ, ഇന്നിതാ ആ അഭിമാനബോധം അസ്തമിയ്ക്കുകയും, ഉണർവും ഉന്മേഷവുമെല്ലാം തിരോഹിതമാവുകയും ചെയ്യിരിയ്ക്കുന്നു. നമുക്ക 'സാമ്പത്തികസഹായം' എന്ന ഭംഗിവാക്കുകളിൽ അറിയപ്പെടുന്ന ഭിക്ഷ നല്കുവാനാണ് ആറ്റംബോംബിൻെറ ജ്വാലാകലാപത്തിൽ കരിഞ്ഞു നീറിയ ജപ്പാൻകാരൻപോലും ഇങ്ങോട്ടുവരുന്നതു്. സാമ്പത്തികമായ ഭിക്ഷമാത്രമല്ല ആശയങ്ങളുടേയും ആദർശങ്ങളുടേയും രൂപത്തിലുള്ള ഭിക്ഷയുംകൂടി വാങ്ങുവാൻ തയ്യാറായി, കൈക്കുമ്പിൾ കാണിച്ചുകൊണ്ടു്, ശ്രീകൃഷ്ണൻെറയും, ബുദ്ധൻെറയും ശങ്കരൻെറയും നാട്ടുകാരായ നാം കാത്തുനില്ക്കുകയും ചെയ്യുന്നു.

അർത്ഥശാസ്ത്രതത്വങ്ങളും രാഷ്ട്രീയസിദ്ധാന്തങ്ങളും ഉദ്ധരിച്ച് ഈ പരിവർത്തനങ്ങളെ സാധൂകരിയ്ക്കാൻ സാധിച്ചേക്കാം. പക്ഷെ, ഈ അർത്ഥാന്തരന്യാസങ്ങളും വക്രോക്തികളും കൂടാതെ, നേരെനേരെയങ്ങു പറയുകയാണ് ഭേദമെന്ന് എനിയ്ക്കു തോന്നുന്നു. അതിത്രയേ ഉള്ളു: ഇന്ത്യ ഭാരതീയമല്ലാതാവുകയാണ്; പൗരസ്ത്യസംസ്കാരം പൊലിയുകയാണ്; ധർമ്മത്തിൻെറ കെടാവിളക്ക് അണയുകയാണ്.

Digitized by Kerala Sahitya Akademi

## 8

# നമ്മുടെ ദുഷ്ക്കാലം

സ്വാതന്ത്ര്യം ലഭിയ്ക്കുമ്പോൾ നമ്മുടെ സംസ്കാരത്തിന്റെ സുവർണ്ണദശ ആരംഭിയ്ക്കുമെന്ന് ഒരു കാലത്തു നാം വിശ്വസിച്ചിരുന്നു. അതു വെറുമൊരു വ്യാമോഹമായിരുന്നു എന്നാണ് അനുഭവം തെളിയിയ്ക്കുന്നത്. നമ്മുടെ ദീർഘദീർഘമായ ചരിത്രത്തിൽ, സാംസ്കാരികമായ കാര്യങ്ങളുടെ നേക്ക് ഇത്രത്തോളം അനാസ്ഥ ഇതിനുമുമ്പ് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. രാഷ്ട്രീയവും സാമ്പത്തികവും സാർവ്വലൗകികവുമായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാനുള്ള വ്യഗ്രതമാത്രമേ ഇന്നു സർവ്വത്ര കാണ്മാനുള്ളു. ഇതെല്ലാം പരിഹരിച്ചതിനു ശേഷമാകാം സംസ്കാരത്തിന്റെ കാര്യം എന്നാണ് ഭാവമെന്നു തോന്നുന്നു. ഈ മനോഭാവത്തിന്റെ പിന്നിലുള്ള ഉദ്ദേശശുദ്ധിയെപ്പററി സംശയിക്കേണ്ടതില്ല. നാമൊരു പിൻകിടരാജ്യമാണ്; ഭൗതികമായ വിഭവങ്ങളാണ് നമുക്ക് തീരെയില്ലാത്തത്. ലോകരാഷ്ട്രങ്ങളുടെ ഇടയിൽ നമുക്കു മാന്യമായ ഒരു സ്ഥാനം കരസ്ഥമാക്കണം; നമ്മുടെ പോരായ്മകളെല്ലാം എത്രയും വേഗം നികത്തണം; ഏഷ്യൻ ജനതയുടെ നേതൃത്വമെങ്കിലും നമുക്കു നേടണം. ഈ വിചാരങ്ങൾ നല്ലതുതന്നെയാണ്. അവയുടെ സഫലീകരണത്തിനുവേണ്ടി ചെയ്യുന്ന ശ്രമങ്ങളും സ്തുത്യർഹങ്ങളായിരിയ്ക്കാം. ഈ മധുരസ്വപ്നങ്ങളെല്ലാം എന്നാണ് വാസ്തവങ്ങളാകുവാൻ പോകുന്നത് എന്നതിലേ സംശയമുള്ളു. എന്നെങ്കിലും വാസ്തവങ്ങളാകുമോ എന്നുപോലും ചിലപ്പോൾ ശങ്കിച്ചുപോകുന്നു! എന്തെന്നാൽ സകല കണക്കുകളെയും തെററിയ്ക്കുന്നതും, സകല പ്രതീക്ഷകളെയും മരവിപ്പിയ്ക്കുന്നതും, സകലപദ്ധതികളെയും പരാജയപ്പെടുത്തുന്നതുമായ ഒരു മഹാപ്രശ്നം നമ്മെ അഭിമുഖീകരിയ്ക്കുന്നുണ്ട്: ജനപ്പെരുപ്പം. നമ്മുടെ പഞ്ചവത്സരപദ്ധതിയും ദീർഘകാലപദ്ധതികളും ഒന്നും ഈ ഭയങ്കരപ്രശ്നത്തെ, അതർഹിയ്ക്കുന്ന ഗൗരവത്തോടെ, കൈകാര്യം ചെയ്തിട്ടില്ലെന്നു പ്രാമാണികന്മാരായ ചില നിരീക്ഷകന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭൗതികമായ പുരോഗതി ഉണ്ടാകുംതോറും ഈ പ്രശ്നം കൂടുതൽക്കൂടുതൽ ഗുരുതര

Digitized by Kerala Sahitya Akademi

മാകുമെന്നും ഭയപ്പെടേണ്ടിയിരിക്കുന്നു. വൈദ്യസഹായത്തിന്റെ കാര്യം ഒന്നുമാത്രം നോക്കിയാൽ ഇതു മനസ്സിലാകുന്നതാണ്. വൈദ്യസഹായം ലഭിക്കുന്നതിനുള്ള സൌകര്യങ്ങൾ വർദ്ധിക്കുകയും പൊതുജനാരോഗ്യം അഭിവൃദ്ധിപ്പെടുകയും ചെയ്യുമ്പോൾ മരണനിരക്കു കുറയുമെന്നുള്ളതു നിശ്ചയമാണല്ലോ. ഇതു ജനപ്പെരുപ്പത്തെ സഹായിക്കും. 'പിന്നെയും ശങ്കരൻ തെങ്ങേൽ' ആവുകയും ചെയ്യും!

ഐശ്വര്യത്തിന്റെ കഥ ഇങ്ങിനെയിരിക്കെ, അതു നേടിയതിനുശേഷം മററു കാര്യങ്ങളെക്കുറിച്ചാലോചിക്കാമെന്നുള്ള വിചാരം ബുദ്ധിപൂർവ്വകമാണെന്നു പറഞ്ഞുകൂടാ. ഐശ്വര്യപ്രചുരിമയോ ആയുധശക്തിയോകൊണ്ടു നമുക്കു ലോകരാഷ്ട്രങ്ങളുടെ ഇടയ്ക്കു പ്രാമാണ്യം നേടാമെന്നും വ്യാമോഹിക്കേണ്ട. ഈ സംഗതികൾ വിസ്തരിക്കേണ്ട ആവശ്യമില്ല; അവ അത്രയ്ക്കു പ്രത്യക്ഷങ്ങളാണ്—അനേകതസിദ്ധങ്ങളെന്നുതന്നെ പറയാം. ലോകമേധാവിത്വത്തിൽ ദത്തദൃഷ്ടികളായ വിദേശശക്തികളുടെ ഔദാര്യവും സൌജന്യവുംകൊണ്ട് അഷ്ടി കഴിക്കുന്ന നാം, ആയുധശക്തിയിൽ അധിഷ്ഠിതമായ രാഷ്ട്രീയനേതൃത്വം നേടിക്കളയാമെന്നു മോഹിക്കുന്നതു മൂഢതയാണ്. നാം വല്ല മഹിമയും മാന്യതയും അർഹിക്കുന്നുണ്ടെങ്കിൽ അതു സംസ്കാരമണ്ഡലത്തിൽ മാത്രമാകുന്നു. അതുതന്നെയാണ് നമ്മുടെ പ്രതീക്ഷകളുടെയും അതിരുകൾ. നാം ഈ പരിമിതികൾ മനസ്സിലാക്കുകയും അതനുസരിച്ചു പ്രയത്നിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഭാരതീയസംസ്കാരത്തിനു നാഥനും നേതാവുമില്ലാതെ വന്നിരിക്കുന്ന കഥ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ നമ്മുടെ ഭരണാധികാരികൾക്ക് അതേക്കുറിച്ച് ഒരു ചിന്തയുമില്ല. രാഷ്ട്രീയരംഗത്തു നാം എന്തൊക്കെയോ മഹാകാര്യങ്ങൾ സാധിച്ചുകളഞ്ഞു എന്നും, ബാഹ്യലോകം അതു കണ്ട് ആശ്ചര്യസ്തബ്ധമായി നില്ക്കുകയാണെന്നും ഒരു ധാരണ ഭാരതീയരിൽ പരന്നിട്ടുണ്ട്—പരത്തിയിട്ടുണ്ട്. കഴിഞ്ഞ നാലഞ്ചു കൊല്ലത്തെ നേട്ടങ്ങൾ കണ്ടാണ് അന്യരാജ്യക്കാർ നമ്മെ ബഹുമാനിക്കുന്നതെന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു. ഇതൊരു മിഥ്യയാണ്. രാഷ്ട്രീയോൽക്കർഷത്തിന്റെ പേരു ചൊല്ലി നാം മനപ്പായസം കുടിക്കുകയാണ് ചെയ്യുന്നത്. അതിലെങ്ങും ഒരു കഴമ്പുമില്ലെന്നും, പാശ്ചാത്യശക്തികളുടെ പരോക്ഷമെങ്കിലും പാരമാർത്ഥികമായ സംരക്ഷണമുള്ളതുകൊണ്ടാണ്

Digitized by Kerala Sahitya Akademi

ഇന്ത്യക്കു് ഇന്നത്തെ ഈ പേക്കൂത്തുകൾ നടത്തുവാൻ സാധിക്കുന്നതെന്നും, ലൂയിഫിഷർ ഇന്ത്യയിൽവെച്ചുതന്നെ, തുറന്നു പറയുകയുണ്ടായി. നാം നേടിയതായിക്കരുതുന്ന രാഷ്ട്രീയോൽക്കർഷത്തെപ്പററി അന്യരാജ്യക്കാൎക്കുള്ള അഭിപ്രായത്തിൻെറ മാതൃകയായിട്ടാണു് ഈ പ്രസ്താവനയെ കണക്കാക്കേണ്ടതു്. ഒരു രാഷ്ട്രമെന്ന നിലയിൽ നമ്മുടെ മേൽ പതിയുന്ന ശ്രദ്ധയും, നമുക്കു കിട്ടുന്ന ബഹുമാനവും തീൎച്ചയായും നമുക്കുള്ള ഏതോ രാഷ്ട്രീയവൈശിഷ്ട്യംമൂലം ഉണ്ടാകുന്നതല്ല. നാം ലോകത്തിലെ അതിപ്രാചീനമായ ഒരു ജനതയാണെന്നും, നാശമില്ലാത്ത ഒരു മഹാസംസ്കാരത്തിൻെറ പിൻതുടൎച്ചക്കാരാണെന്നും ഉള്ള വസ്തുതകളാണു് അവയുടെ നിദാനം. ലോകദൃഷ്ടിയിൽ നമുക്കു കുറച്ചൊരു മാന്യതയെങ്കിലും കിട്ടുന്നതു് ഈ പരിഗണനകൾകൊണ്ടുമാത്രമാണു്. ആററംബോമ്പിൻെറ നിൎമ്മാണത്തിൽ അതിപ്രധാനമായ ഒരു പങ്കു വഹിച്ച ആർതർ കോംപ്ടൺ എന്ന വിശ്രുതശാസ്ത്രജ്ഞൻ മൂന്നു കൊല്ലംമുമ്പു സേവാഗ്രാമിലെ പൎണ്ണശാലകളിലും തരുച്ഛായകളിലും നടന്ന ശാന്തിസമ്മേളനങ്ങളിൽ അമേരിക്കയുടെ ഔദ്യോഗികപ്രതിനിധിയായി പങ്കെടുത്തതും, പഴയതിനെയെല്ലാം ഭസ്മമാക്കുവാൻ ശപഥം ചെയ്തിരിക്കുന്ന റഷ്യയിൽ, ഔദ്യോഗികമായ ആഭിമുഖ്യത്തിൽത്തന്നെ, മഹാഭാരതം തൎജ്ജമ ചെയ്യുന്നതും എല്ലാം ഈയൊരു അനുമാനത്തിലേക്കാണു് നമ്മെ നയിക്കുന്നതു്. പക്ഷെ, ഭാഗ്യദോഷംകൊണ്ടെന്നല്ലാതെ എന്തു പറയട്ടെ, ഭാരതീയരായ നാം രാഷ്ട്രീയോൽക്കർഷമെന്ന കാനൽജലത്താൽ കബളിതരായി, നമ്മുടെ സ്വന്തം സംസ്കാരത്തിൽ ആസ്ഥയും ആവേശവും അഭിമാനവുമില്ലാതെ അന്ധരായിപ്പോയിരിക്കുന്നു.

പുതിയ വ്യവസ്ഥിതിയെന്നും, ജനകീയയുഗമെന്നും, മതേതരരാഷ്ട്രമെന്നും ഓരോരോ സങ്കല്പങ്ങളുടെ പേരിലാണു് ഭാരതം ഇന്നു സാംസ്കാരികകാൎയ്യങ്ങളോടു വൈമുഖ്യം കാണിക്കുന്നതു്. ഈ സങ്കല്പങ്ങളുടെ സാധുതയെ നമുക്കു ചോദ്യം ചെയ്യേണ്ടതില്ല. അവ നല്ലതായിരിക്കാം. നമുക്കവ വലിയ വലിയ നേട്ടങ്ങൾ കൈവരുത്തുകയും ചെയ്തേക്കാം. ഈ പുതുമകൾ അയ്യായിരം വൎഷമായി നിലനിന്നുപോരുന്ന നമ്മുടെ സംസ്കാരത്തെ തിരോഹിതമാക്കുന്നതിലേ സങ്കടമുള്ളു. എല്ലാവരും വാഴ്ത്തുന്ന ജനാധിപത്യംപോലും രണ്ടോ മൂന്നോ നൂററാണ്ടു കാലം മാത്രമായി നടന്നുവരുന്ന ഒരു പരീക്ഷണമാണെന്ന വസ്തുത നാം വിസ്മരിക്കരുതു്. ഇതിനകം

Digitized by Kerala Sahitya Akademi

തന്നെ ഈ പ്രസ്ഥാനത്തിനു നേരിടേണ്ടിവന്ന അഗ്നിപരീക്ഷകളും നാം ഓർമ്മിക്കേണ്ടതാണ്. അവകാശങ്ങളെ അങ്ങേയററത്തെ പദവിയിൽ അവരോധിച്ചു രാവും പകലും പൂജിക്കുന്ന ഈ പുതിയ വ്യവസ്ഥിതിയിലുള്ള അഭിനിവേശംമൂലം ധർമ്മത്തിൽ അധിഷ്ഠിതമായ ഭാരതീയസംസ്കാരം അവഗണിക്കപ്പെട്ടുപോകുന്നതു ഹൃദയഭേദകമായിരിക്കുന്നു. പഴയ വ്യവസ്ഥിതികൾക്ക് എന്തെല്ലാം ദോഷങ്ങളുണ്ടായിരുന്നെങ്കിലും ഇന്നില്ലാത്ത ഒരു മെച്ചം അവയിൽ ലഭ്യമായിരുന്നു. സംസ്കാരവും കലകളും തഴക്കുവാനുള്ള സൗകര്യം അവ നല്കിയിരുന്നു. പുരോഗതിയുടെയും പുത്തൻപരിഷ്കാരത്തിൻെറയും പേരിൽ നാം പുച്ഛിച്ചുതള്ളുന്ന രാജവാഴ്ചയിൽ (ഇന്ത്യയിൽ മാത്രമല്ല മററു രാജ്യങ്ങളിലും), കലയും സാഹിത്യവും സംസ്കാരത്തിൻെറ സകല ശാഖകളും ഇന്നത്തെ ഈ ജനകീയവ്യവസ്ഥിതിയിലേക്കാൾ എത്രയോ കൂടുതൽ വളരുകയും വികസിക്കുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തിരുന്നു എന്ന പരമാർത്ഥം നിഷേധിക്കത്തക്കതല്ല. വേദവും ഉപനിഷത്തും ശാസ്ത്രവും മീമാംസയും ഭാരതവും രാമായണവും ഒന്നും രാജാക്കന്മാരുടെ മുഖകമലങ്ങളിൽനിന്നു നിർഗ്ഗളിച്ചതല്ലെങ്കിലും, സംസ്കാരസേവനം അത്യുൽകൃഷ്ടധർമ്മമായിക്കരുതിയ രാജസ്ഥാനങ്ങളുടെ ഉദാരവും ഉത്സാഹപൂർണ്ണവുമായ പ്രോത്സാഹനത്താൽ സംരക്ഷിക്കപ്പെട്ട് തലമുറകളിലൂടെ വികസിച്ചുവന്നു, ഒരു ജനതയുടെ നേട്ടങ്ങളായിത്തീർന്ന സംസ്കാരസമ്പത്തുകളാകുന്നു. അക്ഷരാഭ്യാസം സിദ്ധിക്കാത്ത അക്ബർപോലും സംസ്കാരസംരക്ഷണവും കലാപോഷണവും രാജധർമ്മമായി അംഗീകരിക്കുകയുണ്ടായി. വിദേശികളും വിമതസ്ഥരുമായ ബ്രിട്ടീഷുകാർ അടക്കിഭരിച്ച കാലത്തും ഭാരതീയസംസ്കാരം മുരടിച്ചുപോയില്ല. ഹിന്തുക്കളുടെ ഉണർവും മതാഭിമാനവും അപരാധങ്ങളായി കരുതപ്പെടുകയുണ്ടായില്ല. കലാകാരന്മാർക്കും സംസ്കാരപ്രേമികൾക്കും സ്ഥാനമാനങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ചിരുന്നു. ഒരു മലയാളകവിക്കുപോലും അന്നു പട്ടും വളയും കിട്ടുകയുണ്ടായി. എന്നാൽ, കഷ്ടം, ഇന്നത്തെ കഥയൊന്ന് ആലോചിച്ചുനോക്കുക. കവിക്കും കലാകാരനും ഭാരതീയസംസ്കാരത്തിനും എന്തു പ്രോത്സാഹനമാണ്, അംഗീകാരമാണ്, ഇന്നു ലഭിക്കുന്നത്? രാഷ്ട്രീയമായ ഉരുണ്ടുകയററം ബാധിച്ച ഭരണചക്രവും ജനസഞ്ചയവും ഒന്നുപോലെ സംസ്കാരവിമുഖമായിപ്പോയിരിക്കുന്നു. തലസ്ഥാനനഗരങ്ങളെല്ലാം മാത്സര്യമലീമസ

Digitized by Kerala Sahitya Akademi

മായ രാഷ്ട്രീയകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. അവയിൽ ചിലതിനെങ്കിലും ഇന്നലെവരെ ഉണ്ടായിരുന്ന സാംസ്കാരികഭാവങ്ങൾ നിശ്ശേഷം മാഞ്ഞുപോയിരിക്കുന്നു. ധനവും ലോകമേധാവിത്വവും പരമലക്ഷ്യങ്ങളായി കരുതപ്പെടുന്ന ന്യൂയോർക്കിലും ലണ്ടനിലും ന്യൂദൽഹിയിലേക്കാൾ സംസ്കാരപ്രേമമുണ്ട്. നാടകങ്ങളും, സംഗീതസഭകളും, ചിത്രകലാപ്രദർശനങ്ങളും അവിടെ പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്. ഞായറാഴ്ച ദിവസങ്ങളിലെങ്കിലും ദേവാലയങ്ങളിൽനിന്നു പുറപ്പെടുന്ന ദിവ്യസംഗീതം അവിടത്തെ തെരുവീഥികളിൽ പ്രതിധ്വനിക്കുന്നുണ്ട്. നമുക്കുമാത്രം ഇതെല്ലാം നിഷിദ്ധങ്ങളായിത്തീർന്നിരിക്കുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ സംസ്കാരയത്നം മുഴുവനും ആകാശവാണി എന്നു വല്ലപ്പോഴും വിളിക്കുന്ന ആൾഇന്ത്യാ റേഡിയോയുടെ പിശുക്കേറിയ പ്രോത്സാഹനത്തെയാണ് ആശ്രയിച്ചുനില്ക്കുന്നത്! ഈ സ്ഥാപനത്തിന്റെ ക്ഷണമാണ് കവിക്കും കലാകാരനും ലഭിക്കുന്ന ഏററവും വലിയ ബഹുമതി! ഒരു സിനിമാനടനെയും നർത്തകിയേയും സംസ്ഥാനസഭയിലേക്കു നാമനിർദ്ദേശം ചെയ്തതും നാലു സംഗീതവിദ്വാന്മാർക്കു സമ്മാനം നല്കിയതും ഞാൻ വിസ്മരിക്കുന്നില്ല. അതെന്തോ കേൾവിദോഷം പരിഹരിക്കുവാൻവേണ്ടി, മനസ്സില്ലാമനസ്സോടെ, ചെയ്തതുപോലെയേ പലർക്കും തോന്നിയിട്ടുള്ളു. യഹൂദിമെനുഹിൻ എന്ന അമേരിക്കൻ സംഗീതജ്ഞന് ഈ അടുത്ത കാലത്ത് ഇന്ത്യയിൽ നല്കിയ സ്വീകരണം വായനക്കാർ ഓർമ്മിക്കുന്നുണ്ടാവും. അദ്ദേഹം പാട്ടുകച്ചേരി നടത്തുവാൻ സ്വമേധയാ വന്നതല്ല. ക്ഷണിക്കപ്പെടുകയാണ് ചെയ്തത്. പല ദിക്കിലും സംസ്ഥാനാതിഥിയും ആയിരുന്നു. ഈ നാട്ടിലെ ഏതു കലാകാരനാണ്, അവന്റെ ജന്മഭൂമിയിൽ, അതിന്റെ ചിരപ്രാർത്ഥിതമായ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇങ്ങിനെയൊരു ബഹുമതി കിട്ടിയിട്ടുള്ളത്? മുററത്തെ മുല്ലയ്ക്കു മണമില്ല. ഉണ്ടെന്നു മററുള്ളവർ നെഞ്ചിലടിച്ചു പറഞ്ഞാലും മണപ്പിച്ചുനോക്കുവാൻ ഈ രാജ്യത്ത് ആളില്ല. ഗാന്ധിജിയുടെ മരണശേഷം വിദേശീയ സാധനങ്ങൾക്കു വീണ്ടും പ്രചാരം വർദ്ധിച്ചിരിക്കുകയാണ്.

മുൻകാലങ്ങളിൽ ധനികന്മാരുടെ സഹായംകൊണ്ടെങ്കിലും കലയും സംസ്കാരവും പുഷ്ടിപ്പെടുമെന്നു സമാധാനിക്കാമായിരുന്നു. ഇനിമേൽ അതും സാധ്യമല്ല. ധനവാന്മാർ ഇല്ലാതാവുകയാണ്. സംസ്കൃതഭാഷയ്ക്കു വരാൻപോകുന്ന ആപത്തിനെപ്പററി പണ്ഡിതലോകം വിലപിച്ചുകൊണ്ടിരിക്കുന്നു. അതിനെ പ്രോത്സാഹിപ്പി

Digitized by Kerala Sahitya Akademi

ച്ചുവന്ന സ്ഥാപനങ്ങളെല്ലാം ക്ഷീണിച്ചുകഴിഞ്ഞു. ഭാരതീയ സംസ്കാരവും കലകളും സാഹിത്യവും എല്ലാം ഹിന്ദുമതത്തിൻെറ ആത്മബന്ധം വഹിയ്ക്കുന്നതുകൊണ്ട് അവയെ പോഷിപ്പിയ്ക്കുന്ന കാര്യത്തിൽ മതേതരമായ ഭരണകൂടത്തിനു നിയമതടസ്സവുമുണ്ട്. അങ്ങിനെയിരിയ്ക്കെ ഗവമ്മെണ്ടുകളിൽനിന്നു യാതൊന്നും പ്രതീക്ഷിയ്ക്കേണ്ടതില്ല. ക്ഷേത്രങ്ങളിലെ പടിത്തരംകൊണ്ടു ചിലതെല്ലാം നടന്നുപോരുന്നുണ്ട്. പക്ഷെ, പണ്ടുള്ളവർ പിറകുംതലമുറകളെ ഓർത്തു നല്കിയ സ്വത്തുമാത്രമാണ് ക്ഷേത്രങ്ങൾക്കുള്ളത്. ഇനിയുള്ള കാലം അതു കുറയുവാനല്ലാതെ വർദ്ധിയ്ക്കുവാൻ വഴി കാണുന്നില്ല. ഉള്ളതുതന്നെ മററാവശ്യങ്ങൾക്കും ഉപയോഗിയ്ക്കണമെന്നുള്ള അഭിപ്രായത്തിന്നും ശക്തി കൂടിവരുന്നു. അല്ലെങ്കിൽത്തന്നെയും നമ്മുടെ 'പുതിയ വ്യവസ്ഥിതി'യിൽ ക്ഷേത്രങ്ങൾ എത്ര കാലം നിലനില്ക്കുമെന്ന് ആരറിഞ്ഞു! ആകപ്പാടെ ഒരുവിധത്തിലും ആശയ്ക്കു വഴി കാണുന്നില്ല. വരുന്നതുപോലെ വരട്ടെ എന്നു വിചാരിയ്ക്കുകയേ നിവൃത്തിയുള്ളു. ഉണ്ടായിരുന്ന സംസ്കാരം നശിച്ചും മററുള്ളവരിൽനിന്നു കടംവാങ്ങിയും, ഒന്നുംതന്നെ ഇല്ലാതെയും മനുഷ്യർ ജീവിയ്ക്കുന്നുണ്ട്. എങ്കിലും ഇങ്ങനെ നാംക്കുള്ളതു നാംതന്നെ അറിഞ്ഞുകൊണ്ടു കൈവെടിഞ്ഞ് അന്ധകാരത്തിലേയ്ക്കു പുരോഗമിയ്ക്കുന്ന സമ്പ്രദായം ഭാഗ്യഹീനമായ ഭാരതത്തിൽമാത്രമേ കാണുകയുള്ളു.

Digitized by Kerala Sahitya Akademi

9

# നമ്മുടെ ഭാഷാപ്രശ്നം

ഇന്ത്യയെപ്പോലെ, ഒരു പ്രശ്നത്തിനും അറുതിയുണ്ടാകാത്ത ഒരു രാജ്യം ഭൂമുഖത്തു വേറെയുണ്ടെന്നു തോന്നുന്നില്ല. നല്ലതേതെന്നും വേണ്ടതേതെന്നും ഉള്ളതിനെപ്പററി നമുക്ക് ഒരു തീപ്പിലെത്തുവാൻ കഴിയുന്നില്ല. സ്വാതന്ത്ര്യം കിട്ടി ജനകീയവ്യവസ്ഥിതിയും വന്നതോടെ ഈ വൈഷമ്യം ശതഗുണീഭവിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു.

"ഈ ജനകീയമൊന്നും ഇവിടെ ഗുണം പിടിയ്ക്കുവാൻ പോകുന്നില്ല. എട്ടും പൊട്ടും തിരിയാത്ത മൂഢലക്ഷങ്ങളുടെ ഇടയ്ക്കു സ്വേച്ഛാധിപത്യമേ പററൂ" എന്നു പറയുന്നവരേയും ആത്മാത്ഥമായി വിശ്വസിയ്ക്കുന്നവരേയും നാം ധാരാളം കാണുന്നുണ്ട്. ഇങ്ങിനെ കാര്യത്തിൻെറ ചുവട് മുതൽക്ക് എവിടേയും എന്തിലും ഭിന്നാഭിപ്രായമാണ്. അതുകൊണ്ടൊന്നും പരിഭ്രമിയ്ക്കാനില്ല. ഭൂരിപക്ഷാഭിപ്രായമെ നടക്കൂ; അതു നടക്കുകയും ചെയ്യും! എന്നൊരു സമാധാനമുണ്ടായേക്കാം. ഇതു കേട്ട് ആശ്വസിയ്ക്കാനും തരമില്ല. എന്തെന്നാൽ "എല്ലാ കാര്യവും തലയെണ്ണി തീച്ച്പ്പെടുത്തിയാൽ പററുകയില്ല. മിക്ക കാര്യങ്ങളും, അറിയാവുന്നവർ പറയുന്നതനുസരിച്ചു ചെയ്യുകയാണ് വേണ്ടത്" എന്നൊരു ഗുണദോഷം അതിനു പുറകെ കേൾക്കാം. അപ്പോൾ എന്താണ് നിവൃത്തി. വെള്ളത്തിലൂടേയും വയ്യ, കരയ്ക്കു കൂടേയും വയ്യ എന്ന നിലയായി.

നമ്മുടെ അദ്ധ്യയനഭാഷ ഏതായിരിയ്ക്കണം എന്ന പ്രശ്നം ഈ നീക്കുപോക്കില്ലാത്ത വ്യവസ്ഥിതിയ്ക്കു നല്ല ഉദാഹരണമാണ്. സ്വാതന്ത്ര്യം കിട്ടുന്നതോടെ ഇംഗ്ലീഷ് ഭാഷയ്ക്ക് ഇന്ത്യയിലുള്ള സ്ഥാനവും പ്രാധാന്യവും പോയ്പ്പോകുമെന്നും തൽസ്ഥാനത്തു നാട്ടുഭാഷകൾ അവരോധിയ്ക്കപ്പെടുമെന്നും അവയ്ക്കു അഭൂതപൂവ്വമായ വികാസം ഉണ്ടാകുമെന്നും സ്വരാജ്യസ്നേഹമുള്ളവരെല്ലാം വിശ്വസിച്ചതാണ്; ആശിച്ചതാണ്. പക്ഷെ, സ്വാതന്ത്ര്യം കിട്ടി അഞ്ചുകൊല്ലം കഴിഞ്ഞിട്ടും ഈ പ്രതീക്ഷകൾ സഫലീകൃതമാകുവാനുള്ള യാതൊരു ലക്ഷണവും കാണാനില്ല. എന്നുതന്നെയുമല്ല മറിച്ചുള്ള ലക്ഷണങ്ങൾ കാണുന്നുമുണ്ട്. സവ്വകലാശാലാവിദ്യാഭ്യാ

Digitized by Kerala Sahitya Akademi

സത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ രൂപവൽക്കരിക്കുന്നതിനു വേണ്ടി ഏററവും പ്രശസ്തരും പ്രാമാണികരുമായ വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി കേന്ദ്രഗവർമ്മെണ്ട് തന്നെ നിയമിച്ച ഒരു ഉപദേശകസമിതിയാണ് രാധാകൃഷ്ണൻ കമ്മീഷൻ. അവർ ഐകകണ്ഠ്യേന നിർദ്ദേശിച്ചത് അദ്ധ്യയന ഭാഷ പ്രാദേശികഭാഷതന്നെ ആയിരിക്കണമെന്നാണ്. ആയിടയ്ക്കെങ്ങും അതേപ്പററി അത്ര തീക്ഷ്ണമായ അഭിപ്രായവ്യത്യാസമൊന്നും കേൾക്കുകയും ഉണ്ടായില്ല. ആ നിർദ്ദേശം സുചിന്തിതമാണെന്നും എന്തുകൊണ്ടും നല്ലതും സ്വീകാര്യവുമാണെന്നും ഉള്ള ധാരണ പരക്കെ ഉണ്ടായിരുന്നു. പക്ഷെ ഇന്നിതാ കാററു മാറി വീണിരിക്കുന്നു. ഇംഗ്ലീഷിനെച്ചൊല്ലിയുള്ള നിവേദനങ്ങളും പരിദേവനങ്ങളും നാടൊട്ടുക്ക് കേട്ടു തുടങ്ങിയിരിക്കുന്നു. വിദ്യാർത്ഥികൾക്കു ഇംഗ്ലീഷിലുള്ള പ്രാവീണ്യം കുറയുന്നു; നാം നശിക്കാൻ പോവുകയാണ്, ഭാരതഭൂമി ദക്ഷിണ സമുദ്രത്തിൽ താഴുമെന്നുള്ളത് തീർച്ചയാണ് എന്നുള്ള മുറവിളി അധികാരസ്ഥാനങ്ങളിൽനിന്നുപോലും ഉയരുന്നുണ്ട്. ഇതിന്റെ സ്വരം മുറുകുമെന്നും രാധാകൃഷ്ണൻകമ്മീഷന്റെ നിർദ്ദേശങ്ങൾ തിരസ്കൃതമാകുമെന്നും ആണ് ഇന്നത്തെ മട്ടുകണ്ടിട്ടു തോന്നുന്നത്. അങ്ങിനെ മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായിത്തീരുവാനിടയുണ്ട്.

നമ്മുടെ പ്രതീക്ഷകൾ തിരോഭവിക്കുവാനും അഭിപ്രായങ്ങൾ ഇത്ര പെട്ടെന്നു മാറുവാനും കാരണമെന്താണ്? ആ വിദഗ്ദ്ധസമിതിയുടെ നിർദ്ദേശം ദ്രുതഗതിയിലുള്ളതായിരുന്നെന്നോ, സുചിന്തിതമായിരുന്നില്ലെന്നോ കരുതുവാൻ വഴി കാണുന്നില്ല. ഈ വിഷയത്തിൽ ഇത്ര വളരെ തർക്കത്തിനു വകയുണ്ടെന്നും തോന്നുന്നില്ല. കാൽ ശതമാനമോ, മാഹാണിശതമാനമോ ആളുകൾക്കു ലോകം ചുററുന്നതിനും, സർവ്വരാഷ്ട്ര സമ്മേളനങ്ങളിൽ പ്രസംഗിക്കുന്നതിനും ഇംഗ്ലീഷുപുസ്തകങ്ങൾ വായിക്കുന്നതിനും ഉള്ള സൌകര്യത്തിനു വേണ്ടി ആസുരമായ ഇന്നത്തെ അദ്ധ്യാപനരീതി തുടരണമെന്നാണ് ചിലരുടെ വാദം. ആത്മാഭിമാനമുള്ള ഏതു രാജ്യത്തെ യുവജനങ്ങളാണ് ഇങ്ങനെയൊരു മനുഷ്യകൃതമായ മഹാക്ലേശം അനുഭവിക്കുന്നത്? ആരുടെ സുകൃതംകൊണ്ടോ സ്കൂൾക്ലാസ്സുകളിൽനിന്നു ഈ ദുരിതം നീങ്ങിപ്പോയി. അതു വലിയ അബദ്ധമായിപ്പോയെന്നും, നിവൃത്തിയുണ്ടെങ്കിൽ ഒന്നാംക്ലാസ്സു മുതല്ക്കുതന്നെ ഇംഗ്ലീഷുഭാഷ അടിച്ചേല്പിക്കണമെന്നും വാദിക്കുന്നവർ ഇന്നും ഇല്ലാതില്ല.

Digitized by Kerala Sahitya Akademi

ഏതായാലും നമ്മുടെ ബാലികാബാലന്മാരുടെ ഭാഗ്യാതിരേകത്താൽ ഈ വാദമൊന്നും ഇനി നടക്കാൻപോകുന്നില്ല. പക്ഷേ, കോളേജുകളിലെ കാര്യം ഒരു തീർപ്പിലെത്താതെ കുഴഞ്ഞുകിടക്കുന്നതുകൊണ്ടു വളരെ ആപത്തിന്നു വഴിയുണ്ട്. ഇംഗ്ലീഷിന്റെ മേന്മയേയും സാർവ്വലൌകികമൂല്യത്തേയും കുറിച്ചുള്ള വാശിതമത്സരം നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ കോളേജുവിദ്യാർത്ഥികൾ അനുഭവിക്കുന്ന കഷ്ടപ്പാടും ബുദ്ധിമുട്ടും, വിദ്യാഭ്യാസവിദഗ്ദ്ധന്മാരും ഭരണാധിപന്മാരും അറിയുന്നില്ലെങ്കിലും, പൊതുജനങ്ങൾ മനസ്സിലാക്കേണ്ടതാണ്. അദ്ധ്യാപകൻ പറയുന്നതിൽ പകുതിപോലും അവർക്കു ഗ്രഹിക്കാൻ സാധിക്കുന്നില്ല. ബുദ്ധിക്കോ ഗ്രഹണശക്തിക്കോ പെട്ടെന്നു ക്ഷീണം വന്നുപോയതുകൊണ്ടല്ല; സായ്‌വിന്റെ ഭാഷ മനസ്സിലാകാത്തതുകൊണ്ടുമാത്രം! എല്ലാം ഇംഗ്ലീഷിൽ പഠിച്ചവരാണ് പഠിപ്പിക്കുന്നതു്. എല്ലാം പ്രാദേശികഭാഷയിലൂടെ ഗ്രഹിച്ചു ശീലിച്ചവരാണ് പഠിക്കാൻ വരുന്നതു്. രണ്ടു കൂട്ടർക്കും ഇടയ്ക്കു് ഒരു കരിങ്കൽഭിത്തി നില്ക്കുന്നു. അതു തുളച്ചു കടക്കുവാൻ ഇന്നത്തെ കോളേജുവിദ്യാർത്ഥികൾ പെടുന്ന പാടു കണ്ടാൽ ഹൃദയമുള്ളവർ കരഞ്ഞുപോകും. അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ ഭാഷാപരമായുള്ള ഈ അകൽച്ച മാറാത്ത കാലത്തോളം നമ്മുടെ കലാശാലകൾ കലാപശാലകളായി ശേഷിക്കുകതന്നെ ചെയ്യും.

ഈ ദുരവസ്ഥയ്ക്കുള്ള പ്രതിവിധി നാം പിന്നിട്ട ദൂരമത്രയും തിരിച്ചുചവിട്ടുകയല്ല, അതിനി സാധിക്കുകയുമില്ല. നാം വെച്ച ചുവടിന്റെ ആയം കുറയ്ക്കാതെ മുന്നോട്ടുതന്നെ പോകേണ്ടിയിരിക്കുന്നു. അങ്ങിനെ ചെയ്യില്ലെങ്കിലാണ് ആപത്തുള്ളതു്. വിദഗ്ദ്ധന്മാരും ‘‘സർവ്വലൌകികന്മാരും’’ വാദപ്രതിവാദം നടത്തിയതുകൊണ്ടൊന്നും ഒരു ഫലവുമില്ല. ഇതൊരു ‘‘മൌലികാവകാശ’’മായും ‘‘സമര’’ത്തിന്നുള്ള കാരണമായും കരുതപ്പെടുന്ന കാലം വിദൂരമല്ല. അതുവരെ കാത്തിരിക്കാതെ അവശ്യംവരേണ്ട ഈ പരിഷ്കാരം നടപ്പിൽ വരുത്തുകയാണ് നല്ലതു്.

ഇതു രാഷ്ട്രസംവിധാനത്തിന്റേയും വികസനപദ്ധതികളുടേയും കാലമാണല്ലോ. ഈ ബഹളത്തിനിടയ്ക്കു് ഒരു ഭാഷാപദ്ധതിക്കുവേണ്ടിക്കൂടി ഭാരതീയർ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു. പ്ലാനും പദ്ധതിയുമൊന്നുമില്ലാതെ കിടക്കുന്ന ഒരു മണ്ഡലമാണിതു്. ‘‘ഏങ്ങിനേയും പോകട്ടെ. ഈ ഭാഷകളെല്ലാം നശിച്ചാൽ അതു

Digitized by Kerala Sahitya Akademi

ഷ്കൂ നന്നു'' എന്നാണ് അഭിജ്ഞന്മാരുടെ ഭാവമെന്നു തോന്നുന്നു. നമ്മുടെ പരമാധികാരസമിതിയായ പാർലിമെൻറിൽ അനേകസഹസ്രം പൌരന്മാരുടെ പ്രതിനിധിയായി ചെല്ലുന്ന ഒരു ഭാരതീയൻ, രാജ്യഭരണത്തെക്കുറിച്ച് പ്രതിപാദിയ്ക്കുവാൻ തൻേറയും തന്നെ തെരഞ്ഞെടുത്തയച്ചവരുടേയും മാതൃഭാഷ ഉപയോഗിയ്ക്കുകയാണെങ്കിൽ അതു വിനോദത്തിനും പരിഹാസത്തിനും, ചിലപ്പോഠം വിദ്വേഷത്തിനുമാണ് ഇടയാക്കുന്നത്. ജനകീയവ്യവസ്ഥിതിയിലുള്ള ഒരു സ്വതന്ത്രരാഷ്ട്രത്തിന് ഇതിനേക്കാഠം ലജ്ജാകരമായിയാതൊന്നുമില്ല. ഇങ്ങനെ നാട്ടുഭാഷയിൽ നടത്തപ്പെടുന്ന പ്രസംഗങ്ങളെപ്പററി ഈ രാജ്യത്തെ ഇംഗ്ലീഷുപത്രങ്ങഠം നല്കുന്ന വിവരണങ്ങഠം അസുലഭവിനോദങ്ങളായിട്ടാണ് പ്രകാശിപ്പിയ്ക്കപ്പെടുന്നത്. ഐക്യരാഷ്ട്രസഭയിൽ വൈഷിൻസ്കി ചെയ്യുന്ന റഷ്യൻ ഭാഷയിലുള്ള പ്രസംഗത്തെപ്പററി ഇങ്ങനെയുള്ള വിനോദഭാവനകഠം ഉണ്ടാകാത്തതെന്തുകൊണ്ടാണെന്ന് ഓരോ ഭാരതീയനും—മലയാളിയും തെലുങ്കനും തമിഴനും ഗുജറാത്തിയും എല്ലാം— ആലോചിയ്ക്കേണ്ടതാണ്. ലോകസമ്മേളനങ്ങളിൽ ഭാഷാവൈവിദ്ധ്യം ഇന്നൊരു പ്രശ്നമേയല്ല. ഭാഷാവൈവിദ്ധ്യംമൂലമുണ്ടാകുന്ന പ്രയാസങ്ങഠംക്കു പരിഭാഷയിലൂടെ പരിഹാരമുണ്ടാക്കിയതുകൊണ്ടാണ് ഇക്കാലത്ത് ഇത്ര വളരെ സാർവലൌകികസമ്മേളനങ്ങഠം സാദ്ധ്യമായിരിയ്ക്കുന്നത്. പക്ഷേ സ്വതന്ത്രമായ, ഒരു ചേരിയിലും ചേരാത്ത, പുരാതനമായ, പുണ്യഭൂമിയായ ഭാരതത്തിൽമാത്രം ഭാഷാവൈവിദ്ധ്യം ഒരു പ്രശ്നമാണ്; ഒരു വിനോദമാണ്; ഒരു അപരാധവുമാണ്!! എന്തുകൊണ്ടാണ് നമ്മുടെ പാർലിമെൻറിലും തർജ്ജമക്കാരെ നിയമിച്ചുകൂടാത്തത്? ഹിന്ദിയിലുള്ള പ്രസംഗം മലയാളത്തിലേയ്ക്കും തമിഴിലേയ്ക്കും തെലുങ്കിലേയ്ക്കും പരിഭാഷപ്പെടുത്തിക്കൂടെ? ഇംഗ്ലീഷിൽ കിട്ടിയെങ്കിലേ മനസ്സിലാകൂ എന്നുള്ളവക്കു ഇംഗ്ലീഷിലും പകന്നുകൊടുക്കണം.

ഈ രാജ്യത്തെ വിവിധഭാഷകഠം അഭ്യസിയ്ക്കുന്നതിന് ആക്കും ഒരു പ്രചോദനവും പ്രോത്സാഹനവും ലഭിയ്ക്കുന്നില്ല. ആചാര്യ വിനോബാ ഭാവെ അല്ലാതെ ആരെങ്കിലും അതിനുവേണ്ടി സ്വമേധയാ യത്നിച്ചിട്ടുണ്ടെന്നും തോന്നുന്നില്ല. ഇന്ത്യയെ ഏകീകരിയ്ക്കുവാനുള്ള ഉദ്യമത്തിൽ ആദ്യമായി ചെയ്യേണ്ട ഒരു കാര്യമാണിത്. അതിനുപകരം ഒരു പ്രാദേശികഭാഷയെ രാഷ്ട്രഭാഷയായി അവരോധിയ്ക്കുകയും അത് എല്ലാവരുടെ മേലും അടിച്ചേല്പിയ്ക്കുവാൻ

Digitized by Kerala Sahitya Akademi

കളമൊരുക്കുകയും ആണ് ഇന്നു ചെയ്യുതിരിക്കുന്നത്. ഇതു വിദ്വേഷത്തിനും പ്രതിഷേധത്തിനും കാരണമായിത്തീരുകയും ചെയ്യുന്നു. ഭാരതീയർ സംസാരിക്കുന്ന എല്ലാ ഭാഷകളും രാഷ്ട്രഭാഷകളാണ്. അവയിലൊന്നിനേയും തേച്ചുമാച്ചുകളയാമെന്ന് ആരും വ്യാമോഹിക്കേണ്ട. ഈ ഭാഷകാംക്കു തമ്മിൽ പരിചയവും പരസ്പരധാരണയും പരിഭാഷാസൌകര്യങ്ങളും വദ്ധിപ്പിക്കുന്നതിനുവേണ്ടിത്തന്നെ ഒരു പഞ്ചവത്സരപദ്ധതി ഉണ്ടാക്കാവുന്നതാണ്, ഉണ്ടാക്കേണ്ടതാണ്. ശാസ്ത്രീയഗവേഷണത്തിനു ''ചങ്ങലപോലെ'' നിമ്മിക്കപ്പെടുന്ന നിരീക്ഷണശാലകളോടൊപ്പം, ഇന്ത്യയെ ഒന്നാക്കുന്നതിനും ഒന്നാക്കി നിത്തുന്നതിനും അത്യന്താപേക്ഷിതമായ ഭാഷാപ്രചാരണസ്ഥാപനങ്ങളും കേന്ദ്രഗവമ്മേണ്ടിൻെറ ആഭിമുഖ്യത്തിൽത്തന്നെ ഏപ്പെടുത്തേണ്ടിയിരിക്കുന്നു. ഭാവിയിലെ സമുദായഘടനയിൽ ദ്വിഭാഷികളും ത്രിഭാഷികളും മററും അതിപ്രധാനമായ ഒരു സ്ഥാനത്തിനു അഹ്റരാകുമെന്നും വിലയേറിയ സേവനങ്ങാം അനുഷ്ഠിക്കുമെന്നും ഉള്ളതു നിശ്ചയമാണ്. പക്ഷെ വിദൂരഭാവിയിലെങ്കിലും അങ്ങിനെയുള്ള സമുദായഘടകങ്ങാം ഉണ്ടാകണമെന്നുകരുതി എന്തു പ്രയത്നമാണ് ഇന്നു നടക്കുന്നത്? യാതൊന്നുമില്ല. അതേപ്പററി ആക്കും ഒരു ചിന്തയുമില്ല. കഷ്ടിച്ച് ഒരു ശതമാനം ഭാരതീയക്കു മനസ്സിലാകുന്ന ഇംഗ്ലീഷുഭാഷയുടെ ''സാവ്വലൌകിക'' ശക്തിയാൽ ഈ 3568 ലക്ഷം ജനങ്ങളുടെ ഭാഷാവിഷയകമായ പ്രയാസങ്ങാം പരിഹരിക്കപ്പെടുമെന്നുള്ള വ്യാമോഹമാണ് അധികാരസ്ഥാനങ്ങളിൽ നിലവിലിരിക്കുന്നത്.

ഈ രാജ്യത്ത് എത്രയോഭാഷകളുണ്ടെന്നും അതുകൊണ്ടുള്ള പ്രയാസങ്ങാം പരിഹരിക്കാൻ സാദ്ധ്യമല്ലെന്നും, അനുക്തസിദ്ധമായ ഒരു പരമാത്ഥമെന്നമട്ടിൽ പലരും പറയുന്നതു കേട്ടിട്ടുണ്ട്. ഇംഗ്ലീഷ്ഭാഷ കൈകാര്യം ചെയ്തുചെയ്തു് മററെല്ലാം മോശമെന്നും ആവശ്യമില്ലാത്തതെന്നും വിചാരിക്കുന്നവക്കാണ് ഇങ്ങനെ തോന്നുന്നതു. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. രാമേശ്വരത്തും കാശിയിലും പഴനിയിലും തിരുപ്പതിയിലും പോയിട്ടുള്ളവക്ക് ഈ അഭിപ്രായത്തിൻെറ അത്ഥശൂന്യത മനസ്സിലാകുന്നതാണ്. സ്കൂളിലും കോളേജിലും പഠിച്ചിട്ടില്ലാത്ത പണ്ടാരങ്ങളും പൂജാരികളും അവിടെ നാലും അഞ്ചും ഭാരതീയ ഭാഷകാം പച്ചവെള്ളംപോലെ കൈകാര്യം ചെയ്യുന്നതു കാണാം. ഭാരതത്തിലെ എല്ലാ ഭാഷകളും വശമുള്ള ചില സമത്ഥന്മാരേയും ഇടയ്ക്കിടെ കാണാവുന്നതാണ്.

Digitized by Kerala Sahitya Akademi

നാടിന്റെ നാനാ ഭാഗത്തുനിന്നും വരുന്ന തീർത്ഥാടകരുമായി അടുത്തുകൂടി അവരുടെ വിശ്വാസം സമ്പാദിച്ചാണ് ഇക്കൂട്ടർ ഉപജീവനം കഴിക്കുന്നത്. ഓരോ ദേശക്കാരുടേയും ഭാഷ മാത്രമല്ല ആചാരങ്ങളും അഭിരുചികളും അന്ധവിശ്വാസങ്ങളും അവാന്തര വിഭാഗങ്ങളും എല്ലാം അവർക്കു നിശ്ചയമുണ്ട്. നമ്മുടെ രാഷ്ട്രീയ കാര്യങ്ങളിലും, വിദ്യാഭ്യാസത്തിലും എന്നു വേണ്ട പരിഷ്കൃതമെന്നു കരുതപ്പെടുന്ന സകല സംരംഭങ്ങളിലും കടന്നുകൂടി, വാശിയും വിരോധവും വിദ്വേഷവും ഉളവാക്കി, ഒരു മഹാശാപമെന്നപോലെ ചിത്രീകരിക്കപ്പെട്ടുപോരുന്ന പ്രാദേശികഭാഷകൾ അന്യോന്യം ഇണങ്ങിമെരുങ്ങി ഒരു പ്രശ്നവും പ്രയാസവും ഉളവാക്കാതെ ഇഷ്ടത്തിൽക്കഴിയുന്നത് ഈ പുണ്യതീർത്ഥങ്ങളിൽ ചെന്നാൽ കാണാവുന്നതാണ്. വാസ്തവത്തിൽ ആംഗ്ലോസാക്സൺ വീക്ഷണഗതിയിൽ അനിവാര്യമായി കലന്നിരിക്കുന്ന അധികാര ദുർമ്മോഹത്തിന്റെ അവശിഷ്ടങ്ങൾ അവരുടെ ഭാഷയോടൊപ്പം ആഗിരണം ചെയ്തുപോയതുമൂലമാണ് ഇന്നു ഭാരതത്തിലെ അഭിജ്ഞവർഗ്ഗം നാട്ടുഭാഷകളെ ഇങ്ങനെ അവഗണിക്കുന്നത്. ആരോ പറഞ്ഞപോലെ ബ്രിട്ടീഷിന്ത്യ മാറി അമേരിക്കൻ ഇന്ത്യ വന്നു എന്നൊരു വ്യത്യാസമേ യഥാർത്ഥത്തിൽ ഇവിടെ ഉണ്ടായിട്ടുള്ളു. നമ്മുടെ ലോകവീക്ഷണമോ സംസ്കാരപ്രവണതകളോ ഒന്നും യഥാർത്ഥത്തിൽ ദേശീയമായിട്ടില്ല. ദൈനന്ദിനജീവിതത്തിൽപോലും ഒരു പരദേശിച്ചുവ കൂടിവരുന്നതുപോലെ തോന്നുന്നു. നമ്മുടെ രാത്രി പുലരിയെ പ്രാപിച്ചെങ്കിലും, ആത്മാഭിമാനത്തിന്റെയും ദേശീയബോധത്തിന്റെയും കണ്ണുകൾ അടച്ചുപിടിച്ചുകൊണ്ടു നാം പിന്നേയും കൂരിരുട്ടിൽ കഴിയുകയാണ്. ''ആംഗലഭാഷാം ശരണം ഗച്ഛാമി'' എന്ന മനോഭാവത്തിന്റെ യഥാർത്ഥകാരണം ഇതാകുന്നു.

Digitized by Kerala Sahitya Akademi

10

# മഗ്ദലനമറിയം

വിശുദ്ധവേദപുസ്തകത്തിലെ പുതിയ നിയമത്തിൽ ലൂക്കോസിൻെറ സുവിശേഷം ഏഴാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള ഒരു കഥയാണ് മഹാകവി വള്ളത്തോൾ മഗ്ദലനമറിയം എന്ന ചെറുകാവ്യത്തിൻെറ ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളത്. ഭോഗലോലുപമായ ജീവിതം നയിച്ച അതിസുന്ദരിയായ ഒരു യുവതി ക്രിസ്തുദേവൻെറ വ്യക്തിപ്രഭാവത്താലും ഉപദേശങ്ങളാലും ആകൎഷിക്കപ്പെട്ടു പശ്ചാത്താപത്തിലൂടെ പരിശുദ്ധയായിത്തീരുന്ന അത്ഭുതപരിവൎത്തനമാണ് കവി വൎണ്ണിച്ചുകാണിക്കുന്നത്. കഥയിതാണ്: പലസ്തീൻ രാജ്യത്തിലെ നെയിൻപട്ടണത്തിൽ മഗ്ദലനമറിയം എന്നൊരു വേശ്യ ജീവിച്ചിരുന്നു. ദരിദ്രയായി ജനിച്ച അവൾ പാപപൂൎണ്ണമായ ജീവിതവൃത്തി സ്വീകരിക്കാനിടയാവുകയും അത്യധികമായ സമ്പത്ത് ആൎജ്ജിക്കുകയും ചെയ്തു. താരുണ്യലക്ഷ്മിയുടെ അനുഗ്രഹമോ അവളുടെ സൗന്ദൎയ്യസമുല്ലൎഷം വിടലോകത്തെ അനുസ്യൂതം ആകൎഷിച്ചുകൊണ്ടിരുന്നു. ഈ ജീവിതം നന്നല്ലെന്ന് ആദ്യമൊക്കെ അവളുടെ അന്തഃകരണം വിലക്കിയിരുന്നെങ്കിലും, പില്ക്കാലത്ത് ഇങ്ങിനെയുള്ള നീതിബോധങ്ങളും ധൎമ്മചിന്തകളും എല്ലാം, കൂടിക്കൂടി വന്ന കാമുകന്മാരുടെ സ്തുതിഗീതങ്ങളിൽ മുങ്ങിമറഞ്ഞുപോയി. ക്രിസ്തുദേവൻ ധൎമ്മോപദേശം നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. അദ്ദേഹത്തിൻെറ ദിവ്യസന്ദേശങ്ങൾ പലസ്തീൻ ജനതയെ ഗാഢമായി ആകൎഷിക്കാൻ തുടങ്ങിയിരുന്നു. ഈ അത്ഭുതപുരുഷനെയും അദ്ദേഹത്തിൻെറ ഉപദേശങ്ങളെയും കുറിച്ചുള്ള കഥകൾ കാമുകസ്തോത്രങ്ങൾ കേട്ടു തഴമ്പിച്ച മറിയത്തിൻെറ കാതുകളിലും വന്നെത്തി.

പൂന്തേനിൻതുള്ളിപോലെങ്ങുനിന്നോ കുളിർ
പ്പൈന്തെന്നലെത്തിച്ച—

ഈ ആൎയ്യസൂക്തങ്ങൾ അവളുടെ അണഞ്ഞുപോയ അന്തഃകരണത്തെ തട്ടിയുണൎത്തി. ''ചാരിത്രം സംരക്ഷിക്കുക'' എന്ന ഉപദേശത്തിൽ അവളുടെ ശ്രദ്ധ പതിഞ്ഞു. തൻെറ അന്നുവരെയുള്ള ജീവിതം ഈ ഉപദേശത്തിൻെറ സമ്പൂൎണ്ണമായ നിഷേധമായിരുന്നു

Digitized by Kerala Sahitya Akademi

എന്നും പാപത്തിൻെറ നടുക്കടലിലാണ് താൻ വീണുപോയി രിക്കുന്നതെന്നും അവൾ മനസ്സിലാക്കി. സഹിക്കവയ്യാത്ത വേദ നയും സങ്കടവും അനുഭവിച്ച് പശ്ചാത്താപാർത്തയായി അവൾ കരഞ്ഞുതുടങ്ങി.

ധീരസഹസ്രത്തെ ലീലയാ കേഴിച്ച
നീരലർക്കണ്ണിണ തൂകും ബാഷ്പം
ഏതോ വിശിഷ്ടമാം തീർത്ഥനീർപോലെയി–
പ്പാതകഭീതയെപ്പൂതയാക്കി.
ആശു മററെല്ലാം മറന്നവൾക്കാശയം
യേശുമഹേശനിൽ ചെന്നു പററി.

ഇങ്ങനെ മലീമസമായ ജീവിതചര്യയിൽനിന്ന് അവൾ ഈശ്വര വിശ്വാസത്തിൽ എത്തിച്ചേന്നു. തൻെറ ധനമെല്ലാം സാധു ക്കൾക്കു ദാനം ചെയ്തിട്ട് അവൾ തപസ്വിനിയായി. ഇങ്ങിനെ യുള്ള പ്രതിസന്ധിഘട്ടത്തിലാണ് ക്രിസ്തു നെയിൻപട്ടണത്തിൽ എത്തിയിട്ടുണ്ടെന്ന് അവൾ അറിഞ്ഞത്. ശീമോൻ എന്ന യഹൂ ദപ്രഭുവിൻെറ അതിഥിയായി അദ്ദേഹം വന്നിരിക്കുകയാണ്. അ തറിഞ്ഞ മാത്രയിൽ അവൾ അദ്ദേഹത്തിൻെറ അടുക്കലേക്കു തിരി ക്കുന്നു. അവിടെച്ചെന്ന് ആതിഥേയൻെറ നീരസങ്ങളൊന്നും വകവെക്കാതെ അവൾ ക്രിസ്തുദേവൻെറ പാദങ്ങളിൽ പ്രണമിച്ച തൻെറ അപരാധങ്ങൾ ഏററുപറയുന്നു. വേശ്യകളെ വെളിയിൽ കണ്ടാൽ കല്ലെറിഞ്ഞു കൊല്ലുന്ന ആ യഹൂദരാജ്യത്തു, കുപ്രസിദ്ധ യായ മറിയം, നാട്ടിൽ പ്രഭുവായ ശീമോൻെറ അതിഥിസല്ക്കാര സദസ്സിൽവെച്ച് ക്രിസ്തുദേവൻെറ ദിവ്യാനുഗ്രഹങ്ങൾക്കു പാത്രീ ഭവിച്ച് പാപമോചനം നേടുന്നു; ക്രിസ്തുവിൻെറ കൃപാമൃതം അവളെ പുണ്യവതിയാക്കുന്നു.

ഈ കാവ്യത്തെ ക്രിസ്തുമതതത്വപ്രതിപാദകമായ ഒരു പ്രബന്ധ മായിട്ടല്ല, മനുഷ്യകഥാനുഗായിയായ ഒരു കവിയുടെ ഹൃദയത്തിൽ പ്രതിഫലിച്ച ഒരു സ്തോഭനാടകമായിട്ടാണ് കാണേണ്ടത്. അങ്ങി നെ ചെയ്താൽ ഉപദേശം ശ്രവിച്ചുണ്ടായ ഉണർവ്വും തൽഫലമായ പശ്ചാത്താപവുമല്ല, അതിനിടയാക്കിയ ചേതോവികാരമാണ്, ഈ കൃതിയുടെ ജീവൻ എന്നു മനസ്സിലാക്കാം. ഈ ചേതോവികാരം പരമപാവനമായ പ്രണയമല്ലാതെ മററെന്താണ്? രതി, രാഗം, പ്രേമം, പ്രണയം എന്നിങ്ങനെ അല്പാല്പ വ്യത്യാസത്തോടുകൂടിയ

Digitized by Kerala Sahitya Akademi

പല പേരുകളിൽ അറിയപ്പെടുന്ന ചേതോവികാരം വെറും ഭോഗലാലസയാണെന്നും, അതിൽ അദ്ധ്യാത്മമൂല്യങ്ങളും അനശ്വരസത്യങ്ങളും ഒന്നുമില്ലെന്നും കരുതുന്നവർക്ക് ആപാതമധുരമായ ഈ കാവ്യത്തിന്റെ അനുഭവൈകവേദ്യമായ ആന്തരസൗന്ദര്യം ഗ്രഹിക്കുവാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. ഉപദേശശ്രവണംകൊണ്ടു മാത്രം മനുഷ്യചിത്തം നന്മയിലേക്കു തിരിയുമെങ്കിൽ, ഈ ചപല ലോകം ഇതിനെത്രയോമുമ്പുതന്നെ സ്വർഗ്ഗമാകേണ്ടതായിരുന്നു. എങ്ങുനിന്നോ യദൃച്ഛയാ വന്നെത്തിയ ധർമ്മോപദേശം കേട്ട മാത്രയിൽ, പാപഭൂയിഷ്ഠമായ മലീമസജീവിതം നയിച്ച മഗ്ദലനമറിയം മാനസാന്തരപ്പെട്ടു എന്നു കരുതുന്നതു മനുഷ്യസ്വഭാവത്തിനു യോജിച്ചതായി തോന്നുന്നില്ല. വാസ്തവത്തിൽ, ക്രിസ്തുവിന്റെ വ്യക്തിമാഹാത്മ്യത്തിലുണ്ടായ അഭിനിവേശമാണ് അവളുടെ ജീവിതത്തെ പരിവർത്തനാവിധേയമാക്കുന്നത്. കനകത്തിന്റെയും കാമിനിയുടെയും വശീകരണശക്തിക്കു വഴിപ്പെടാത്ത ഈ അപൂർവ്വമനുഷ്യനെപ്പററിയുള്ള അത്ഭുത കഥകളാണ് അവളുടെ ജിജ്ഞാസയെ തട്ടിയുണർത്തിയത്. സൗന്ദര്യസമ്പൽസമൃദ്ധികളിൽ അദ്വിതീയയെങ്കിലും ലോകത്തിന്റെ അവജ്ഞയ്ക്കുമാത്രം പാത്രമായിരുന്ന അവൾക്ക് അകിഞ്ചനനും അവധൂതനുമായ അദ്ദേഹത്തിന്റെ യശസ്സ് ഒരു മഹാത്ഭുതമായി തോന്നിയിരിക്കണം. അതു നിഷേധിക്കുവാനാവാത്ത ഒരു പരമാർത്ഥമാണെന്നു ബോദ്ധ്യം വന്നതോടെ അവളുടെ മനോഭാവം അത്യഗാധമായ ആദരവായും അഭിനിവേശമായും മാറുന്നു; ആ അത്ഭുത പുരുഷന്റെ നേർക്ക് അവൾക്കൊരു രതിഭാവം തന്നെ കൈവരുന്നു.

ഈശങ്കലായവൾക്കുള്ള രതിഭാവം—
പേശലശുഭ്രമാം പ്രേമപൂരം—
ഉള്ളിൽനിറഞ്ഞു വഴിഞ്ഞു പുറത്തേക്കു
തള്ളിയൊഴുകി തൽക്കണ്ണിലൂടെ.

നിത്യപവിത്രമായ ഈ പ്രണയമാണ് അവളെ പശ്ചാത്താപാകുലയാക്കുന്നതും, അവളുടെ പാപപങ്കിലമായ ജീവിതത്തെ ആകപ്പാടെ അതിശീഘ്രം രൂപാന്തരപ്പെടുത്തുന്നതും. ധീരന്മാരായ കാമുകപ്പരിഷയെ കളിക്കുവേണ്ടി കരയിച്ചു മദോന്മത്തയായി ജീവിച്ച അവൾ അധീരയായി, അവശയായി, താൻ കണ്ടിട്ടുപോലുമില്ലാത്ത ഒരു പുരുഷനുവേണ്ടി, അദ്ദേഹത്തിന്റെ കരുണാകടാക്ഷം തന്നിൽ പതി

Digitized by Kerala Sahitya Akademi

ഷ്കൂവാൻവേണ്ടി, കരഞ്ഞു തുടങ്ങുന്നു. അദ്ദേഹത്തിൻെറ ആശയങ്ങൾക്കും ആദർശങ്ങൾക്കും യോജിച്ച ഒരു ജീവിതമല്ല തൻേറതെന്ന് അവൾ മനസ്സിലാക്കുന്നു. ഇങ്ങിനെയാണ് അവൾ പശ്ചാത്താപാർത്തയാകുന്നത്.

ഉജ്ജ്വലമായ ഒരു പ്രണയകഥയുടെ കരുക്കളാണ് കവി ഈ കാവ്യത്തിൽ സംവിധാനം ചെയ്തിരിയ്ക്കുന്നത്. മകരന്ദവാഹിയായ മന്ദമാരുതൻ വീശി, പൂങ്കുയിലുകളുടെ കളകൂജനങ്ങളാൽ മുഖരിതമായി, ചന്ദ്രികയിൽ മുഴുകി, മനോമോഹനമായ ഒരു വസന്തരാത്രിയിലാണ് അദ്ദേഹം വിവരിയ്ക്കുന്ന സംഭവം നടക്കുന്നത്. മാദകമായ ഈ ചുറ്റുപാടുകളിൽ ക്രിസ്തു പ്രവേശിയ്ക്കുന്നു.

ശീമോൻെറ പൂമേടതന്നിലെ നേത്രാഭി—
രാമവിശാലമാം ശാലയിങ്കൽ
എണ്ണപ്പെട്ടുള്ള സുഗന്ധം പരത്തുന്നോ—
രെണ്ണപകൎന്നു കൊളുത്തിച്ചെമ്മേ
തൂവെള്ളിച്ചങ്ങലത്തുമ്പത്തതാതിടം
തൂക്കിയ ദീപത്തിൻ ദീപ്തിപൂരം
ദൂരിതമാകുമാറങ്ങണഞ്ഞിതൊരു
പൂരുഷരൂപമാം തേജഃപുഞ്ജം.

ഒരു സിദ്ധനോ സന്യാസിയോ സൎവ്വസംഗപരിത്യാഗിയോ ആയിട്ടല്ല, കാമ്യനും കമനീയവിഗ്രഹനും ന്യൂഃപാചിതാഡംബരങ്ങൾ അററിയ്ക്കുന്നവനും ആയ ഒരു ധീരോദാത്തനായകനായിട്ടാണ് കവി ക്രിസ്തുവിനെ പ്രവേശിപ്പിയ്ക്കുന്നത്. നരഹൃദയങ്ങളിൽ, നാരീഹൃദയങ്ങളിൽ, പ്രഥമ ദർശനത്തിൽത്തന്നെ അധീശത്വം ലഭിയ്ക്കുന്ന ഒരു പുരുഷോത്തംസത്തെയാണ് നാം കാവ്യാരംഭത്തിൽ കാണുന്നത്.

തത്രഭവാൻെറ തഴച്ചകാർകുന്തലും
വക്ത്രപ്പൊയ്ത്താരിലെ വണ്ടിൻചാർത്തും
തെല്ലൊന്നുലഞ്ഞു വിളങ്ങി, കാളിന്ദിയിൽ
മെല്ലെത്തുളുമ്പുന്നൊരോളംപോലെ.

എന്നു കവി ആ രംഗം അവസാനിപ്പിയ്ക്കുന്നു. ഒടുവിലത്തെ ആ ഉപമ കരുതിക്കൂട്ടി പ്രയോഗിച്ചതാണ്. ഭാരതീയഹൃദയങ്ങളിൽ നിത്യവും നിരതിശയവുമായ പ്രണയത്തിൻെറ പ്രതീതിയുളവാക്കുവാൻ കാളിന്ദീപുളിനങ്ങളെക്കുറിച്ചുള്ള പ്രസ്താവനയോളം സമൎത്ഥമായി മറെറന്തുണ്ട്?

Digitized by Kerala Sahitya Akademi

അടുത്തതായി, ഉദാത്തമോഹനമായ ഈ രംഗത്തിലേയ്ക്കു കവി മനോഹരസർവ്വാംഗിയായ മറിയത്തിനെ ആനയിയ്ക്കുന്നു. ഉയർന്നുലയുന്ന മാറിടത്തോടും, കെട്ടഴിഞ്ഞു നീലത്തഴപോലെ നീണ്ടിരുണ്ടു കിടക്കുന്ന തലമുടിയോടുംകൂടി, വെമ്പലോടെ ഏകാകിയായി അവൾ പ്രവേശിയ്ക്കുന്നു. ശീമോൻെറ മണിമാളിക കണ്ടപ്പോൾ ത്തന്നെ അവൾ രോമാഞ്ചിതഗാത്രിയാകുന്നു. ആസന്നസാഗരയായ നദിയ്ക്കെന്നപോലെ അവൾക്കു ഗതിവേഗം നിലയ്ക്കുന്നു. തീക്ഷ്ണമായ, ഏകാഗ്രമായ, സർവ്വംകഷമായ പ്രണയത്തിൻെറ പദവിന്യാസങ്ങളല്ലാതെ മററെന്താണ് നാമിവിടെ കേൾക്കുന്നത്? നായികയുടെ സർവ്വാംഗസൌന്ദര്യത്തെ സനിഷ്കർഷം വർണ്ണിച്ചും അവളുടെ ഹൃദയഭാവങ്ങളെ വ്യംഗ്യഭംഗിയോടെ സൂചിപ്പിച്ചുമാണ് കവി ഈ ഭാഗം നിബന്ധിച്ചിരിയ്ക്കുന്നത്. അവളുടെ പൂർവ്വകഥകളെല്ലാം അദ്ദേഹം ഇതിനുശേഷമേ വർണ്ണിയ്ക്കുന്നുള്ളു. നിർത്തിയാൽ നില്ക്കാത്ത അഭിനിവേശത്താൽ പ്രചോദിതയായി തൻെറ ഹൃദയാഭിലാഷത്തിൽ അഭിമാനംപൂണ്ടു സമസ്തലോകത്തെയും തൃണവൽഗണിച്ചു കാമുകസന്നിധിയിലേയ്ക്കു കയറിച്ചെല്ലുന്ന ഒരു കുലാംഗനയുടെ പ്രതീതിയാണ് അവൾ ജനിപ്പിയ്ക്കുന്നത്.

കാമിനീമൌലേ സമാശ്വസിച്ചാലും നീ
കാമിതമെന്തിനിക്കൈവരേണ്ടു?
മിന്നിവിടന്ന നിൻമീനൊളിക്കണ്ണിനു
മുന്നിലായ് പുണ്യമാം സാങ്കേതം തേ

എന്നു കവി അവളെ സാന്ത്വനപ്പെടുത്തുന്നുണ്ടെങ്കിലും ഏതോ ഒരു മഹാസാഹസത്തിനാണ് അവളുടെ പുറപ്പാടെന്നു നാം ശങ്കിച്ചുപോകുന്നു. വാസ്തവത്തിൽ അവൾ ചെയ്യുന്നത് ഒരു വലിയ സാഹസമല്ലാതെ മറെറന്താണ്? രാജകീയസന്നാഹങ്ങൾ നിറഞ്ഞ ഗംഭീരമായ ആ സല്ക്കാരശാലയിൽ കൂസലില്ലാതെ കയറിച്ചെന്നു ബഹുമാന്യാതിഥിയായിവന്നിരിയ്ക്കുന്ന പുരുഷശ്രേഷ്ഠൻെറ പാദങ്ങളിൽ പ്രണമിയ്ക്കുവാനും, കണ്ണീരൊഴുക്കുവാനും ചുംബിയ്ക്കുവാനും അവൾ മുതിരുന്നു.

ചെന്നവഴിയ്ക്കവൾ സാഷ്ടാംഗം വീണിതു
വന്ദ്യനാംനാഥൻെറ തൃപ്പാദത്തിൽ.
പങ്കമകന്നകണ്ണീരിൽക്കഴുകിയ
തങ്കത്തൃക്കാൽകളെത്താഴ്മയോടെ

Digitized by Kerala Sahitya Akademi

നേത്ത പട്ടിന്നു നേക്കൊണ്ട വാർകുന്തലാൽ–
ത്തോത്തിത്തുടച്ചവ രണ്ടിന്മേലും
ചെമ്പവിഴങ്ങറം പതിഷ്ഠയായ് കാമിനി
തൻപരിചേലവവായ്മലരാൽ.

പരിശുദ്ധമായ പ്രണയാനുഭൂതിയിൽനിന്നുളവായ ധീരതയാണ് നാം ഇവിടെക്കാണുന്നത്. ശീമോനും മററും അവളുടെ ഈ സാഹസം കണ്ട് അമ്പരക്കുന്നു; കോപാകുലരാകുന്നു. പക്ഷേ പാരംഗിതജ്ഞനായ ക്രിസ്തുദേവൻ

വെൺചന്ദ്രികക്കു നിറംകുട്ടമാറൊന്നു
പുഞ്ചിരികൊള്ളുകമാത്രംചെയ്തു.

അവളുടെ ഹൃദയത്തിൽ തൻെറനേക്കു നിറഞ്ഞുതുളുമ്പുന്ന പ്രണയം അദ്ദേഹം മനസ്സിലാക്കി. അതൊരു നിഷിദ്ധവികാരമാണെന്നോ, സിദ്ധനും തപസ്വിയുമായ താൻ അതല്ല അർഹിക്കുന്നതെന്നോ അദ്ദേഹം സൂചിപ്പിക്കുന്നുപോലുമില്ല. ആ പ്രണയനാടകത്തിൽ നിന്നു വിട്ടൊഴിഞ്ഞുനില്ക്കുവാൻ അദ്ദേഹം ബദ്ധപ്പെടുന്നില്ല. അദ്ദേഹത്തിൻെറ തുടുതുടുത്ത ഹൃദയം നമുക്കു കാണുവാനും അതിൻെറ അനുഭാവപൂർണ്ണമായ പ്രതിസ്പന്ദനങ്ങറം നമുക്കു കേഠംക്കുവാനും സാധിക്കുന്നു. ക്രിസ്തുമതം തപശ്ചര്യയിൽ അധിഷ്ഠിതമാണെന്നും രതിയും രാഗവുമെല്ലാം തപസ്വിക്കു നിഷിദ്ധമാണെന്നും പറയാറുണ്ട്. പക്ഷേ ക്രിസ്തുവിൻെറ ജീവിതത്തിൽ വളരെ പ്രസിദ്ധമായ ഈയൊരു രംഗത്തെ പ്രസ്തുത വീക്ഷണകോടിയിൽനിന്നു ദശിച്ചാൽ അതു നിരർത്ഥകവും നിർജ്ജീവവുമായിത്തോന്നുമെന്നുള്ളതു നിശ്ചയമാണ്. ഏതായാലും സ്ത്രീപുരുഷപ്രേമത്തിൻെറ പരമോൽകൃഷ്ടഭാവത്തിൽനിന്നുളവാകുന്ന അരുണപ്രകാശത്തിൻെറ പരിവേഷം കൊടുത്താണ് മഹാകവി വള്ളത്തോഠം ഈ രംഗം രചിച്ചിരിക്കുന്നത്. അദ്ദേഹത്തിൻെറ ക്രിസ്തു അനാർദ്രനും പ്രണയത്തിനു വെളിയിൽ നില്ക്കുന്നവനും അല്ല. ഈ ഭാഗം ശ്രദ്ധിക്കുക.

വേശ്യതൻ സ്നേഹത്തിൽമുങ്ങീ മഹേശ്വരൻ
പാശ്വസ്ഥരാശ്ചര്യസ്തബ്ധരായി.
പാരാതവളുടെ സൽക്രിയാസൌരഭ്യം
താരാപഥത്തിലും വ്യാപരിച്ചു

Digitized by Kerala Sahitya Akademi

കുബ്ജയാം സൈരന്ധ്രി രാജാംഗരാഗത്താ-
ലബ്ജദളാക്ഷനെയെന്നപോലെ
അന്യാദൃശാമോദതൈലാഭിഷേകത്താൽ
കന്യാതനൂജനെ പ്രീതനാക്കി
തന്നുയിർ നാഥങ്കൽ ചേർക്കുവാനായിട്ടോ
തന്വിയാം നീണ്ടൊരു വീർപ്പു വിട്ടു.

അവളുടെ പ്രണയത്തിന്ന് അതർഹിക്കുന്ന അനുരണനം അദ്ദേഹത്തിൽ നിന്നുണ്ടാകുന്നു. ആ രണ്ടാത്മാക്കൾക്കു തമ്മിലുള്ളതായിത്തോന്നിയ അകൽച്ച അപ്രത്യക്ഷമാകുന്നു; ലോകത്തിൻെറ ദുഃഖത്തിനും ദോഷത്തിനും മൂലകാരണമായ വ്യതിരേകഭാവം അസ്തമിക്കുന്നു. മറിയത്തിൻെറ ഭാഗത്തു മനുഷ്യൻ ഈശ്വരനായും മറുഭാഗത്തു മഹേശ്വരൻ മനുഷ്യനായും മാറുന്നതും പ്രണയം സാക്ഷാൽ മോക്ഷമായിത്തീരുന്നതും നാം കാണുന്നു; അനുഭവിക്കുന്നു. പാപത്തിൻെറ നീചഗർത്തത്തിൽനിന്നുളവായ പ്രണയവല്ലരി ദൈവപുത്രൻെറ ഹൃദയതരുവിൽ ചുററിപ്പടരുന്നു. ലോകത്തിൻെറ പാപഭാരത്തിനു പരിഹാരമായി കുരിശിൽ മരിച്ച ക്രിസ്തുവിനെ ആത്മത്യാഗിയും പരമകാരുണികനുമായിട്ടാണ് നാം കാണുന്നത്. എന്നാൽ ഇവിടെയാകട്ടെ അദ്ദേഹം സ്നേഹമൂർത്തിയായി, പ്രേമസ്വരൂപനായി, ഹൃദയാഭിലാഷത്തിൻെറ പ്രതിധ്വനിയായി, മനുഷ്യത്വത്തിൻെറ മാധുര്യസാരമായി പ്രത്യക്ഷപ്പെടുന്നു. മനുഷ്യനുവേണ്ടി മരിക്കുവാനല്ല, മനുഷ്യത്വത്തിനുവേണ്ടി ജീവിക്കുവാനുള്ള ഒരു പ്രവണതയാണ് ഇവിടെ നാം കാണുന്നത്. പ്രണയത്തിൻെറ പ്രതിസ്പന്ദനങ്ങളും പ്രഭാതത്തിൻെറ പ്രത്യാശകളും വഹിച്ചുനില്ക്കുന്ന ഒരു മഹാപുരുഷൻെറ മനോഹരചിത്രം നമ്മുടെ മനസ്സിൽ അവശേഷിപ്പിച്ചുകൊണ്ടാണ് കാവ്യം അവസാനിക്കുന്നത്.

അതതൽകൊണ്ടനഘയാമമ്മഹാഭക്തയെ
ക്രിസ്തുഭഗവാൻെറ തൃക്കടാക്ഷം
ആസ്ഥയാ സ്പർശിച്ചു, സുപ്രഭാതാർക്കൻെറ
യാദ്യാംശുകന്ദളമെന്നപോലെ.

അതിമനോഹരമായ ഈ കാവ്യം ഭക്തിയുടെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു നിരീക്ഷണമാണെന്നുകൂടി പറയേണ്ടതുണ്ട്. ഏറെക്കുറെ എല്ലാ മതങ്ങളിലും ഈ മോക്ഷമാർഗ്ഗം അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ക്രിസ്തുമതത്തിലാണ് അതിന് ഏററവും

Digitized by Kerala Sahitya Akademi

വലിയ പ്രാധാന്യം നല്കിയിട്ടുള്ളത്. ഭക്തിമാർഗ്ഗപ്രധാനമായ ഭാഗവതപ്രസ്ഥാനം ഭാരതത്തിൽ പ്രചാരത്തിൽ വന്നതു ക്രിസ്തുമതത്തിന്റെ സമ്പർക്കംമൂലമാണെന്നുകൂടി ചില ചിന്തകന്മാർ അഭിപ്രായപ്പെടുന്നു. ബുദ്ധിയെയല്ല ഹൃദയത്തെയാണ് ഈ മാർഗ്ഗം അവലംബിക്കുന്നത്. ഹൃദയത്തിന്റെ ലോകത്തിൽ രതിക്കുള്ള സ്ഥാനം അദ്വിതീയവുമാണ്. മനുഷ്യജീവിതം മുഴുവനുംതന്നെ രതിയുടെ തരംഗങ്ങളിൽ ചാഞ്ചാടുന്ന വെറും പൊങ്ങുതടിയാണെന്നു ഫ്രോയ്ഡ് പറയുന്നു. കാമിനീകാമുകബന്ധരൂപത്തിലുള്ള മധുരഭാവമാണ് ഭക്തിയുടെ ഏറ്റവും ശ്രേഷ്ഠരൂപമെന്നു കരുതപ്പെട്ടുപോരുന്നു. ഈ സങ്കല്പം പലപ്പോഴും ശുദ്ധമേ മാംസികമായ ബന്ധത്തിന്റെ നിലയിലേയ്ക്കു് അധഃപതിച്ചിട്ടുണ്ടെങ്കിലും, അതിൽ ഭക്തിയുടെ യഥാർത്ഥ തത്വം അടങ്ങിയിട്ടുണ്ടെന്നുള്ളതു സ്പഷ്ടമാണ്. ഈ തത്വത്തിന്റെ ഉദീരണമാണ് വള്ളത്തോൾ മധുനിഷ്യന്ദിയായ തന്റെ കവിതയിലൂടെ ഈ കൃതിയിൽ സാധിച്ചിട്ടുള്ളത്. മറിയത്തിന്റെ ഹൃദയത്തിൽ പ്രണയവും ഭക്തിയും ഒന്നുതന്നെയാണെന്ന് അദ്ദേഹം അനുഭവൈകവേദ്യമായ രീതിയിൽ നമുക്കു കാണിച്ചുതരുന്നു. പ്രണയത്തിനുവേണ്ടിയുള്ള ഒരു തീർത്ഥാടനമാണ് അവൾ അനുഷ്ഠിക്കുന്നത്. അനുസരണത്തിനല്ല, അഭിസരണത്തിനുതന്നെയാണ് അവൾ മുതിരുന്നത്. അതുകൊണ്ടുമാത്രമേ അവൾ തൃപ്തയാകുന്നുള്ളു; മുക്തി നേടുന്നുള്ളു.

ചെറുശ്ശേരിക്കുശേഷം ഇന്നുവരെ മററാർക്കും സിദ്ധിച്ചിട്ടില്ലാത്ത വൈദഗ്ദ്ധ്യത്തോടെ മധുരോദാരമായ മാകന്ദമഞ്ജരീവൃത്തം കൈകാര്യംചെയ്ക വള്ളത്തോൾ ആ വൃത്തംതന്നെയാണ് ഈ കൃതിയിലും സ്വീകരിച്ചിട്ടുള്ളത്. പരമഭാഗവതനായ ചെറുശ്ശേരി ഭക്തിപ്രധാനമായ കൃഷ്ണഗാഥ രചിച്ചു. ആ പാരമ്പര്യം വെച്ചു നോക്കിയാൽ ഈ കാവ്യത്തിന്നു ക്രിസ്തുഗാഥയെന്നുകൂടി പേരിടാവുന്നതാകുന്നു. രണ്ടു കൃതികളുടേയും പ്രമേയം സാരാംശത്തിൽ ഒന്നുതന്നെയാണ്. പല പേരുകളിൽ അറിയപ്പെടുന്നുവെങ്കിലും ഈശ്വരൻ ഒന്നാണല്ലോ.

[എ. ഐ. ആറി(തിരുവനന്തപുരം)ന്റെ അനുമതിയോടുകൂടി.]

Digitized by Kerala Sahitya Akademi

## 11

# പൌരാണികകാവ്യങ്ങളും ആധുനികസാഹിത്യവും

പൗരാണികമായ ഒന്നിനോടും പറയത്തക്ക മമതയോ ബഹുമാനമോ ഇല്ലാത്ത കാലമാണിത്. പുതുമയെ തേടിയുള്ള പരക്കം പാച്ചിലാണ് സകല സംഗതികളിലും കാണുന്നത്. സംസ്കാരത്തിന്റെ വാഹനമായ സാഹിത്യത്തിൽ ഇതു പ്രത്യേകിച്ചും കാണാവുന്നതാണ്. സാഹിത്യകാരന്മാരെല്ലാംതന്നെ പുതുമയ്ക്കുവേണ്ടി ഉഴറിനടക്കുകയാണ്. പുതിയ പുതിയ പ്രമേയങ്ങളും പ്രശ്നങ്ങളും ആഖ്യാന രീതികളും കാവ്യമാതൃകകളും കൈകാര്യം ചെയ്യുന്നതിനുള്ള ഒരു വ്യഗ്രത സർവ്വത്ര കാണുമാനുണ്ട്. ഓരോരോ "ഇസ" ങ്ങളുടെ പേരിലാണ് ഈ പുതുമകളുടെയെല്ലാം പുറപ്പാട്. റിയലിസം, എക്സ്പ്രഷനിസം, സിംബോളിസം, സർറിയലിസം, ഫ്യൂച്ചറിസം, പ്രോഗ്രസിവിസം എന്നിങ്ങനെ എത്രയോ പുത്തൻ സമ്പ്രദായങ്ങളെപ്പററി നാം കേൾക്കുന്നുണ്ട്. ഇവയിൽ ഒട്ടുമിക്കതിന്റെയും ജനനം ഫ്രാൻസിലാണെന്നാണ് തോന്നുന്നത്. ചഞ്ചലത്വത്തിന്റെ പര്യായമായ ആ രാജ്യം ഇത്തരം പുതുമോടികൾക്ക് വളരെ പററിയതാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ പുതിയ പ്രസ്ഥാനങ്ങളിലുള്ള താല്പര്യവും ശ്രദ്ധയും വർദ്ധിച്ചുവർദ്ധിച്ച് അവയ്ക്കു സാഹിത്യകലയിൽ എന്തെന്നില്ലാത്ത പ്രാധാന്യം സിദ്ധിക്കുകയും, ഒടുവിൽ സാഹിത്യം എന്നു പറയുന്നതുതന്നെ ഈ പ്രസ്ഥാനങ്ങളാണെന്നുള്ള ധാരണ വന്നുകൂടുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ എക്സ്പ്രഷനിസ്റ്റ് നാടകം, ഏററവും മികച്ച സിംബോളിസ്റ്റ് കവിത എന്നിങ്ങനെയുള്ള വിശേഷണങ്ങൾ സാഹിത്യകൃതികൾക്കു നൽകിവരുന്നതിൽനിന്നുതന്നെ ഈ സംഗതി ഏറക്കുറെ വ്യക്തമാകുന്നതാണ്. പ്രസ്ഥാനത്തിന്റെ പേര് പറഞ്ഞതുകൊണ്ടു പ്രസ്തുത കൃതികൾക്ക് സാഹിത്യപരമായ കലാമൂല്യം കൈവന്നിട്ടുണ്ടെന്നുള്ള ഒരു വ്യാമോഹം ഈ നിർവ്വചനങ്ങളിൽ അന്തർഭവിച്ചിട്ടുണ്ട്. ഇതു വളരെ ആപല്ക്കരമായി കരുതേണ്ടിയിരിക്കുന്നു. പുതുമയോ, പ്രസ്ഥാനമോ, മററാരും കേട്ടിട്ടില്ലാത്ത

Digitized by Kerala Sahitya Akademi

പേരുകളോ, സാഹിത്യത്തിൻെറ ഫലം ചെയ്യുകയില്ല. അതെല്ലാം വെറും ഭ്രമമാണ്. ഉൽകൃഷ്ടമായ കാവ്യാനുഭൂതി ജനിപ്പിക്കുക എന്നതാണ് സാഹിത്യത്തിൻെറ പരമമായ ധർമ്മം. പുതുമയെക്കുറിച്ചുള്ള വ്യഗ്രതയും പ്രസ്ഥാനഭേദങ്ങളിൽ ചേരുന്നതിനുള്ള വെമ്പലും എല്ലാം സഹൃദയനെ സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനമാണ്. ഏററവും പുതിയ പ്രസ്ഥാനത്തിൻെറ ലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയതും, പാരീസ്സിൽനിന്ന് പ്രസിദ്ധപ്പെട്ടത്തിയ മാത്രയിൽതന്നെ ഇങ്ങോട്ടു കൊണ്ടുവരപ്പെട്ടതും ആയ കൃതിയാണെങ്കിൽ കൂടിയും, നമ്മെ രസിപ്പിക്കുവാൻ പര്യാപ്തമല്ലെങ്കിൽ സാഹിത്യമായി എണ്ണപ്പെടുകയില്ല. ഇന്ന് പുതു മോടികളിലും പ്രസ്ഥാനഭേദങ്ങളിലും പ്രദർശിപ്പിച്ചുവരുന്നതുപോലെതന്നെയുള്ള താല്പര്യമാണ് മുമ്പൊരു കാലത്ത് കവിയശഃപ്രാർത്ഥികരം അലങ്കാരങ്ങളുടെ അവാന്തരവിഭാഗങ്ങളിലും മഹാകാവ്യലക്ഷണങ്ങളിലും കാണിച്ചിരുന്നത്.

ഇമ്മാതിരിയുള്ള ഭ്രമങ്ങളും വ്യാമോഹങ്ങളും താല്ക്കാലികങ്ങളാണ്. അവയൊന്നും അധികകാലം നിലനില്ക്കുകയില്ല. അവയുടെ ആകർഷണശക്തി ക്ഷയിക്കുകയും, അവയോടു തോന്നുന്ന ആസക്തി അസ്തമിക്കുകയും ചെയ്യുമ്പോരം യഥാർത്ഥമായ സാഹിത്യമൂല്യത്തിൽ ശ്രദ്ധ പതിഞ്ഞുതുടങ്ങും. പുതുമയുടെ പകിട്ടുകൊണ്ടും തല്ക്കാലഭ്രമംകൊണ്ടും എന്തെന്നില്ലാത്ത പ്രാമാണ്യം നേടുന്ന പല കൃതികളും കാലവുമായുള്ള കഠിനസമരത്തിൽ പരാജയമടയുന്നതും വിസ്മൃതിയിൽ താണുപോകുന്നതും സാഹിത്യത്തിൻെറ ചരിത്രത്തിൽ സർവ്വസാധാരണമായ സംഭവങ്ങളാകുന്നു. പൌരാണികകാവ്യങ്ങളേയും ആധുനികസാഹിത്യത്തേയും കുറിച്ചു ചിന്തിക്കുമ്പോരം ഒരിക്കലും മറക്കരുതാത്ത ഒരു മഹാതത്ത്വമാണിത്. ഒന്നോ രണ്ടോ തലമുറക്കാലമല്ല, ആയിരമായിരം വർഷങ്ങളായി വലിയ വലിയ ജനവിഭാഗങ്ങളുടെ സഹൃദയത്വത്തെ സംതൃപ്തമാക്കി, അത്യത്ഭുതകരമായ ആയുർബലത്തോടെ നില്ക്കുന്ന സാഹിത്യകൃതികളാണ് പൌരാണികകാവ്യങ്ങരം. അവയെ കുഴിച്ചുമൂടണമെന്നു പറയുവാനും അധിക്ഷേപിക്കുവാനും ഏതു ജളനും കഴിയുന്നതാണ്. പക്ഷെ, ഇന്നത്തെ പുത്തൻകൃതികളിൽ എത്രയെണ്ണത്തിൻെറ കുഴിച്ചുമൂടലാണ് അവയുടെ കർത്താക്കരംക്കുതന്നെ കാണേണ്ടിവരുന്നതെന്ന ദയനീയവസ്തുതയെക്കുറിച്ച് അല്പമെങ്കിലും ആലോചിക്കുന്നവർ അതിനു തുനിയുകയില്ല. മാറിമറിയുന്ന ലോകഗതിയിൽ

Digitized by Kerala Sahitya Akademi

കാലത്തിന്റെ തെളിവല്ലാതെ മറെറന്താണ് വിശ്വാസയോഗ്യമായുള്ളത്? അതിനെ ആസ്പദമാക്കിനോക്കുമ്പോൾ ഈ പൌരാണികകാവ്യങ്ങളാണ് സാഹിത്യവിദ്യയുടെ സർവ്വോൽകൃഷ്ടസൃഷ്ടികളെന്നു പറയേണ്ടിയിരിക്കുന്നു. അവയുടെ മാഹാത്മ്യം മനസ്സിലാക്കുവാൻ കഴിയാത്തവൻ സാഹിത്യയത്നത്തെക്കുറിച്ച് സ്മരിക്കുവാൻപോലും അർഹതയില്ലാത്തവനാകുന്നു.

പൌരാണികകാവ്യങ്ങളെപ്പററി ചിന്തിക്കുമ്പോൾ മൂന്നുനാമങ്ങളാണ് നമ്മുടെ സ്മൃതിപഥത്തിൽ എത്തുന്നത്. വാല്മീകി, വ്യാസൻ, ഹോമർ. ആദ്യം പറഞ്ഞ രണ്ടുനാമങ്ങളും ഭാരതീയസംസ്കാരത്തിന്റെ പര്യായങ്ങളാണ്. ഹോമർ യവനസാഹിത്യത്തിന്റേയും, തദ്വാരാ പാശ്ചാത്യസംസ്കാരത്തിന്റേയും പ്രവേസ്ഥാനത്തു നില്ക്കുന്നു. ഈ നാമങ്ങൾ ക്ലുപ്തായുസ്സുകളായ മൂന്നു കവികളെയല്ല സൂചിപ്പിയ്ക്കുന്നതെന്നും, ഓരോന്നും യഥാർത്ഥത്തിൽ ഓരോ കവിപരമ്പരയാണെന്നും ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു. ഹോമറുടെ കൃതികളായി അറിയപ്പെടുന്ന ഇലിയഡ്ഡും ഒഡിസ്സിയും കുറഞ്ഞത് ഇരുന്നൂറു വർഷങ്ങളെങ്കിലും കൊണ്ടാണത്രെ നിർമ്മിയ്ക്കപ്പെട്ടത്. മഹാഭാരതത്തിന്റെ നിർമ്മാണത്തിനു വേണ്ടി വന്ന കാലം ഇതിലും എത്രയോ ദീർഘമായിരുന്നിരിയ്ക്കണം. ജഗൽപ്രസിദ്ധങ്ങളായ ഈ പൌരാണികകാവ്യങ്ങൾ അച്ചടിയും കടലാസ്സും ഇല്ലാതിരുന്ന അതിപ്രാചീനകാലത്തു്, കവിമുഖത്തുനിന്നു വാങ്മയങ്ങളായിട്ടാണ് ആവിർഭവിച്ചതെന്നുള്ളത് ഏററവും ശ്രദ്ധാർഹമായ ഒരു സംഗതിയാകുന്നു. ഇന്നത്തെ കാലത്തു നമുക്കു തീരെ അപരിചിതമായ ഒരു സമ്പ്രദായമാണിത്. ആധുനികസാഹിത്യം അച്ചടിച്ച പുസ്തകങ്ങളായിട്ടാണ് ആവിർഭവിയ്ക്കുന്നതും പ്രചരിയ്ക്കുന്നതും. ഈ രണ്ടു പ്രകാശനരീതികളും കാര്യത്തിൽ ഒന്നുതന്നെ എന്നു തോന്നിയേയ്ക്കാമെങ്കിലും വാസ്തവം അങ്ങിനെയല്ല. അവ കാവ്യങ്ങളുടെ മേന്മയേയും മൂല്യത്തേയും നിലനില്പിനെത്തന്നേയും സാരമായി ബാധിയ്ക്കുന്ന ഉപാധികളാകുന്നു. നേരിട്ടു കൺമുമ്പിൽ കാണുന്ന സഹൃദയന്മാരുടേതല്ലാതെ, അന്യരാജ്യക്കാരുടെയൊ ഭാവിതലമുറകളുടെയോ അഭിനന്ദനത്തെ പ്രതീക്ഷിയ്ക്കുവാൻ ശബ്ദമാർഗ്ഗേണ കാവ്യപ്രകാശനം ചെയ്ത പ്രാചീനകവികൾക്ക് കഴിഞ്ഞിരുന്നില്ല. കാവ്യം സഹൃദയസദസ്സിൽ ചൊല്ലിക്കേൾപ്പിയ്ക്കുന്ന നിമിഷത്തിൽതന്നെ കവിയുടെ യശസ്സും കൃതിയുടെ ഭാഗധേയവും നിർണ്ണയിയ്ക്കപ്പെടുന്നു. ശബ്ദത്തിന്റെ ശക്തിവിശേഷ

Digitized by Kerala Sahitya Akademi

ങ്ങളും, സംഗീതത്തിന്റെ സാങ്കേതികമാർഗ്ഗങ്ങളും പ്രാചീനകവികൾക്ക് അവശ്യം അപേക്ഷണീയങ്ങളായിരുന്നു. ഇങ്ങനെ ശബ്ദമാർഗ്ഗമായി, സംഗീതത്തിന്റെ സഹോദരിയായി, ഒരു ശ്രാവ്യകലയായിട്ടാണ് പ്രാചീനസാഹിത്യം പ്രചരിച്ചത്. ശബ്ദം നിലനില്ക്കുകയില്ലെന്നും മാഞ്ഞുപോകുമെന്നും പറയാറുണ്ട്. പക്ഷെ ശബ്ദത്തിലൂടെമാത്രം അവതരിച്ച പൌരാണികകാവ്യങ്ങൾ മാഞ്ഞുപോയില്ല. പില്ക്കാലത്തുണ്ടായ പുസ്തകസാഹിത്യത്തെ മുഴുവൻ നിഷ്പ്രഭമാക്കിക്കൊണ്ട് അവ ഇന്നും നിലനില്ക്കുന്നു. ഹോമറുടെയും വ്യാസന്റെയും വാല്മീകിയുടെയും വാങ്മയങ്ങൾ യവനഭാരതീയസംസ്കാരങ്ങളുടെ അഭിമാനസ്തംഭങ്ങളായി നിത്യനിസ്തുലനിക്ഷേപങ്ങളായി വിലസുന്നു. തങ്ങളുടെ ഉള്ളിലും പുറത്തുമുള്ള ജീവിതത്തിന്റെ നാനാഭാഗങ്ങളെക്കുറിച്ചും ഒരുൾക്കാഴ്ച ലഭിക്കുന്നതിനും, ഗുണപുഷ്കലമായ ജീവിതം നയിക്കുന്നതിനും ഈ കാവ്യങ്ങൾ ശ്രോതാക്കളെ സഹായിച്ചു. ആശയങ്ങൾ കെട്ടിപ്പൊതിഞ്ഞു കൊടുക്കുകയല്ല, ആരും കൊതിക്കുന്ന അനുഭവങ്ങളെ കൈപകരുകയാണ് ഈ കാവ്യങ്ങൾ ചെയ്തത്. ഇത്രമേൽ ശ്രമസാദ്ധ്യമായ ഒരു കാര്യം ഈ ലോകത്തിൽ മററില്ല; തന്റെ മാനസികവും ആദ്ധ്യാത്മികവുമായ അനുഭവങ്ങളെ മററുള്ളവരിൽ ജനിപ്പിക്കുകയെന്നത്. സംസ്കാരത്തിന്റെ പ്രാതഃസന്ധ്യയിൽ ഈ സാഹിത്യരത്നങ്ങൾ സാധിച്ച മഹാത്ഭുതം ഇതാകുന്നു. വാളെടുത്തവരെല്ലാം വെളിച്ചപ്പാടാകുന്ന ആധുനികകാലത്ത് മലവെള്ളംപോലെ നാലു വഴിക്കും പെരുകിവരുന്ന പുസ്തകസാഹിത്യം സാധിക്കാത്തതും ഇതാകുന്നു.

പൌരാണികകാവ്യങ്ങൾ സംഗീതകലയെ മാതൃകയാക്കിയെങ്കിൽ, ആധുനികസാഹിത്യം ചിത്രകലയെയാണ് അനുകരിക്കാൻ ശ്രമിക്കുന്നതെന്നു പറയാം. ആദ്യം പറഞ്ഞ "ഇസ"ങ്ങളെല്ലാം ചിത്രമെഴുത്തിൽ ഉണ്ടായ പ്രസ്ഥാനങ്ങളാണ്. അവയെ അതേപടി ആധുനികസാഹിത്യവും സ്വീകരിച്ചു. ചൊല്ലുകയും ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തുപോന്ന കാവ്യങ്ങൾ അച്ചടിക്കുകയും നോക്കി മനസ്സിലാക്കുകയും ചെയ്യുന്ന സമ്പ്രദായം നടപ്പിൽ വന്നതിനെത്തുടർന്നുണ്ടായ പരിവർത്തനമാണിത്. സംഗീതമോ ചിത്രകലയോ ഏതാണ് കൂടുതൽ ആഴത്തിൽ പതിയുന്നതെന്ന് ആലോചിച്ചുനോക്കുക. ഏതാണ് നമ്മെക്കൊണ്ട് സ്വാർത്ഥനിഷ്ഠമായ ദൈനന്ദിന ജീവിതത്തെ വിസ്മരിപ്പിക്കുന്നത്?

Digitized by Kerala Sahitya Akademi

ആത്മാവിൽ ആനന്ദാനുഭൂതിയുളവാക്കി അമരത്വത്തിൻെറ സ്വാദു നൽകുന്നത്? സംശയിയ്ക്കാനൊന്നുമില്ല; സംഗീതംതന്നെ. അതിനു നിസർഗ്ഗസിദ്ധമായ വൈഭവങ്ങളാണിവ. "നാദബ്രഹ്മമുപാസനോപരി വിളങ്ങുന്ന" കാവ്യകലയും സംഗീതത്തെ മാതൃകയാക്കുമ്പോൾ ഈ അനുഭവങ്ങൾ കൈവരിയ്ക്കുന്നു. പൌരാണികകാവ്യങ്ങൾ മനുഷ്യരാശിയുടെമേൽ ഇത്ര ഗാഢമായ സ്വാധീനം നേടിയതിൻെറ ഒരു പ്രധാന കാരണം ഇതാകുന്നു. ആധുനികസാഹിത്യം മനുഷ്യജീവിതത്തെ യഥാതഥമായി പ്രതിഫലിപ്പിയ്ക്കുന്നു എന്നു പറയാറുണ്ട്. ശരിയാണ്; അതു പ്രതിഫലിപ്പിയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ചന്ദ്രനുവേണ്ടി കരയുന്ന കുഞ്ഞിനു കണ്ണാടികൊണ്ടു ചന്ദ്രനെ പിടിച്ചുകൊടുക്കുന്നതുപോലെയുള്ള ഒരു വിദ്യയാണിത്. ഇങ്ങിനെ പ്രതിച്ഛായകൾകൊണ്ടു തൃപ്തിപ്പെടുവാൻ ഇന്നത്തെ സഹൃദയലോകം ഒരുപക്ഷെ സന്നദ്ധമായിരിയ്ക്കാം. എന്നാൽ പ്രാചീനകാലത്ത് ഇത്തരം ചെപ്പടിവിദ്യകൾകൊണ്ടൊന്നും ആരേയും മയക്കുവാൻ സാദ്ധ്യമല്ലായിരുന്നു. സഹൃദയന്മാർക്ക് വെറും പ്രതിച്ഛായകളല്ല വേണ്ടിയിരുന്നത്. യാഥാർത്ഥ്യം—സാക്ഷാൽ ജീവിതം—ആയിരുന്നു അവർക്കാവശ്യം. ജീവിതം എന്നു പറയുന്നത് അനുഭവങ്ങളുടെ ഒരു പരമ്പരയല്ലാതെ മറെറാന്നുമല്ല. കലാസൌന്ദര്യം നിറഞ്ഞ അനുഭവങ്ങൾ—ആനന്ദാനുഭൂതികൾ—ആദ്ധ്യാത്മികജീവിതത്തിൻെറ അടിസ്ഥാനസത്തകൾ—ആണ് പൌരാണികകവികൾ തങ്ങളുടെ മുൻപിൽ ഉദ്ബുദ്ധമതികളായി വന്നിരുന്ന സഹൃദയന്മാർക്കു പകർന്നുകൊടുത്തത്. അല്ലാതെ വെറും പ്രതിച്ഛായകളോ പാഴ്നിഴലുകളോ അല്ല. വാല്മീകിയും വ്യാസനും വാക്കുകൾകൊണ്ടു ചിത്രം വരയ്ക്കുകയല്ല ചെയ്തത്. കാവ്യോപാസനയിലൂടെ തങ്ങൾ ചെന്നെത്തിയ ഭാവനാലോകത്തിലേയ്ക്കു ശ്രോതാക്കളേയും അവർ കൂട്ടിക്കൊണ്ടുപോയി.

ഇന്നത്തെപ്പോലെ, ആർക്കും ചെന്നെത്താവുന്ന ഒരു ലോകമാണതെന്നുള്ള വ്യാമോഹം അന്നില്ലായിരുന്നു. കാവ്യകലയുടെ അനുഭൂതികൾ കൊടുക്കുന്നവനും ഗ്രഹിക്കുന്നവനും, ഒരുപോലെ, കൊടുക്കുവാനും ഗ്രഹിയ്ക്കുവാനും ഉള്ള കെല്പ് ആവശ്യമാണെന്നു പ്രാചീനകാലത്ത് നിർബ്ബന്ധമുണ്ടായിരുന്നു. കൊടുക്കുന്നവൻെറ, അതായത് കാവ്യകാരൻെറ, കാര്യത്തിൽ ഇതാവശ്യമാണെന്നു ആധുനികസാഹിത്യവും ഏറെക്കുറെ സമ്മതിയ്ക്കുന്നുണ്ട്. പക്ഷെ സാഹിത്യാനുഭൂതിയുടെ മറേറപ്പകുതിയായ സഹൃദയനെപ്പററി ഇന്നു

Digitized by Kerala Sahitya Akademi

യാതൊരു നിർബ്ബന്ധവുമില്ല. വായിക്കുന്നത് ആരായാലും മതി എന്ന മനോഭാവമാണ് പൊതുവെയുള്ളത്. കാവ്യകലയിൽ സ്രഷ്ടാവിനോടൊപ്പം ഉപഭോക്താവിനും പൌരാണികന്മാർ—പ്രത്യേകിച്ചും ഭാരതീയർ—പ്രാധാന്യം കല്പിച്ചിരുന്നു. സഹൃദയന്റെ യോഗ്യതകളേയും സിദ്ധികളേയും കുറിച്ച് ഇത്രത്തോളം വിസ്തരിച്ചുള്ള അനുശാസനങ്ങൾ ഭാരതീയസാഹിത്യത്തിലെപ്പോലെ മററങ്ങും ഉണ്ടെന്നു തോന്നുന്നില്ല. പൌരാണികകാവ്യങ്ങളുടെ അത്യത്ഭുതകരമായ ഗുണപൂർണ്ണതയ്ക്കും ഫലദായകത്വത്തിനും പണ്ടത്തെ സഹൃദയലോകത്തിന്റെ മേന്മയും കാരണഭൂതമായിട്ടുണ്ടെന്നുള്ളതു നിശ്ചയമാണ്.

ആഴവും അവഗാഹവും അനുഭൂതികളും ഇല്ലാതെ ആധുനികസാഹിത്യം അധഃപതിച്ചുപോയിരിക്കുന്നു. പ്രാചീനകാലത്തെ അപേക്ഷിച്ച് എത്രയോ കൂടുതൽ സാഹിത്യയത്നം ഇന്നു നടക്കുന്നുണ്ട്. പക്ഷെ അതെല്ലാംതന്നെ നിഷ്ഫലമായ ഒരു തരം വ്യവസായമായിത്തീർന്നിരിക്കുകയാണ്. എഴുതി അച്ചടിപ്പിച്ചു വിതരണം ചെയ്യുന്നതോടെ സാഹിത്യകാരന്റെ ചുമതല തീർന്നു. പിന്നെയെല്ലാം പ്രചാരണവേലയേയും പ്രശംസാരീതിയേയും ആശ്രയിച്ചായിരിക്കും. പുസ്തകങ്ങളും വ്യാപാരച്ചരക്കുകളാകയാൽ സാമ്പത്തികമായ പരിഗണനകളും ഉദ്ദേശങ്ങളുമാണ് സാഹിത്യയത്നത്തിൽ മികച്ചുനില്ക്കുന്നത്. സഹൃദയത്വം സാർവ്വത്രികമാണെന്നുള്ള വിചാരവും വന്നുകൂടിയിട്ടുള്ളതുകൊണ്ട്, ആധുനികകാലത്തു ധാരാളം പുസ്തകങ്ങൾ പ്രചരിക്കുന്നുണ്ടെങ്കിലും, സഫലമായ സാഹിത്യം സംജാതമാകുന്നുണ്ടെന്നോ, സാഹിത്യധർമ്മം യഥാവിധി നിർവ്വഹിക്കപ്പെടുന്നുണ്ടെന്നോ പറഞ്ഞുകൂടാ. സാഹിത്യത്തിന്റെ സൃഷ്ടി ഒരു ഉപാസനയുടെ പവിത്രതാബോധത്തോടും, ലോകസംഗ്രഹയത്നത്തിന്റെ ആവേശത്തോടും, അതിന്റെ ആസ്വാദനം പുരുഷാർത്ഥസിദ്ധിയാണെന്നുള്ള ഉത്തമവിശ്വാസത്തോടും കൂടി നിർവ്വഹിക്കപ്പെടാത്ത കാലത്തോളം ഈ നിർഭാഗ്യസ്ഥിതി നീങ്ങുകയില്ല; സാഹിത്യംകൊണ്ട് കാര്യമായ എന്തെങ്കിലും പ്രയോജനം മനുഷ്യരാശിക്കു ലഭിക്കുകയുമില്ല. സാഹിത്യകാരന്റെ ആത്മാർത്ഥതയും ആവേശവും സേവനതൃഷ്ണയും പൌരാണികകാലത്തെ നിലയിൽ എത്തുക എന്നുള്ളതാണ് ഇന്നത്തെ ആവശ്യം. ഇന്നു സാഹിത്യസേവനം, ഒന്നിലധികം അർത്ഥത്തിൽ, വെറും ഉപജീവനമാർഗ്ഗമായിരിക്കുകയാണ്. ഈ നില മാറി അത്

Digitized by Kerala Sahitya Akademi

ആത്മാർപ്പണത്തിൽ അധിഷ്ഠിതമായ ഒരു ജീവിതമാർഗ്ഗമാകേണ്ടിയിരിക്കുന്നു. സാഹിത്യകാരൻ വ്യാമോഹങ്ങൾക്കടിപ്പെട്ട് അവകാശവാദം മുഴക്കാതെ, ലോഭനീയമായ തന്റെ ധർമ്മം നിർവ്വഹിക്കുന്നതിനുവേണ്ടി നിസ്വാർത്ഥയത്നം ചെയ്യണം. ഈശ്വരദത്തമായ പ്രതിഭയോടൊപ്പം പരാർത്ഥമായി പ്രയത്നിക്കുന്നതിനുള്ള ഒരു പ്രചോദനം അന്തരാത്മാവിന്റെ ആഴങ്ങളിൽനിന്ന് ഉയരേണ്ടിയിരിക്കുന്നു. എന്നാൽമാത്രമേ സാഹിത്യം പൗരാണികകാലത്ത് അതിനുണ്ടായിരുന്ന മാന്യസ്ഥാനം വീണ്ടെടുക്കുകയുള്ളു; മനുഷ്യജീവിതത്തിനു മാററു കൂട്ടുകയുള്ളു.

(എ. ഐ. ആറിന്റെ അനുമതിയോടുകൂടി.)

Digitized by Kerala Sahitya Akademi

## 12

# ഭാഷാഗവേഷണം

ഭാഷയെന്നും ഭാഷാഗവേഷണമെന്നും പറഞ്ഞാൽ സാഹിത്യഭാഷയെന്നും സാഹിത്യഗവേഷണമെന്നുമാണ് നാം അർത്ഥമാക്കുന്നത്. ഇതല്ലാതെ മറെറാരർത്ഥവും ആ പദങ്ങൾക്കില്ലെന്നുംകൂടി നമുക്കു തോന്നിപ്പോകുന്നു. ഇതു തീർച്ചയായും ഭാഗികമായ ഒരർത്ഥകല്പനയാണ്. ഭാഷയും സാഹിത്യവും ഒന്നല്ല. ഭാഷയ്ക്കു സാഹിത്യപരമെന്നപോലെ സാഹിത്യേതരമായ ഒരസ്തിത്വവും ഉണ്ട്. സൗകര്യത്തിനുവേണ്ടി ഭാഷയുടെ സാഹിത്യേതരമായ ഈ അംശത്തെ നമുക്കു വ്യവഹാരഭാഷയെന്നു വിളിക്കാം. ഈ പദംകൊണ്ടു ഞാൻ വിവക്ഷിക്കുന്നത് വെറും വാമൊഴിയോ സംസാരഭാഷയോ അല്ലെന്ന് ആദ്യമേതന്നെ വ്യക്തമാക്കേണ്ടിയിരിക്കുന്നു. പിന്നെ എന്താണ് ഈ വ്യവഹാരഭാഷയെന്നു വായനക്കാർ വിസ്മയിക്കുന്നുണ്ടാവും. ഈ വിസ്മയം സംസാരഭാഷ ഒഴിച്ചുള്ളതെല്ലാം സാഹിത്യമാണെന്ന വിശ്വാസത്തിൽനിന്നുണ്ടാകുന്നതാണ്. ഇങ്ങനെയൊരു വിശ്വാസം എന്തുകാരണത്താലോ നമ്മുടെ ഉള്ളിൽ വേരുറച്ചുപോയിട്ടുണ്ട്. പത്രക്കാരെഴുതുന്നതുപോലും സാഹിത്യമാണെന്നാണ് വെപ്പ്. ഈ വിശ്വാസത്തിന്റെ വ്യാമോഹവലയത്തിൽ പെടാതെ നില്ക്കുന്നത് നമ്മുടെ ആധാരമെഴുത്തുകാരും വക്കീൽഗുമസ്തന്മാരും മാത്രമാണ്. അവരെഴുതുന്നതു സാഹിത്യമാണെന്ന് ആരും (അവർപോലും) കരുതുന്നില്ല. ഇന്നു മലയാളം തനി വ്യവഹാരഭാഷയായി നില്ക്കുന്നത് ഇക്കൂട്ടരുടെ കൈയിലാണ്. സാഹിത്യേതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്ന ഈ ഭാഷയെക്കുറിച്ചു നമുക്കെല്ലാവർക്കും അവജ്ഞയാണെന്നു വ്യസനപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. ഒരു സബ്‌റജിസ്ട്രാവുടെ വിവാഹം പ്രമാണിച്ചു കുറേ ആധാരമെഴുത്തുകാർ ചേർന്നു സമർപ്പിച്ച മംഗളപത്രത്തിന്റെ മാതൃക ഫലിതപ്രിയനായ ശ്രീ. എം. എൻ. ഗോവിന്ദൻനായർ എഴുതിയിരുന്നതു നമ്മെ എന്തുമാത്രം ചിരിപ്പിച്ചെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. ഈ ചിരിയുടെ ആസ്പദം മേല്പറഞ്ഞ അവജ്ഞയാണ്. സഹൃദയലോകത്തിന്റെ ഈ മനോഭാവം സാധൂകരിക്കാവുന്നതായിരിക്കാമെങ്കിലും, വ്യവഹാരഭാഷയായ മലയാളം ഈ നിലയിൽ കിടക്കുന്നതു ഭാഷാഭിമാനിക

Digitized by Kerala Sahitya Akademi

ളുടെ കുറവുംകൊണ്ടുതന്നെയാണ്. മലയാളഭാഷയുടെ ഈയൊരംശത്തെപ്പററി ആരും അത്ര കാര്യമായി ചിന്തിച്ചിട്ടില്ല. ഭാഷയെ സാഹിത്യത്തിൻെറ വാഹനമെന്നനിലയിൽ മാത്രമേ നാം വീക്ഷിച്ചിട്ടുള്ളു. ''സാഹിത്യസാഹ്യം'' ഉണ്ടാകുന്നതിനു എത്രയോ മുമ്പു തന്നെ ഉണ്ടാകേണ്ടിയിരുന്ന മറെറാരു ഗ്രന്ഥമുണ്ടു—''വ്യവഹാര ഭാഷാസാഹ്യം.'' പക്ഷെ അങ്ങിനെ ഒരു ഗ്രന്ഥം ഇന്നുവരെ എഴുതപ്പെട്ടിട്ടില്ല. എൻെറ പരിചയത്തിൽ കുട്ടിക്കൃഷ്ണമാരാരുടെ ''മലയാളശൈലി'' മാത്രമേ അതിനോട് അല്പമെങ്കിലും അടുത്തു വന്നിട്ടുള്ളു. പക്ഷെ ആ ഗ്രന്ഥംപോലും ഒരു സാഹിത്യസാഹ്യമായിട്ടാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന്, അതിൻെറ അവസാനഭാഗത്തു തിരുത്തിക്കാണിയ്ക്കാൻ സ്വീകരിച്ചിട്ടുള്ള ഉദാഹരണം ഒരു ചെറുകഥയാണെന്ന വസ്തുതയിൽനിന്നു സ്പഷ്ടമാകുന്നു. ചെറുകഥയ്ക്കുപകരം ഒരു പണയാധാരമോ, അന്യായഹർജിയോ, പരസ്പരസഹായസംഘത്തിൻെറ വാഷികറിപ്പോർട്ടോ, ചിട്ടിതലവര്യോലയോ സ്വീകരിച്ചെങ്കിൽ മലയാളത്തെ വ്യവഹാരഭാഷയായി കൈകാര്യം ചെയ്യുന്നവക്ക് ആ ഗ്രന്ഥം ഒരനുഗ്രഹമാകുമായിരുന്നു.

ഒരുപക്ഷെ മലയാളത്തെ ഇന്ന് ഈ നിലയിൽ കൈകാര്യം ചെയ്യുന്നവർ സാഹിത്യകാരന്മാരേപ്പോലെ നമ്മുടെ ശ്രദ്ധയെ അർഹിക്കുന്നില്ലായിരിയ്ക്കാം. പക്ഷെ കാലം മാറുകയാണ്. അതും വളരെ വേഗത്തിൽ. അടുത്ത കാലംവരെ ഇംഗ്ലീഷുഭാഷ ഇരുന്ന സ്ഥാനത്തു മലയാളം അവരോധിയ്ക്കപ്പെടുകയാണ്. പണയാധാരവും തലവര്യോലയും മാത്രമല്ല, ജഡ്ജ്മെൻറും, സക്കലറും, പ്രൊസീഡിങ്ങ്സും, ബഡ്ജററുപ്രസംഗവും, നയപ്രഖ്യാപനവും എല്ലാം മലയാളത്തിൽതന്നെ എഴുതേണ്ടകാലം ആസന്നമായിരിയ്ക്കുന്നു. നിയമനിമ്മാണംപോലും മലയാളത്തിൽ ചെയ്യേണ്ടിവരും. ഇതെല്ലാം നടപ്പില്ലാത്ത കാര്യങ്ങളാണെന്നും, ഇംഗ്ലീഷിനെ കൈവിട്ടാൽ നാം അറബിക്കടലിൽ താണുപോകുമെന്നും ആത്മാത്ഥമായി വിശ്വസിയ്ക്കുന്നവരുണ്ട്. ഇവരുമായി തക്കിച്ച് ഈ വിശ്വാസത്തെ ഇളക്കുവാൻ ശ്രമിയ്ക്കുന്നതു വ്യഥായത്നമാണ്. തങ്ങളുടെ വിശ്വാസംവെച്ചു പുലത്തുവാൻ അവരെ അനുവദിയ്ക്കുകയാണ് ഭേദം. തക്കിച്ചു തീച്ച്യാക്കേണ്ട കാര്യവുമല്ലിത്. ശാസ്ത്രവിഷയങ്ങൾ മലയാളത്തിൽ പഠിപ്പിയ്ക്കുന്നതിൻെറ അപ്രായോഗികതയേയും അപഹാസ്യതയേയുംപററി വെളുപ്പോളം പ്രസംഗിയ്ക്കുന്നവർ ഇപ്പോഴുമുണ്ട്. പക്ഷെ ഇപ്പോൾതന്നെ പുതിയ തലമുറയിലെ വിദ്യാ

Digitized by Kerala Sahitya Akademi

ത്ഥികഠം എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിച്ചുകൊണ്ടിരിയ്ക്കുന്നു. ആരെല്ലാം എന്തെല്ലാം തടസ്സങ്ങഠം പറഞ്ഞാലും ആപച്ഛങ്കകഠം പ്രകടിപ്പിച്ചാലും ഈ പരിവർത്തനം വരികതന്നെ ചെയ്യും. അത് ആരംഭിയ്ക്കുയും ചെയ്തുകഴിഞ്ഞു. അധികാരസ്ഥാനങ്ങളിൽ ഇരിയ്ക്കുന്നവർ ഇംഗ്ലീഷുഭാഷയോട് ഒട്ടിനില്ക്കുന്നവരാകയാൽ ഈ പരിവത്തനത്തിൻെറ പൂത്തീകരണത്തെ അല്പമൊക്കെ വൈകിയ്ക്കുവാൻ സാധിച്ചേയ്ക്കാം. പക്ഷെ അതിനെ എന്നെന്നേയ്ക്കുമായി തടസ്സപ്പെടുത്തുവാൻ ഇനി ആക്കം സാധിയ്ക്കയില്ല. നാം സ്വീകരിച്ചുകഴിഞ്ഞ ജനപ്രഭുത്വസമ്പ്രദായത്തിൻെറ സഹഗാമിയായ ഒരു പരിവത്തനമാണിത്. ഇംഗ്ലീഷു പഠിച്ചവരെല്ലാം അതിന് എതിരാണെന്നുവന്നാൽതന്നെയും ഇന്നത്തെ ഈ ജനകീയയുഗത്തിൽ അവരുടെ അഭിപ്രായത്തിനു പ്രാബല്യം സിദ്ധിയ്ക്കുമെന്നു ശങ്കിയ്ക്കാനില്ല. അവരൊരു ന്യൂനപക്ഷമാണ്.

ഈ പരിവത്തനത്തിൻെറ ഫലമായുണ്ടാകുവാൻപോകുന്ന വമ്പിച്ച ചുമതലകഠം ഏറ്റെടുക്കുവാൻ ഭാരതീയഭാഷകഠം സന്നദ്ധമാണോ എന്ന കാര്യമാണ് നമുക്കു പരിശോധിയ്ക്കേണ്ടത്. മററു ഭാഷകളുടെ നിലയെപ്പററി അഭിപ്രായം പറയുവാൻ കഴിവില്ലെങ്കിലും എൻെറ ശ്രദ്ധയിൽപ്പെട്ട ഒരു സംഗതി പറയാം. മദ്രാസ്സു ഗവമ്മേണ്ടു പരീക്ഷണാത്ഥം ഒരു ഡിസ്ട്രിക്ടിൽ (തിരുച്ചിറപ്പള്ളി) തമിഴ സക്കാരാവശ്യങ്ങഠംക്കുള്ള വ്യവഹാരഭാഷയാക്കിനോക്കി. അഞ്ചോ ആറോ മാസത്തിനുശേഷം പരീക്ഷണം പരാജയപ്പെട്ടതായിട്ടാണ് അധികാരസ്ഥാനങ്ങഠം പ്രസ്താവിച്ചത്. കാരണം തമിഴഭാഷയുടെ സഹജമായ കഴിവുകേടൊന്നുമല്ല. സക്കാർ എഴുത്തുകുത്തുകഠം സുഗമമായി കൈകാര്യം ചെയ്യുന്നതിനു പററിയ അച്ചെഴുത്തുയന്ത്രങ്ങഠം തമിഴിൽ ഇല്ലെന്നുള്ളതാണ്. ഇന്നിപ്പോഠം മലയാളം സക്കാർ ആവശ്യത്തിനുള്ള വ്യവഹാരഭാഷയാക്കിയാലും ഇതുതന്നെയായിരിയ്ക്കും അനുഭവം. അത് അച്ചെഴുത്തുയന്ത്രങ്ങളുടെ കുറവുകൊണ്ടുമാത്രം ഉണ്ടാകുന്നതും ആയിരിക്കയില്ല. നമ്മുടെ ഭാഷയെ ഈ പുതിയ ആവശ്യങ്ങഠംക്കായി ഇനിയും നാം സജ്ജമാക്കിയിട്ടില്ല. വിദ്യാഭ്യാസവും ഭരണവും എല്ലാം നാട്ടുഭാഷകഠം വഴിയാകുന്നതിനു പതിനഞ്ചുകൊല്ലത്തെ കാലാവധിയാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനകം മലയാളത്തെ ആധുനികമായ സകല ആവശ്യങ്ങഠംക്കും തികച്ചും സമത്ഥമായ ഒരു ഭാഷയാക്കുവാൻ നാം ശ്രമിയ്ക്കേണ്ടിയിരിയ്ക്കുന്നു. നമ്മുടെ ഭാഷയുടെ വളച്ച് കരുതിക്കൂട്ടി

Digitized by Kerala Sahitya Akademi

കൈവരുത്തിയതൊന്നുമല്ല. പരിതഃസ്ഥിതികൾക്കനുസരണമായി അതങ്ങുവളർന്നു എന്നേ പറയാനുള്ളു. ഇങ്ങനെ വളർന്നതിൻ്റെ ഗുണവും ദോഷവും അതിൽ കാണ്മാനുണ്ടു്. ഇനിയുമുണ്ടാകുന്ന പരിതഃസ്ഥിതികളേയും അതിങ്ങനെ ആരുടേയും കരുതലും സജ്ജീകരണവും ഇല്ലാതെ അഭിമുഖീകരിച്ചുകൊള്ളുമെന്നു വിചാരിക്കുന്നതു ശരിയല്ല. എന്തൊക്കെയാണ് ആവശ്യങ്ങളെന്നു മുൻകൂട്ടി കണ്ടു് അവയെ നേടുവാൻ, ഭാഷയെ അവയ്ക്കുവേണ്ടി സജ്ജമാക്കുവാൻ, ഭാഷാഭിമാനികൾ ശ്രമിക്കുകതന്നെ വേണം. ഞാൻ വിവക്ഷിക്കുന്ന ഭാഷാഗവേഷണം ഇതാണ്. വ്യവഹാരഭാഷയുടെ കാര്യത്തിൽ ഇങ്ങനെയുള്ള ഗവേഷണം ആവശ്യമെന്നല്ല, അത്യാവശ്യമാണെന്നും, അതു സാധ്യമാണെന്നും ഞാൻ വിശ്വസിക്കുന്നു. കുശവൻ്റെ അടുത്തുചെന്ന് ആവശ്യമുള്ളത് ഉണ്ടാക്കിത്തരുവാൻ പറയുന്നതുപോലെ ഭാഷാശാസ്ത്രജ്ഞൻ്റെ അടുത്തുചെന്നു ചോദിച്ചാൽ ഫലമില്ലെന്നു മഹാഭാഷ്യകാരനായ പതഞ്ജലി പറഞ്ഞിട്ടുണ്ടെന്നു ശ്രീ. കുട്ടിക്കൃഷ്ണമാരാർ എന്നെ ഗുണദോഷിക്കുകയുണ്ടായി. ആരു പറഞ്ഞിട്ടുണ്ടെങ്കിലും ശരി അങ്ങിനെ ചോദിച്ചേ പററൂ എന്ന നിലയാണ് ഇന്നു വന്നിട്ടുള്ളത്. മാതൃഭാഷ നമ്മുടെ ആവശ്യങ്ങൾക്കു വഴങ്ങി വേണ്ടതു തരുന്നില്ലെങ്കിൽ അതിനു കഴിവുള്ള ഭാഷകളെ അന്വേഷിക്കേണ്ടിവരും.

മലയാളത്തിലെ ഗവേഷണം മുഴുവനും ഭൂതകാലാഭിമുഖമായിട്ടുള്ളതാണ്. ഇതുവരെ ചെയ്തതു മുഴുവൻ സാഹിത്യഗവേഷണമായിരുന്നതുകൊണ്ടു് ഇങ്ങനെ വന്നതിൽ അതിശയിക്കാനില്ല. ഉത്തമമായ സാഹിത്യം നിയമരഹിതമായ പ്രതിഭയുടെ സന്താനമാണ്. അതു ഗവേഷണംകൊണ്ടു സൃഷ്ടിക്കാവുന്നതല്ല. സൃഷ്ടിക്കപ്പെട്ടതിനുശേഷമേ അതേക്കുറിച്ചു ഗവേഷണം നടത്താൻ സാധിക്കുയുള്ളു. പക്ഷേ വ്യവഹാരഭാഷയുടെ കാര്യത്തിൽ ഇങ്ങിനെയുള്ള പരിമിതികളില്ല.' അതിൽ ഭൂതകാലഗവേഷണവും ഭാവികാലഗവേഷണവും രണ്ടും സാധ്യമാണ്. പക്ഷേ, താരതമ്യേന എളുപ്പമായ ഭൂതകാലഗവേഷണംപോലും അതേക്കുറിച്ചു പറയത്തക്ക തോതിൽ നടത്തപ്പെട്ടിട്ടില്ല. പണ്ടത്തെ ശാസ്ത്രഗ്രന്ഥങ്ങളും പട്ടയങ്ങളും തീട്ടൂരങ്ങളും സാഹിത്യേതരമായ മററു രേഖകളും പരിശോധിച്ചു് സാങ്കേതികസംജ്ഞാനിർമ്മാണം, പ്രയോഗരീതി, വാചകഘടന എന്നിത്യാദി കാര്യങ്ങളിൽ നമ്മുടെ ഭാഷ ഓരോരോ കാലത്തു പ്രദർശിപ്പിച്ചിട്ടുള്ള ലക്ഷണങ്ങളെയും കഴിവുകളേയും അ

Digitized by Kerala Sahitya Akademi

വസ്തുണ്ടായിട്ടുള്ള പരിണാമങ്ങളേയും സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനും പൊതുനിയമങ്ങൾ കണ്ടുപിടിക്കുന്നതിനും ആരും കാര്യമായി ശ്രമിച്ചിട്ടില്ല. ലിപികൾക്കുണ്ടായിട്ടുള്ള രൂപപരിണാമംപോലും ശാസ്ത്രീയമായ അപഗ്രഥനത്തിനു വിഷയമായിട്ടില്ല. ഗവേഷകന്മാരുടെ ശ്രദ്ധയെല്ലാം സാഹിത്യകൃതികളിലും ചരിത്രവസ്തുക്കളിലും കേന്ദ്രീകരിക്കുവാനാണ് സംഗതിയായത്. വ്യവഹാരഭാഷയുടെ വളച്ചയെപ്പററി ഗവേഷണത്തിലൂടെ നമുക്കു പലതും പഠിക്കുവാനുണ്ടെന്നുള്ളതിൽ സംശയമില്ല. അതോടൊപ്പംതന്നെ ഭാവികാലഗവേഷണത്തിലും വളരെയധികം ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. വ്യവഹാരഭാഷയ്ക്കു ഒരു ചിട്ടയും ഒതുക്കവുമെല്ലാം വരുത്തേണ്ടത് അത്യാവശ്യമാണ്, പടന്നു പന്തലിച്ചു കാടുപിടിച്ചുകിടക്കുന്ന ഇന്നത്തെ നില മാററാതെ നിവൃത്തിയില്ല. ഭാഷയെന്നും സാഹിത്യമെന്നും പറഞ്ഞാൽ ഒന്നാണെന്നുള്ള ധാരണ കളയണം. സാഹിത്യത്തിനു വേണ്ട അകമ്പടികളെല്ലാം കൊണ്ട് വ്യവഹാരഭാഷയെ ശ്വാസംമുട്ടിക്കരുത്. ഇംഗ്ലണ്ടിൽ ഇംഗ്ലീഷിനു വ്യവഹാരഭാഷ എന്ന നിലയിൽ ഇങ്ങനെയുള്ള പ്രയാസം സഹിക്കേണ്ടിവന്നിട്ടുണ്ട്. നേരെമറിച്ച് അമേരിക്കയിൽ ഒരു വ്യവഹാരഭാഷ എന്ന നിലയിലാണ് അതു പുഷ്ടി പ്രാപിച്ചത്. ഇംഗ്ലീഷുകാർതന്നെ ഈ വസ്തുത മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണ് കാടും പടലും വെട്ടിത്തെളിച്ച Basic English എന്ന പ്രസ്ഥാനം ഉണ്ടാക്കിയതെന്ന് എനിക്കു തോന്നുന്നു. എണ്ണംകൊണ്ടു നോക്കിയാൽ, ഭാഷയെ കൈകാര്യം ചെയ്യുന്നവരുടെ ഇടയ്ക്കു സാഹിത്യകാരന്മാർക്കു തീരെ അപ്രധാനമായ ഒരു സ്ഥാനമേയുള്ളു. മലയാളത്തിൻെറ കാര്യത്തിൽ ഈ അനുപാതം ഭാവിയിൽ കുറെക്കൂടി കുറയുവാൻ പോവുകയാണ്. അതുകൊണ്ട് നിത്യോപയോഗത്തിനു സമർത്ഥവും, സാഹിത്യത്തിൻെറ കൊടിതഴചാമരങ്ങളൊന്നും ഇല്ലാത്തതുമായ ഒരു വ്യവഹാരഭാഷ ഉണ്ടാകേണ്ട കാലം വൈകിയിരിക്കുന്നു. ഭരണപരമായും വിദ്യാഭ്യാസപരമായും മററുമുള്ള ഉപയോഗത്തിനു മതിയായ ഒരു പദാവലിയും എളുപ്പം സ്വാധീനമാക്കാവുന്ന പ്രയോഗരീതികളും തിരഞ്ഞെടുക്കണം. എഴുത്തച്ഛൻെറയും കുഞ്ചൻനമ്പ്യാരുടെയും മററും കൃതികൾ പഠിച്ചതിനുശേഷമേ മലയാളം എഴുതാൻ കഴിയൂ എന്ന നില മാറണം. മലയാളസാഹിത്യമെഴുതാൻ അതൊക്കെ വേണമായിരിക്കാം. പക്ഷെ ഒരു ആപ്പീസിലിരുന്നു, വെ

Digitized by Kerala Sahitya Akademi

ളുത്ത കടലാസ്സിനെ കറുത്തതാക്കുന്ന ഗൃഹസ്ഥന്മാരും അതൊക്കെ പഠിക്കണമെന്നു വരുന്നതു കഷ്ടമാണ്. ഇനിയത്തെ കാലത്തു മലയാളം പഠിക്കാൻ വിദേശികൾ ഉണ്ടായെന്നു വരാം. സാഹിത്യകാരന്മാരാകണമെന്നുള്ള ഉദ്ദേശത്തിലല്ല അവർ മലയാളം പഠിക്കാൻ വരുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ ഭാഷ സംസാരിച്ച് അവരുടെ ഇടയ്ക്കു കഴിഞ്ഞുകൂടണമെന്നായിരിക്കും അവരുടെ താല്പര്യം. എട്ടൊൻപതു വർഷത്തെ നിരന്തരശിക്ഷണംകൊണ്ടുമാത്രമേ മലയാളം തെററു കൂടാതെ സംസാരിക്കാനും എഴുതാനും കഴിയൂ എന്നു വരുന്നത് ആധുനികകാലത്തെ പരിതഃസ്ഥിതികൾക്കു തീർച്ചയായും യോജിച്ചതല്ല. വിദേശികളെ ഉദ്ദേശിച്ചുമാത്രമല്ല ഭാഷാഭ്യസനത്തെ സുഗമമാക്കേണ്ടത്. ഇവിടത്തെ വയോജനവിദ്യാഭ്യാസത്തിനും അത് അത്യന്താപേക്ഷിതമാണ്. ആരോ പറഞ്ഞതുപോലെ അക്ഷരാഭ്യാസമില്ലാത്തവനുപോലും മന്ത്രിയും ഭരണാധികാരിയും ആകുവാൻ സൌകര്യമുള്ള ജനകീയയുഗമാണിത്. അങ്ങിനെയുള്ളവർക്കുവേണ്ടിയും മലയാളത്തെ ഒന്നു കാച്ചിക്കുറുക്കിയെടുക്കേണ്ടത് ആവശ്യമാണ്. നമ്മുടെ പ്രയോഗരീതികളിലുള്ള ഭിന്നതകളെ കഴിയുന്നിടത്തോളം അകററുവാൻ ശ്രമിക്കണം. ബഹുവചനം എവിടെയെല്ലാംവേണം, എവിടെയെല്ലാം വേണ്ട എന്നു നിശ്ചയിക്കണം. ഇന്നു ചെയ്തിരിക്കുന്നതുപോലെ അതിങ്ങനെ സന്ദർഭത്തിനു യോജിച്ച രീതിയിൽ വിട്ടാൽ പോരാ. വിഭക്തി ഉപയോഗിക്കണോ വേണ്ടയോ, കർത്തരിപ്രയോഗം കർമ്മണിപ്രയോഗം എന്നിവയ്ക്കുള്ള വ്യത്യാസം പാലിക്കണോ വേണ്ടയോ എന്നിത്യാദി പ്രശ്നങ്ങളെക്കുറിച്ച്, വ്യവഹാരഭാഷയുടെ കാര്യത്തിലെങ്കിലും, ഒരു തീർപ്പുകല്പിക്കണം. ഭാഷാസ്വാധീനം സമ്പാദിച്ചാൽ ഇതെല്ലാം താനേ വന്നുകൊള്ളും എന്നു വിചാരിച്ച് ഭാഷാഭിമാനികൾ ഉദാസീനരായിരിക്കരുത്. ഭാഷാസ്വാധീനം സമ്പാദിക്കുന്നതിനുള്ള ഏററവും വലിയ പ്രയാസങ്ങളാണിവ. ഈ പ്രയാസങ്ങളെ ദൂരീകരിക്കുന്നതിനുവേണ്ടിയാണ് ഭാവികാലോന്മുഖമായ ഭാഷാഗവേഷണം നടത്തണമെന്നു പറയുന്നത്. വ്യവഹാരഭാഷയുടെ സുകരതയും സാമർത്ഥ്യവും ശക്തിയും അഭ്യാസലാഘവവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി, ഭാവിയെ ലക്ഷ്യമാക്കി, ആവശ്യങ്ങൾ മുൻകൂട്ടി കണ്ടു, ശാസ്ത്രീയമായി നടത്തപ്പെടുന്ന പരീക്ഷണങ്ങളിലൂടെയാണ് ഈ ഗവേഷണം പുരോഗമിക്കേണ്ടത്. എന്തെല്ലാം വാദതടസ്സങ്ങൾ ഉണ്ടെങ്കിലും ശരി, ഇങ്ങിനെയൊരു സേവനത്തിനു

Digitized by Kerala Sahitya Akademi

ഭാഷാപണ്ഡിതന്മാർ ഉടനടി തയ്യാറാകേണ്ടിയിരിക്കുന്നു. സർവ്വകലാശാലയും, സാഹിത്യപരിഷത്തും മററു സ്ഥാപനങ്ങളും ഇതിനു മുൻഗണനാ നല്കണം. കോളേജുകളിലെ നാട്ടുഭാഷാവകുപ്പുകാംക്ക വിജയകരമായി പ്രവർത്തിക്കാവുന്ന ഒരു ഗവേഷണ മണ്ഡലമാണിത്. ഇന്ന് അവരുടെ ഗവേഷണയത്നം മുഴുവനും സാഹിത്യത്തെ മുൻനിർത്തിയുള്ളതാണ്. പഴയ കൃതികളെ തേടിപ്പിടിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനും സാഹിത്യചരിത്രത്തിലെ ഇരുളടഞ്ഞ ഭാഗങ്ങളിൽ വെളിച്ചം കടത്തുന്നതിനുമാണ് അവർ മുഖ്യമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇതും വിലയേറിയ സേവനംതന്നെ. എങ്കിലും നമ്മുടെ രാഷ്ട്രീയചരിത്രത്തിലെ ഈ ദശാസന്ധിയിൽ ഇതിനേക്കാഠം ആവശ്യമായിരിക്കുന്നത് ഭാഷയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഭാവികാലഗവേഷണങ്ങളാണ്. അഭ്യസ്തവിദ്യരായ പലരും ഇന്നു "മലയാളത്തിൽ പിടിയില്ലെ"ന്നു ഖേദിക്കാറുണ്ട്. മാതൃഭാഷയിൽ ഒരു കത്തുപോലും എഴുതാൻ കഴിവില്ലാതെ ലജ്ജിക്കുന്നവരും ധാരാളമുണ്ട്. സാഹിത്യവും വ്യവഹാരഭാഷയും കൂടിക്കുഴഞ്ഞു കിടക്കുന്നതുകൊണ്ടാണ് ഈ നില വന്നിരിക്കുന്നത്. മലയാള സാഹിത്യത്തിൽ പറയത്തക്ക ശിക്ഷണമൊന്നും സിദ്ധിച്ചിട്ടില്ല എന്ന അർത്ഥത്തിലാണ് പലരും മലയാളത്തിൽ പിടിയില്ല എന്നു പറയുന്നത്. പക്ഷെ, അർത്ഥം ഇതാണെങ്കിലും, അതിൻെറ ഫലം വെറുമൊരു വ്യവഹാരഭാഷ എന്ന നിലയിൽപോലും മലയാളത്തെ കൈകാര്യം ചെയ്യാൻ പലക്കും കഴിവില്ല എന്നതാണ്. ഈ നില മാറണം. സാഹിത്യവുമായി പരിചയമില്ലെങ്കിലും സാധാരണ ആവശ്യങ്ങാംക്ക മലയാളത്തെ സമർത്ഥമായി ഉപയോഗിക്കുവാൻ എല്ലാവക്കും കഴിവുണ്ടാകണം. അതാണ് ഇന്നത്തെ ഏററവും വലിയ ആവശ്യം.

സാങ്കേതികസംജ്ഞാനിർമ്മാണം, അച്ചടി, അച്ചെഴുത്തു, ലിപികാം, ചുരുക്കെഴുത്ത്, ഇവയുടെ പരിഷ്ക്കരണം എന്നീ കാര്യങ്ങളിലും ഗവേഷണബുദ്ധിയുള്ള ഭാഷാഭിമാനികളുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. മലയാളത്തിൽ ഉണ്ടായിട്ടുള്ള സാങ്കേതികസംജ്ഞകളെപ്പററി പലരും വളരെ പുച്ഛിച്ചു പറയാറുണ്ട്. അവ ക്ലിഷ്ടങ്ങളും കോംക്കാൻ സുഖമില്ലാത്തവയും ആണെന്നുള്ള ആക്ഷേപം പരക്കെയുണ്ട്. ഇതു കേട്ടാൽതോന്നും വിദേശഭാഷകളിലുള്ള സാങ്കേതികപദങ്ങളെല്ലാം അക്ലിഷ്ടങ്ങളും ശ്രുതിമധുരങ്ങളുമാ

Digitized by Kerala Sahitya Akademi

ണെന്നു്. ഒരു സാധാരണ ഇംഗ്ലീഷുകാരനു് ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള ശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചുകേട്ടാൽ രസിക്കുമെന്നോ വായിച്ചാൽ മനസ്സിലാകുമെന്നോ വിചാരിക്കുന്നതു് അബദ്ധമാണു്. ഉയൎന്ന ക്ലാസുകളിലേക്കുള്ള ശാസ്ത്രഗ്രന്ഥങ്ങൾ തീൎച്ചയായും, ലത്തീനിലോ ഗ്രീക്കിലോ എഴുതപ്പെട്ടതുപോലെയേ അയാൾക്കു തോന്നുകയുള്ളു. ശാസ്ത്രഗ്രന്ഥങ്ങൾ സാഹിത്യകൃതികളെപ്പോലെ ആപാതമധുരങ്ങളും അനായാസേന മനസ്സിലാക്കാവുന്നവയും ആയിരിക്കണമെന്നുള്ള ധാരണ തെറ്റാണു്. ഒരു അങ്കഗണിത പുസ്തകം വായിച്ചുനോക്കിയിട്ടു് അതു വിരസവും, സങ്കേതജടിലവും, കണ്ണാരുന്തുദവും ആണെന്നു് ആരെങ്കിലും പറഞ്ഞാൽ വിവരമുള്ളവർ ചിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. മററു ശാസ്ത്രഗ്രന്ഥങ്ങളുടെ കഥയും ഇതുതന്നെയാണു്. എല്ലാ രാജ്യക്കാരും അംഗീകരിച്ചിട്ടുള്ള പദങ്ങളെ പാശ്ചാത്യഭാഷകളിൽനിന്നു കടംവാങ്ങിയും അല്ലാത്തുള്ളവയ്ക്കു തത്സമങ്ങളുണ്ടാക്കിയും നമ്മുടെ സാങ്കേതികസംജ്ഞാകോശത്തെ വിപുലപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമാണു്. വിദേശപദങ്ങളെ കടംവാങ്ങുമ്പോൾ നമ്മുടെ ഭാഷയിൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ടു്. ഒരേ അക്ഷരങ്ങളിൽ എഴുതപ്പെടുന്ന പദങ്ങളെ ഇംഗ്ലീഷുകാരനും, ഫ്രഞ്ചുകാരനും, ജൎമ്മൻകാരനും ഭിന്നരീതികളിലാണു് ഉച്ചരിക്കുന്നതു്. ഇതിൽ ഏതു് ഉച്ചാരണമാണു് സ്വീകരിക്കേണ്ടതെന്നു തീൎച്ചപ്പെടുത്തിയതിനുശേഷമേ പ്രസ്തുത പദത്തെ നമ്മുടെ ഭാഷയിൽ ഉപയോഗിക്കാവൂ. ചിലപ്പോൾ ജൎമ്മൻകാരന്റെ ഉച്ചാരണമായിരിക്കും നമ്മുടെ ഭാഷയ്ക്കു വഴങ്ങുന്നതു്. ഇംഗ്ലീഷുഭാഷയോടു നമുക്കുണ്ടായ വേഴ്ചമൂലം ഈ സംഗതി വിസ്മരിക്കാനിടയുണ്ടു്.

അച്ചെഴുത്തു് അച്ചടി എന്നിവയിലും ഗവേഷണത്തിനു ധാരാളം വകയുണ്ടു്. അതു പക്ഷെ യന്ത്രനിൎമ്മാതാക്കളുമായി സഹകരിച്ചു നടത്തിയില്ലെങ്കിൽ വിശേഷമില്ല. പക്ഷെ യന്ത്രസൗകൎയ്യത്തെ ഉദ്ദേശിച്ചു നമുക്കു ചിരപരിചിതമായ അക്ഷരമാലയേയും ലിപിസമൂഹത്തെയും പാടെ മാററാതിരിക്കുവാൻ ഭാഷാപണ്ഡിതന്മാർ ശ്രദ്ധിക്കണം. മനുഷ്യന്റെ മാനസികചേഷ്ടകളെപ്പോലും അനുകരിക്കുന്ന യന്ത്രങ്ങൾ ഉള്ള കാലമാണിതു്. അതുകൊണ്ടു നമ്മുടെ ഭാഷയ്ക്കു യോജിച്ചതരത്തിലുള്ള അച്ചെഴുത്തുയന്ത്രങ്ങളും അച്ചടിയന്ത്രങ്ങളും നിൎമ്മിക്കുന്നതു സാധിക്കാത്ത കാര്യമൊന്നുമല്ല. യന്ത്രങ്ങളുടെ സൗകൎയ്യത്തെയല്ല, എഴുതുന്നതിന്റേയും വായിക്കുന്ന

Digitized by Kerala Sahitya Akademi

തിൻേറയും അഭ്യസിക്കുന്നതിൻേറയും സൗകര്യത്തെയാണ് ഈ വിഷയത്തിൽ പ്രധാനമായി കരുതേണ്ടത്. മലയാളലിപികളുടെ വളവും പുളവും കനിപ്പും ചുരുട്ടിക്കെട്ടും എല്ലാം, അക്ഷരങ്ങളുടെ ആകപ്പാടെയുള്ള ആകൃതിക്കു വലിയ വ്യത്യാസം വരാത്തതരത്തിൽ, ഒന്നു ലഘൂകരിച്ചാൽ അത് എഴുത്തു പഠിക്കുന്ന കുട്ടികൾക്കും, എഴുത്തുജോലിയിലേർപ്പെടുന്ന മുതിർന്നവർക്കും ഒരു മഹാനുഗ്രഹമായിരിക്കും. ചിത്രകലയിൽ വാസനയുള്ളവരും ശിക്ഷണം സിദ്ധിച്ചവരുമാണ് ഇതിൽ ശ്രദ്ധിക്കേണ്ടതു. ലിപികളുടെ വടിവു നാമിന്നു ടൈപ്പുണ്ടാക്കുന്നവരുടെ മനോധർമ്മത്തിനു വിട്ടിരിക്കുകയാണ്. ഗവേഷണത്തിൻെറ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞെങ്കിൽ വലിയ കാര്യമായിരുന്നു.

ഈ കൊച്ചു കേരളത്തിൽമാത്രം ഉപയോഗിക്കപ്പെടുന്ന മലയാളഭാഷക്കുവേണ്ടി ഇത്ര വളരെ ഗവേഷണം നടത്തുന്നത് അനാവശ്യമാണെന്നു വിചാരിക്കുന്നവർ ഇല്ലാതില്ല. ഇത് ആപല്ക്കരമായ ഒരു ചിന്താഗതിയാണ്. ഈ രാജ്യത്തെ ജനങ്ങളുടെ ഭാഷ മലയാളമല്ലാതാകുന്ന ഒരു കാലം വരുമെന്ന് എനിക്കു തോന്നുന്നില്ല. മാതൃഭാഷയുടെ സഹായമില്ലാതെ, ഗ്രാമീണജനങ്ങൾ ബഹുഭൂരിപക്ഷമായ ഈ രാജ്യത്തിനു കാര്യമായ യാതൊരു പുരോഗതിയും ഉണ്ടാകാനും പോകുന്നില്ല. വിദ്യാഭ്യാസവും ഭരണവും മാതൃഭാഷയിലൂടെ നടത്തിയാൽ കേരളീയർ കിണററിലെ തവളയെപ്പോലെ ബാഹ്യലോകവുമായി സമ്പർക്കമില്ലാതെ അപകടത്തിൽപെട്ടുപോകുമെന്നാണ് പലരുടേയും ഭയം. ഇംഗ്ലീഷും ഹിന്ദിയും വരുന്നതിനു മുമ്പെങ്ങും നമുക്കു ബാഹ്യലോകവുമായി യാതൊരു സമ്പർക്കവും ഇല്ലായിരുന്നെന്നു തോന്നും ഇതു കേട്ടാൽ. ഇന്നുപോലും ഇംഗ്ലീഷോ ഹിന്ദിയോ വശമില്ലാത്തവരാണ് ഉപജീവനമന്വേഷിച്ചും വ്യാപാരത്തിനുവേണ്ടിയും കൂടുതലായി നമ്മുടെ നാട്ടിൽനിന്നു വെളിയിൽപോകുന്നതു. ബാഹ്യലോകസമ്പർക്കമെന്നും, സാർവ്വലൗകിക ഭാഷകളെന്നും മററുമുള്ള മുടക്കുന്യായങ്ങൾ പറഞ്ഞു മാതൃഭാഷക്കു ജനസാമാന്യത്തിൻെറ ജീവിതവ്യാപാരങ്ങളിൽ ന്യായമായും അത്യന്താപേക്ഷിതമായും ലഭിക്കേണ്ട സ്ഥാനത്തെ നിഷേധിക്കുന്നത് ഇനി ഒരു നിമിഷംപോലും അനുവദിച്ചുകൂടാ. സ്വാതന്ത്ര്യംപോലെതന്നെയുള്ള ഒരു ജന്മാവകാശമാണിതു. സാമാന്യജനങ്ങളാണ് അതിനുവേണ്ടി ശബ്ദം ഉയർത്തേണ്ടത്. 40 ലക്ഷം ജനങ്ങൾ മാത്രമുള്ള ഡന്മാർക്ക് കഴിഞ്ഞ നൂറാണ്ടിൻെറ

Digitized by Kerala Sahitya Akademi

പൂർവ്വാർദ്ധത്തിൽ നമ്മുടെ ഇന്നത്തെ നിലയിലായിരുന്നു. വിദേശീയഭാഷകൾക്കും, സംസ്കാരത്തിനും മാത്രമേ ആ രാജ്യത്തെ അഭ്യസ്തവിദ്യർ വില കല്പിച്ചുള്ളു. സാമാന്യജനങ്ങൾ ദാരിദ്ര്യത്തിലും സാംസ്കാരികമായ പാരതന്ത്ര്യത്തിലും കഷ്ടപ്പെട്ട് പ്രസന്നതയും ആത്മവിശ്വാസവും ഇല്ലാത്ത ജീവിതം നയിച്ചുപോന്നു. ഈ നിലയിൽനിന്നു ഡെന്മാർക്കിനെ ഉയർത്തിയതു ഗ്രുണ്ട്‌വിഗ്ഗ് എന്ന മഹാനാണ്. അദ്ദേഹം, പില്ക്കാലത്തു ഭാരതത്തിൽ ഗാന്ധിജി ചെയ്തതുപോലെ, രാജ്യമാസകലം സഞ്ചരിച്ചു ജനസാമാന്യത്തിനിടയിൽ ഒരു പുതിയ ജീവിതത്തിൻെറ സന്ദേശം പ്രചരിപ്പിച്ചു. അദ്ദേഹത്തിൻെറ പരിപാടിയിൽ മാതൃഭാഷയ്ക്ക് അങ്ങേയററത്തെ പ്രാധാന്യമാണ് നൽകിയിരുന്നത്. ഈ സന്ദേശം ഡേനിഷ് ജനതയെ ആവേശംകൊള്ളിയ്ക്കുകയും അവർ കേവലം രണ്ടു തലമുറക്കാലംകൊണ്ട് ഉയർത്തെഴുന്നേല്ക്കുകയും ചെയ്തു. ഇന്ന് ആ ചെറിയ രാജ്യം ഐശ്വര്യത്തിൻെറയും പുരോഗതിയുടേയും മുന്നണിയിൽ നില്ക്കുന്നു. അവർ കിണററിലെ തവളകളെപ്പോലെ അപകടത്തിൽ പെട്ടില്ല. ലോകപ്രസിദ്ധരായ ശാസ്ത്രജ്ഞന്മാരേയും സാഹിത്യകാരന്മാരെയും ആ രാജ്യം ജനിപ്പിച്ചിട്ടുണ്ട്. അവിടത്തെ പാർലിമെൻറിലും ഗവമ്മേണ്ടാപ്പീസുകളിലും വിദ്യാലയങ്ങളിലും ഡേനിഷ്ഭാഷതന്നെ ഉപയോഗിയ്ക്കപ്പെടുന്നു. 40 ലക്ഷം മാത്രമുള്ള ഡെന്മാർക്കുകാക്ക് ഇതു സാധിയ്ക്കുമെങ്കിൽ ഒരു കോടിയിലധികമുള്ള മലയാളികൾക്ക് ഇതുവളരെ ഭയപ്പെടുവാൻ എന്തുള്ളു. മാതൃഭാഷയിലൂടെ മാത്രമേ നമുക്കു മോക്ഷമുള്ളു. അതിനെ ലോകത്തിലെ ഏററവും സമത്ഥവും ശക്തിയുക്തവും മനോഹരവുമായ ഭാഷകളിലൊന്നായി പുഷ്ടിപ്പെടുത്തുന്നതിനു ഭാഷാഭിമാനികൾ യത്നിയ്ക്കുമാറാകട്ടെ.

Digitized by Kerala Sahitya Akademi

## 13

# മാതൃഭാഷവഴിയുള്ള ശാസ്ത്രാഭ്യസനം

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഇന്ത്യൻസർവ്വകലാശാലകളിലെ അഭ്യസനം മുഴുവനും പ്രാദേശികഭാഷകൾ വഴിയാകണമെന്നു 1951–ൽ ഡൽഹിയിൽ കൂടിയ വൈസ് ചാൻസലർമാരുടെ സമ്മേളനത്തിൽ തീരുമാനിക്കുകയുണ്ടായി. സാങ്കേതികസംജ്ഞകളെ പരിഭാഷപ്പെടുത്തേണ്ട ആവശ്യമില്ലെന്നും കഴിയുന്നിടത്തോളം സാർവ്വലൗകികങ്ങളായ പദങ്ങളെ അതേപടി തന്നെ സ്വീകരിക്കണമെന്നും പ്രസ്തുത സമ്മേളനത്തിൽ നിശ്ചയിച്ചു.

പക്ഷേ ഒരു നിശ്ചയം അംഗീകരിച്ചതുകൊണ്ടു മാത്രം ഈ പ്രശ്നത്തിനു പൂർണ്ണമായ പരിഹാരം ഉണ്ടായെന്നു വിചാരിക്കുന്നത് അബദ്ധമാണ്. ഡൽഹിയിൽ നടന്നത് ഈ വിഷയത്തെക്കുറിച്ചുള്ള ഒരു നയപ്രഖ്യാപനം മാത്രമായിരുന്നു എന്നും അതിന്റെ അർത്ഥവ്യാപ്തിയും വിശദമായ പരിപാടികളും ദീർഘമായ ആലോചനകൾകൊണ്ടു തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു എന്നും തെളിയിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം. സാങ്കേതികപദങ്ങളുടെ കാര്യത്തിൽ ഇനിയും യാതൊന്നും ആലോചിക്കേണ്ടതായിട്ടില്ല എന്നൊരു പരിതൃപ്തമനോഭാവം പൊതുവെ ഉണ്ടാകുവാനിടയുണ്ട്. ഇതിലാണ് ആപത്തിനുള്ള ഏററവും വലിയ പഴുതു ഞാൻ കാണുന്നത്. ഏതെല്ലാം പദങ്ങളാണ് സാർവ്വലൗകികങ്ങളെന്നും, തന്മൂലം തർജ്ജമ ചെയ്യാതെ സ്വീകരിക്കാവുന്നവയെന്നും ഉടനെ നിശ്ചയിക്കേണ്ടിയിരിക്കുന്നു. ഇത് അധികൃതസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ ചെയ്തില്ലെങ്കിൽ അപരിചിതമായ ഏതു പദവും സാങ്കേതികവും സാർവ്വലൗകികവും ആണെന്നു പറഞ്ഞു സ്വീകരിക്കുവാൻ തുടങ്ങും. നമ്മുടെ ഭാഷയും വിദ്യാഭ്യാസരീതിയും അതോടെ നാശത്തിൽ പതിക്കുകയും ചെയ്യും. ‘‘റൈററിലേക്കു ടേൺ ചെയ്തു, സ്വല്പം ഫ്രണ്ടിലേക്കു പോയി, സ്ലോഡൗൺ ചെയ്തു, റിവേഴ്സെടുത്തു ബാക്കിലേക്കു വന്നു സൈഡു ചേൻജു ബ്രേക്കിട്ടു സ്റ്റോപ്പു ചെയ്യണം’’ എന്ന മട്ടിലുള്ള ‘‘ഡ്രൈവർ മണിപ്രവാളം’’ നമുക്കു സുപരിചിതമാണല്ലോ. ഇതുപോലെ ‘‘ഒരു ടെസ്റ്റ് ട്യൂബെടുത്ത് അതിൽ കുറെ ഡിസ്റ്റിൽഡ്

Digitized by Kerala Sahitya Akademi

വാട്ടർ ഒഴിച്ച് അല്പം പ്യൂവർ കോമൺസാൾട്ട് (അതായത് ഇമ്പ്യൂരിറ്റീസിന്റെ ഒരു ട്രേസ്പോലുമില്ലാത്ത സോഡിയം ക്ലോറൈഡ്) ഇട്ടു നല്ലതുപോലെ ഷേക്കു ചെയ്യണം. സാൾട്ട് വാട്ടറിൽ ഡിസോൾവു ചെയ്യും. അതങ്ങിനെ കുറച്ചുനേരം വെച്ചിരുന്നശേഷം ക്ലിയറായിട്ടു കാണുന്ന ഫ്ളൂയിഡ് വേറൊരു ടെസ്റ്റ് ട്യൂബിലേയ്ക്കു ഡീക്കാൻറു ചെയ്യേട്ടക്കണം. ഈ ഫ്ളൂയിഡ് വാട്ടറിൽ കോമൺ സാൾട്ടിന്റെ സാച്ചുറേറ്റഡ്സൊലൂഷൻ ആണെന്നു പറയാം'' എന്നൊരു ഭാഷാരീതിയ്ക്കു വിദ്യാലയങ്ങളിലും കലാശാലകളിലും പ്രചാരം സിദ്ധിയ്ക്കാനിടവരാതെ സൂക്ഷിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഇപ്പോൾ തന്നെ സംഭാഷണത്തിൽ ഇംഗ്ലീഷുപദങ്ങൾ വാരിക്കോരി ഉപയോഗിയ്ക്കുന്ന സ്വഭാവം പരക്കെയുണ്ട്. പലപ്പോഴും അതൊരു മേന്മയായും പരിഷ്കാരമായും കരുതിവരുന്നു. വെറും സംഭാഷണത്തിൽ മാത്രമല്ല സാഹിത്യത്തിലും ഈ സമ്പ്രദായം പ്രചരിച്ചുതുടങ്ങിയിട്ടുണ്ട്. സാഹിത്യകാരനെങ്കിലും സ്വഭാഷയോട് ഒരു കടമയുണ്ടെന്നുള്ള വസ്തുത പലപ്പോഴും വിസ്മരിയ്ക്കപ്പെടുന്നതായി കാണാം. ''സെലക്ഷൻ നന്നായിട്ടുണ്ട് കഥകളുടെ'' എന്നും, ''യൂണിററി അല്ല, യൂണിററി ഇൻ വെറൈററി ആണ് രൂപം അഥവാ സൗന്ദര്യം'' എന്നും പ്രമാണികളായ മലയാളസാഹിത്യകാരന്മാർ എഴുതുവാൻ മടിയ്ക്കുന്നില്ല. സാഹിത്യം ജനകീയമാക്കണമെന്നുള്ള മുറവിളി പൊങ്ങുന്ന ഇക്കാലത്തു ഭാഷാസേവനത്തിനു കൃതപ്രതിജ്ഞരായ ആളുകൾ ഇങ്ങിനെ എഴുതിത്തുടങ്ങിയാൽ മലയാളത്തിന്റെ ഭാവിയെക്കുറിച്ചു വ്യസനിയ്ക്കുകയെ നിവൃത്തിയുള്ളു. പട്ടിണിപ്പാവങ്ങളെ രക്ഷിയ്ക്കുവാൻ വെമ്പുന്ന സാഹിത്യകാരന്മാൎക്ക് ഈ രീതി സ്വീകരിയ്ക്കുകയും അതിൽ അഭിമാനിയ്ക്കുകയും ചെയ്യാമെങ്കിൽ ശാസ്ത്രം അഭ്യസിപ്പിയ്ക്കുന്നവൎക്ക് ഭാഷയുടെ കാൎയ്യത്തിൽ യാതൊരു ക്ലേശവും വേണ്ട. ഡ്രൈവർമണിപ്രവാളം തന്നെ അവൎക്കും സ്വീകരിയ്ക്കാം. എന്തെങ്കിലും എഴുതിക്കാണിയ്ക്കേണ്ടപ്പോൾ മലയാളലിപി ഉപയോഗിച്ചുകൊള്ളണമെന്നേയുള്ളു. അഭ്യസനം മാതൃഭാഷയിലൂടെ നടത്തുകയാണെന്നു അവൎക്ക് അഭിമാനിയ്ക്കാം. ഇന്നത്തെ ചുററുപാടുകളും മേൽപറഞ്ഞ ഡൽഹിനിശ്ചയവും എത്ര ആപൽക്കരമായ ഒരു മാൎഗ്ഗത്തിലേയ്ക്കാണ് നയിയ്ക്കുന്നതെന്നു നോക്കുക. യാതൊരു നിയന്ത്രണവുമില്ലാതെ ഈ പോക്കു തുടരുവാൻ അനുവദിയ്ക്കുകയാണെങ്കിൽ അധികം നാൾ ചെല്ലുംമുമ്പ് മലയാളത്തിനു ലിപിയല്ലാതെ മറ്റൊന്നും ഇല്ലെന്നുവരും. ഈ

Digitized by Kerala Sahitya Akademi

നിർഭാഗ്യസ്ഥിതി വന്നുചേരണമെന്ന് ആരെങ്കിലും ആഗ്രഹിക്കു മെന്നു തോന്നുന്നില്ല.

സാങ്കേതികപദം എന്നാൽ എന്തെന്ന് ഒരു നിർവ്വചനം നല്കു വാൻ എളുപ്പമല്ല. ഏതെങ്കിലും ഒരു വിജ്ഞാനശാഖയിലോ തൊഴിലിലോ പ്രാവീണ്യം നേടിയ ആളുകളെ സംബന്ധിച്ച സവിശേഷമായ അർത്ഥവും മൂല്യവും ഉള്ള വാക്കോ ചിഹ്നമോ ആണ് അതെന്നു പറയാവുന്നതാണ്. ഇങ്ങനെയുള്ള പദങ്ങൾ ഇന്ന് അസംഖ്യമുണ്ട്. 1945-ലെ ''ചേംബേഴ്സ് ടെക്നിക്കൽ ഡിക്ഷണറി''യിൽ ഈ നിർവ്വചനത്തിന്റെ പരിധിയിൽ പെടുന്നവയായി ഏകദേശം നാല്പതിനായിരം വാക്കുകൾ ചേർത്തി ട്ടുണ്ട്. ജന്തുജാതികളുടെ ശാസ്ത്രീയനാമങ്ങളായ പത്തുലക്ഷത്തിൽ പരം പദങ്ങളിൽ ഒന്നുപോലും ഇക്കൂട്ടത്തിലില്ലെന്ന് ഓർമ്മിക്കണം. സസ്യജാതികളുടെ പേരുകളായ കുറെ ലക്ഷം പദങ്ങൾ വേറെയും കിടക്കുന്നു. അതെല്ലാം വിഗണിച്ച് ഈ നാല്പതിനായിരം വാക്കു കളുടെ കാര്യംമാത്രം എടുക്കാം. ബി. എസ്സ്സി. ഡിഗ്രിവരെ യുള്ള അദ്ധ്യയനത്തിനു ഇത്രയും പദങ്ങൾ അത്യന്താപേക്ഷിതങ്ങ ളാണ്. ഇവയെല്ലാം തർജ്ജമ ചെയ്യാതെ, അതേപടി സ്വീകരി ക്കേണ്ടവയാണോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. ഈ പദങ്ങളെല്ലാം മേൽപറഞ്ഞ നിർവ്വചനത്തിന്റെ പരിധിയിൽ പെടുന്നവയാണ്. പക്ഷെ ഇവയെല്ലാം സാർവ്വലൗകികങ്ങളാ ണെന്നു പറഞ്ഞുകൂടാ. ഇംഗ്ലീഷ്-ജർമ്മൻ നിഘണ്ടു എടുത്തുനോ ക്കിയാൽ ഇവയിൽ ഒരു വലിയ ശതമാനത്തിനു തത്സമങ്ങളുള്ള തായി കാണാം. അതുപോലെതന്നെ ഫ്രഞ്ചിലും. Egg, Water, Acid, Nucleus, Melt, Freeze എന്നിത്യാദി പദങ്ങൾ ഉദാഹരണ ങ്ങളാണ്. ഇത്തരം പദങ്ങളേയും നാം അതേപടി സ്വീകരി ക്കണമെന്നു പറയുന്നതു ന്യായീകരിക്കത്തക്കതല്ല. ഇങ്ങനെ നോ ക്കിയാൽ സാങ്കേതികം എന്നു പറയാവുന്ന ഏതു പദത്തിനും ഡൽ ഹിനിശ്ചയത്തിന്റെ സംരക്ഷണമുണ്ടെന്നു കരുതുന്നതു ശരിയല്ലെന്നു കാണാം. സാമാന്യവ്യവഹാരത്തിൽ ഉപയോഗിക്കുന്ന അനേക മനേകം പദങ്ങളെ പരിചിന്നവും സവിശേഷവുമായ അർത്ഥത്തിൽ, ശാസ്ത്രം സ്വീകരിച്ചിട്ടുണ്ട്. ഇവയെ തർജ്ജമ ചെയ്യുകതന്നെ വേ ണം. മുൻപറഞ്ഞ നാല്പതിനായിരത്തിൽ ഇത്തരം എത്ര പദങ്ങ ളുണ്ടെന്നു പെട്ടെന്നു പറയുവാൻ വിഷമമാണ്. ഒരു പതിനായി രമെങ്കിലും വരുമെന്നാണ് എനിക്കു തോന്നുന്നത്. ഇവക്കു ഭാര

Digitized by Kerala Sahitya Akademi

തീയഭാഷകളിലെല്ലാം ഒരേ തത്സമങ്ങറം ഉപയോഗിയ്ക്കുന്നതു വളരെ ഉപകാരമായിരിയ്ക്കും. പ്രാദേശികഭാഷകളുടെ പ്രതിനിധികറം അടങ്ങിയ ഒരു വിദഗ്ദ്ധകമ്മിററിയെ ഇക്കാര്യം ചുമതലപ്പെടുത്തേണ്ടതാണ്. ഓരോ ഭാഷയിലും ഉണ്ടായിട്ടുള്ള സാങ്കേതികശബ്ദകോശങ്ങറം ഈ വിഷയത്തിൽ വളരെ സഹായകമായിരിയ്ക്കും. കേന്ദ്രഗവൎമ്മെണ്ടിൻെറയോ ഇൻറർ യൂണിവേഴ്സിററി ബോൎഡിൻെറയോ ആഭിമുഖ്യത്തിൽ ഉടനേ ചെയ്യേണ്ട കാര്യമാണിത്. ശാസ്ത്രത്തിൻെറ പ്രാഥമികപാഠങ്ങറം അഭ്യസിപ്പിയ്ക്കുവാൻ ഈ പദാവലി മതിയാകുന്നതാണ്. പദങ്ങറം മാത്രമല്ല ഇതിൽ ഉറംപ്പെടുന്നത്. ചിഹ്നങ്ങളും, വാക്യരൂപങ്ങളും, പ്രയോഗരീതികളും, സന്ധിസമാസാദികളും, രചനാസമ്പ്രദായങ്ങളുംകൂടി ഇതിൽ വരേണ്ടതാണ്. ഡ്രൈവർമണിപ്രവാളം പ്രചരിയ്ക്കാതെ തടയുന്നതിനുള്ള ഏററവും നല്ല മാൎഗ്ഗം ഇതാണെന്ന് എനിയ്ക്കു തോന്നുന്നു. ഉററ ശ്രമിച്ചാൽ ഒരു കൊല്ലത്തിനുള്ളിൽ ചെയ്തുതീൎക്കാവുന്ന ഒരു ജോലിയാണിത്. അതിൻെറ പ്രയോജനം ഉടനെതന്നെ സ്കൂളുകറംക്കു ലഭിയ്ക്കുകയും ചെയ്യും. അദ്ധ്യയനം മാതൃഭാഷയിലാക്കുവാൻ സൎവ്വകലാശാലകറംക്ക് അഞ്ചു വൎഷത്തെ സമയമാണ് കൊടുത്തിരിയ്ക്കുന്നത്. അതുകൊണ്ട് ഇതിൽ പകുതിസമയം കഴിയുന്നതിനു മുമ്പുതന്നെ സ്കൂളിലെ അദ്ധ്യയനം മാതൃഭാഷവഴിയാവുകയും, അതിനു ഒരു ചിട്ടയും നിയമവും സ്ഥിരതയും വരികയും ചെയ്യേണ്ടത് അത്യാവശ്യമാകുന്നു. ഇപ്പോറംതന്നെ ഒട്ടു മിക്ക ഗവൎമ്മെണ്ടുകളും സ്കൂളിലെ അദ്ധ്യയനത്തിന്ന് നാട്ടുഭാഷ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഈ രീതിയ്ക്കു, ശാസ്ത്രീയവിഷയങ്ങളെ സംബന്ധിച്ചിടത്തോളം, ഭാരതത്തിൽ ഒട്ടാകെ ഒരു ചിട്ടയും ഐകരൂപ്യവും വരണമെന്നേയുള്ളു. ഇതു മേൽപറഞ്ഞ വിധത്തിൽ വരുത്താവുന്നതാണ്.

ശാസ്ത്രത്തിൻെറ ഈ പ്രാഥമികപദാവലി നീക്കിയാൽ ശേഷിയ്ക്കുന്ന മുപ്പതിനായിരത്തോളം പദങ്ങളുടെ കാര്യമാണ് അടുത്തതായി ആലോചിയ്ക്കേണ്ടത്. ഇവ സാൎവ്വലൌകികങ്ങളാണ്. തൎജ്ജമ ചെയ്യാതെ സ്വീകരിയ്ക്കണമെന്നുള്ള നിൎദ്ദേശം ഇവയുടെ കാര്യത്തിൽമാത്രമേ അംഗീകരിയ്ക്കേണ്ടതുള്ളു. ഏററിയകൂറം സൎവ്വകലാശാലകളിലെ ഡിഗ്രി ക്ലാസ്സുകളിലാണ് ഇവയുടെ ആവശ്യം നേരിടുന്നത്. അവിടെ എത്തുമ്പോഴേയ്ക്കു വിദ്യാൎത്ഥികറംക്കുതന്നെ കുറച്ചൊരു വിവേകവും, വീണ്ടുവിചാരവും, ഭാഷാപരമായ

Digitized by Kerala Sahitya Akademi

മൂല്യങ്ങളെക്കുറിച്ചുള്ള ബോധവും കൈവരുന്നതുകൊണ്ട് ഈ ഘട്ടത്തിൽ അന്യഭാഷാപദങ്ങളെ അതേപടി ഉപയോഗിക്കുന്നതിൽ അത്ര വളരെ ആപത്തില്ല. എന്നുതന്നെയുമല്ല. അതിനുമുമ്പായി മാതൃഭാഷയുടെ വ്യക്തിത്വം നഷ്ടപ്പെടാതെ ശാസ്ത്രത്തിന്റെ പ്രാഥമികപാഠങ്ങൾ അതിലൂടെത്തന്നെ അവർ അഭ്യസിക്കുകയും ചെയ്തിരിക്കും. സങ്കീർണ്ണങ്ങളായ ഈ പദങ്ങൾ മാതൃഭാഷാ ലിപികളിൽ എഴുതേണ്ടതെങ്ങിനെയെന്നും, അവയുടെ ശരിയായ ഉച്ചാരണം എന്തെന്നും ഉള്ള കാര്യത്തിൽ മാത്രമേ വിഷമം വരികയുള്ളൂ. F, Z എന്നീ റോമൻലിപികൾ സൂചിപ്പിക്കുന്നവയൊഴികെ മറ്റേതു ശബ്ദവും, ഭാഗ്യവശാൽ, മലയാളത്തിൽ എഴുതിയെടുക്കാവുന്നതാണ്. F ന്റെ സ്ഥാനത്തു 'ഫ' ഉപയോഗിക്കുന്ന സമ്പ്രദായം ഇപ്പോൾ പ്രചാരത്തിലായിട്ടുണ്ട്. Z-നു ഹിന്ദിയിലും മററും 'ജ' എന്ന അക്ഷരമാണ് ഉപയോഗിക്കുന്നത്. നമുക്കു 'സ' ആണ് കുറേക്കൂടി ഇഷ്ടം. ന്യൂസീലാൻഡ്, നൈസാം എന്നൊക്കെ എഴുതാവുണ്ടല്ലോ. തമിഴൊഴികെയുള്ള ഭാരതീയഭാഷകളെല്ലാം അക്ഷരമാലയുടെ കാര്യത്തിൽ ഏറെക്കുറെ തൃപ്തികരങ്ങളാണ്. ശ്രീമാൻ ടി. കെ. ജോസഫ് ഇതു സമ്മതിക്കുകയില്ല. അദ്ദേഹം ചെയ്യുന്നതുപോലെ ശബ്ദങ്ങളുടെ ഈഷൽഭേദങ്ങളെ മുൻനിർത്തി വാദിക്കുവാൻ തുടങ്ങിയാൽ ഏതു ഭാഷയുടെ അക്ഷരമാലയും അതൃപ്തികരമായി തീരുന്നതാണ്. SHAH എന്നും SHOW എന്നും ഉള്ള ശബ്ദങ്ങൾക്കിടയ്ക്കു ഒരു ആയിരമോ പതിനായിരമോ ഉച്ചാരണഭേദങ്ങളുണ്ടെന്നും, ഇതെല്ലാം ആരെക്കൊണ്ടും എഴുതികാണിക്കുവാൻ സാദ്ധ്യമല്ലെന്നും ബർനാർഡ് ഷാ പറയുകയുണ്ടായി. അതുകൊണ്ടു സാങ്കേതികപദങ്ങൾ മലയാളത്തിൽ എഴുതുന്നതു സംബന്ധിച്ച് അത്ര കടന്ന തക്കത്തിനൊന്നും ഒരുമ്പെടാതിരിക്കുകയാണ് ഭേദം. പക്ഷേ റോമൻലിപിയിൽ എഴുതിയാലുള്ള ഉച്ചാരണത്തെക്കുറിച്ചു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകരുത്. പാശ്ചാത്യനിഘണ്ടുക്കൾ പലതും പദങ്ങളുടെ ഉച്ചാരണം കൂടി സൂചിപ്പിക്കുന്നതുകൊണ്ടു കുറച്ചൊന്നു ശ്രദ്ധിച്ചാൽ ഇക്കാര്യത്തിൽ കുഴപ്പമില്ലാതെ കഴിക്കാം. പക്ഷെ ആരും അതു ഗൌനിക്കാറില്ല. CAMERA എന്ന സാധാരണപദം ഒരു പത്തു തരത്തിൽ എഴുതിക്കണ്ടിട്ടുണ്ട്. 'ക്യാമെറ' എന്നെഴുതിയാൽ അതിന്റെ ശരിയായ ഉച്ചാരണത്തോട് ആവോളം അടുക്കുമെന്നു സ്പഷ്ടമാണ്. പക്ഷേ അതു 'കമേറ' എന്നു അറിവുള്ളവർകൂടി എഴു

Digitized by Kerala Sahitya Akademi

താവുണ്ട്. ഇമ്മാതിരി വികലതകളും വൈവിധ്യങ്ങളും, ശാസ്ത്രീയ സംജ്ഞകൾ കൈകാര്യം ചെയ്യുമ്പോൾ ഒഴിവാക്കേണ്ടതു അത്യാവശ്യമാണ്. അതല്ലെങ്കിൽ 'പെരി കാഡിയോ മീഡിയാസ്റ്റിനൈററിസ്', 'ആൽഫാ ഫിനയിൽ–ബീററാ ഡൈ ഇതൈയിൽ അമിനോ–ഈതൈയിൽ–പാരാ–നൈട്രോ–ബെൻസോ – ഈ തൈ യിൽ ഹൈഡ്രോ–ക്ലോറൈഡ്' എന്നിങ്ങനെപോകുന്ന സാങ്കേതികപദങ്ങൾ മലയാളത്തിലൂടെ വരുമ്പോൾഒന്നിനൊന്നായി മാറിപ്പോകും. ഇമ്മാതിരി വാക്കുകളെ എത്രയോ കാലമായി കൈകാര്യം ചെയ്തു പഴകിയ പാശ്ചാത്യഭാഷകളിൽപോലും അവമൂലം വളരെ വിഷമങ്ങൾ ഉണ്ടാകുന്നുണ്ട്. ലിപികളുടെ വിന്യാസത്തിൽ ശ്രദ്ധപതിപ്പിച്ചാണ് അവർ അബദ്ധത്തിൽ ചാടാതെ കഴിയുന്നത്. ഭാരതീയഭാഷകളുടെ സ്വഭാവം ഇതിൽനിന്നു പാടെ ഭിന്നമാണ്. ശബ്ദത്തെ ആശ്രയിച്ചുമാത്രമേ നമുക്കു തെററുകളെ ഒഴിയ്ക്കുവാൻ കഴിയൂ. ഇതു നമ്മുടെ ഭാഷകൾക്കു ഒരു കുറവാണെന്നാണ് സാധാരണ പറയാറുള്ളത്. വാസ്തവത്തിൽ നമ്മുടെ രീതിയാണ് മററതിനേക്കാൾ ശാസ്ത്രയുക്തമായിട്ടുള്ളത്. ഇതേക്കുറിച്ചു ബർനാർഡു ഷാ എഴുതിയിട്ടുള്ള ചില അരിശമേറിയ ലേഖനങ്ങൾ വായിയ്ക്കേണ്ടവയാണ്. ഇംഗ്ലീഷിന്റെ അക്ഷരമാല അപരിഷ്കൃതവും ആക്ഷേപാർഹവുമാണെന്നും, അതുമൂലമുണ്ടാകുന്ന നഷ്ടം അതിഭയങ്കരമാണെന്നും അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ട്. തന്റെ സ്വകാര്യസ്വത്തു മുഴുവനും ഈ മനുഷ്യോചിതമല്ലാത്ത അക്ഷരമാലയെ പരിഷ്കരിയ്ക്കുന്നതിനു വേണ്ടി നീക്കിവെയ്ക്കാൻ തെയ്യാറാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. 'ദോ' എന്ന ഒരു സാധാരണശബ്ദം എഴുതിക്കാണിയ്ക്കുന്നതിനു Though എന്ന് ആറു അക്ഷരങ്ങൾ എഴുതേണ്ട ഭാഷ മൂഢന്മാർക്കുവേണ്ടിയുള്ളതാണെന്നാണ് ഷായുടെ അഭിപ്രായം. ഭാരതീയഭാഷകൾക്കു ഈ വൈകല്യമില്ല. ശബ്ദത്തിനു അനുരൂപമായ അക്ഷരമാലയാണ് നമുക്കുള്ളത്. ഇക്കാര്യമൊന്നും ആലോചിയ്ക്കാതെയാണ് നമ്മുടെ അക്ഷരമാല പരിഷ്കരിയ്ക്കണമെന്നു പലരും മുറവിളി കൂട്ടുന്നത്. പരിഷ്കാരം വരുത്തേണ്ടതു നമ്മുടെ ലിപികൾക്കാണ്. അവയുടെ വളവും പുളവും കുനിപ്പും പുരുട്ടിക്കെട്ടും സമയനഷ്ടം വരുത്തുന്ന മററു വൈഷമ്യങ്ങളും ആണ് മാറേറണ്ടത്. എണ്ണം കുറയ്ക്കുവാൻ ശ്രമിയ്ക്കുന്നതു നമ്മുടെ അക്ഷരമാലയെ പാശ്ചാത്യരുടേതിന്റെ നിലയിലേയ്ക്ക് അധഃപതിപ്പിയ്ക്കുകയായിരി

Digitized by Kerala Sahitya Akademi

ക്കും. കേവലം യാന്ത്രികമായ സൗകര്യങ്ങളെ ആസ്പദമാക്കിയാണ് അക്ഷരങ്ങളുടെ എണ്ണം കുറയ്ക്കണമെന്നു പറയുന്നത്. ഇതുമൂലം അക്ഷരമാലയുടെ അടിസ്ഥാനത്തിനുതന്നെ കേടു തട്ടുന്ന കാര്യം ആരും ഓർമ്മിയ്ക്കുന്നില്ല. പാശ്ചാത്യഭാഷകൾക്കുവേണ്ടി നിർമ്മിച്ച യന്ത്രങ്ങളേ നമുക്ക് ഉപയോഗിയ്ക്കാവൂ എന്നില്ല. നമ്മുടെ ഭാഷകൾക്കു യോജിച്ച തരത്തിൽ പുതിയജാതി യന്ത്രങ്ങൾ ഉണ്ടാക്കുവാനാണ് ശ്രമിയ്ക്കേണ്ടത്. ഇതു ഈ ഇരുപതാം നൂററാണ്ടിൽ അസാദ്ധ്യമെന്നൊന്നും കരുതേണ്ടതില്ല. 'ക്ക' എന്ന ലിപി 'ക്‌ക' എന്നു പിരിച്ചെഴുതുകയാണെങ്കിൽ ഒരു അച്ചിൻെറ സ്ഥാനത്തു മൂന്നെണ്ണം ഉപയോഗിയ്ക്കേണ്ടിവരുമെന്നു പറയേണ്ടതില്ലല്ലോ. ഇതു വ്യയഹേതുകമാണ്. അതുകൊണ്ടു നിലവിലുള്ള ടൈപ്പ്റൈററും, ലൈനോ ടൈപ്പ് അച്ചടിയും മലയാളത്തിലും പ്രചരിപ്പിക്കുന്നതിനുവേണ്ടി "കൊട്ടാരത്തിൽ ശങ്കുണ്ണി" എന്ന മട്ടിലുള്ള ലിപിപരിഷ്കാരം ഏർപ്പെടുത്തുന്നതു ആശാസ്യമല്ല. എഴുതുന്നതിനും പഠിക്കുന്നതിനും ഉള്ള സൌകര്യമാണ് പ്രഥമമായും പ്രധാനമായും നോക്കേണ്ടത്. അതിനുവേണ്ടി ചെയ്യാവുന്ന ഏററവും വലിയ സഹായം ലിപികളുടെ എണ്ണം കുറയ്ക്കുകയല്ല, അവയുടെ അനാവശ്യങ്ങളായ വളച്ചുകെട്ടുകൾ നീക്കി ലളിതങ്ങളാക്കുകയാണ്. ഏതായാലും സാർവ്വലൗകികങ്ങളായ സാങ്കേതിക പദങ്ങൾ എഴുതുന്നതിനു നമ്മുടെ അക്ഷരമാല പോരാതെ വരുമെന്നു പേടിക്കാനില്ല. പക്ഷേ എഴുതപ്പെടുന്ന പദങ്ങളുടെ ശരിയായ ഉച്ചാരണത്തെപ്പററി സൂക്ഷ്മമായ ബോധം ഉണ്ടായിരിയ്ക്കേണ്ടതു അത്യാവശ്യമാണ്. ഈ ഉച്ചാരണത്തെ വികൃതമാക്കാതെ നമ്മുടെ ലിപികളിൽ പകർത്തുവാനാണു ശ്രമിക്കേണ്ടത്. ഓരോ ഭാഷയിലും ഇതിനു ചില നിയമങ്ങളും നിബന്ധനകളും ഉണ്ടാക്കിയാൽ കൊള്ളാമെന്നു തോന്നുന്നു. അതല്ലെങ്കിൽ ഈ പദങ്ങളെല്ലാം വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ മലയാളലിപികളിലാക്കി എഴുതിയ ഒരു പുതിയതരം നിഘണ്ടു ഉണ്ടാക്കണം. ഇതും അത്ര വളരെ പ്രയാസമുള്ള കാര്യമല്ല. പദങ്ങളുടെ ശുദ്ധിക്കും ഒന്നിനൊന്നു മാറിപ്പോകാതെ സൂക്ഷിയ്ക്കുന്നതിനും ഇങ്ങനെ എന്തെങ്കിലും ചെയ്തേ മതിയാവൂ. അല്ലെങ്കിൽ "ഗ്രന്ഥം മൂന്നു പകർത്തുമ്പോൾ" സംഭവിക്കുന്നതിലും ഭയങ്കരമായ അപഭ്രംശങ്ങൾ ഉണ്ടാകും.

ഈ ലേഖനം അവസാനിപ്പിക്കുന്നതിനു മുമ്പ് മേൽ വിവരിച്ച രീതിയിൽ ഡിഗ്രി ക്ലാസ്സിലേയ്ക്കുള്ള ഒരു പാഠപുസ്തകത്തിൽ

Digitized by Kerala Sahitya Akademi

നിന്ന് ഒരു ഖണ്ഡിക, ഉദാഹരണത്തിനുവേണ്ടി പദാനുപദം തർജ്ജമചെയ്തു ചേർത്തുകൊള്ളുന്നു. ഉടനെ കിട്ടിയത് ഒരു ജന്തുശാസ്ത്ര ഗ്രന്ഥമാണ്. അന്യവിഷയങ്ങളിൽ തർജ്ജമ ഇതിനേക്കാറം പ്രയാസമുള്ളതായിരിക്കാനിടയുണ്ട്.

''ഡൈബ്രാങ്കിയേററയിൽ സീലോമിന് സെപ്പിയയുടെ കാര്യത്തിൽ വിവരിച്ചിടത്തോളംതന്നെ വ്യാപ്തിയുണ്ട്; പക്ഷെ ഒക്ടോപ്പൊഡയിൽ വദനഭാഗം ഇല്ലെന്നു ഒരു വ്യത്യാസം കാണുന്നു. നാട്ടിലസ്സിൽ അത്, ഹൃദയം ജനനേന്ദ്രിയങ്ങറം എന്നിവക്കു പുറമെ, അഫെറൻറ ബ്രാങ്കിയൽ വാഹിനികളുടെ ഗ്രന്ഥിരൂപമായ അനുബന്ധങ്ങളെയും ഉറംക്കൊള്ളുന്നു. ഡൈബ്രാങ്കിയേററയിൽ പരിഹൃദയഭാഗം വൃക്കസഞ്ചികളുമായി ബന്ധപ്പെട്ടു കിടക്കുന്നു; നാട്ടിലസ്സിൽ ഈ ബന്ധം കാണപ്പെടുന്നില്ല; എങ്കിലും സീലോം, വെളിയിലേയ്ക്ക്, അപമുഖവൃക്കങ്ങളുടെ ദ്വാരങ്ങറംക്കു സമീപം സമപാർശ്വമായി സ്ഥിതിചെയ്യുന്ന രണ്ടു വിസറോ പെരികാർഡിയൽ രന്ധ്രങ്ങറംവഴി തുറന്നുകിടക്കുന്നു.''

Digitized by Kerala Sahitya Akademi

# 14

# നമ്മുടെ അച്ചടി

അച്ചടിവേലയും പ്രസിദ്ധീകരണ സമ്പ്രദായങ്ങളും നമ്മുടെ നാട്ടിൽ ഇനിയും മേന്മയെ പ്രാപിച്ചിട്ടില്ല. ഇതു ഇന്ത്യയെക്കുറിച്ചു പൊതുവെതന്നെയും പരമാർത്ഥമാണ്. ഇന്ത്യയിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ഒരു പുസ്തകവും ഇംഗ്ലണ്ടിലൊ അമേരിക്കയിലോ, ഒരു ചെറിയ രാജ്യമായ ഡന്മാർക്കിലൊ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ഒരെണ്ണവും തമ്മിൽ ഒററ നോട്ടത്തിൽതന്നെ വേർതിരിച്ചറിയുവാൻ സാധിക്കുന്നതാണ്. ഇന്ത്യയിലെ അച്ചടി അത്രയ്ക്കു മോശമായിരിക്കും. ഇതിൻെറ കാരണമെന്തെന്നു നാം ആലോചിക്കേണ്ടതാണ്. അച്ചടിയന്ത്രങ്ങളെല്ലാം പാശ്ചാത്യരാജ്യങ്ങളിൽനിന്നു വരുത്തിയവയാണ്. (ഇന്ത്യയിൽ ഇനിയും അവയുണ്ടാക്കിത്തുടങ്ങിയിട്ടില്ല.) അന്യരാജ്യങ്ങളിലെ മുദ്രണവിദ്യ ഇവിടെയുള്ളവർക്കും അറിയാവുന്നതേയുള്ളു. അതിൽ ഇന്ദ്രജാലമൊന്നുമില്ല. എന്നിട്ടും നമ്മുടെ അച്ചടി മോശമായിത്തന്നെയിരിക്കുന്നു! നമ്മുടെ പുസ്തകങ്ങളും, പത്രങ്ങളും, മാസികകളും കണ്ടാൽ, 'അച്ചുക്കൂടം' എന്ന പദത്തെ അന്വർത്ഥമാക്കുവാനെന്നപോലെ, അച്ചുകൾ കടലാസ്സിൽവെച്ചു കൂടംകൊണ്ടു അടിച്ചുപതിച്ചതാണെന്നുതോന്നിപ്പോകും. മഷിയാണെങ്കിൽ തെളിയുകയില്ല. ഉള്ളതുതന്നെ അമർത്തിത്തുടച്ചാൽ കൈയിൽ പുരളും. കറുപ്പിൻെറകൂടെ ഇളം പച്ചകലർന്ന ചാണകനിറത്തിലുള്ള മഷിയാണ് സാധാരണയായി കാണാറുള്ളത്. കേടുപാടുകളില്ലാത്ത അച്ചുകൾ ചുരുങ്ങും. അച്ചടിപ്പിശാചുക്കൾക്ക് അവധിയില്ല. മുദ്രണവ്യവസായത്തിൽ പ്രവർത്തിക്കുന്നവരോടുതന്നെ ഇക്കാര്യം ഞാൻ ചോദിച്ചിട്ടുണ്ട്. അവരിൽ പലരും തങ്ങൾക്ക് ഈ കുറവുകളൊന്നും ഇല്ലെന്നുള്ള മിഥ്യാബോധത്തിലാണ് കഴിയുന്നതെന്നു കണ്ടു ഞാൻ വിസ്മയിച്ചുപോയി. കൈപ്പുണ്ണിന്നു കണ്ണാടിവേണ്ടെന്നു പറയാവുണ്ടെങ്കിലും, കണ്ണാടിയല്ല ഭൂതക്കണ്ണാടി കൊടുത്താലും ഉണ്ടെന്നു സമ്മതിക്കാത്ത പുണ്ണാണിത്. വല്ലവരും ഉണ്ടാക്കിത്തരുന്ന യന്ത്രവും, അച്ചും, മഷിയും, കടലാസ്സും വേണ്ടവണ്ണം ഉപയോഗിക്കാൻപോലും നമ്മെക്കൊണ്ടു കൊള്ളുകയില്ലെന്നുള്ള പരിതാപകരമായ അനുമാനത്തി

Digitized by Kerala Sahitya Akademi

ലാണ് നാം ചെന്നെത്തേണ്ടിവരുന്നത്. നാട്ടിന്റെ നന്മയിൽ കൊതിയുള്ള ഏതൊരാളേയും വേദനിപ്പിയ്ക്കുന്ന ഒരു അവസ്ഥാവിശേഷമാണിത്. മററു ഏതു കാൎയ്യത്തിന്നുമെന്നപോലെ ഇതിന്നും ഗവമ്മേണ്ടിനെ പഴിപറയുന്നവരുണ്ട്. ചുമതല ഒഴിയ്ക്കുവാനുള്ള ഒരു എളുപ്പവിദ്യ എന്നല്ലാതെ അതിന്ന് അൎത്ഥമൊന്നുമില്ല. അച്ചു നിരത്തേണ്ടതും മഷി പുരട്ടേണ്ടതും എങ്ങിനെയെന്നു പറഞ്ഞുതരുവാൻ ഒരു ഗവമ്മെണ്ടും കടപ്പെട്ടിട്ടില്ല. വാസ്തവത്തിൽ നമ്മുടെ സൎക്കാർ അച്ചുകൂടങ്ങളിലെ അച്ചടിയെക്കാരം മോശമായി ലോകത്തിൽ എന്തെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. ഗവമ്മെണ്ടുസ്ഥാപനങ്ങരം നടത്തുന്നതും നമ്മുടെ കൂട്ടത്തിൽ പിറന്നവരും ജീവിയ്ക്കുന്നവരും തന്നെയാണല്ലൊ. അതുകൊണ്ടു ജനസമുദായത്തിന്റെ നേട്ടങ്ങരംക്കുള്ള മേന്മമാത്രമെ സൎക്കാർ കാൎയ്യങ്ങരംക്കും കാണുകയുള്ളു. മുദ്രണവിദ്യയുടെ ഈ ദുരവസ്ഥയ്ക്കു കാരണം നമ്മുടെ ഉദാസീനതയല്ലാതെ മറെറാന്നുമല്ല. നമുക്കു ഇക്കാൎയ്യത്തിൽ മേന്മ നേടുവാൻ മോഹമില്ല. സൂക്ഷ്മാംശങ്ങളിൽ ശ്രദ്ധിയ്ക്കുവാൻ നാം ഇനിയും പഠിച്ചിട്ടില്ല. ഏതു ചെറിയ കാൎയ്യം ചെയ്താലും അതു വൃത്തിയായി ചെയ്യണമെന്നുള്ള ഒരു നിൎബ്ബന്ധം നമുക്കു വന്നിട്ടില്ല. ലൈനോടൈപ്പ്, ഓഫ്സെററ്പ്രിൻറിങ്ങ്, റോട്ടോഗ്രാവ്യൂർപ്രസ്സ് എന്നിത്യാദി പരിഷ്കാരങ്ങളൊന്നും ഇല്ലാത്തതുകൊണ്ടാണ് ഇവിടത്തെ അച്ചടി നന്നാകാത്തത് എന്ന് ചിലർ പറയുന്നതു കേട്ടിട്ടുണ്ട്. ''സാധനദൂഷണമകൗശലലക്ഷണം'' എന്ന ചൊല്ലിന്നു ഒരുദാഹരണമാണിത്. അച്ചടിയിൽ മാത്രമല്ല മററു പല കാൎയ്യത്തിലും ഇതുപോലെയുള്ള സമാധാനം പാച്ചിൽ കേട്ടിട്ടുണ്ട്. നമ്മുടെ കളിമൺവ്യവസായം അഭിവൃദ്ധിപ്പെടാത്തതു ''ടണൽകിൽൻ'' എന്നു പറയുന്ന യന്ത്രച്ചൂള ഇല്ലാഞ്ഞിട്ടാണെന്നു കളിമൺ വിദഗ്ദ്ധന്മാർ പറയാറുണ്ട്. വലിയ തോതിൽ വിദ്യുച്ഛക്തി ഉപയോഗിച്ചു നടത്തുന്ന അത്തരം ഒരു ചൂളയ്ക്കു് എട്ടു പത്തു ലക്ഷം ഉറുപ്പികവിലയുണ്ട്. അതു വരുത്തിക്കൊടുത്താൽ വേറെ എന്തോ ഒന്നില്ലാഞ്ഞിട്ടാണെന്നു പറയും. പറഞ്ഞിട്ടുള്ളതായി എനിയ്ക്കു നേരിട്ടറിയാം. ഇതൊന്നുമില്ലാതെയാണ് ജാപ്പാൻകാരും ചീനക്കാരും എത്രയോ കാലമായി ഈ വ്യവസായത്തിന്റെ മുന്നണിയിൽ നില്ക്കുന്നത്. അവിടെ ചില ദിക്കിൽ കളിമണ്ണു തുരന്നെടുക്കുന്നതുമൂലം ഉണ്ടാകുന്ന ഗുഹകളിൽതന്നെ തീയിട്ടാണ് ചൂളയുണ്ടാക്കുന്നതെന്നു കേട്ടിട്ടുണ്ട്. അച്ചടിയുടെ

Digitized by Kerala Sahitya Akademi

കാര്യത്തിലും ഇങ്ങിനെ ഒരു യന്ത്രഭ്രമം വല്ലാതെ വളൎന്നിട്ടുണ്ടെന്നാണ് തോന്നുന്നത്. മേൽപറഞ്ഞ പുതിയ ജാതി യന്ത്രങ്ങളെല്ലാം ഉണ്ടാക്കുന്നതിനുമുമ്പ് പാശ്ചാത്യരാജ്യങ്ങളിൽ ചെയ്തുവന്ന അച്ചടിവേലയുടെ മേന്മയെങ്കിലും നമ്മുടെ ഇന്നത്തെ പുസ്തകങ്ങൾക്കും മാസികകൾക്കും കാണാത്തതിന്റെ കാരണം ആരും പറയുന്നില്ല. പാശ്ചാത്യരാജ്യങ്ങളിൽനിന്നു വരുന്നതെല്ലാം യന്ത്രപ്പണിയാണെന്നുള്ള ധാരണയും തെററാണ്. അവിടെ പലയിടത്തും ഇന്നും അച്ചുകൾ കൈകൊണ്ടു പെറുക്കിനിൎത്തി അച്ചടി നടത്തുന്ന മുദ്രണശാലകൾ ധാരാളമുണ്ട്. പുസ്തകങ്ങൾ ബയിണ്ടു ചെയ്യുന്നത് ഏററിയ കൂറും കൈകൊണ്ടുതന്നെയാണ്. വാസ്തവത്തിൽ ഈ വലിയ യന്ത്രഭ്രമം അമേരിക്കക്കാൎക്കേയുള്ളു. മററു രാജ്യക്കാർ കരകൌശലത്തിൽ എത്രയോ കൂടുതൽ മതിപ്പുള്ളവരും അതിനെ വളരെയധികം ആശ്രയിക്കുന്നവരും ആണ്. വേലക്ക് ആളിനെക്കിട്ടാൻ യാതൊരു വിഷമവും ഇല്ലാത്ത ഇന്ത്യയിൽ നാം യന്ത്രങ്ങളെ ആരാധിക്കുവാനൊരുങ്ങുന്നതു മൂഢതയായിരിക്കും. തൊഴിലില്ലായ്മക്കു വഴിതുറന്ന് അത് ആപത്തിന് ഇടയാക്കുകയും ചെയ്യും. വൻതരം യന്ത്രങ്ങളല്ല, ചെറുതരം യന്ത്രങ്ങളാണ് ജനപ്പെരുപ്പമുള്ള ഈ രാജ്യത്തു ആവശ്യം. നമുക്ക് ആളിനെ ലാഭിക്കേണ്ട യാതൊരാവശ്യവുമില്ല. അമേരിക്കൻവ്യവസായങ്ങളുടെ ആദ്യത്തെ നോട്ടം ഇക്കാൎയ്യത്തിലാണ്. എത്രയും കുറച്ചു ആളുകളെ മാത്രമെ ഉപയോഗിക്കാവൂ. എന്തെന്നാൽ അവൎക്ക് ആളെ കിട്ടുകയില്ല. ഒരാൾക്കു ഇരുന്നിടത്തുനിന്നിളകാതെ സകലതും നിയന്ത്രിക്കാവുന്ന യന്ത്രസാമഗ്രികളാണ് അവരുടെ ലക്ഷ്യം. നമുക്കതിന്റെ ആവശ്യമില്ല. കൈകൊണ്ടു പിരിച്ചു കൈകൊണ്ടു നെയ്ത ഡാക്കാമസ്ലിനും, ഇന്നുപോലും വിസ്മയങ്ങളായി കരുതപ്പെടുന്ന മററു തുണിത്തരങ്ങളും കൊണ്ടു കീൎത്തിനേടിയ ഇന്ത്യയിൽ കരകൌശലത്തിനു സ്ഥാനമില്ലെന്നു വരുന്നതു നിൎഭാഗ്യമാണ്. കരകൌശലത്തിന്റെ കുറവുകൊണ്ടാണ് നമ്മുടെ അച്ചടിവേല മോശമായിരിക്കുന്നതെന്നുതന്നെയാണ് എന്റെ വിശ്വാസം. ഉല്പന്നങ്ങളുടെ ഗുണം വൎദ്ധിപ്പിക്കുന്ന യന്ത്രോപകരണങ്ങൾ വേണമെന്നു പറയുന്നതിൽ അൎത്ഥമുണ്ട്. മനുഷ്യയത്നത്തെ ഒഴിവാക്കുന്നതിനുവേണ്ടി മാത്രമുള്ള യന്ത്രങ്ങൾ ഇന്നാട്ടിൽ ഇറക്കുമതി ചെയ്യുന്നതു, നമ്മുടെ ജനസംഖ്യയുടെ ഇന്നത്തെ നിലയ്ക്കു, മഹാപാപമാണ്.

Digitized by Kerala Sahitya Akademi

പാശ്ചാത്യഭാഷകളുടെ അക്ഷരമാലയ്ക്കും റോമൻ ലിപികളുടെ
സ്വഭാവത്തിന്നും യോജിച്ച യന്ത്രങ്ങളിൽ നമ്മുടെ അക്ഷരമാല
യെയും ലിപികളെയും ഞെരുക്കിക്കൊള്ളിയ്ക്കുവാനുള്ള തീവ്രയത്ന
ങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. ഇതിന്നുവേണ്ടി നമ്മുടെ അതിപു
രാതനമായ ഭാഷയെത്തന്നെ വികൃതമാക്കുവാനും പലരും ഒരുക്ക
മാണ്. ഇംഗ്ലീഷ്ടൈപ്പ്റൈററിങ്ങ് യന്ത്രത്തിലെ അച്ചുകൾമാത്രം
മാററി മലയാളത്തിലും അച്ചെഴുത്തു ഏർപ്പെടുത്തീട്ടുണ്ട്. അതിന്നു
വേണ്ടി അക്ഷരങ്ങളുടെ എണ്ണം കുറയ്ക്കുവാനുള്ള പദ്ധതികളും ഉണ്ടാ
ക്കീട്ടുണ്ട്. ഇതെല്ലാം ''കണ്ടുപിടുത്ത''ങ്ങളാണെന്നും ഘോഷിയ്ക്ക
പ്പെടുന്നു. ഇവയുടെ സഹായത്താൽ നിലവിലുള്ള യന്ത്രങ്ങൾ
തന്നെ ഉപയോഗപ്പെടുത്താമെന്നുള്ള മെച്ചമേയുള്ളു. പക്ഷെ
നിലവിലുള്ള യന്ത്രങ്ങളെ സ്വീകരിയ്ക്കുന്നതിന്നുവേണ്ടി നിലവിലുള്ള
ഭാഷയെ നാം ബലികഴിയ്ക്കുകയാണെന്ന പരമാർത്ഥം വിസ്മരിയ്ക്ക
പ്പെട്ടുപോകുന്നു. ഇംഗ്ലീഷുഭാഷയുടെ അക്ഷരമാലയ്ക്കു യോജിച്ച
അച്ചെഴുത്തു യന്ത്രങ്ങൾ മാത്രമേ ശരിയായി പ്രവർത്തിക്കു എന്നു
പ്രകൃതിസിദ്ധമായ നിയമങ്ങളൊന്നുമില്ല, വേണമെങ്കിൽ ചക്ക
വേരിലും കായ്ക്കും. ആവശ്യം സൃഷ്ടിയുടെ മാതാവാണ്. നമുക്കു
ആവശ്യമുണ്ടെങ്കിൽ നമ്മുടെ ഭാഷയ്ക്കു യോജിച്ച അച്ചെഴുത്തുയന്ത്രം
ഉണ്ടാവുകതന്നെ ചെയ്യും. ആവശ്യമെന്തെന്നു നാംതന്നെ വ്യക്ത
മായി മനസ്സിലാക്കണം. അതു കിട്ടിയെങ്കിലല്ലാതെ തൃപ്തിപ്പെടുക
യില്ലെന്നു നിർബ്ബന്ധം പിടിയ്ക്കണം. അഞ്ഞൂറിൽപരം അച്ചുകളുള്ള
ഒരു ജാപ്പാനീസ് അച്ചെഴുത്തുയന്ത്രത്തിന്റെ ചിത്രം ഞാൻ കണ്ടി
ട്ടുണ്ട്. സുപ്രസിദ്ധ സാഹിത്യകാരനായ ലിൻയുട്ടാങ്ങ് ചീന
ഭാഷയ്ക്കു യോജിച്ച ഒരു അച്ചെഴുത്തുയന്ത്രം (യന്ത്രംതന്നെ പുതിയ
താണ്. 'കീ ബോർഡു'മാത്രം മാററിയതല്ല) ഉണ്ടാക്കീട്ടുള്ളതായി
പത്രങ്ങളിൽ വായിച്ചതോർക്കുന്നു. നമുക്കും ഇതു സാദ്ധ്യമാകാത്തതു
എന്തുകൊണ്ടെന്നു എനിയ്ക്കു മനസ്സിലാക്കുവാൻ സാധിയ്ക്കുന്നില്ല.
ലിപികൾക്കു വ്യത്യാസമുണ്ടെങ്കിലും, ഭാരതീയഭാഷകൾക്കെല്ലാം
അക്ഷരമാലയുടെ കാര്യത്തിൽ ഐകരൂപ്യമുണ്ട്. എണ്ണത്തിലും,
എഴുതുന്ന രീതിയിലും, ഏച്ചുകെട്ടുന്നതിലും എല്ലാം ഇതു കാണാ
വുന്നതാണ്. ഈ സ്വഭാവങ്ങൾക്കു യോജിച്ചതും, അവയെ മുൻ
നിർത്തി വിഭാവനം ചെയ്തതുമായ ഒരു അച്ചെഴുത്തു യന്ത്രമാണ്
ഉണ്ടാക്കേണ്ടത്. ഇതിന്നു കഴിവുള്ള ഭാരതീയരില്ലെങ്കിൽ, അതു
ഏററുപറഞ്ഞാൽ അതായത് അതിന്നുള്ള കുത്തകകൊടുത്താൽ,

Digitized by Kerala Sahitya Akademi

അത്തരം യന്ത്രങ്ങൾ നിൎമ്മിച്ച് ഇവിടെ കൊണ്ടുവന്നു വിററുപണമുണ്ടാക്കുവാൻ സാമൎത്ഥ്യവും ഉത്സാഹവും ഉള്ള പാശ്ചാത്യർ ഉണ്ടാവും. നമ്മുടെ പത്രങ്ങളും പ്രസിദ്ധീകരണശാലക്കാരും ഇക്കാൎയ്യത്തിൽ ഉദാസീനത കാണിക്കുന്നതു അത്ഭുതമായിരിക്കുന്നു. അക്ഷരങ്ങളുടെ എണ്ണം കുറക്കുന്നതിന്നു് എന്താണു് വഴി എന്നൊരു ജ്വരമാണു് ഇന്നു് എവിടെയും കാണുന്നതു. അക്ഷരം അഞ്ചായാലും അഞ്ഞൂറായാലും യന്ത്രത്തിന്നു എല്ലാം തുല്യമാണു്. എഴുതുവാനുള്ള സൌകൎയ്യത്തെ മുൻനിൎത്തി മാത്രമേ ഈ വഴിക്കു ചിന്തിക്കേണ്ടു കാൎയ്യമുള്ളൂ. എന്തെല്ലാം യന്ത്രം വന്നാലും നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും കൈയെഴുത്തിനെത്തന്നെയാണു് ആശ്രയിക്കാൻ പോകുന്നതു. അതുകൊണ്ടു അച്ചടി പരിഷ്കരിക്കുന്നതിന്നും, ആപ്പീസുകളിലെ 'എഴുത്തുകുത്തു' ഭംഗിയാക്കുന്നതിന്നും വേണ്ടി ആരും അക്ഷരങ്ങൾ കുറക്കുവാൻ ബദ്ധപ്പെടേണ്ടതില്ല. കൂട്ടക്ഷരമില്ലാത്ത ഇംഗ്ലീഷുഭാഷയിൽ അച്ചടിക്കാർ രണ്ടും മൂന്നും അക്ഷരങ്ങൾ ഒന്നിച്ചു ചേൎത്ത അച്ചുകളുണ്ടാക്കി ലിപികളുടെ എണ്ണം വൎദ്ധിപ്പിക്കുന്നതുപോലും നാം കാണാറുണ്ടു്. കണക്കു ചെയ്യുന്ന യന്ത്രങ്ങൾപോലും ഉണ്ടായിട്ടുള്ള ഇക്കാലത്തു പത്തോ നൂറോ മുന്നൂറോ അക്ഷരങ്ങളൊന്നും ഒരു വലിയ പ്രയാസമാണെന്നു പറഞ്ഞുകൂടാ.

ലിപികളുടെ വടിവാണു് ആരും ശ്രദ്ധിക്കാതെ കിടക്കുന്ന മറെറാരു കാൎയ്യം. ഇതിൽ ഗവേഷണത്തിന്നും നിരന്തരയത്നത്തിന്നും എന്തുമാത്രം വകയുണ്ടെന്നു ചില പാശ്ചാത്യ ഗ്രന്ഥങ്ങൾ കണ്ടാൽ മാത്രമേ മനസ്സിലാവുകയുള്ളൂ. പുതിയ ലിപികൾ ഉണ്ടാക്കിയെടുക്കുന്നതിൽ മാത്രം വ്യാപൃതരായി പുരുഷായുസ്സു കഴിച്ചവരും, അതുകൊണ്ടു മാത്രം അഞ്ചു ഭൂഖണ്ഡങ്ങളിലും പേരുകേട്ടവരും അനേകമുണ്ടു. ഗിൽ എന്ന ലിപി വിദഗ്ദ്ധൻ ഒരിക്കൽ R എന്ന അക്ഷരത്തിൻെറ വാലിനു നല്കിയ വളവിനെക്കുറിച്ചു അദ്ദേഹത്തിൻെറ ഒരു ആരാധകൻ സ്തുതിച്ചിരിക്കുന്നതു വായിച്ചാൽ ഇതിൽ ഇത്രയൊക്കെ ഉണ്ടോ എന്നു ആരും അത്ഭുതപ്പെട്ടുപോകും. ലിപികൾ തനിച്ചു നില്ക്കുമ്പോഴും ചേൎന്നു വരുമ്പോഴും ഉള്ള അഴകും വിന്യാസഭംഗിയും, ഓരോ ലിപിയുടെയും അങ്കഗണിതവും ക്ഷേത്രഗണിതവും ചിലപ്പോൾ അതിൻെറ ഭാവിയെക്കുറിച്ചുള്ള ജ്യോതിഷവും എല്ലാം അവർ വിസ്തരിക്കാറുണ്ടു്. മലയാളത്തിൽ ഈ ഗവേഷണ മണ്ഡലം ആരും തൊടാതെ കിടക്കുകയാണു്. അടുത്ത-

Digitized by Kerala Sahitya Akademi

കാലത്തു ''മാതൃഭൂമി''യുടെ ഉത്സാഹത്തിൽ നിൎമ്മിയ്ക്കപ്പെട്ടവയും അധികം സ്ഥലമെടുക്കാതെ ഞെരുങ്ങിനില്ക്കുന്നവയും ആയ, ഒരു കൂട്ടം ലിപികൾ മാത്രമെ പുതിയതെന്നു പറയത്തക്കതായി ഞാൻ കണ്ടിട്ടുള്ളു. ഇതിന്നു ഈയ്യിടെയായി പത്രലോകത്തിൽ വളരെ പ്രചാരം കിട്ടിയിട്ടുണ്ടു. ഈ വഴിയ്ക്കു വളരെയധികം പ്രവൎത്തിക്കാനുണ്ട്. വാസനയും ക്ഷമയും അദ്ധ്വാനശീലവും സൎവ്വോപരി ഭാഷാസ്നേഹവും ഉള്ളവരാണ് ഇതിൽ മനസ്സുവെക്കേണ്ടതു. ആരെങ്കിലും ആവശ്യപ്പെട്ടാലല്ലാതെ അനങ്ങുകയില്ലെന്നു വാശിപിടിച്ചിരുന്നാൽ, അങ്ങനെയിരിക്കാമെന്നല്ലാതെ ഒരു കാൎയ്യവും നടക്കുകയില്ല. നേരെ മറിച്ചു ഈ ജോലിയിൽ കെല്പും, പ്രാപ്തിയും കാൎയ്യമായ നേട്ടങ്ങളുമുള്ള ആളാണെങ്കിൽ ആവശ്യക്കാർ അന്വേഷിച്ചു വരികമാത്രമല്ല ദക്ഷിണയും തന്നു സോപ്പിടിക്കുകയും ചെയ്യും. ആ നിലയിലെത്തുവാൻ അവനവൻതന്നെ ഉറ്റു ശ്രമിക്കണം. ലിപിനിൎമ്മാണവും ഒരുതരം ചിത്രകലയാണ്. ചിത്രകാരന്റെ കഴിവു ചിത്രംകൊണ്ടാണ് തെളിയുന്നതു. അതുകൊണ്ട് ലിപിരചനയിൽ വാസനയുള്ളവരാണ് നമ്മുടെ നാട്ടിൽ ഈ വിഷയത്തിൽ വരേണ്ടിയിരിക്കുന്ന പുരോഗതിയ്ക്കുള്ള ആദ്യത്തെ ചുവടു വെയ്ക്കേണ്ടതു. ഒരു പക്ഷെ അവർ വിചാരിച്ചാൽ നമ്മുടെ ലിപികളെ ഇന്നത്തേതിൽനിന്ന് വളരെ ലളിതമാക്കുവാനും കഴിഞ്ഞെന്നുവരാം. ചില ലിപികൾക്കുള്ള അത്യധികമായ കുനിപ്പുകളും ചുറ്റിക്കെട്ടുകളും മറ്റു തരം സങ്കീൎണ്ണതകളും ലഘൂകരിച്ചാൽ എഴുത്തുജോലിക്കാൎക്കും എഴുത്തുപഠിക്കുന്ന നമ്മുടെ കുഞ്ഞുങ്ങൾക്കും വലിയ അനുഗ്രഹമായിരിയ്ക്കും. ലിപിയുടെ ആകപ്പാടെയുള്ള ലക്ഷണത്തിന്നു ഉടവുതട്ടാതെ, അല്പാല്പമായി ''ഇരുചെവിയറിയാതെ'', വരുത്തേണ്ട ഒരു പരിഷ്ക്കാരമാണിതു. മുഴുവനെ അങ്ങു മാറ്റിയാൽ ആൎക്കും വായിക്കാൻ കഴിയാതെ വരും. ഇതിൽ നാം വിചാരിയ്ക്കുന്നത്ര പ്രയാസമില്ലെന്നു എനിക്കു തോന്നിയിട്ടുണ്ട്. എത്ര ജാതി കൈയ്യക്ഷരങ്ങളാണ് നാം കാണാറുള്ളതു. ഒരേ വടിവിൽ എഴുതുന്നവർ എത്രയോ വിരളമാണ്. ആരുടെ കൈപ്പടയും അനുകരിക്കാൻ സാമൎത്ഥ്യമുള്ള കള്ളന്മാരുണ്ടായിരിക്കാം. പക്ഷെ ഇക്കാൎയ്യത്തിൽ ലിപികൾക്കു കാണുന്ന വ്യത്യാസം, മനുഷ്യരുടെ മുഖലക്ഷണങ്ങൾപോലെ, ജന്മസിദ്ധമാണ്. സബ്ബ് റജിസ്ത്രാർമാരുടെ ജുജ്ജുരേഖയിലുള്ള ആധാരം പതിക്കലും, പേന കടലാസ്സിൽനിന്നുയൎത്താതെ നടത്തുന്ന 'രായസ'മെഴുത്തും, ഓലയും

Digitized by Kerala Sahitya Akademi

നാരായവുംകൊണ്ടുള്ള കൈക്കററപ്പാടും, കൊച്ചുകുട്ടികളുടെ വാലും തലയുമില്ലാത്ത മത്തങ്ങാലിപികളും, സാഹിത്യകാരന്മാരുടെ വയലററമഷി (ഈ നിറത്തോടുള്ള പ്രതിപത്തി വികലമായ കാമവികാരത്തിന്റെ ലക്ഷണമാണെന്നു ഒരു മനശ്ശാസ്ത്രജ്ഞൻ എഴുതിയിരിക്കുന്നത് ഞാൻ ഈയ്യിടെ കാണുകയുണ്ടായി)യിലുള്ള 'തലേലെഴുത്തും', എല്ലാം മലയാളലിപികളായിട്ടുതന്നെയാണ് നാം മനസ്സിലാക്കുന്നതു. വായിക്കാനുള്ള ഭാഗ്യദോഷിയെ പുല്ലുവിലയ്ക്കു കരുതിക്കൊണ്ടുള്ള ലിപിവിന്യാസങ്ങളെപ്പോലും, അല്പം പ്രയാസപ്പെട്ടാലും, വായിയ്ക്കാവുണ്ട്. അതുകൊണ്ട് ഇന്ന് അച്ചടിയിൽ കാണുന്ന ലിപികൾക്ക് ചില വ്യത്യാസങ്ങളൊക്കെ വരുത്തുന്നതുകൊണ്ട് ആക്കും മനസ്സിലാകാതെവരുമെന്നു ഭയപ്പെടേണ്ടതില്ല. ഒരു പക്ഷെ, മനുഷ്യരുടെ കൈപ്പടയെ ആധാരമാക്കി ഒരു ഗവേഷണം നടത്തിയാൽ, നമ്മുടെ ലിപികളെ, മേല്പറഞ്ഞതുപോലെ, ലഘൂകരിയ്ക്കുന്നതിന്നുള്ള സൂചനകൾ ലഭിക്കുമെന്ന് എനിക്കു തോന്നുന്നു. ഈ വഴിക്കോ, അതു ഫലപ്രദമല്ലെങ്കിൽ, മററതെങ്കിലും വഴിയ്ക്കോ, കിട്ടുന്ന സൂചനകളെ മുൻനിർത്തി, കലയും കണക്കും ക്ഷേത്രഗണിതവും വിന്യാസഭംഗിയും എല്ലാം ഇണക്കിച്ചേർത്തു പുതിയ ലിപിരൂപങ്ങളുണ്ടാക്കുവാൻ ആരെങ്കിലും ശ്രമിച്ചെങ്കിൽ വലിയ കാര്യമായിരുന്നു. പത്രങ്ങളും മാസികകളും ഇത്തരം ഗവേഷണങ്ങൾക്കു പ്രോത്സാഹനം കൊടുക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അച്ചടിയിൽ കാണുന്ന ചിത്രങ്ങളെക്കുറിച്ചുകൂടി ഒരു വാക്കു പറയാനുണ്ട്. വിനോദചിത്രങ്ങളും മററും വരച്ചാൽ കൊള്ളാമെന്നു പലക്കും മോഹമുണ്ടെങ്കിലും അതിനു കഴിവുള്ളവർ എത്രയോ കുറവാണ്. നിവൃത്തിയുണ്ടെങ്കിൽ ചിത്രകല അഭ്യസിച്ചതിനുശേഷമേ അതിന്നു തുനിയാവൂ. മനുഷ്യനെ കുരങ്ങിന്റെ രൂപത്തിൽ വരയ്ക്കുമ്പോൾപോലും ചിത്രമെഴുത്തിന്റെ ചില അടിസ്ഥാനതത്വങ്ങൾ ആദരിയ്ക്കേണ്ടതുണ്ട്. ഭാരതത്തിലെ ഏററവും പ്രസിദ്ധന്മാരായ ചില വിനോദചിത്രകാരന്മാക്ക് ഈ വിഷയത്തിലുള്ള വൈകല്യം അവരുടെ കൃതികളിൽ പ്രകടമായി കാണാവുന്നതാണ്. അവരെല്ലാംതന്നെ വാസനകൊണ്ടുമാത്രം വരച്ചു വരച്ചു പേരെടുത്തവരാണ്. ചിത്രകലാലയങ്ങളിൽ ചേന്നു കുറേക്കാലമെങ്കിലും മുഷിഞ്ഞുപഠിച്ചവരല്ല. പാശ്ചാത്യരുടെ ഇടയ്ക്കു് ഇങ്ങനെയുള്ള ഒരൊററ വിനോദചിത്രകാരനെപ്പോലും കാണുകയില്ല.

Digitized by Kerala Sahitya Akademi

അവരിൽ പലരും ചിത്രകാരന്മാരായി പേരെടുത്തതിൽപിന്നെ, അച്ചടിയ്ക്കുന്ന ചിത്രങ്ങളുടെ ആദായക്കൂടുതൽ കണ്ട് അതിലേയ്ക്കു തിരിഞ്ഞവരാണ്. 'കറുപ്പും വെളുപ്പു'മായ ചിത്രങ്ങളല്ലാതെ പല വൎണ്ണത്തിലുള്ളവ അച്ചടിയ്ക്കാവുന്ന മുദ്രണശാലകൾ കേരളത്തിൽ ഇല്ല. ആദ്യത്തെ ജാതി ചിത്രങ്ങൾ വരയ്ക്കുന്നതിനും ചില പ്രത്യേകസാധനങ്ങളും ഉപകരണങ്ങളും ആവശ്യമുണ്ട്. വെറും കടലാസ്സിൽ സാധാരണ മഷി ഉപയോഗിച്ചു വരച്ചാൽ അതിൽനിന്നു ബ്ലോക്കുണ്ടാക്കി അച്ചടിയ്ക്കാൻ പ്രയാസമാണ്. പ്രയാസപ്പെട്ട് അച്ചടിച്ചാലും നന്നാവുകയില്ല. പലരും ചിത്രം വരയ്ക്കുന്നതു അതിന്റെ ഒത്ത നടുവിൽ വെണ്ടയ്ക്കാപോലെ സ്വന്തം പേരും സ്ഥാനമാനങ്ങളും എഴുതിവെക്കുന്നതിനല്ലയോ എന്നുകൂടി സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഒരു ചിത്രത്തിലെ സകല ഘടകങ്ങൾക്കും തമ്മിൽത്തമ്മിൽ ചേൎച്ചയും ഇണക്കവും വേണം. ചിത്രകാരന്റെ പേരും ഈ ഘടകങ്ങളിലുൾപ്പെടുന്നു. പേര് ഇതരഘടകങ്ങളുമായി ഇണങ്ങിനില്ക്കുകയില്ലെന്നു കാണുമ്പോൾ പ്രസിദ്ധരായ പല ചിത്രകാരന്മാരും അതെഴുതാതെ വിടുകയാണ് പതിവ്. ചിത്രങ്ങളിൽ പേരെഴുതുന്നതായാലും, മറെറന്തെങ്കിലും എഴുതുന്നതായാലും, വടിവൊത്ത അക്ഷരങ്ങളിൽ എഴുതേണ്ടതാണ്. അതിന്നു കഴിവുള്ളവർ ചിത്രകാരന്മാരുടെ ഇടയിൽപോലും ചുരുങ്ങും. ഭൂപടങ്ങൾ വരച്ചു അതിൽ സ്ഥലനാമങ്ങളും മററും എഴുതുക, തുടൎച്ചയായി പ്രസിദ്ധപ്പെടുത്തുന്ന വിനോദചിത്രങ്ങളിൽ സംഭാഷണങ്ങളും വിവരണങ്ങളും എഴുതുക എന്നിതെല്ലാം പ്രത്യേകം പ്രത്യേകം ശ്രദ്ധവെച്ചില്ലെങ്കിൽ വളരെ വൃത്തികേടാകുന്ന കാൎയ്യങ്ങളാണ്. കടയിൽനിന്നു സാമാനങ്ങൾ പൊതിഞ്ഞുവരുന്ന വിദേശപത്രക്കടലാസ്സുകളിൽ ചിലപ്പോൾ അനേകം പുറങ്ങളിലായി നീണ്ടുപോകുന്ന വിനോദചിത്രങ്ങൾ പലരും കണ്ടിരിയ്ക്കാം. അതിലെ അക്ഷരങ്ങളുടെ വടിവു നോക്കേണ്ടതാണ്. അതിന്റെ ആകൎഷകത്വം പറഞ്ഞറിയിയ്ക്കുവാൻ സാധ്യമല്ല.

ഞാൻ ഇതുവരെ പറഞ്ഞതെല്ലാം ചെറിയ കാൎയ്യങ്ങളാണെന്നു തോന്നിയേയ്ക്കാം. ലോകസമാധാനത്തെ ബാധിയ്ക്കുന്നതും രാഷ്ട്രഭാഗധേയത്തെ സ്പൎശിയ്ക്കുന്നതും ആയ വൻകാൎയ്യങ്ങളൊന്നും അക്കൂട്ടത്തിൽ കാണുകയില്ലെന്നു ഞാനും സമ്മതിയ്ക്കുന്നു. പക്ഷെ അതൊന്നും നിസ്സാരസംഗതികളല്ല. ഈ ചെറിയ കാൎയ്യങ്ങളിൽ ശ്രദ്ധവെച്ചാൽമാത്രമേ നമ്മുടെ അച്ചടിയും പ്രസിദ്ധീകരണങ്ങളും

Digitized by Kerala Sahitya Akademi

അതിശോചനീയമായ ഇന്നത്തെ നിലയിൽനിന്നു ഉയരുകയുള്ളു. അടുത്തുതന്നെ നമ്മുടെ വിദ്യാഭ്യാസം മുഴുവനും മാതൃഭാഷവഴി ആകവാൻ പോവുകയാണു്. അച്ചടിയുടേയും പ്രസിദ്ധീകരണങ്ങളുടേയും അളവും ആകെത്തുകയും ഇന്നത്തേതിന്റെ ഒരു നൂറിരട്ടിയായി വർദ്ധിയ്ക്കുവാനുള്ള സാധ്യത ഞാനിതിൽ കാണുന്നുണ്ടു്. പക്ഷെ നമ്മുടെ പ്രസിദ്ധീകരണസ്ഥാപനങ്ങളും മുദ്രണശാലകളും ഈ സാധ്യത കാണുകയോ, അതിനെപ്പററി ആലോചിച്ചു വേണ്ട മുൻകരുതലുകൾ ചെയ്യുകയോ ചെയ്യുന്നുണ്ടെന്നു തോന്നുന്നില്ല. അവരുടെ നോട്ടക്കുറവും കഴിവില്ലായ്മയുംകൊണ്ടു അത്യന്താപേക്ഷിതമായ ഈ വിദ്യാഭ്യാസപരിഷ്ക്കാരം പരാജയപ്പെടുകയാണെങ്കിൽ അതു പരിതാപകരമായിരിയ്ക്കും. അച്ചടിയുടെ അളവിനോടൊപ്പംതന്നെ അതിന്റെ ഗുണവും വർദ്ധിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഇതിനുള്ള ശ്രമങ്ങൾ നേരത്തെ തുടങ്ങേണ്ടതു ഏററവും അത്യാവശ്യമാണു്. ലിപിവിദഗ്ദ്ധന്മാരും, ചിത്രകാരന്മാരും, അതിസമർത്ഥമായ അച്ചടിശാലകളും, ഇവയ്ക്കുവേണ്ടി മുറവിളി കൂട്ടുന്ന പൊതുജനാഭിപ്രായവും ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിയ്ക്കാം.

Digitized by Kerala Sahitya Akademi

15

# ബർട്രൻഡ് റസ്സൽ

1950-ലെ നോബെൽ സമ്മാനം ബ്രിട്ടീഷ് തത്വചിന്തകനായ ബർട്രൻഡ് റസ്സലിന്നു നല്കുകയുണ്ടായി. ഇതേപ്പററി ആലോചിക്കുമ്പോഠം സംതൃപ്തിക്കേ വകയുള്ളൂ. ദാതാക്കളുടെ ഉചിതജ്ഞതയെക്കുറിച്ചുള്ള ബഹുമാനത്തെ അതു വർദ്ധിപ്പിക്കുമെന്നും പറയേണ്ടിയിരിക്കുന്നു. സാഹിത്യകാരന്മാക്കുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ മഹാസമ്മാനം കഥയും കവിതയും നാടകവും ഒന്നും രചിച്ചിട്ടില്ലാത്ത ഒരെഴുത്തുകാരന്നു നല്കുന്നത് ഇതാദ്യമല്ല. ഈ അയ്മ്പതുകൊല്ലത്തിനിടക്കു മൂന്നു പ്രാവശ്യം അതിങ്ങിനെ മാററിക്കൊടുക്കുകയുണ്ടായിട്ടുണ്ട്. 1902-ൽ ചരിത്രകാരനായ തിയോഡോർ മോമ്സെനും 1908-ലും 1927-ലും യഥാക്രമം തത്വജ്ഞാനികളായ യൂക്കെൻ, ബർഗ്സൻ എന്നിവരും അതിന്ന് അർഹരായി.

ബർട്രൻഡ് റസ്സൽ ഇംഗ്ലണ്ടിലെ ഒരു പ്രഭുകുടുംബത്തിൽ 1872-മെയ്മാസം 18-ാംനു- ജനിച്ചു. ആ കുടുംബത്തിലെ സ്ഥാനി(ഏൎം)പരമ്പരയിൽ മൂന്നാമത്തെ ആളാണദ്ദേഹം. 1931-ൽ പ്രസ്തുതസ്ഥാനത്തിന് അവകാശിയായിത്തീൎന്നെങ്കിലും ഇമ്മാതിരിയുള്ള പ്രാഭവങ്ങളിൽ തനിക്കു വിശ്വാസമോ അഭിമാനമോ ഇല്ലെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ഇന്നും ഏൎം റസ്സൽ എന്ന് അദ്ദേഹത്തെ വിളിച്ചുകൂടെന്നാണ് വെപ്പ്. ശാസ്ത്രമണ്ഡലത്തിൽ ലോകപ്രസിദ്ധി നേടിയിട്ടുള്ള കേംബ്രിഡ്ജു സൎവ്വകലാശാലയിലാണ് അദ്ദേഹം വിദ്യാഭ്യാസം ചെയ്തത്. 1890-ൽ പ്രസ്തുതസ്ഥാപനത്തിൽനിന്നു ഗണിതവിദ്യയിൽ സീനിയർ റാംഗ്ലർ എന്ന ബഹുമതി അദ്ദേഹം നേടി. ചെറുപ്പത്തിലെതന്നെ ഫ്രഞ്ച്, ജൎമ്മൻ എന്നീ ഭാഷകളിലും അദ്ദേഹം അസാധാരണമായ പാടവം സമാൎജ്ജിച്ചു. 1890-മുതല്ക്കുതന്നെ അദ്ദേഹം ഗണിതശാസ്ത്രഗവേഷണത്തിൽ ഏൎപ്പെടുകയും 1895-ൽ 'ഫെല്ലോ

Digitized by Kerala Sahitya Akademi

ഓഫ് ട്രിനിററികോളേജ്'' എന്ന സ്ഥാനത്തിന് അർഹനായിത്തീരുകയും ചെയ്തു. ഗണിതവിദ്യയുടെ അടിസ്ഥാനതത്വങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹം ഗവേഷണം നടത്തിയിരുന്നത്. 1905-ൽ 'പ്രിൻസിപ്പിൾസ് ഓഫ് മാത്തമാററിക്സ്'' എന്ന ആദ്യത്തെ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. ഗണിതശാസ്ത്രത്തിൻെറ ഗഹനഭാവങ്ങളെക്കുറിച്ചു ഗവേഷണം നടത്തുന്നതിന് അദ്ദേഹത്തിനുള്ള അത്ഭുതകരമായ കഴിവിനെയാണ് ഈ ഗ്രന്ഥം തെളിയിച്ചത്. ഇതേത്തുടന്ന് അന്നത്തെ മഹാഗണിതജ്ഞന്മാരിൽ ഒരാളായിരുന്ന വൈററ്ഹെഡ്ഡ് എന്ന ശാസ്ത്രജ്ഞനുമായി സഹകരിച്ച് അതിഗംഭീരമായ ഒരു ഗവേഷണയത്നത്തിൽ അദ്ദേഹം ഏപ്പെട്ടു. ലളിതജീവിതവും കഠിനയത്നവും ഇക്കാലത്ത് അദ്ദേഹത്തിൻെറ പ്രത്യേകതകളായിരുന്നു. തൻെറ ആദ്യഗ്രന്ഥത്തിൽ ദിങ്മാത്രദശനം ചെയ്തിരുന്ന വിഷയങ്ങളെപ്പററി അതിവിപുലവും അത്യന്തം ഗഹനവുമായ നിരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ച ''പ്രിൻസിപ്പിയാ മാത്തമാററിക്ക''' എന്നൊരു മഹാഗ്രന്ഥം അദ്ദേഹവും വൈററ് ഹെഡ്ഡുംകൂടി 1910-ൽ പ്രസിദ്ധപ്പെടുത്തി. ഗണിതശാസ്ത്രത്തിൻെറ അത്ഭുതപൂവ്വമായ വികാസത്തിനും പുരോഗതിയ്ക്കും ഈ ഗ്രന്ഥം വഴിതെളിച്ചതായി പറയപ്പെടുന്നു. ശാസ്ത്രലോകത്തിലെ ഏററവും വലിയ ബഹുമതികൾക്ക് റസ്സൽ പാത്രമായി. 1910-ൽ തന്നെ ട്രിനിററികോളേജിലെ അധ്യാപകനായും അദ്ദേഹം നിയമിയ്ക്കപ്പെട്ടു.

ഇതിനുശേഷമാണ് റസ്സലിൻെറ ശ്രദ്ധയും താല്പര്യവും ചിന്താലോകത്തിൻെറ ഇതരഭാഗങ്ങളിലേയ്ക്കുകൂടി പതിയുവാൻ തുടങ്ങിയത്. പാശ്ചാത്യരുടെ ചരിത്രത്തിൽ പലതുകൊണ്ടും സ്മരണീയമായ ഒരു കാലമായിരുന്നു അത്. ചിന്തിയ്ക്കുവാൻ കഴിവുള്ളവരെയെല്ലാം പരമാവധി പരീക്ഷിയ്ക്കുന്ന ഒരു ദശാസന്ധി 1914-ൽ സമാഗതമായി. ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. റസ്സൽ ഒരു യുദ്ധവിരോധിയായി പ്രചാരണം നടത്തുവാൻ നിശ്ചയിച്ചു. മനുഷ്യനിമ്മിതമായ ഈ മഹാവിപത്തിനെ അദ്ദേഹം അത്രമേൽ വെറുത്തിരുന്നു. യുദ്ധകാലത്തു ജനസഞ്ചയത്തെ ബാധിയ്ക്കുന്ന ഭയാനകമായ ബുദ്ധിഭ്രമത്തിൽ, അഭികലജാതനും പണ്ഡിതനുമായ ഈ പൌരൻെറ പെരുമാററം ആംഗ്ലേയരാഷ്ട്രത്തെ രോഷാകുലമാക്കി. അദ്ദേഹത്തിൻെറ അഭിപ്രായസ്ഥിരതയും കക്കശമായ യുക്തിവാദവും മനസ്സിലാക്കുവാൻ ആളുണ്ടായില്ല.

Digitized by Kerala Sahitya Akademi

മനസ്സാക്ഷിയ്ക്കു വിപരീതമായി പട്ടാളത്തിൽ ചേരുവാൻ വിസമ്മതിച്ച ഒരു മനുഷ്യനെ ആയിടയ്ക്കു രണ്ടു വർഷത്തെ തടവിനു വിധിയ്ക്കയുണ്ടായി. ഈ ശിക്ഷ റസ്സലിൻെറ നീതിബോധത്തെ വ്രണപ്പെടുത്തി. അതിനെ രൂക്ഷരൂക്ഷമായി വിമർശിച്ചുകൊണ്ട് അദ്ദേഹം ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചു. ഇതിന്മേൽ കോർട്ടലക്ഷ്യം ചുമത്തി അദ്ദേഹത്തിനു 100 പവൻ പിഴയിട്ടു. പിഴകൊടുക്കാത്തതുകൊണ്ട് അദ്ദേഹത്തിൻെറ ഗ്രന്ഥസഞ്ചയം ജപ്തിചെയ്തു ലേലം വിളിച്ചു. അത് ഒരു സ്നേഹിതൻ വാങ്ങിയെങ്കിലും അനേകം ഗ്രന്ഥങ്ങൾ നഷ്ടപ്പെട്ടുപോയി. കേംബ്രിഡ്ജ് സർവ്വകലാശാല അദ്ദേഹത്തിൻെറ അദ്ധ്യാപകസ്ഥാനവും നിർത്തിക്കളഞ്ഞു. ഇതു കേട്ട് അമേരിയ്ക്കയിലെ ഹാർവാർഡ് സർവ്വകലാശാല അദ്ദേഹത്തിന് ഒരു ജോലി കൊടുത്തു. പക്ഷെ അമേരിയ്ക്കയിലേയ്ക്കു പോകുവാനുള്ള പാസ്പോർട്ട് നിഷേധിയ്ക്കപ്പെട്ടു. തൻെറ ആദർശത്തിൽ ഉറച്ചുനിന്നുകൊണ്ട് ഈ അഗ്നിപരീക്ഷകളെയെല്ലാം റസ്സൽ സഹിയ്ക്കുകതന്നെ ചെയ്തു. 1918–ൽ എഴുതിയ ഒരു യുദ്ധവിരുദ്ധ ലേഖനംമൂലം അദ്ദേഹത്തിനു ആറുമാസത്തെ ജയിൽശിക്ഷയും അനുഭവിയ്ക്കേണ്ടിവന്നു.

ജയിലിൽവെച്ചാണ് അദ്ദേഹം തത്വജ്ഞാനപരമായ തൻെറ ആദ്യഗ്രന്ഥം എഴുതിയത്. ഗണിതവിദ്യയിലൂടെ തത്വദർശനത്തിലേയ്ക്കു കടക്കുന്നതെങ്ങിനെയെന്ന് അദ്ദേഹം അതിൽ ചൂണ്ടിക്കാണിയ്ക്കുന്നു. 1920–ൽ അദ്ദേഹം റഷ്യ സന്ദർശിയ്ക്കുകയും സോഷ്യലിസ്റ്റ്സിദ്ധാന്തങ്ങളെയും പരിപാടികളെയും കുറിച്ച് ഒരു ഗ്രന്ഥം എഴുതുകയും ചെയ്തു. 1921–ൽ 'മനസ്സിൻെറ അപഗ്രഥനം' എന്ന ഗ്രന്ഥവും പുറത്തുവന്നു. 1920–ൽ പീക്കിങ്ങ് സർവ്വകലാശാലയിൽ തത്വജ്ഞാനപരമായ പ്രസംഗപരമ്പരകൾ നടത്തുന്നതിനായി അദ്ദേഹം ചൈനയിലേയ്ക്കു പോയി. റസ്സൽ പൌരസ്ത്യജനതയെ സ്നേഹിയ്ക്കുവാൻ പഠിച്ചത് അക്കാലത്താണ്. ചിന്താശീലവും ക്രാന്തദർശിത്വവും തങ്ങൾക്കുമാത്രമുള്ള സൽഗുണങ്ങളാണെന്നു പ്രസിദ്ധരായ ചില പാശ്ചാത്യപണ്ഡിതന്മാരെപ്പോലെ അദ്ദേഹം വിചാരിയ്ക്കുന്നില്ല. ചൈനക്കാരുടെ പാകതയേയും അക്ഷോഭ്യതയേയും ജ്ഞാനത്തിൻെറ നേർക്കുള്ള അതിററ ആദരവിനേയും കുറിച്ച് അദ്ദേഹം വളരെ പ്രശംസിച്ചുപറയാറുണ്ട്. ചൈനയിൽനിന്നു തിരിച്ചുവന്നപ്പോൾ അദ്ദേഹത്തിന് ആലിസ് റസ്സലുമായി 1890 മുതല്ക്കുള്ള വിവാഹബന്ധം വേർപെടുത്തേണ്ടിവന്നു.

Digitized by Kerala Sahitya Akademi

അതിനുശേഷം അദ്ദേഹം ഡോറാബ്ലാക്കിനെ വിവാഹം ചെയ്യുകയും ചെൽസീ എന്ന സ്ഥലത്ത് ഒരു ചെറിയ വീടെടുത്തു താമസമുറപ്പിയ്ക്കുകയും ചെയ്തു. ഇക്കാലത്താണ് അദ്ദേഹം സാമാന്യജനങ്ങളുടെ ബോധനത്തിനുവേണ്ടി ഉദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള ലോകപ്രസിദ്ധങ്ങളായ അനേകം പുസ്തകങ്ങൾ എഴുതിയത്. ആധുനിക ശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ചും, സകല മനുഷ്യരെയും അഭിമുഖീകരിയ്ക്കുന്ന സാമൂഹ്യപ്രശ്നങ്ങളെ ശാസ്ത്രത്തിൻെറ വീക്ഷണകോടിയിൽനിന്നു യുക്തിപൂർവ്വം വിശകലനം ചെയ്തും എഴുതപ്പെട്ടിട്ടുള്ള പ്രസ്തുതഗ്രന്ഥങ്ങൾ ഒരു പുതിയ ജീവിതവീക്ഷണരീതിയെ വളർത്തുവാൻ സഹായിച്ചിട്ടുണ്ട്. ഇങ്ങിനെ സാമാന്യജനങ്ങൾക്കായി ഉദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള ഇരുപതോളം പുസ്തകങ്ങൾ 1920–നും 1935–നും ഇടയ്ക്ക് അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ പുസ്തകങ്ങളിൽനിന്നു കിട്ടിയ ആദായംകൊണ്ടാണ് അദ്ദേഹം ഇക്കാലമത്രയും ചെലവു കഴിച്ചത്. 1927ൽ അദ്ദേഹവും ഡോറാറസ്സലുംകൂടി ഒരു ശിശുവിദ്യാലയം സ്ഥാപിയ്ക്കുകയും 1932 വരെ അതു നല്ല നിലയിൽ നടത്തുകയുംചെയ്തു. 1935–ൽ റസ്സലിനു രണ്ടാമത്തെ വിവാഹബന്ധവും വേർപെടുത്തേണ്ടിവന്നു. 1936–ൽ അദ്ദേഹം ഹെലെൻ സ്പെൻസ് എന്ന യുവതിയെ വിവാഹം ചെയ്തു.

1938–ൽ റസ്സൽ അമേരിയ്ക്കൻ ഐക്യനാടുകളിലേയ്ക്കു പോയി. ആധുനികകാലത്തെ ഏററവും മികച്ച തത്വചിന്തകനെന്ന ബഹുമതി ഇതിനകം അദ്ദേഹം നേടിക്കഴിഞ്ഞിരുന്നു. അമേരിയ്ക്കയിലെ പല സർവ്വകലാശാലകളിലും അദ്ദേഹം തത്വശാസ്ത്രം പഠിപ്പിച്ചു. 1940–ൽ അദ്ദേഹത്തിനു വിചിത്രമായ ഒരു കേസിൽ കുടുങ്ങേണ്ടിവന്നു. സദാചാരത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ വെറും ശാസ്ത്രീയമാണെന്നും നാട്ടുനടപ്പിനു വിരുദ്ധമാണെന്നും, അക്കാരണത്താൽ അദ്ദേഹത്തിനു തത്വജ്ഞാനം പഠിപ്പിയ്ക്കുവാൻ അർഹതയില്ലെന്നുമായിരുന്നു വാദിഭാഗത്തിൻെറ ആക്ഷേപം. കേസ്സിൻെറ കലാശം റസ്സലിനു പ്രതികൂലമായിരുന്നു എന്നാണ് തോന്നുന്നത്. ഏതായാലും 1943–ൽ അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കു മടങ്ങിപ്പോന്നു. രണ്ടാം ലോകമഹായുദ്ധകാലത്തു റസ്സൽ സഖ്യകക്ഷികളുടെ പക്ഷത്തായിരുന്നു. രണ്ടുമൂന്നു കൊല്ലം മുമ്പു ബ്രിട്ടീഷ്‌രാഷ്ട്രം "ഓഡർ ഓഫ് മെരിററ്" എന്ന തങ്ങളുടെ ഏററവും വലിയ കീർത്തിമുദ്ര നല്കി റസ്സലിനെ ബഹു

Digitized by Kerala Sahitya Akademi

മാനിക്കുകയുണ്ടായി. ഈ കീർത്തിമുദ്ര കിട്ടിയവരായി ഒരേ സമയത്ത് ഇരുപതുപേരിൽ കൂടുതൽ ഉണ്ടായിരിക്കുകയില്ലെന്നാണ് നിബന്ധന. പലപ്പോഴും അവരുടെ എണ്ണം ഇതിനെ അപേക്ഷിച്ച വളരെ കുറവായിരിക്കുകയാണ് പതിവ്. 1948–ൽ റസ്സൽ നോർവ്വെയിൽ പ്രസംഗത്തിനു പോയി മടങ്ങുന്ന വഴി വിമാനം തകർന്നു കടലിൽ വീഴുകയുണ്ടായി. ഭാഗ്യവശാൽ അദ്ദേഹത്തിന്ന് ആപത്തൊന്നും പററിയില്ല.

"വാക്യാർത്ഥത്തെയും സത്യത്തെയും കുറിച്ചുള്ള ഒരു നിരീക്ഷണം" (1940), "പാശ്ചാത്യതത്വജ്ഞാനത്തിൻെറ ചരിത്രം" (1946), "മനുഷ്യവിജ്ഞാനം" (1948) എന്നിവ അദ്ദേഹത്തിൻെറ അധുനാതനകൃതികളാണ്. ഇവ ഗഹനങ്ങളായ തത്വശാസ്ത്രഗ്രന്ഥങ്ങളാകുന്നു. ഇവയിൽ ഒന്നാമത്തെയും മൂന്നാമത്തെയും കൃതികൾ റസ്സലിൻെറ പ്രതിഭയിൽനിന്നുളവായ തത്വശാസ്ത്രസംഭാവനകളെ ക്രോഡീകരിക്കുന്നതായി പറയാവുന്നതാണ്. ഗണിതവിദ്യയിൽ അവഗാഹം സിദ്ധിച്ചവർക്കുമാത്രമേ അവയെ ശരിക്കു മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

ബർട്രൻഡ് റസ്സലിനെപ്പററി ചിന്തിക്കുമ്പോൾ അനന്യസാധാരണമായ ബുദ്ധിശക്തിയാൽ അനുഗൃഹീതനും യുക്തിയുടെ സാധുതകളിൽ ഇന്നുവരെ പതറിയിട്ടില്ലാത്ത അടിയുറച്ച വിശ്വാസം ഉള്ളവനും ആയ ഒരു മഹാചിന്തകൻെറ ചിത്രമാണ് നമ്മുടെ മനസ്സിൽ ഉയർന്നുവരുന്നത്. അദ്ദേഹത്തിന് ഒരു ഗണിതശാസ്ത്രജ്ഞൻെറ വിദ്യാഭ്യാസമാണ് സിദ്ധിച്ചതെന്നു പറഞ്ഞുവല്ലൊ. ഗണിതശാസ്ത്രജ്ഞന്മാരുടെ ഇടയ്ക്ക് ഇന്നും അദ്ദേഹത്തിനു പ്രാമാണികമായ സ്ഥാനമുണ്ട്. പക്ഷെ അദ്ദേഹത്തിൻെറ ഏററവും വലിയ നേട്ടം ശാസ്ത്രത്തിൻെറ വീക്ഷണഗതിയും ശാസ്ത്രീയചിന്തയുടെ ഉപായങ്ങളും ശുദ്ധമായ തത്വജ്ഞാനത്തിൽ പ്രായോഗികമാക്കിയതാണെന്ന് എനിക്കു തോന്നുന്നു. ഇതൊരു ശാസ്ത്രീയയുഗമാണെങ്കിലും, യുക്തി ശാസ്ത്രത്തിൻെറ അടിസ്ഥാനമാണെങ്കിലും, പല ശാസ്ത്രജ്ഞന്മാരും യുക്തിയിൽ വിശ്വാസം ക്ഷയിച്ചവരായും ശാസ്ത്രത്തിൻെറ നിഗമനങ്ങളിൽ സംശയാലുക്കളായും തീർന്നിട്ടുണ്ട്. ഈ വൈരുദ്ധ്യം ഇരുപതാം നൂററാണ്ടിൻെറ ഒരു പ്രത്യേകതയാണ്. മതചിന്തകന്മാരും മററും ഈ വൈരുദ്ധ്യത്തിൻെറ മുതലെടുക്കുവാനും ശ്രമിക്കുന്നുണ്ട്. മതത്തി

Digitized by Kerala Sahitya Akademi

ന്റെ മുഷ്ടിയിൽനിന്നു മുക്തിനേടിയ മനുഷ്യരാശിയെ വീണ്ടും അന്ധവിശ്വാസങ്ങളിലേയ്ക്കും തെളിവില്ലാത്ത സത്യങ്ങളിലേയ്ക്കും വലിച്ചിടുവാനുള്ള പഴുതാണ് അക്കൂട്ടർ ഇതിൽ കാണുന്നത്. ഈ സംശയാലുത്വങ്ങളുടേയും പിൻതിരിപ്പൻ ശ്രമങ്ങളുടേയും നടുവിൽ യുക്തിയുടേയും ബുദ്ധിയുടേയും പ്രവാചകനായി റസ്സൽ ഉറച്ചുനില്ക്കുന്നു. യുക്തിയെ ശുദ്ധീകരിക്കുന്നതിനും, തത്വദർശനത്തിനുള്ള ഉപകരണമെന്നനിലയിൽ അതിനെ കൂടുതൽ സമർത്ഥവും ശക്തിമത്തും ആക്കിത്തീർക്കുന്നതിനും ആണ് അദ്ദേഹം തുടരെ ശ്രമിച്ചിട്ടുള്ളത്. യുക്തി, അതിന്റെ ശുദ്ധവും സൂക്ഷ്മവും ആയ രൂപത്തിൽ, ഗണിതവിദ്യയിൽനിന്ന് അഭിന്നമാണെന്ന് അദ്ദേഹം കരുതുന്നു. ഈ ഉപകരണത്തിന്റെ സഹായത്തോടെ തത്വചിന്തയിലെ പല പഴയ പ്രശ്നങ്ങൾക്കും തൃപ്തികരമായ ഉത്തരം കണ്ടുപിടിക്കാമെന്നാണ് അദ്ദേഹം പറയുന്നത്. ഈ പ്രശ്നങ്ങളും കണ്ടുപിടിക്കപ്പെടുന്ന ഉത്തരങ്ങളും തികച്ചും ജ്ഞാനാത്മകങ്ങളാണ്. സംഖ്യ എന്നാൽ എന്ത്? സ്ഥലകാലങ്ങളെന്ത്? വസ്തുവെന്ത്? മനസ്സെന്ത്? ഇത്യാദി പ്രശ്നങ്ങൾക്ക്, ഗണിതവിദ്യയിലൂടെ സംസ്കരിക്കപ്പെട്ട യുക്തി ഉപയോഗിച്ചു മനുഷ്യബുദ്ധിക്കു തൃപ്തികരമായ ഉത്തരങ്ങൾ കണ്ടുപിടിക്കുവാൻ കഴിയും. ചിലതിനൊക്കെ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. യുക്തിയുടെ നൂതനമായ അപഗ്രഥനസമ്പ്രദായം മറ്റു പ്രശ്നങ്ങളുടെ നേർക്കു പ്രയോഗിച്ചുതുടങ്ങിയിട്ടേയുള്ളു.

പക്ഷെ ഇങ്ങനെ തികച്ചും ജ്ഞാനരൂപമായ, ബുദ്ധിപരമായ, പ്രശ്നങ്ങൾ മാത്രമല്ല പണ്ടുകാലം മുതല്ക്കേ തത്വചിന്തകന്മാർ കൈകാര്യം ചെയ്തിട്ടുള്ളത്. ആദ്ധ്യാത്മമൂല്യങ്ങൾ, സന്മാർഗ്ഗബോധങ്ങൾ, എന്നിങ്ങനെ പല ഘടകങ്ങളും തത്വചിന്തയുടെ പരിധിയിൽ ഉൾപ്പെടുത്തിപ്പോരുന്നു. ഇവയെ ഉൾക്കൊള്ളുന്ന പ്രശ്നങ്ങൾ യുക്തിയുടെ അപഗ്രഥനത്തിനു വശഗമാണെന്നു റസ്സൽ വിചാരിക്കുന്നില്ല. അവയുടെ മണ്ഡലം അറിവിന്റേതല്ല, അനുഭൂതിയുടേതാണ്. തത്വശാസ്ത്രത്തിന് അവിടെ കയറിച്ചെല്ലേണ്ട കാര്യമില്ലെന്നാണ് റസ്സലിന്റെ അഭിപ്രായം. തത്വചിന്തയുടെ അധികാരപരിധികൾ വ്യവച്ഛേദിക്കാത്തതുമൂലം പല വൈകല്യങ്ങളും ഉണ്ടായിട്ടുണ്ടെന്നും, അതു ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നും അദ്ദേഹം പറയുന്നു. പ്രപഞ്ചത്തിന്റെ യഥാർത്ഥസ്വഭാവമെന്തെന്ന് അറിയേണ്ടത് തത്വശാസ്ത്രത്തിന്റെ ചുമ

Digitized by Kerala Sahitya Akademi

തലയാണ്. പക്ഷെ ജീവിതം നയിക്കുവാനുള്ള ഏററവും നല്ല മാർഗ്ഗം ഏതെന്നു നിശ്ചയിക്കുവാൻ അതിനു കഴിവില്ല. അത് അതിൻെറ ചുമതലയുമല്ല. ''പ്ലേറേറാ മുതൽ വില്യം ജെയിംസ് വരെയുള്ള തത്ത്വജ്ഞാനികൾ, പ്രപഞ്ചത്തിൻെറ ഘടനയേയും സംവിധാനത്തെയും പററിയുള്ള തങ്ങളുടെ അഭിപ്രായങ്ങളെ, സാന്മാർഗ്ഗികമായ തങ്ങളുടെ ആഗ്രഹങ്ങൾക്കു വശഗമാക്കുവാൻ അനുവദിച്ചിട്ടുണ്ട്'' എന്നാണ് റസ്സൽ പറയുന്നത്. മനുഷ്യരെ സൽഗുണസമ്പന്നരാക്കുവാൻ ഉതകുന്ന വിശ്വാസങ്ങൾ ഏതെല്ലാമെന്നു നിശ്ചയമുണ്ടെന്ന സങ്കല്പത്തിൽ, പ്രസ്തുത വിശ്വാസങ്ങൾ സത്യമാണെന്നു തെളിയിക്കാനുള്ള വാദങ്ങൾ കണ്ടുപിടിക്കുവാൻ അവർ ശ്രമിച്ചിരിക്കുന്നതായി കാണാം. ഇതൊരു ആത്മവഞ്ചനയാണെന്നാണ് റസ്സൽ പറയുന്നത്. എന്തെന്നാൽ ഇതു മുൻവിധി കല്പിച്ചുകൊണ്ടുള്ള സത്യാന്വേഷണമാണ്. നന്മയിലേക്കു നയിക്കുന്ന വിശ്വാസങ്ങൾ ഏതെന്നുള്ള സങ്കല്പം അറിഞ്ഞോ അറിയാതെയോ ഇടപെടുമ്പോൾ സത്യാന്വേഷണം വികലമാകുമെന്നു പറയേണ്ടതില്ലല്ലോ. അന്വേഷണമണ്ഡലത്തിന് അതിരിടുകയാണ് അതുമൂലം നാം ചെയ്യുന്നത്. മതസിദ്ധാന്തങ്ങൾ തെറേറാ ശരിയോ എന്നു തെളിയിക്കുവാൻ തത്ത്വശാസ്ത്രത്തിനു കഴിയുമെന്ന് റസ്സൽ വിചാരിക്കുന്നില്ല. പക്ഷെ എത്രയോ നൂററാണ്ടുകളായി ഇതു തത്ത്വശാസ്ത്രജ്ഞൻെറ ഒരു പ്രധാന ചുമതലയായിട്ടാണ് കരുതിപ്പോരുന്നത്. ഇതു യുക്തിയെ വഴി തെററിക്കുന്നതിനും, അശാസ്ത്രീയങ്ങളും അപ്രത്യക്ഷങ്ങളുമായ ജ്ഞാനസമ്പാദനമാർഗ്ഗങ്ങൾ ഉണ്ടെന്നുള്ള വ്യാമോഹം ജനിപ്പിക്കുന്നതിനും ആണ് വാസ്തവത്തിൽ ഇടയാക്കിയിട്ടുള്ളത്. തത്ത്വശാസ്ത്രത്തിൻെറ ഇമ്മാതിരി കാടുകയററങ്ങളെ ആക്ഷേപിക്കുന്നതിനും അവയെ കൈവെടിഞ്ഞു യുക്തിയെ സംസ്കരിച്ച് അതിലൂടെ തത്ത്വജ്ഞാനത്തെ നേർവഴിക്കു നയിക്കുന്നതിനും റസ്സലും അനുയായികളും ശ്രമിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരാശിക്ക് അത്യധികം പ്രാധാന്യമുള്ള പല പ്രശ്നങ്ങൾക്കും പൂർണ്ണമായ ഉത്തരം കണ്ടുപിടിക്കുവാൻ ബുദ്ധിക്കു കഴിവില്ലെന്ന് അവർ തുറന്നു പറയുന്നു. പക്ഷെ ശാസ്ത്രാന്വേഷണത്തിനും ബുദ്ധിക്കും അഗോചരമായ ''സത്യ''ങ്ങളെ കണ്ടെത്തുവാൻ മറേറതോ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ ഉണ്ടെന്ന് അവർ വിചാരിക്കുന്നില്ല. അഭിപ്രായഭിന്നതകളും മത്മാത്സര്യങ്ങളും നിറഞ്ഞ ജീവിതത്തിൽ യുക്തിപൂർവ്വമായ ചിന്തയേയും നിഷ്പക്ഷനിരീക്ഷ

Digitized by Kerala Sahitya Akademi

ണത്തേയും അവലംബിച്ചുനില്ക്കുന്ന ശാസ്ത്രത്തിന്റെ സത്യപരായണത ഒരു മഹാനുഗ്രഹമാണെന്നുള്ളതു നിസ്സംശയമാണ്. ഈ നൂററാണ്ടിൽ ഭൌതികശാസ്ത്രത്തിലുണ്ടായ കോളിളക്കങ്ങളുടെ നടുവിൽനിന്നുകൊണ്ടു, തത്ത്വശാസ്ത്രത്തെ ആപത്തിൽനിന്നു രക്ഷിച്ച് ഈ അപൌരുഷേയജ്ഞാനത്തെ അതിന്റെ നേർവഴിക്കു നയിക്കുവാൻ അശ്രാന്തയത്നംചെയ്ത മഹാമതികളിൽ പ്രധാനിയായി റസ്സൽ എണ്ണപ്പെട്ടമെന്നുള്ളതു തീർച്ചയാണ്.

ഇത്രയും പറഞ്ഞതിൽനിന്നു റസ്സൽ യുക്തിയേയും ബുദ്ധിയേയും ശാസ്ത്രത്തേയും മാത്രമേ വിലമതിക്കുന്നുള്ള എന്നു ധരിക്കരുത്. കലയും സൌന്ദര്യവും സ്നേഹവും കരുണയും എല്ലാം ജീവിതത്തിന് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം അവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ലഘുഗ്രന്ഥങ്ങളെല്ലാം തന്നെ വ്യക്തിയുടേയും സമഷ്ടിയുടേയും ജീവിതമൂല്യങ്ങളെ പരാമർശിക്കുന്നവയാണ്. ഈ മൂല്യങ്ങളുടെ മണ്ഡലത്തിലും യുക്തിപൂർവ്വമായ ശാസ്ത്രീയമനോഭാവം സ്വീകരിക്കുന്നതു മനുഷ്യരാശിക്കു തീർച്ചയായും ഗുണകരമാണെന്ന് അദ്ദേഹം പ്രസ്തുതഗ്രന്ഥങ്ങളിൽ തെളിയിക്കുന്നു. വിദ്യാഭ്യാസം, സദാചാരം, വിവാഹം, രാഷ്ട്രതന്ത്രം, സോഷ്യലിസം എന്നിവയെക്കുറിച്ചെല്ലാം അദ്ദേഹം ദീർഘമായി ഉപന്യസിക്കുകയും ശ്രദ്ധേയങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ''വിവാഹവും സദാചാരവും'' (1929), ''സാമൂഹ്യപുനഃസംഘടനയുടെ തത്ത്വങ്ങൾ'' (1922), ''ശിശുവിദ്യാഭ്യാസം'' (1926) എന്നീ ഗ്രന്ഥങ്ങൾ ലോകപ്രസിദ്ധങ്ങളാണ്.

റസ്സലിന്റെ രചനാരീതിയേയും ഫലിതത്തെയും കുറിച്ച് ഒരു വാക്കുകൂടി പറയാതെ ഈ ലേഖനം അവസാനിപ്പിക്കുവാൻ മനസ്സു വരുന്നില്ല. ഇംഗ്ലീഷുഭാഷ ഇത്ര സമർത്ഥമായി കൈകാര്യം ചെയ്യുന്ന ഗ്രന്ഥകാരന്മാർ ചുരുക്കമാണ്. ഒരു ഗണിതശാസ്ത്രജ്ഞന് ഈ ഭാഷാസ്വാധീനം എങ്ങിനെ കിട്ടിയെന്നു ഇംഗ്ലീഷുകാർപോലും വിസ്മയിക്കാറുണ്ട്. ആഖ്യാനത്തിന്റെ ഓജസ്സും സാരള്യവും കാവ്യഭംഗിയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ ആകർഷകത്വത്തെ അത്രമാത്രം വർദ്ധിപ്പിച്ചിട്ടുണ്ട്. നിസ്തുലമായ ബുദ്ധിശക്തിയുടെ രത്നപ്രഭകൾ ഓരോ വാചകത്തിലും വീശുന്നതു കാണാം. അബദ്ധങ്ങളുടേയും മൂഢതകളുടേയും മുൻപിൽ അദ്ദേഹത്തി

Digitized by Kerala Sahitya Akademi

ന്റെ ഫലിതം സംഹാരശക്തിയോടെ വിജൃംഭിക്കുന്നു. ബുദ്ധിയുടെ കുശാഗ്രംകൊണ്ട് അന്ധവിശ്വാസങ്ങളുടെ കുമിളകൾ പൊട്ടിക്കുവാൻ അദ്ദേഹത്തിനു ബഹുരസമാണ്. ബുദ്ധിശക്തിയെ പ്രകീർത്തിക്കുന്ന ഒരു വാക്കുപോലും ബൈബിളിൽ കണ്ടതായി ഓർമ്മിക്കുന്നില്ലെന്നും ഇക്കാര്യത്തിൽ വൈദികശ്രേഷ്ഠന്മാർ വേദോപദേശത്തെ പരിപൂർണ്ണമായി അനുസരിക്കുന്നുണ്ടെന്നും അദ്ദേഹം ഒരു ദിക്കിൽ പറയുന്നു.

ബർട്രൻഡ് റസ്സലിന്റെ പ്രതിഭയും തൂലികയും ഈ എഴുപത്തെട്ടാം വയസ്സിലും ഉന്മേഷപൂർണ്ണങ്ങളായിത്തന്നെയിരിക്കുന്നു. ഗഹനങ്ങളായ തത്ത്വശാസ്ത്രഗ്രന്ഥങ്ങൾ രചിക്കുന്നതിനോടൊപ്പം തന്നെ സമകാലീനപ്രശ്നങ്ങളെപ്പററി ലേഖനങ്ങളെഴുതുന്നതിലും റേഡിയോപ്രസംഗങ്ങൾ നല്കുന്നതിലും അദ്ദേഹം തല്പരനാണ്. അദ്ദേഹത്തിന്റെ പ്രതിഭാപ്രകാശം അജ്ഞാനതിമിരത്തെ ദൂരീകരിച്ചുകൊണ്ട് ദീർഘകാലം വിലസട്ടെ എന്നു പ്രാർത്ഥിക്കുന്നു.

Digitized by Kerala Sahitya Akademi

# 16

# വിൻസ്റ്റൺ ചർച്ചിൽ

സാഹിത്യത്തിനുള്ള 1953-ലെ നോബെൽസമ്മാനം ബ്രിട്ടീഷ് പ്രധാനമന്ത്രി സർ വിൻസ്റ്റൺ ചർച്ചിലിന് നല്കിയിരിക്കുന്നു. ശ്രദ്ധേയമായ ഒരു സംഭവമാണിത്. രാഷ്ട്രീയമണ്ഡലത്തിൽനിന്നു ബഹുദൂരം അകന്നുകിടക്കുന്ന ഈ കീർത്തിമുദ്ര ഒരു വൻകിടരാജ്യത്തിലെ പ്രധാനമന്ത്രിക്കു കിട്ടുന്നതു് ഇതാദ്യമാണ്. സാഹിത്യേതരമായ പരിഗണനകളും ചിലപ്പോഴൊക്കെ ഈ സമ്മാനദാനത്തിൽ അന്തർഭവിക്കാറുണ്ടെങ്കിലും, ചർച്ചിലിന്റെ കാര്യത്തിൽ അങ്ങിനെയൊരു ശങ്കയ്ക്കു് അവകാശമുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹം, വെറും സാഹിത്യകാരനെന്നുള്ള നിലയിൽമാത്രം നോക്കിയാൽപോലും, ഈ കീർത്തിക്കു് അനർഹനാണെന്നു പറയാവുന്നതല്ല. ആംഗലസാഹിത്യത്തിൽ അത്യുന്നതമായ ഒരു സ്ഥാനത്തിനു, വളരെ മുമ്പുതന്നെ അദ്ദേഹം അവകാശിയാണ്. രാഷ്ട്രീയമായ സ്വാധീനംമൂലമോ അധികാരത്തിന്റെ ശക്തികൊണ്ടോ അല്ല അദ്ദേഹം ആ സ്ഥാനം കരസ്ഥമാക്കിയതു. മറ്റെവിടെ സാധിച്ചാലും ഇംഗ്ലണ്ടിൽ അതു സാധിക്കുകയില്ലെന്നു തീർച്ചയാണ്. എങ്കിലും കഴിഞ്ഞ 52 വർഷങ്ങളായി നടന്നുവരുന്ന ഈ സമ്മാനദാനങ്ങളുടെ പൊതുസ്വഭാവവും അടിസ്ഥാനതത്വവും ആലോചിക്കുമ്പോൾ ഇക്കൊല്ലത്തെ സംഭവത്തിന് ഒരു പുതുമയോ, പ്രത്യേകതയോ ഉണ്ടെന്നു പറയാതെ തരമില്ല. ആദർശാത്മകമായ പ്രവണതകളെ ഉൾക്കൊള്ളുന്നതും മനുഷ്യരാശിക്കു ഗുണകരവുമായ കൃതികളെ പരിഗണിച്ചു സമ്മാനം നൽകണമെന്നാണ് ആൽഫ്രെഡ് നോബെൽ തന്റെ മരണപത്രത്തിൽ അനുശാസിച്ചിട്ടുള്ളത്. ഡൈനാമൈറ്റ് എന്ന ഭയങ്കരമായ സ്ഫോടകപദാർത്ഥം വിറ്റുണ്ടാക്കിയ ആദായമാണ് ഈ സമ്മാനങ്ങളുടെ ചെലവിനുള്ള മൂലധനം. ഫിസിക്സ്, കെമിസ്ട്രി, വൈദ്യശാസ്ത്രം, സമാധാനം എന്നിവയ്ക്കുള്ള നാലു സമ്മാനങ്ങൾ വേറെയുണ്ട്. സാഹിത്യസമ്മാനത്തിന്റെ മൂല്യം ഏകദേശം 40,000 ഡോളറാണ് (ഇന്നത്തെ നിരക്കിന് ഒന്നരലക്ഷത്തിൽപരം രൂപ). സാമ്പത്തികമൂല്യം കൊണ്ടല്ല ഈ സമ്മാനം അഭികാമ്യമായി കരുതപ്പെടുന്നത്. സാഹിത്യലോക

Digitized by Kerala Sahitya Akademi

ത്തിലെ യശസ്സിൻെറ പരമകാഷ്ഠയാണതു്. കാവ്യകലയ്ക്കുവേണ്ടി ജീവിതംനയിക്കുന്ന അനുഗൃഹീതവ്യക്തികളിൽ ഏററവും ശ്രദ്ധാർഹനാണെന്നുള്ള ബഹുമതി—സാർവ്വലൌകികമായ അംഗീകാരം. 60 ലക്ഷം ജനങ്ങൾ മാത്രമുള്ള ഒരു ചെറിയ രാജ്യമായ സ്വീഡനിൽനിന്നു നൽകപ്പെടുന്നതുകൊണ്ടും ഒരു സ്വകാര്യവ്യക്തിയുടെ സംഭാവനയായതുകൊണ്ടും "മററു പരിഗണന"കളെക്കുറിച്ചുള്ള ആരോപണത്തിനു വലിയ പഴുതൊന്നുമില്ല. ഇതാണു് നോബെൽ സമ്മാനത്തിൻെറ മേന്മ.

ആദർശാത്മകമായ സാഹിത്യകൃതികൾ എന്നു കേൾക്കുമ്പോൾ നമുക്കുണ്ടാകുന്ന പ്രതീതികൾ പ്രതിനിധാനംചെയ്യുന്ന സംസ്കാരമണ്ഡലത്തിൽ വിൻസ്റ്റൺ ചർച്ചിലിനു കാര്യമായ എന്തെങ്കിലും സ്ഥാനമുണ്ടെന്നു പറയുവാൻ വിഷമമാണു്. ആംഗലഭാഷാഗദ്യത്തെ കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹം സവ്യസാചിയാണെന്നു് ആരും സമ്മതിക്കും. 1941—ൽ ഇംഗ്ലണ്ടിനെ മരണത്തിൻെറ കൂരിരുൾനിറഞ്ഞ താഴ്വരയിലൂടെ വിജയത്തിലേയ്ക്കു നയിച്ചതു് അദ്ദേഹത്തിൻെറ ആത്മധീരവും ആത്മോത്തേജകവുമായ പ്രഭാഷണങ്ങളാണു്. ബ്രിട്ടീഷുജനതയുടെ ചേതനയാണു് അന്നു് അദ്ദേഹത്തിൻെറ വാക്കുകളിൽ സ്പന്ദിച്ചതു്. ഗദ്യത്തിൻെറ ഗംഭീരമായ ഛന്ദസ്സുകളിൽ, വാചാപ്രസംഗത്തിൻെറ വളച്ചുകെട്ടില്ലാത്ത ഹൃദയംഗമതയോടെ, ലോകത്തിൻെറ നിത്യസ്മരണയെ അർഹിക്കുന്ന മഹാകാവ്യങ്ങൾതന്നെയാണു് അദ്ദേഹം അക്കാലത്തു രചിച്ചതു്. നിയതി അദ്ദേഹത്തെ ആ പ്രതിസന്ധിഘട്ടത്തിനുവേണ്ടി നിർമ്മിച്ചതാണെന്നു പലരും വിചാരിക്കുകയുണ്ടായി. അദ്ദേഹത്തിനു് അതേപ്പററി സംശയമേയില്ലായിരുന്നു. തൻെറ മാതൃഭൂമിയെ രക്ഷിക്കുവാനെന്നപോലെ യശശ്ചന്ദ്രഹാരം കരസ്ഥമാക്കുവാനുള്ള അവസരവും അതാണെന്നു് അദ്ദേഹം മനസ്സിലാക്കി; അതനുസരിച്ചു പ്രവർത്തിച്ചു. കാളിദാസനെയോ ഷേക്സ്പിയറെയോപോലെ ഭാവനാമയമായ ഒരു ലോകത്തിലല്ല അദ്ദേഹം വിഹരിക്കുന്നതു്. വ്യക്തിഗതങ്ങളും, സാഹിത്യത്തിൽ സാധാരണയായി പ്രതിപാദിക്കപ്പെടുന്നവയുമായ പ്രമേയങ്ങളെയല്ല അദ്ദേഹം കൈകാര്യം ചെയ്യുന്നതു്. വമ്പിച്ച ജനസമൂഹങ്ങളെയും വലിയ വലിയ രാഷ്ട്രങ്ങളേയും ബാധിക്കുന്ന ചരിത്രസംഭവങ്ങളാണു് അദ്ദേഹത്തിൻെറ കരുക്കൾ. അവയെത്തന്നെയും ഭാവനാലോകത്തിൽ വിന്യസിച്ചു കാവ്യരസം ജനിപ്പിച്ചു എന്നതല്ല അദ്ദേഹത്തിൻെറ നേട്ടം.

Digitized by Kerala Sahitya Akademi

യഥാർത്ഥ ചരിത്രംതന്നെയാണ് അദ്ദേഹത്തിന്റെ രംഗം. അതിൽ യഥാർത്ഥമായി താൻ വഹിച്ച പങ്കുതന്നെയാണ് അദ്ദേഹത്തിന്റെ കഥാവസ്തു. ഒരുപക്ഷേ, ആ ഭാഗത്തെപ്പററി എഴുതിയപ്പോഴല്ല, ആ ഭാഗം ജീവിച്ചപ്പോഴാണ് അദ്ദേഹം ഒരു മഹാകവിയുടെ ധർമ്മം നിർവ്വഹിച്ചത് എന്നായിരിക്കും പറയേണ്ടത്. യഥാർത്ഥ്യം സങ്കല്പത്തേക്കാൾ വിചിത്രമാണെന്നു പറയാറുണ്ട്. ചർച്ചിലിന്റെ കാവ്യജീവിതത്തിന്റെ സ്വഭാവവും ഇത്തരത്തിലുള്ളതാണ്. ഹിററ്ലറും മുസ്സോളിനിയും പാക്കംബോമ്പും ഡൺകർക്കും വിമാനാക്രമണവും, താറും, ഉള്ള ഒരു മഹാനാടകമാണ് അദ്ദേഹം രചിച്ചത്; അതായതു ജീവിച്ചത്.

പുതിയതരത്തിലുള്ള ഈ കവിത്വം, സാഹിത്യധർമ്മം, പലതുകൊണ്ടും ശ്രദ്ധാർഹമാണ്. കവിയും കലാകാരനും യാഥാർത്ഥ്യങ്ങളോടു ബന്ധമില്ലാതെ, ദൈനംദിനജീവിതത്തിൽനിന്നു അകന്നുമാറി, സ്വന്തം ചിന്തകളിലും ഭാവനയിലും മുഴുകിനില്ക്കുന്ന ഒരു വിചിത്രജീവിയായിട്ടാണ് സാധാരണ കാണപ്പെടുന്നത്. ഇതിൽനിന്നൊക്കെ ഭിന്നനായി ഒരു സാമ്രാജ്യത്തിന്റെ നാഥനായി, ഒരു മഹായുദ്ധത്തിലെ നേതാവും ജേതാവുമായി, നിരന്തരയത്നത്തിൽ നിമഗ്നനായി നില്ക്കുന്ന ഒരു സാഹിത്യകാരനാണ് ചർച്ചിൽ. ആദ്ധ്യാത്മികത്വം മാത്രമല്ല പ്രാപഞ്ചികത്വവും, ധ്യാനം മാത്രമല്ല യത്നവും യുദ്ധവും, സങ്കല്പം മാത്രമല്ല യാഥാർത്ഥ്യവും, മാഹാത്മ്യത്തിലേക്കു നയിക്കുമെന്നും ഈ അപൂർവ്വമനുഷ്യൻ തെളിയിക്കുന്നു. പാശ്ചാത്യസംസ്കാരത്തിന് ഈ നൂററാണ്ടിലുണ്ടായ ചിന്താലോലുപത്വത്തെയും, പൗരസ്ത്യരുടെ ആദ്ധ്യാത്മികതയുടെ നേർക്കു തോന്നിയ ആകർഷണത്തെയും, അദ്ദേഹം ഉറച്ചുനിന്നു ദൃഢസ്വരത്തിലും ദീർഘദൃഷ്ടിയോടുകൂടിയും നിഷേധിക്കുന്നതുപോലെയും എനിക്കു തോന്നുന്നു. അദ്ദേഹത്തിന്റെ നേട്ടങ്ങളും അടിക്കടി അഭിവൃദ്ധമായിക്കൊണ്ടിരിക്കുന്ന യശസ്സും ഈയൊരു അനുമാനത്തിലേക്കാണ് നമ്മെ നയിക്കുന്നത്. വിട്ടുവീഴ്ചയില്ലാത്ത, മറെറാരു മാർഗ്ഗത്തെപ്പററി സൂചനപോലുമില്ലാത്ത, കർമ്മയോഗമാണ് പാശ്ചാത്യസംസ്കാരത്തിന്റെ സാരസർവ്വസ്വമെന്നും അത് എല്ലാപ്രകാരത്തിലും കാമ്യവും ധർമ്മ്യവുമാണെന്നും അദ്ദേഹം തന്റെ ജീവിതമാകുന്ന അത്ഭുതകാവ്യത്തിലൂടെ സമർത്ഥിക്കുന്നു; യൂറോപ്പ് അത് അംഗീകരിക്കുകയും ചെയ്യുന്നു.

Digitized by Kerala Sahitya Akademi

17

# പരിണാമവും മുക്തിയും

ഭൂമിയിൽ ജീവികളുണ്ടായിട്ടു നൂറുലക്ഷം നൂററാണ്ടുകളായെന്നാണ് ശാസ്ത്രജ്ഞന്മാർ അഭ്യൂഹിയ്ക്കുന്നത്. ഈ കാലമത്രയും അവ അടിയ്ക്കടിയുള്ള രൂപപരിവർത്തനത്തിനു വിധേയമായിട്ടുള്ളതായും കാണുന്നു. മാറിമാറിവന്ന പരിതഃസ്ഥിതികളെ വിജയപൂർവ്വം അഭിമുഖീകരിയ്ക്കുന്നതിനുവേണ്ടിയാണ് അവ ഇങ്ങനെ സ്വയം പരിവർത്തനം ചെയ്തത്. ഇങ്ങനെയുണ്ടായ പരിവർത്തനപരമ്പരയ്ക്കു പരിണാമം എന്നു പേർ പറയുന്നു. അതിദീർഘമായ ഈ പരിണാമനാടകത്തിൽ ഓരോ കാലത്ത് ഓരോതരം ജീവികൾക്ക ഭൂമുഖത്തു പ്രാമാണ്യം സിദ്ധിച്ചിരുന്നു എന്നു ശാസ്ത്രീയഗവേഷണങ്ങൾ തെളിയിയ്ക്കുന്നു. ഭൂമിയുടെ ശീതോഷ്ണസ്ഥിതിയ്ക്കും സ്ഥലജലങ്ങളുടെ കിടപ്പിനും മററും ഉണ്ടായ വമ്പിച്ച മാററങ്ങളെത്തുടർന്നാണ് ഇവയിൽ ഓരോ കൂട്ടവും പ്രാമാണ്യം നേടിയത്. പ്രതികൂലമായ പരിതഃസ്ഥിതികൾ ഉണ്ടാകുമ്പോൾ ബഹുഭൂരിപക്ഷം ജീവികളും നശിച്ചുപോവുകയും ചിലതുമാത്രം വംശം പുലത്തുവാൻ സമർത്ഥങ്ങളായി അവശേഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ ആപൽകാലങ്ങളെ അതിജീവിയ്ക്കുന്ന ജന്തുവിഭാഗങ്ങൾ താരതമ്യേന കുറച്ചുകാലംകൊണ്ടു ഭൂമുഖത്ത് ആകമാനം വ്യാപിയ്ക്കുകയും, എണ്ണമററ രൂപവിശേഷങ്ങളെ ആവിഷ്കരിച്ചു പുതിയ പരിതഃസ്ഥിതിയിലെ പ്രമാണികളായിത്തീരുകയും ആണ് ചെയ്യുന്നത്. അസ്തവംശരാകുന്ന ജന്തുവിഭാഗങ്ങളെ അപേക്ഷിച്ച് ഇവയ്ക്ക് എന്തൊക്കെയോ മേന്മകൾ ലഭിച്ചതായിട്ടാണ് കാണുന്നത്. ഈ മേന്മകളും അനുഗ്രഹങ്ങളും ഓരോകാലത്തും ഓരോന്നായിരുന്നു. ഒരിക്കൽ അതു കൂടുതൽ സാമർത്ഥ്യത്തോടെ വെള്ളത്തിൽ നീന്തുവാനുള്ള കഴിവായിരുന്നെങ്കിൽ മറെറാരിയ്ക്കൽ അതു വെള്ളത്തിൽ നിന്നുവിട്ടു കരയ്ക്കു ജീവിയ്ക്കുവാനുള്ള കെല്പായിരുന്നു. പിന്നീടൊരിയ്ക്കൽ അതു ചുററുപാടുമുള്ള ചൂടും തണുപ്പും വിഗണിച്ച്, എപ്പോഴും ഒരേമട്ടിൽ ജീവിക്കാനുള്ള ശക്തിയായിരുന്നു. പരിണാമഗതിയിൽ ജീവികൾക്ക് ഓരോകാലത്തു സിദ്ധിച്ച ഈ പുതുമകൾ, ശക്തിവിശേഷങ്ങൾ, വൈഭവങ്ങൾ, പ്രകൃതിയോടുള്ള മത്സ

Digitized by Kerala Sahitya Akademi

രത്തിൽ വിജയംവരിച്ചു, ഭൂമുഖത്തുനിന്നു നിർമ്മാജ്ജനംചെയ്യപ്പെടാതെ, ജീവിതം നയിയ്ക്കുവാനുള്ള ശക്തിയെ പൂർവാധികം വദ്ധിപ്പിയ്ക്കുകയാണ് ചെയ്യുത്. ഭൂമി ദീർഘകാലം ഉണങ്ങുകയും ജലാശയങ്ങഠം വററുകയും ചെയ്യപ്പോഠം ജന്തുക്കഠം കരയ്ക്കു ജീവിയ്ക്കാനുള്ള കഴിവു നേടി. അന്നുവരെ ഭൂഗോളത്തിൻെറ സ്ഥലവിഭാഗം ജന്തുക്കളുടെ പാദസ്പർശമേല്ക്കാതെ കിടക്കുകയായിരുന്നു. അതിവിശാലമായ ഒരു പുതിയ ലോകംതന്നെയാണ് ഈ ശക്തി സമ്പാദിച്ച ജന്തുവിഭാഗത്തിനു തുറന്നുകിട്ടിയത്. തോട്ടപൊതിഞ്ഞ മുട്ടയും, ഉണങ്ങിപ്പോകാത്ത തോലും കിട്ടിയതുകൊണ്ടാണ് ഈ മഹാവിജയം സാധ്യമായത്. മത്സ്യങ്ങളുടെ കാര്യം നോക്കുക. വെള്ളത്തിൽനിന്നു കരയ്ക്കെടുത്താൽ അവ ചത്തുപോകുന്നു. തവളയുടെ സ്ഥിതി ഇതിലും ഭേദമാണ്. അതിനു കരയ്ക്കു ജീവിയ്ക്കാൻ കഴിവുണ്ട്; എങ്കിലും വെള്ളമില്ലാതെ അതിനു മുട്ടയിട്ടുവാനോ വംശം പുലത്തുവാനോ കഴിവില്ല. അതിൻെറ കുഞ്ഞുങ്ങഠം വെള്ളത്തിൽതന്നെ വളരേണ്ടിയിരിയ്ക്കുന്നു. നേരേമറിച്ച് ഓന്ത് പാമ്പ് മുതലായ ഇഴജന്തുക്കളുടെ കാര്യം ആലോചിച്ചു നോക്കുക. മുട്ടയിടുന്നതിനുപോലും അവയ്ക്കു ജലാശയങ്ങളെ അഭയംതേടേണ്ടതില്ല. കട്ടിയുള്ള തോലുള്ളതുകൊണ്ട് ഈപ്പമില്ലാത്ത ദിക്കിലും അവയ്ക്കു ജീവിയ്ക്കാം. പരിതഃസ്ഥിതികളോടുള്ള പരാധീനതയിൽനിന്ന് അവ മത്സ്യത്തെയും തവളയെയുംകാഠം മോചനം നേടിയിട്ടുണ്ട്. ഈ മോചനം ആദ്യമായി സാധ്യമായ കാലത്ത് ഇഴജന്തുക്കഠം ഭൂമിയിൽ എന്തെന്നില്ലാത്ത പ്രാമാണ്യം കരസ്ഥമാക്കുകയുണ്ടായി. അവ ഇന്നത്തെപ്പോലെ ഒളിച്ചും മറഞ്ഞും ജീവിയ്ക്കുന്ന അപൂർവ്വജന്തുക്കളല്ലായിരുന്നു.

കാലക്രമേണ ഈ പ്രാമാണ്യവും അസ്തമിച്ചു. പുതിയതരം പ്രതികൂലാവസ്ഥകളുണ്ടായി. അവയെ അതിജീവിച്ച ജന്തുക്കളാണ് കുഞ്ഞുങ്ങളെ ജീവനോടെ പ്രസവിച്ചു മുലകൊടുത്തുവളത്തുന്ന സസ്തനികഠം. ഇഴജന്തുക്കഠംക്കില്ലാത്ത പല സിദ്ധികളും ഇവയ്ക്കുണ്ട്. ശരീരത്തിൻെറ ചൂട് എപ്പോഴും ഒരേനിലയിൽ നില്ക്കുന്നു എന്നതാണ് ഇക്കൂട്ടത്തിൽ പ്രധാനം. പുറമെയുള്ള ചൂടും തണുപ്പും ഈ ജന്തുക്കളുടെ ജീവിതവൃത്തികളെ ബാധിയ്ക്കുന്നില്ല; ചൂട് അവയെ തളിപ്പിയ്ക്കുകയും തണുപ്പു മന്ദീഭവിപ്പിയ്ക്കുകയും ചെയ്യുന്നില്ല. ഇഴജന്തുക്കഠംക്ക് ഇങ്ങനെയുള്ള ഉഷ്ണനിയന്ത്രണം സാധ്യമല്ല. അതുകൊണ്ടുതന്നെയാണ് സസ്തനികഠം

Digitized by Kerala Sahitya Akademi

അവയെ കീഴടക്കി പ്രാമാണ്യം നേടിയത്. ബാഹ്യലോകത്തിൻെറ നിർബന്ധത്തിനു വഴങ്ങാതെ ജീവിയ്ക്കാനുള്ള കഴിവ് ഇങ്ങനെ വീണ്ടും ഒരുപടികൂടി ഉയൎന്നു. ഇതിനുശേഷമാണ് മനുഷ്യൻ ആവിർഭവിച്ചത്. സസ്തനികളുടെ ഇടയ്ക്കുനിന്നുതന്നെയാണ് അവൻെറ ഉത്ഭവം. പക്ഷെ മററു സസ്തനികൾ കടലും കുളമ്പും പല്ലും നഖവും മററും പരിഷ്കരിച്ചപ്പോൾ അവൻെറ കാര്യത്തിൽ തലച്ചോറിനാണ് അഭിവൃദ്ധിയും പരിഷ്കാരവും ഉണ്ടായത്. കുതിരയുടെ കഥയെടുക്കുക. ഓടിയോടി മിടുക്കനാകുവാനാണ് പരിണാമഗതിയിൽ അതു ശ്രമിച്ചത്. അതിൻെറ കൈകാലുകൾ ഈ ആവശ്യത്തിന്നുവേണ്ടി പരിഷ്കരിയ്ക്കപ്പെട്ടു. അതിൻെറ നാലുകാലിലും നടുവിരൽമാത്രമേ ശേഷിച്ചിട്ടുള്ളു. ഈ പരിഷ്കാരം ഇതിലധികം നീട്ടിക്കൊണ്ടുപോകുവാൻ അശ്വവർഗ്ഗത്തിനു സാധ്യമല്ല. പരിണാമവീഥിയിലുള്ള അതിൻെറ ഓട്ടം അവസാനിച്ചു എന്നുതന്നെ പറയാം. മനുഷ്യനൊഴികെയുള്ള മററു സസ്തനികളുടെയെല്ലാം കഥ ഇതുതന്നെയാണ്. മേൽഗതിയില്ലാത്ത മണ്ഡലങ്ങളിലാണ് അവയോരോന്നും അകപ്പെട്ടുപോയിരിക്കുന്നത്. മനുഷ്യനുമാത്രമേ ഇങ്ങനെയൊരു ഭാഗ്യദോഷം വരാതുള്ളു. പരിണാമം അവൻെറ വംശത്തിനു നൽകിയ പരിഷ്കാരം ശാരീരികമല്ല, മാനസികമാണ്. ജീവജാലത്തിൻെറ ചരിത്രത്തിൽ, വെള്ളത്തിൽനിന്നു കരയിലേയ്ക്കു കടക്കുവാൻ സഹായിച്ച പുതുസ്വഭാവങ്ങളെപ്പോലെ, അസീമമായ സാധ്യതകളുള്ള ഒരു സിദ്ധിയാണിത്. അത് അടഞ്ഞ മാർഗ്ഗത്തിലൂടെയുള്ള പരിണാമമല്ല. താൽക്കാലികമായ ഒരു പ്രാമാണ്യമല്ല അവനു് അതുമൂലം ലഭിച്ചിരിയ്ക്കുന്നത്. ബാഹ്യലോകത്തോടുള്ള പരാധീനതയിൽനിന്നു, ഭൂമുഖത്ത് ഇന്നുവരെ ഒരു ജീവിക്കും സിദ്ധിച്ചിട്ടില്ലാത്ത മോചനം അവൻ നേടിയിരിയ്ക്കുന്നു. വെറും പ്രാമാണ്യമല്ല, അധിരാജത്വംതന്നെയാണ് അവനു ലഭിച്ചിരിയ്ക്കുന്നത്. അതോടൊപ്പം പരിണാമത്തിൻെറ കൂമ്പടഞ്ഞിട്ടുമില്ല എന്നുള്ളതാണ് ഏററവും ശ്രദ്ധാർഹമായ പരമാർത്ഥം.

അടുത്തപടി എന്താണ്? ഏതുവഴിയ്ക്കാണ് ജീവചൈതന്യം വീണ്ടും നാമ്പെടുക്കുവാൻപോകുന്നത്? മാനസികമായ മേന്മ നേടി പ്രമാണിയായ ഈ ജീവിക്ക് എന്തു മോചനമാണ്, സിദ്ധിയാണ്, ഇനിയും കിട്ടാനുള്ളത്? ചുരുക്കത്തിൽ, മനുഷ്യൻെറ മേൽഗതിയെന്ത്? ഈ ചോദ്യത്തിന് അന്യോന്യഭിന്നങ്ങളായ

Digitized by Kerala Sahitya Akademi

രണ്ടു് ഉത്തരങ്ങൾ ഉണ്ടായിട്ടുണ്ടു്. ഒന്നു മനുഷ്യരിൽ ബഹുഭൂരിപക്ഷത്തിന്റെ ഉത്തരമാണു്; മററതു് ഒരു വെറും ന്യൂനപക്ഷത്തിന്റെയും. ഐശ്വര്യപൂർണ്ണവും സുഖസമൃദ്ധവുമായ ഒരു ഭാവിലോകത്തിന്റെ സൃഷ്ടിയാണു് മനുഷ്യജീവിതത്തിന്റെ പരമലക്ഷ്യമെന്നു് ആദ്യത്തെ കൂട്ടർ വിശ്വസിക്കുന്നു; പ്രഖ്യാപിക്കുന്നു. ഒന്നുരണ്ടു നൂററാണ്ടുകാലമായി ഈ പ്രഖ്യാപനത്തിനും അതനുസരിച്ചുള്ള പ്രവർത്തനത്തിനും ശക്തി കൂടിയിട്ടുണ്ടു്. സുഖമയമായ ഭാവിലോകത്തെ സൃഷ്ടിക്കുവാനുള്ള യത്നം തങ്ങളുടെ പ്രഥമവും പ്രധാനവും പാവനവുമായ കർത്തവ്യമായി എല്ലാ രാജ്യക്കാരും, അവരുടെ ഭരണകൂടങ്ങളും അംഗീകരിച്ചിരിക്കുന്നു. അതിനുവേണ്ടി നിരന്തരം പ്രയത്നിക്കണമെന്നുള്ള ആഹ്വാനം ദിഗന്തങ്ങളെ ഭേദിച്ചുകൊണ്ടു് മുഴങ്ങുകയും ചെയ്യുന്നു. പുനരുദ്ധാരണയത്നങ്ങളും, പഞ്ചവത്സരപദ്ധതികളും, പുരോഗമനപരിപാടികളും എല്ലാം ഈ ആശയത്തിന്റെ ആവിഷ്കരണങ്ങളാകുന്നു. ജനപ്രഭുത്വം, ലോകസമാധാനം, സാമ്പത്തികാഭിവൃദ്ധി, സാമൂഹ്യപരിഷ്കാരം, നൂതനവ്യവസ്ഥിതി, സാങ്കേതികപുരോഗതി, വ്യവസായീകരണം, സ്ഥിതിസമത്വം, ''നല്ലൊരു നാളെ'' എന്നുവേണ്ട ഇന്നു കേൾക്കുന്ന മുദ്രാവാക്യങ്ങൾ സമസ്തവും അതിൽനിന്നു ജനിക്കുന്നവയാണു്. മനുഷ്യജീവിതം കാലമാകുന്ന കൗശികശക്തിയുടെ നിർബന്ധങ്ങൾക്കും നിയന്ത്രണങ്ങൾക്കും സർവ്വഥാ വിധേയവും പരാധീനവുമായി, ജനനമരണങ്ങളാൽ പരിച്ഛിന്നമായി, വ്യക്തിനിഷ്ഠമായി, ഉദരത്തിൽ കേന്ദ്രീകൃതമായി നിൽക്കുന്ന, വെറും മാംസപിണ്ഡവ്യാപാരമാണെന്നുള്ള സങ്കല്പമാണു് ഈ ആശയത്തിന്റെ ആധാരം. പലതരത്തിലുള്ള സ്വാതന്ത്ര്യങ്ങളുടേയും പേരിലാണു് മനുഷ്യന്റെ പുരോഗതിയെക്കുറിച്ചുള്ള ഈ ആശയം പ്രചരിപ്പിക്കപ്പെടുന്നതെങ്കിലും അതിഭീമമായ ഒരു അടിമത്തം അതിൽ അടിസ്ഥാനഭൂതമായി നില്ക്കുന്നു. മനുഷ്യന്റെ ആന്തരചൈതന്യം വസ്തുവിനും വിഷയത്തിനും പരാധീനമാണെന്നും, മനസ്സു സ്ഥലകാലങ്ങളുടെ അലാതവലയത്താൽ നിരുദ്ധമാണെന്നും സമ്മതിക്കുകയാണു് ഈ ആശയത്തെ അംഗീകരിക്കുന്നവർ വാസ്തവത്തിൽ ചെയ്യുന്നതു്. ഈവഴിക്കുള്ള പ്രവർത്തനം സ്ഥായിയായ മോചനത്തിലേക്കു നയിക്കുകയില്ല. എത്രമേൽ ആകർഷകമായിത്തോന്നിയാലും ഈ പുരോഗതി ഒടുവിൽ, കുതിരയുടെ ഓട്ടംപോലെ, അടഞ്ഞ മാർഗ്ഗത്തിലാണു് നമ്മെ അകപ്പെടുത്തുവാൻ പോകുന്നതു്. പരിണാമം നമുക്കു

Digitized by Kerala Sahitya Akademi

നൽകിയ അത്യത്ഭുതകരമായ അനുഗ്രഹത്തെ അന്തസ്സാരശൂന്യവും താല്ക്കാലികവും മേൽഗതിയില്ലാത്തതുമായ കാര്യങ്ങൾക്കായി വിനിയോഗിച്ചു നശിപ്പിക്കുകയായിരിക്കും അതുകൊണ്ടുള്ള പ്രയോജനം. ഇങ്ങിനെ ഉടനെ കിട്ടുന്ന ക്ഷുദ്രങ്ങളായ പ്രയോജനങ്ങളിൽ ഭ്രമിച്ചു പരിണാമത്തിലൂടെ കൈവന്ന സിദ്ധികളെയും സാദ്ധ്യതകളെയും ജന്തുവർഗ്ഗങ്ങൾ ബലികഴിച്ചതിനു ജീവജാലത്തിൻെറ ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങളുണ്ട്. വാസ്തവത്തിൽ ഭൂരിപക്ഷം ജീവികളുടെയും കഥ ഇതാകുന്നു. പക്ഷെ അവയ്ക്കു നേരിട്ട ഭാഗ്യദോഷം പ്രകൃത്യാ സംഭവിച്ചതാണെന്നും, ബോധപൂർവ്വം ദീപാളികളിച്ചതിൻെറ ഫലമല്ലെന്നും പറയാവുന്നതാണ്. എന്നാൽ ഇന്ന് മനുഷ്യരാശിയിൽ ബഹുഭൂരിപക്ഷത്തെയും വ്യാമോഹിപ്പിച്ചുകൊണ്ടിരിക്കുന്നതും, ഐഹികപുരോഗതിയിൽമാത്രം ലക്ഷ്യീകൃതവുമായ പ്രപഞ്ചവീക്ഷണം കാലാന്തരത്തിൽ വരുത്തുവാൻപോകുന്ന മഹാവിപത്ത് ഇങ്ങനെയുള്ളതായിരിക്കുകയില്ല.

രണ്ടാമത്തെ ഉത്തരം ഒരു ന്യൂനപക്ഷത്തിൻേറതാണെന്നു പറഞ്ഞുവല്ലോ. ഈ ന്യൂനപക്ഷം ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. എല്ലാ രാജ്യത്തും എല്ലാക്കാലത്തും അവർ ഉണ്ടായിട്ടുണ്ട്. അവരുടെ ശബ്ദവും സന്ദേശവും, അവർതന്നെയും, പലപ്പോഴും വിഗണിക്കപ്പെട്ടുപോയിട്ടുണ്ടെന്നേയുള്ളു. നാളെയെന്നോ മററന്നാളെന്നോ ഉള്ള ഉപാധികളെ ആസ്പദമാക്കിയല്ല അവർ സംസാരിച്ചിട്ടുള്ളത്; പുരോഗതിയല്ല, ഉദ്ഗതിയാണ് അവർ ഉപദേശിക്കുന്നത്. വസ്തുവിനോടും വിഷയത്തോടും കാലത്തോടും ഉള്ള പരാധീനതയിൽനിന്ന് ജീവചൈതന്യത്തെ മോചിപ്പിക്കാമെന്നും, മോചിപ്പിക്കണമെന്നും ആണ് അവരുടെ ആശയം. പുരോഗതിയുടെ പേരിൽ മനുഷ്യനെ പരിഷ്കരിച്ചു പരിഷ്കരിച്ചു, അവൻെറ പരാധീനതകൾ വർദ്ധിപ്പിച്ചു, പരമമായ സ്വാതന്ത്ര്യം നേടുന്നതിനുണ്ടായ സുവർണ്ണാവസരം പാഴാക്കരുതെന്ന് അവർ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ട്. മനസ്സിനെ അന്തർമ്മുഖമാക്കി വിഷയങ്ങളിൽനിന്നു വിനിവർത്തിപ്പിച്ചു, കാലത്തിൻെറ കാരാഗൃഹത്തിൽനിന്നു നിത്യതയിലേക്കു മോചിപ്പിക്കണമെന്നും, അങ്ങനെ ചെയ്യുമ്പോൾ ജീവൻെറ വാസനാകലുഷിതമായ വ്യതിരേകഭാവം മാഞ്ഞുപോകുമെന്നും, മനുഷ്യൻ അഖണ്ഡവും ആദ്യന്തരഹിതവും സർവ്വാന്തര്യാമിയുമായ ഒരദ്ഭുതചൈതന്യമായി പരിണമിക്കുമെ

Digitized by Kerala Sahitya Akademi

നും അനുഭവത്തെ സാക്ഷിനിർത്തി അവർ ഉറപ്പിച്ചുപറയുന്നു. ഈ സന്ദേശവും ഉപദേശങ്ങളും വിശ്വവീക്ഷണവുമാണ് മതങ്ങളുടെ സാരസർവ്വസ്വം. നൂറുലക്ഷം നൂറ്റാണ്ടുകളായി ജീവചൈതന്യം ഭൂമുഖത്തു പതുക്കെപ്പതുക്കെ, അല്പാല്പമായി ആർജ്ജിച്ച സ്വാതന്ത്ര്യത്തിൻെറ അടുത്ത പടിയാണ് അവ ചൂണ്ടിക്കാണിക്കുന്നത്. ആധുനികലോകം അറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന മതങ്ങൾ മാത്രമല്ല ഈ ആശയം ആവിഷ്കരിച്ചിട്ടുള്ളതെന്നും, അപരിഷ്കൃതരായി കരുതപ്പെടുന്ന മനുഷ്യവർഗ്ഗങ്ങളുടെ ഇടയിലും ഈ പ്രവണതയ്ക്കു വിധേയരായി ജീവിക്കുന്ന വ്യക്തികൾ ഉണ്ടാകാറുണ്ടെന്നും നരവംശശാസ്ത്രജ്ഞന്മാരുടെ ഗവേഷണങ്ങൾ തെളിയിക്കുന്നു. അതുകൊണ്ട് ഈ തത്വം ആരും പുതിയതായി കണ്ടുപിടിച്ചതാണെന്നു പറയാനില്ല. അത് അപൗരുഷേയമായ ജ്ഞാനമാണ്. ശ്രീകൃഷ്ണനും ഗൗതമബുദ്ധനും യേശുക്രിസ്തുവും ശങ്കരാചാര്യരും ഈ പരിണാമദർശനത്തിൻെറ പ്രവാചകന്മാരായ ചരിത്രപുരുഷന്മാരായിരുന്നു. അപൗരുഷേയമായ ഈ നൂതനപക്ഷസന്ദേശത്തിൻെറ സ്വാധീനശക്തി ആധുനികകാലത്ത് അത്യധികം ക്ഷയിച്ചുപോയിട്ടുണ്ട്. ഇതോടൊപ്പംതന്നെയാണ് പുരോഗതിയിലുള്ള ആവേശം പടർന്നുപിടിച്ചതെന്നും കാണാവുന്നതാണ്. ഭൗതികമായ ഐശ്വര്യം കൈവരുത്തുന്നതിൽ സകലശ്രദ്ധയും കേന്ദ്രീകരിച്ചിട്ടുള്ള പാശ്ചാത്യരാജ്യങ്ങളിലാണ് ഇത് വളരെ പ്രകടമായിരിക്കുന്നത്. അതുകൊണ്ടുള്ള ദുഃഖവും ദോഷവും അവർ മററാരെക്കാളും കൂടുതലായി അനുഭവിക്കുകയും ചെയ്യുന്നു. പുരോഗതിയുടെ വീക്ഷണകോടിയിൽനിന്നു നോക്കുമ്പോൾ ഭാരതീയരായ നാം ഒരു പിൻകിട രാജ്യക്കാരാണെങ്കിലും, പരിണാമത്തിൻെറ പരമമായ പ്രവണതയെ നാം ഇന്നും മാനിക്കുന്നുണ്ട്. അതിൻെറ സ്വാധീനശക്തിക്കു നാം ഇന്നും വശഗരാണ്. നെടുനാളത്തെ രാഷ്ട്രീയപാരതന്ത്ര്യംകൊണ്ടുപോലും നാം അതിൽ വിമുഖരായില്ല. ശ്രീരാമകൃഷ്ണപരമഹംസനും ശ്രീനാരായണഗുരുവും ഈ സന്ദേശത്തിൻെറ വാഹകന്മാരായി ഇന്നലെയാണ് നമ്മുടെയിടയിൽ ജീവിച്ചത്. മനുഷ്യവർഗ്ഗത്തിൻെറ മേൽഗതിക്കുള്ള മാർഗ്ഗദീപങ്ങളായ ഈ മഹാപുരുഷന്മാരുടെ മാതൃകയും ഉപദേശങ്ങളും നമ്മെ മുക്തിയിലേക്കു നയിക്കുമാറാകട്ടെ.

Digitized by Kerala Sahitya Akademi

# 18

# ശാസ്ത്രവും ഇന്ത്യയുടെ അഭ്യുദയവും

ആഗസ്റ്റ് 15, 1947

ഇന്ത്യാമഹാരാജ്യം സ്വാതന്ത്ര്യത്തിന്റെ ഉദയരശ്മികളേററ് ഉണരുവാൻ തുടങ്ങുന്ന ഈ സന്ദർഭത്തിൽ ഒരു ജനത എന്ന നിലയ്ക്കു് നാം ശാസ്ത്രത്തിനു നൽകിയിട്ടുള്ള സംഭാവനയെക്കുറിച്ചു് ആലോചിക്കുന്നതു് രസകരമായിരിക്കും. അയ്യായിരം വർഷങ്ങൾക്കുമുമ്പു് സിന്ധുനദീസാനുക്കളിൽ ആരംഭിച്ച നമ്മുടെ പുരാതനസംസ്കാരം അതിന്റെ പുകഴും നിഴലും കലർന്ന ദീർഘചരിത്രത്തിൽ മററുപല വിജ്ഞാനശാഖകളിലുമെന്നപോലെ ശാസ്ത്രത്തിലും അത്ഭുതകരമായ പലതും നേടിയിട്ടുണ്ടു്. അടിമത്തംകൊണ്ടു് അത്യധികം അവശമായ ആധുനികകാലത്തുപോലും ലോകത്തിന്റെ അകൈതവമായ ആരാധനയ്ക്കു പാത്രീഭവിച്ച രണ്ടുമൂന്നു ശാസ്ത്രജ്ഞന്മാരെയെങ്കിലും ജനിപ്പിക്കുവാൻ ഭാരതത്തിനു സാധിക്കാതിരുന്നില്ല. പക്ഷെ ഈ നേട്ടങ്ങളേയും മേന്മകളേയുംകുറിച്ചല്ല ഞാൻ ഈ ലേഖനത്തിൽ പറയുവാൻ പോകുന്നതു്. എന്റെ അഭിപ്രായത്തിൽ ഈ സന്ദർഭം ഇമ്മാതിരി തിരിഞ്ഞുനോട്ടങ്ങൾക്കുള്ളതല്ല. മറെറാരു ചിന്തയുമില്ലാതെ ഭാവിയെമാത്രം ലക്ഷ്യമാക്കി നമ്മുടെ പ്രവർത്തനപരിപാടികൾ രൂപവല്ക്കരിക്കേണ്ട അവസരമാണിതു്. പാരതന്ത്ര്യത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കുള്ള സംക്രമം എപ്പോഴും വിഷമമേറിയതാണു്. മാനസികമായ ഒരു മഹാപരിവർത്തനം അതിൽ അനുഭവിക്കുന്നുണ്ടു്. നെടുനാളത്തെ അടിമത്തം നമ്മെ കർമ്മവിമുഖരും ശുഭപ്രതീക്ഷയില്ലാത്തവരുമാക്കിത്തീർത്തിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഈ പരാജയമനോഭാവത്തിന്റെ ഇരുമ്പഴിക്കൂട്ടിൽനിന്നു രാഷ്ട്രത്തിന്റെ പ്രജ്ഞാവൈഭവത്തെ മോചിപ്പിച്ചു് അതിനെ പ്രവൃത്ത്യുന്മുഖമാക്കുവാൻ നാം ഉററുശ്രമിക്കേണ്ടിയിരിക്കുന്നു. ഇന്നുവരെ നമ്മുടെ അധഃപതനത്തിനും ഐശ്വര്യമില്ലായ്മയ്ക്കും കാരണക്കാർ മററാരോ ആണെന്നു പറഞ്ഞു് നമുക്കു് സമാധാനിക്കാൻ കഴിഞ്ഞിരുന്നു. പക്ഷെ ഇനിമേൽ അതു സാധ്യമല്ല. നമുക്കിങ്ങനെ മററുവല്ലവരേയും പഴിപറയുവാൻ നിവൃത്തിയില്ലാതാവുകയാണു്. ഇനിയും നാം ദാരിദ്ര്യത്തിലും അനാരോഗ്യത്തിലുംതന്നെ കഴിയുകയാണെങ്കിൽ

Digitized by Kerala Sahitya Akademi

അതിൻെറ ഉത്തരവാദിത്വം നമുക്കുതന്നെ ആയിരിക്കും. സാധാരണ മനുഷ്യൻെറ സംതൃപ്തിയെയും ജീവിതസുഖത്തെയും ആസ്പദമാക്കിനോക്കുമ്പോൾ ലോകരാഷ്ട്രങ്ങളുടെ കൂട്ടത്തിൽ നമ്മുടെ നില ഏറാവും പിന്നിലെ പന്തിയിലാണെന്നുള്ള ശോകമയമായ പരമാർത്ഥം നാം വിസ്മരിക്കരുത്. വെള്ളക്കാരൻ വെച്ചൊഴിഞ്ഞു പോകുന്നതുകൊണ്ടുമാത്രം ഈ നിലയ്ക്കു് ഒരു വ്യത്യാസവും വരികയില്ലെന്നും നാം മനസ്സിലാക്കണം. നാം എത്രയോ നാളായി സ്വപ്നംകാണുന്ന ഭൗതികസ്വർഗ്ഗം നാളത്തെ പ്രഭാതത്തിൽ ഏതോ അദൃശ്യഹസ്തങ്ങളുടെ അത്ഭുതശക്തിയാൽ നമ്മുടെ അടുക്കലേയ്ക്കു ആനീതമാവുകയില്ല. ആ സ്വർഗ്ഗലോകത്തെ അടിത്തറതൊട്ടു് നാംതന്നെ പണിഞ്ഞെടുക്കേണ്ടിയിരിക്കുന്നു. അടുത്തകാലത്തു് അമേരിക്ക സന്ദർശിച്ചു മടങ്ങിയ ഒരു സംഘം ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ തങ്ങൾ ഐക്യനാടുകളിൽ എത്രയോ ആഴ്ച താമസിച്ചിട്ടും എത്രയോ ആയിരം നാഴിക സഞ്ചരിച്ചിട്ടും കീറിപ്പറിഞ്ഞതോ വൃത്തികെട്ടതോ ആയ വസ്ത്രങ്ങൾ ധരിച്ച ഒരൊററ മനുഷ്യനേപ്പോലും അവിടെ കാണുകയുണ്ടായില്ലെന്നു പറഞ്ഞതു് പലരും ഓർക്കുന്നുണ്ടായിരിക്കും. എന്നുതന്നെയുമല്ല ഇന്ത്യയിലെ രീതികൾ നോക്കുമ്പോൾ ഭാഗ്യപരിലാളിതരെന്നുതന്നെ പറയാവുന്ന ഈ ശാസ്ത്രജ്ഞന്മാർക്കു തങ്ങൾ അമേരിക്കയിലെ ഒരു സാധാരണ പൌരനെക്കാൾ ഇക്കാര്യത്തിൽ മോശക്കാരാണെന്നും തോന്നിയത്രേ! ഈ സംഗതി ഒരു ആധുനികരാഷ്ട്രത്തിൻെറ ഐശ്വര്യത്തിനു നിദർശനമാകുന്നു. ഭാരതത്തിലെ സ്ഥിതി ഇതിനോടൊന്നു താരതമ്യപ്പെടുത്തി നോക്കുക. നമുക്കു സഞ്ചരിക്കുവാനുള്ള ദൂരം എത്രയെന്നു് അതു കാണിക്കുന്നു. ഓരോ ഇന്ത്യാക്കാരനേയും ഈ നിലയിലെത്തിക്കേണ്ടു കടമയാണു് സ്വതന്ത്രരായ നമുക്കുള്ളതു്. അതാണു് നാം ധീരമായി ഏറെറടുക്കേണ്ടതു്. ചന്ദ്രഗുപ്തമൗര്യൻെറയും അശോകൻെറയും, യശസ്സും ശ്രേയസ്സും നിറഞ്ഞ ഗുപ്തസാമ്രാജ്യത്തിൻെറയും കാലങ്ങൾ നമ്മുടെ ചരിത്രത്തിലെ ഏററവും പ്രകാശമയമായ ഭാഗങ്ങളാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതാണു്. പക്ഷെ അന്നുപോലും മേൽപറഞ്ഞതുപോലെയുള്ള സാർവത്രികവും സർവ്വതോമുഖവുമായ ഐശ്വര്യം ഭാരതഖണ്ഡത്തിൽ നടമാടിയിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സമുദായത്തിലെ ഏററവും എളിയ അംഗംപോലും അന്നു പഞ്ഞവും പട്ടിണിയുമില്ലാതെ പരമസുഖമായി കഴിഞ്ഞുകൂടിയിരുന്നു എന്നു

Digitized by Kerala Sahitya Akademi

വിശ്വസിയ്ക്കുവാൻ വഴി കാണുന്നില്ല. അതുകൊണ്ട് ഒരു ജനത എന്ന നിലയ്ക്ക് നമുക്കു ഒരു പക്ഷെ മുമ്പൊരിയ്ക്കലും പ്രാപിയ്ക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു പടിയിലേയ്ക്കാണ് ഉയരുവാനുള്ളത്. ജനപ്പെരുപ്പവും രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരവും മൂലം ഈ ഉൽക്കർഷം ഇന്നു പണ്ടത്തേക്കാളൊക്കെ പ്രയാസമേറിയ ഒരു പ്രശ്നമാണ്. ലോകത്തിൽ ആകെയുള്ള ജനസംഖ്യയുടെ അഞ്ചിലൊരംശത്തെയാണ് നമുക്കു അഭികാമ്യമായ ഈ നിലയിലേയ്ക്കു ഉയർത്തുവാനുള്ളത്. ഈ പ്രയാസങ്ങളൊക്കെയുണ്ടെങ്കിലും നമുക്കു കിട്ടിയ സ്വാതന്ത്ര്യത്തെ നാം വേണ്ടത്ര ദീർഘദൃഷ്ടിയോടെ കൈകാര്യം ചെയ്യുകയാണെങ്കിൽ ഈ അഭിവൃദ്ധി സാദ്ധ്യമാണെന്നുള്ളതിൽ തർക്കമില്ല. അതു കൈവരുത്തുന്നതിന് അത്ഭുതപൂർവ്വവും അത്യന്തം സമർത്ഥവുമായ ഉപായം മനുഷ്യന്റെ ബുദ്ധിയിൽനിന്ന് ഉണ്ടായിട്ടുണ്ട്. ഈ ഉപായമാണ് ആധുനികശാസ്ത്രം. അമേരിക്കയുടെ ഐശ്വര്യത്തിന്റെ ജീവനാഡി അതാകുന്നു. അതിനെ ആശ്രയിച്ചുകൊണ്ടാണ് റഷ്യ ലോകരാഷ്ട്രങ്ങളുടെ മുന്നണിയിലേയ്ക്കു നീണ്ട ചുവടുകൾ വെയ്ക്കുന്നത്. ഇങ്ങേയററത്തു നില്ക്കുന്ന നമുക്കും ഉൽക്കർഷം പ്രാപിയ്ക്കുവാനുള്ള ഒരൊററമാർഗ്ഗം അതാകുന്നു.

ഭാരതീയരായ നമുക്കു ഭൗതികങ്ങൾ അപേക്ഷണീയങ്ങളല്ലെന്നും, ഐശ്വര്യത്തേയും അഭിവൃദ്ധിയേയും കുറിച്ചുള്ള ഈ ചിന്തകളൊക്കെ അസ്ഥാനത്താണെന്നും ഉള്ള വാദം ചിലപ്പോഴൊക്കെ കേൾക്കാറുണ്ട്. ഇതും, വാസ്തവത്തിൽ മുൻപറഞ്ഞ പരാജയമനോഭാവത്തിൽനിന്ന് ഉണ്ടാകുന്നതാണ്. ഈ വാദം ശരിയാണെങ്കിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ സമരവും, സ്വാതന്ത്ര്യത്തെ കേന്ദ്രമാക്കിയുള്ള നമ്മുടെ പ്രതീക്ഷകളും എന്നുവേണ്ട നമ്മുടെ അൻപതു നൂററാണ്ടുകാലത്തെ ചരിത്രംപോലും അർത്ഥശൂന്യമായിത്തീരുമെന്നുള്ളതു തീർച്ചയാണ്. അനുഭവഗോചരമായ പ്രപഞ്ചം മിത്ഥ്യയായതുകൊണ്ടു ഭൗതികമായ ദുഃഖങ്ങളും ദോഷങ്ങളും ദൂരീകരിയ്ക്കേണ്ടവയല്ലെന്നു വാദിയ്ക്കുന്നത് ശരിയല്ല. യഥാധർമ്മം നിർവ്വഹിയ്ക്കപ്പെടുന്ന പ്രാപഞ്ചികത്വവും മോക്ഷദായകമാണ്. ''സാമ്രാജ്യച്ചെങ്കോലുകൊണ്ടേ തുഴഞ്ഞുപോയ് സംസാരം പിന്നിട്ട'' സാർവ്വഭൗമന്മാരും ഭാരതത്തിൽ ഉണ്ടായിട്ടുണ്ട്.

സന്ന്യാസഃ കർമ്മയോഗശ്ച
നിഃശ്രേയസകരാവുഭൗ;

Digitized by Kerala Sahitya Akademi

തയോസ്തു കർമ്മസന്ന്യാസാൽ
കർമ്മയോഗോ വിശിഷ്യതേ.

(കർമ്മപരിത്യാഗവും കർമ്മയോഗവും രണ്ടും മോക്ഷദായകങ്ങളാണ്. ഇവയിൽത്തന്നെ കർമ്മസന്ന്യാസത്തേക്കാൾ കർമ്മയോഗം വിശിഷ്ടമാകുന്നു—ഗീത) ജനക്ഷേമകരങ്ങളായ ഉദ്യമങ്ങളിൽ ഏർപ്പെടുന്നതിനെ ആരും ഒരിക്കലും വിലക്കിയിട്ടില്ല. നിസ്സംഗമായ ജീവിതം നയിക്കണമെന്നും നിഷ്കാമകർമ്മങ്ങൾ ചെയ്യണമെന്നും ആണ് നമ്മുടെ ഏററവും വലിയ നീതിപീഠങ്ങൾ അനുശാസിക്കുന്നത്. ഇതിൻെറ അർത്ഥം യാതൊരു പ്രയത്നവും ചെയ്യാതെ, കഷ്ടതയിൽ നരകിച്ചു കഴിഞ്ഞുകൂടണമെന്നാണെന്ന് വ്യാഖ്യാനിക്കുന്നതു പരാജയമനോഭാവത്തിൻെറ ഫലമല്ലാതെ മറെറന്താണ്?

ശാസ്ത്രത്തിൻെറ സഹായംമൂലമുണ്ടാകുന്ന പുരോഗതി നാശത്തിലേ കലാശിക്കൂ എന്ന വാദവും അടുത്തകാലത്തു നമ്മുടെ നാട്ടിൽ പ്രാമാണ്യം നേടിയിട്ടുണ്ട്. ശാസ്ത്രത്തിൻെറ നേട്ടങ്ങളുപയോഗിച്ച് അഭിവൃദ്ധിനേടിയ ചില ആധുനികരാഷ്ട്രങ്ങളുടെ ഭാഗ്യദോഷങ്ങളെക്കുറിച്ചുള്ള ചിന്തയാണ് ഇതിനു കാരണമെന്നു തോന്നുന്നു. ജർമ്മനിയും ജപ്പാനും എത്രവേഗം അഭിവൃദ്ധി പ്രാപിച്ചു! പക്ഷെ അവയുടെ പിന്നത്തെ അനുഭവം എന്തായിരുന്നു? ഇംഗ്ലണ്ടിൻെറയും അമേരിക്കയുടേയും റഷ്യയുടേയും കാര്യംകൂടി ഈ സന്ദർഭത്തിൽ നാം ഓർക്കേണ്ടതാണ്. ശാസ്ത്രീയപുരോഗതിയിൽ അധിഷ്ഠിതമായ ഈ രാഷ്ട്രങ്ങൾക്ക് പ്രസ്തുത അനുഭവം വരാഞ്ഞതിൻെറ കാരണംകൂടി നാം ആലോചിക്കണം. ഒടുവിൽ ജയിച്ചെങ്കിലും, അവയ്ക്കും അതിഭയങ്കരമായ ഒരു യുദ്ധത്തിൽ ഏർപ്പെടേണ്ടിവന്നു എന്ന ആക്ഷേപം ഒരു പക്ഷെ ഉണ്ടായേയ്ക്കാം. അതുകൊണ്ട് നമുക്കു മററു രണ്ടു ഉദാഹരണങ്ങളെടുക്കാം. സ്വീഡൻെറയും സ്വിററ്സർലാണ്ടിൻെറയും കാര്യം ആലോചിക്കുക. ശാസ്ത്രത്തിൻെറ സഹായംമൂലം ഉൽക്കർഷം പ്രാപിച്ച രാഷ്ട്രങ്ങളുടെ മുന്നണിയിലാണ് അവ നില്ക്കുന്നത്. അമേരിക്കയെപ്പോലും അവ പല കാര്യങ്ങളിലും അതിശയിക്കുന്നുണ്ട്. അന്യരാജ്യക്കാരെ അടിച്ചമർത്തുകയോ ഭീഷണിപ്പെടുത്തുകയോ ഒന്നും ചെയ്യാതെ അവ അസൂയാവഹമായ ഐശ്വര്യത്തിൽ പുലരുന്നു. ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൽപോലും അവ സ്വതന്ത്രമായി, ആപത്തിലൊന്നും അകപ്പെടാതെ നിലനിന്നതോർക്കുമ്പോൾ

Digitized by Kerala Sahitya Akademi

ആക്കാണു വിസ്മയം തോന്നാത്തത്? സമ്പൽസമൃദ്ധമായ രാഷ്ട്രങ്ങൾക്ക് വന്നുകൂടുന്ന വിപത്തിനു ശാസ്ത്രം ഉത്തരവാദിയല്ല. തീയുടെ ഉപയോഗം കണ്ടുപിടിച്ചതുകൊണ്ടും കൃഷി തുടങ്ങിയതുകൊണ്ടും മനുഷ്യവർഗ്ഗത്തിനു ആപത്തു നേരിട്ടു എന്നു പറഞ്ഞാൽ ആരും സമ്മതിച്ചുതരുമെന്നു തോന്നുന്നില്ല. ഇതു രണ്ടും ശാസ്ത്രീയമായ നേട്ടങ്ങൾതന്നെയാണ്. അവയോടു കിടനില്ക്കുന്ന ഒരൊററ കണ്ടുപിടുത്തവും ആധുനികകാലത്ത് ഉണ്ടായിട്ടില്ല. ഗവേഷണശാലകളിൽനിന്നല്ല ഉല്ക്കൃഷ്ടത്തിനുള്ള ഈ ഉപായങ്ങൾ മനുഷ്യനു ലഭിച്ചതെന്നൊരു വ്യത്യാസമേയുള്ളു. പക്ഷെ അന്നും ഇന്നും ശാസ്ത്രത്തിൻെറ രീതിയും ലക്ഷ്യവും ഒന്നുതന്നെയാണ്.

സമ്പത്തിൻെറയും അഭിവൃദ്ധിയുടെയും അടിസ്ഥാനം പ്രയത്നമാകുന്നു. യുക്തിപൂർവ്വം അപഗ്രഥിച്ചുനോക്കിയാൽ ഒരു രാഷ്ട്രത്തിൻെറ അഭിവൃദ്ധി അതിൻെറ ആഭിമുഖ്യത്തിൽ ചെയ്യപ്പെടുന്ന ജോലിയെ ആശ്രയിച്ചിരിക്കുന്നു എന്നു കാണാം. യത്നത്തിൻെറ അളവ് ഐശ്വര്യത്തിൻെറയും അളവാകുന്നു. ഇതിനെക്കുറിച്ചുള്ള ചില നിർവ്വചനങ്ങളും കണക്കുകളുമുണ്ട്. ആണ്ടിൽ മുന്നൂറു ദിവസം പ്രവൃത്തിയെടുക്കുന്ന ബലിഷ്ഠകായനായ ഒരു മനുഷ്യൻെറ യത്നം ഈ കണക്കുപ്രകാരം 180 ആകുന്നു. പക്ഷെ സമുദായത്തിൽ വൃദ്ധന്മാരും കുട്ടികളും സ്ത്രീകളും രോഗികളും എല്ലാമുണ്ട്. അതുകൊണ്ടു ശരാശരി മൂന്നുപേരിൽ ഒരാൾമാത്രമേ ഇമ്മാതിരിയുള്ള പ്രയത്നത്തിനു കാണപ്പെടുന്നുള്ളു. അതായതു സമുദായത്തിന് ആകെക്കൂടി ഉപകാരപ്പെടുന്ന പ്രയത്നം മൂന്നിൽ ഒന്നുവീതമുള്ള ഇക്കൂട്ടരുടെ പ്രയത്നം മാത്രമാണ്. ഒരാളുടെ പ്രയത്നം മൂന്നുപേക്ക് ഉപകരിക്കുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ സമുദായത്തിൽ ആളൊന്നിനു കിട്ടുന്ന പ്രയത്നം 60 മാത്രമാണ്. ജനസമുദായങ്ങൾക്കു മനുഷ്യരിൽനിന്നു മാത്രമല്ല മൃഗങ്ങളിൽനിന്നും യത്നം ലഭിക്കുന്നുണ്ട്. ജന്തുക്കളെ ഇണക്കിയെടുക്കുന്നതിൽ പ്രാചീനമനുഷ്യൻ നേടിയ വിജയത്തിൻെറ ഫലമാണിത്. മുൻപറഞ്ഞ തോതുവെച്ചുതന്നെ നോക്കുമ്പോൾ ഇത് ആളൊന്നിനു 20 എന്ന അളവിൽ കൂടുകയില്ല. ഇങ്ങനെ ആകപ്പാടെ ആളൊന്നിന് 80 എന്നാണ് യത്നത്തിൻെറ കണക്ക്. പഴയ കാലത്തു രാഷ്ട്രങ്ങൾക്കു തമ്മിൽ ഇക്കാര്യത്തിൽ വലിയ വ്യത്യാസമൊന്നുമില്ലായിരുന്നു. പക്ഷേ ആധുനികശാസ്ത്രത്തിൻെറ ആവിർഭാവത്തിനുശേഷം യത്നത്തിൻെറ അളവു വർദ്ധിപ്പിക്കാനുള്ള നൂതനമാർഗ്ഗങ്ങൾ തുറന്നു

Digitized by Kerala Sahitya Akademi

കിട്ടിയിട്ടുണ്ട്. മനുഷ്യന്റെയും മൃഗത്തിന്റെയും ശരീരത്തിൽ നിന്നു കിട്ടുന്ന യത്നം കൂടാതെ പ്രകൃതിശക്തികളെ സ്വാധീനമാക്കി യത്നത്തിന്റെ അളവും തദ്വാരാ സമുദായത്തിന്റെ സമ്പത്തും വർദ്ധിപ്പിയ്ക്കുവാൻ മിയ്ക്ക രാഷ്ട്രങ്ങളും ഉത്സാഹിയ്ക്കുന്നു. ഇക്കാരണത്താൽ ഇന്നു സാമാന്യം നല്ല നിലയിലിരിയ്ക്കുന്ന ഒരു രാഷ്ട്രത്തിൽ ആളൊന്നിനുള്ള യത്നത്തിന്റെ അളവ് 2,000 ആയിട്ടുണ്ട്. അമേരിയ്ക്കൻ ഐക്യനാടുകളിലും കാനഡയിലും ഇത് 3,000 ആണ്. ഇപ്രകാരമാണ് യത്നത്തിന്റെ അളവ് അഭിവൃദ്ധിയുടെ അളവാകുന്നത്.

ഈ കണക്കുവെച്ച് ഇന്ത്യയുടെ സ്ഥിതി എന്തെന്നു നോക്കാം. മനുഷ്യയത്നം 60, മൃഗയത്നം 15, യന്ത്രങ്ങളിൽനിന്നുള്ളത് 15. ആകെ 90. ഇതാണ് നമ്മുടെ സമ്പത്തിന്റെ അളവ്! തീവണ്ടിയും, ആവിയന്ത്രങ്ങളും, വിദ്യുച്ഛക്തിയും, മോട്ടോറും എല്ലാം ഇതിലുൾപ്പെടുന്നു എന്നു ധരിയ്ക്കണം. ഇതെല്ലാംകൂടി ഒരിന്ത്യാക്കാരനെ പ്രാചീനമനുഷ്യന്റെ നിലയിൽനിന്നു 10–15 സ്ഥാനം മാത്രമേ ഉയർത്തിയിട്ടുള്ളു. നേരെമറിച്ച് ഒരു ചെറിയ രാജ്യമായ സ്വീഡനിൽ ഈ ഉയർച്ച ഇന്നു 1620 ആണ്. അവിടെ ആളൊന്നിനുള്ള യത്നത്തിന്റെ അളവ് 1,700 ആകുന്നു. ഇതു പ്രാചീനമനുഷ്യനു കിട്ടിയിരുന്ന യത്നത്തിന്റെ ഇരുപതിരട്ടിയാണ്. ഇതത്രയും ആധുനികശാസ്ത്രത്തെ കൂട്ടുപിടിച്ചാണ് ഉണ്ടാക്കപ്പെടുന്നത്. ഒരിന്ത്യാക്കാരന്റെ ശരാശരി ആദായം ആണ്ടൊന്നിനു 65ക.യും ഒരു സ്വീഡൻകാരന്റേത് 1,800 ക്രോണറും (ഏകദേശം 1,300 ക.) ആയിരിയ്ക്കുന്നതിന്റെ രഹസ്യം ഇതാകുന്നു. സ്വീഡനിൽ ആളൊന്നിനു നമ്മേക്കാൾ ഇരുപതിരട്ടി യത്നം ലഭിയ്ക്കുന്നു; തൽഫലമായി അവിടുത്തെ ആദായം നമ്മുടേതിന്റെ ഇരുപതിരട്ടിയുമാകുന്നു.

ഭാരതീയരുടെ സാമ്പത്തികസ്ഥിതി ഉയർത്തുന്നതിനു ശാസ്ത്രത്തിന്റെ സഹായം എത്രമേൽ ആവശ്യമാണെന്നാണ് ഈ കണക്കുകൾ തെളിയിയ്ക്കുന്നത്. ഇന്ത്യയിൽ കാര്യമായ സാമ്പത്തികാഭിവൃദ്ധി ഉണ്ടാകണമെങ്കിൽ പ്രകൃതിശക്തികളുടെ ഉല്പാദനം ഇന്നത്തേതിന്റെ പത്തിരട്ടിയെങ്കിലും ആകണമെന്നു നാഷനൽ പ്ലാനിങ്ങ് കമ്മിററിയുടെ ഗവേഷണങ്ങളിൽനിന്നു വ്യക്തമായിട്ടുണ്ട്. വിദ്യുച്ഛക്തിയുടെ കാര്യംതന്നെ നോക്കാം. ഇന്നു ആളൊന്നിനു 9 എന്ന കണക്കിലേ അതു ഉല്പാദിപ്പിയ്ക്കപ്പെടുന്നുള്ളു. ഇതു ഒരു 100

Digitized by Kerala Sahitya Akademi

എങ്കിലും ആകണം. എന്നാൽതന്നെയും നാം മററു രാഷ്ട്രങ്ങളെ അപേക്ഷിച്ച് വളരെ പുറകിലായിരിക്കും. അമേരിക്കയിൽ ഇതു 2000 ആണ്. ഒരു ദരിദ്രരാജ്യമെന്നു പറയപ്പെടുന്ന മെക്സിക്കോവിൽപോലും ഇതു 180 ആണ്. നമുക്കു ഇന്നുള്ള 9 എന്ന അളവു 100 ആക്കുന്നതിനു ആണ്ടൊന്നിനു 200 ലക്ഷം ടൺ കല്ക്കരി കത്തിച്ചാൽ മതിയാകും. പക്ഷെ കല്ക്കരി എടുക്കുന്തോറും തീർന്നുപോകുന്ന ഒരു നിക്ഷേപമാണ്. ഇന്ത്യയിലെ കല്ക്കരിനിക്ഷേപം വളരെ പരിമിതവുമാകുന്നു. അതുകൊണ്ടു വലിയതോതിലുള്ള ജലവൈദ്യുതപദ്ധതികൾ സ്ഥാപിച്ചാൽ മാത്രമെ രക്ഷയുള്ളു. അല്ലെങ്കിൽ അറോമികശക്തി സൃഷ്ടിപരമായ യത്നത്തിനു ലഭിക്കുവാൻ സാധിക്കണം. ഇതിനുവേണ്ടിയുള്ള അതിമഹത്തായ പരിശ്രമം പല രാജ്യങ്ങളിലും ചെയ്തുവരുന്നു.

ഇന്ത്യയിൽ ശാസ്ത്രീയമായ വ്യവസായങ്ങൾ ഏർപ്പെടുത്തുന്നതിൻെറ ആവശ്യകതയെക്കുറിച്ചു എത്ര പറഞ്ഞാലും അധികമാവുകയില്ല. വ്യവസായങ്ങളുടെ പുരോഗതിക്കു ശാസ്ത്രീയഗവേഷണവും അത്യന്താപേക്ഷിതമാണ്. ഗവേഷണത്തിനു വൻതോതിലുള്ള ധനവ്യയവും കൂടിയേതീരു. 1943_ൽ അമേരിക്കയിലെ മെല്ലൺ ഇൻസ്റ്റിററ്യൂട്ട് എന്ന ഗവേഷണകേന്ദ്രത്തിലെ ചിലവു 16,52,539 ഡോളറായിരുന്നു. അനേകശതം സ്ഥാപനങ്ങളിൽ ഒരെണ്ണത്തിൻെറ വെറും ഒരു കൊല്ലത്തെ ചിലവാണിതെന്നു ഓർമ്മിക്കണം. ആററംബോംബിൻെറ നിർമ്മാണത്തിനു 2000,000,000 (ഇരുന്നൂറു കോടി) ഡോളറാണ് ചിലവായത്. അമേരിക്കയോളം ധനസ്ഥിതിയില്ലാത്ത ഇംഗ്ലണ്ടിൽ നഫീൽഡ്പ്രഭു 1930മുതൽ 1937വരെ ഓക്സ്ഫോഡ് സർവ്വകലാശാലയിലെ വൈദ്യശാസ്ത്രവകുപ്പിനു നല്കിയ സംഭാവനകളുടെ തുക 27,68,000 പവനാണ്. ഇത്ര വളരെ പണം കിട്ടിയതുകൊണ്ടു ഈ സ്ഥാപനം എന്തുചെയ്തു എന്നു ചോദിച്ചേക്കാം. അതിനുള്ള ഉത്തരം ഒരൊററ വാക്കിൽ കഴിയും. പെനിസില്ലിൻ. ഓക്സ്ഫോഡിലെ നഫീൽഡ് ഗവേഷണശാലയിൽനിന്നാണ് മനുഷ്യരാശിക്കു എന്തെന്നില്ലാത്ത അനുഗ്രഹമായിത്തീർന്നിരിക്കുന്ന ഈ അത്ഭുതൌഷധം പുറത്തുവന്നതു. പ്രഥമദൃഷ്ടിയിൽ പരമനിസ്സാരമെന്നു തോന്നുന്ന കണ്ടുപിടിത്തങ്ങളാണ് പലപ്പോഴും ഒരു രാഷ്ട്രത്തിൻെറ ഭാഗധേയം നിർണ്ണയിക്കുന്നത്. പക്ഷെ കണ്ടുപിടിത്തങ്ങൾ ഉണ്ടായാൽ മാത്രം പോരാ; അവയെ സമുദായത്തിനു പ്രയോജനകരമാക്കിത്തീർക്കുകയും വേണം. രാഷ്ട്രങ്ങ

Digitized by Kerala Sahitya Akademi

ളുടെ ഐശ്വര്യത്തെ ആസ്പദമാക്കി നോക്കുമ്പോഠം ഇതാണ് ഏററവും പ്രധാനമായ സംഗതി. ശാസ്ത്രത്തിന്റെ ഈ പ്രായോഗികഭാഗമാണ് ജപ്പാൻ ഒഴികെയുള്ള പൌരസ്ത്യരാജ്യങ്ങളിൽ തീരെ പുഷ്ടിപ്പെടാതെ കിടക്കുന്നത്. ഗവേഷണശാലയിൽനിന്നു വ്യവസായശാലയിലേക്കുള്ള ദൂരം പലപ്പോഴും ദീർഘവും ദുർഘടവും ആണ്. 'പെനിസില്ലി'ന്റെ കാര്യംതന്നെ ഇതിനു ഉദാഹരണമാകുന്നു. ഇങ്ങനെ ഒരു പദാർത്ഥം ഉണ്ടെന്നു 1930_ൽ തന്നെ ശാസ്ത്രലോകം അറിഞ്ഞിരുന്നതാണ്. പക്ഷെ അതു വേർതിരിച്ചെടുക്കുന്നതിനും, അതിന്റെ ഗുണദോഷങ്ങഠം മനസ്സിലാക്കുന്നതിനും ധാരാളമായി നിർമ്മിക്കുന്നതിനും വേണ്ടിവന്ന അദ്ധ്വാനവും പണച്ചിലവും ഭീമമാകുന്നു. യുദ്ധത്തിനിടക്കു മാത്രമേ ഇതു വേണ്ട തോതിൽ കിട്ടുകയുണ്ടായുള്ളു. ആററംബോമ്പിന്റെ നിർമ്മാണവും ഇങ്ങിനെ യഥാർത്ഥത്തിലുള്ള ഗവേഷണത്തേക്കാഠം, പ്രയോഗികശാസ്ത്രത്തിന്റെ ഒരു മഹാവിജയമായിരുന്നു.

അടുത്ത കുറെ കൊല്ലങ്ങളിലേക്ക് ഭാരതീയരുടെ മുഴുവൻ ശ്രദ്ധതന്നെയും ശാസ്ത്രത്തിന്റെ ഈ പ്രായോഗികഭാഗങ്ങളിലേക്കു തിരിയേണ്ടതു അത്യാവശ്യമാണ്. തിരക്കും തിടുക്കവുമില്ലാതെ സ്വച്ഛന്ദമായ ഗവേഷണത്തിലേർപ്പെട്ടു ദീർഘകാലംകൊണ്ടു അടിസ്ഥാനഭൂതങ്ങളായ തത്വങ്ങഠം കണ്ടെത്തുന്നതിനുള്ള ആഗ്രഹം ഭാരതീയശാസ്ത്രജ്ഞന്മാർ തല്ക്കാലം കൈവെടിയേണ്ടിയിരിക്കുന്നു. ജനസാമാന്യത്തിന്റെ ശോച്യാവസ്ഥ അതല്ല ആവശ്യപ്പെടുന്നത്. അവരുടെ സാമ്പത്തികസ്ഥിതി എത്രയും ചുരുങ്ങിയ സമയംകൊണ്ട് അഭിവൃദ്ധിപ്പെടുത്തുവാനുതകുന്ന പ്രായോഗികവിദ്യകളാണ് നമുക്കു വേണ്ടത്. കുറച്ചുകാലത്തേക്കു നമുക്ക് നോബെൽസമ്മാനങ്ങളോ അഖിലലോകപ്രശസ്തിയോ കിട്ടിയില്ലെങ്കിൽ സാരമില്ല. യശോധനം നമുക്കു വേണ്ടുവോളമുണ്ട്. നമ്മുടെ പിതാമഹന്മാരുടെ ഈ വഴിക്കുള്ള സമ്പാദ്യം ഒരുകാലത്തും ക്ഷയിക്കുന്നതല്ല. മനുഷ്യന്റെ മനസ്സിൽ ഉദിച്ചിട്ടുള്ളതിൽവെച്ചു ഏററവും മഹനീയവും മനോഹരവും ആയ ചില ചിന്തകഠംക്കും ആശയങ്ങഠംക്കും നാം അവകാശികളാണ്. ബാഹ്യലോകം ഇന്നും അവയുടെ നേക്കു തൊഴുകൈയ്യോടെ തിരിയുന്നുണ്ട്. അതുകണ്ട് നാം പുളകംകൊള്ളുന്നുമുണ്ട്. പക്ഷെ—ഹാ! എത്ര ദുസ്സഹമായ പരമാർത്ഥം!—ഈ ലോകത്തിലെ വിഭവങ്ങഠം നമുക്കു തീരെയില്ല. കെടുതിയുടെ നടുവിൽ കിടക്കുമ്പോഴാണ് സ്വാത

Digitized by Kerala Sahitya Akademi

ന്ത്യത്തിന്റെ താമരസാരുണമായ കരാംഗുലികൾ നമ്മെ തലോടു വാനെത്തുന്നത്. പോയ്പ്പോയ നൂററാണ്ടുകളിൽ, ഒന്നിനുപുറകെ ഒന്നായി കടന്നുവന്നു നമ്മെ കൊള്ളചെയ്ത് ഈ നാല്പതുകോടി കൂടപ്പിറപ്പുകളെ ഇന്നത്തെ നിലയിലാക്കിയ മനുഷ്യരോടു നമുക്കു തോന്നുന്ന അമർഷം സാധുവാണ്. എങ്കിലും ചരിത്രത്തിന്റെ വിചിത്രമായ വിധിയെഴുത്തിൽ അവരെല്ലാം ശിക്ഷാർഹരാകുമെന്നു ശങ്കിക്കേണ്ട. കുററം നമ്മുടെ തലയിലേ വീഴുകയുള്ളൂ. നമ്മുടെ ഭാഗ്യത്തിനും ഭാഗ്യദോഷത്തിനും നാംതന്നെയാണ് ഉത്തരവാദികളാകുന്നത്. അമർഷവും ആവലാതിയും നമ്മെ അണുപോലും സഹായിക്കുകയില്ല. അതുകൊണ്ട് കഴിഞ്ഞ ഒരായിരം വർഷത്തെ ദുരിതാനുഭവങ്ങൾ ഓർക്കാതിരിക്കുകയാണ് നമുക്കു നല്ലത്. ഭാവിയിൽ ദത്തദൃഷ്ടികളായി നമുക്ക് എത്രയും വേഗം ശാസ്ത്രലോകത്തിലെ ഏററവും മികച്ച കർമ്മയോഗികളായിത്തീരണം. നമ്മുടെ അതിപുരാതനവും അത്യനർഘവുമായ അദ്ധ്യാത്മസംസ്കാരത്തെ ആധുനികശാസ്ത്രത്തിലൂടെ കൈവരുന്ന ഐശ്വര്യത്തോടു ഇണക്കിച്ചേർക്കുവാനാണ് നാം യത്നിക്കേണ്ടത്. മനുഷ്യജീവിതം അതിന്റെ ഏററവും കാമ്യമായ മേന്മയെ പ്രാപിക്കുന്നത് അപ്പോഴായിരിക്കും. അങ്ങിനെ യശസ്സിന്റെയും ശ്രേയസ്സിന്റെയും പരമകാഷ്ഠയിൽ തിളങ്ങുന്ന ഒരു രാഷ്ട്രമായി ഭാരതത്തെ ഉയർത്തുവാനുള്ള അവസരമാണ് നമുക്കു ലഭിച്ചിരിക്കുന്നത്. മുൾക്കിരീടമണിഞ്ഞ് ലോകത്തിന്റെ അനുകമ്പയെ അർത്ഥിച്ചു നില്ക്കുന്ന അവസന്നമായ ഒരു ചിത്രമാണ് എത്രയോ തലമുറകളായി ഇന്ത്യ ലോകത്തിന്റെ മനസ്സിൽ ഉദിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതു മാററിയില്ലെങ്കിൽ നമുക്കു കുറവാണ്. 'അക്ഷീണമായ യത്നം പരിപൂർണ്ണതയിലേക്കു കരങ്ങൾ നീട്ടുന്ന' പ്രതീതിയാണ് ഇനിമേൽ നമ്മുടെ നാമശ്രവണത്തിൽ ആർക്കും ഉണ്ടാകേണ്ടത്. ഇങ്ങനെ നോക്കുമ്പോൾ ചക്രം നമ്മുടെ കൊടിയടയാളമായതു തികച്ചും ഉചിതമായി. അത് ആദരണീയമായ ധർമ്മത്തിന്റെയെന്നപോലെ അനുസ്യൂതമായ യത്നത്തിന്റെയും ചിഹ്നമാകുന്നു. ആപേക്ഷികശാസ്ത്രത്തിന്റെ ആദ്യവും അതിപ്രധാനവുമായ ഉപകരണവുമാണത്. നമ്മുടെ ഭാവനയെ മുന്നോട്ടും പുറകോട്ടും എത്ര ദൂരം അത് എത്തിക്കുന്നു എന്നു നോക്കുക. ദുഷ്ടനിഗ്രഹംചെയ്തു സനാതനധർമ്മത്തെ സ്ഥാപിക്കുന്നതിനുവേണ്ടി ചക്രായുധധാരിയായി അവതരിച്ച ശ്രീകൃഷ്ണഭഗവാൻ, നിർവ്വാണമാകുന്ന കേന്ദ്രത്തിനു ചുററും കറങ്ങുന്ന

Digitized by Kerala Sahitya Akademi

സംസാരചക്രത്തെ വിഭാവനംചെയ്ത ബുദ്ധദേവൻ, അദ്ധ്യാത്മ വിദ്യയിലെ അത്ഭുതസിദ്ധികറം കൈവരുത്തുന്ന ശ്രീചക്രം നമുക്കു നല്കിയ ആദിശങ്കരൻ, അശോകൻ, മഹാത്മാഗാന്ധി എന്നിവരി ലേയ്ക്കെല്ലാം അതു നമ്മെ ആനയിക്കുന്നു. ആത്മീയവും ഭൌതി കവും ആയ ലോകങ്ങളേയും നമ്മുടെ ഏററവും മഹനീയമായ പാരമ്പര്യങ്ങളേയും ഏററവും മധുരമായ പ്രതീക്ഷകളേയും അതു കൂട്ടിയിണക്കുന്നു. കാലത്തിൻെറ നെടുവഴിയിൽ ജനതയുടെ ജീവിതസ്യന്ദനത്തെ അത് ഉത്തരോത്തരമായ ഐശ്വര്യത്തി ലേയ്ക്കും ശാന്തിയിലേയ്ക്കും നയിക്കുമാറാകട്ടെ. ദൈനന്ദിന ജീവി തത്തിൽ ഓരോ ഭാരതീയനും ഭാഗ്യത്തിൻെറ പരിലാളനമേററു സുഖിക്കുമാറാകട്ടെ.

Digitized by Kerala Sahitya Akademi

## 19

# ഒരു പുതിയ കാമശാസ്ത്രം

**1948**–ലാണ് ഈ ലേഖനത്തിനു വിഷയമായ പുസ്തകം* ആദ്യം അമേരിക്കയിൽ പ്രസിദ്ധപ്പെടുത്തിയത്. ഞാൻ വായിച്ചത് ഒൻപതാമത്തെ പതിപ്പാണ്. ആദ്യത്തെ ഒൻപതു പതിപ്പുകളുടെ അച്ചടിക്രമം ഇതാണ്:

| | |
|---|---|
| 1–ാം പതിപ്പ്—ജനുവരി | 5, 1948 |
| 2–ാം പതിപ്പ്—ജനുവരി | 19, 1948 |
| 3–ാം പതിപ്പ്—ജനുവരി | 22, 1948 |
| 4–ാം പതിപ്പ്—ജനുവരി | 23, 1948 |
| 5–ാം പതിപ്പ്—ഫിബ്രുവരി | 2, 1948 |
| 6–ാം പതിപ്പ്—ഫിബ്രുവരി | 24, 1948 |
| 7–ാം പതിപ്പ്—മാച്ച് | 5, 1948 |
| 8–ാം പതിപ്പ്—ആഗസ്റ്റ് | 12, 1948 |
| 9–ാം പതിപ്പ്—ജൂൺ | 14, 1949 |

ഈ സമയവിവരപ്പട്ടികയിൽനിന്നു പ്രസ്തുത ഗ്രന്ഥത്തിനുണ്ടായ പ്രചാരം മനസ്സിലാക്കാവുന്നതാണ്. 1938 മുതൽ ഒൻപതു കൊല്ലക്കാലം തുടരെ നടത്തിയ ഗവേഷണത്തിന്റെ ഫലമാണ് അതിലടങ്ങിയിരിക്കുന്നത്. ഈ ഗവേഷണം ഒരു മുപ്പതു കൊല്ലം നീണ്ടുനില്ക്കുമെന്നും, ഇനിയും എട്ടു ഗ്രന്ഥങ്ങൾകൂടി എഴുതേണ്ടിവരുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. അമേരിക്കയിലെ നാഷനൽ റിസർച്ച് കൗൺസിലിന്റെ ആഭിമുഖ്യത്തിലാണ് ഈ ഗവേഷണം നടത്തപ്പെടുന്നത്. ലൈംഗികപ്രശ്നങ്ങളെപ്പററിയുള്ള ഗവേഷണത്തിന്നായി ഈ കൗൺസിൽ ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. അവരുടെ ഉത്സാഹത്തിൽ, റോക്ക്ഫെല്ലർ സ്ഥാപനത്തിന്റെ വൈദ്യശാസ്ത്രവിഭാഗക്കാരാണ് ഇതിന്നു വേണ്ട ധനസഹായം നല്കുന്നത്. ഗ്രന്ഥകർത്താക്കൾ ഇൻഡ്യാനാ സർവ്വകലാശാലയിലെ അംഗങ്ങളാണ്. അവിടത്തെ ജന്തുശാസ്ത്രവകുപ്പിന്റെ

---

* SEXUAL BEHAVIOR IN THE HUMAN MALE. By Alfred C. Kinsey, Wardell B. Pomeroy and Clyde E. Martin. Published by W. B. Saunders Company. Philadelphia and London. 1949, Pages 1–804.

Digitized by Kerala Sahitya Akademi

അദ്ധ്യക്ഷനാണ് അവരിൽ പ്രധാനിയായ ആൽഫ്രെഡ് കിൻസി. അദ്ദേഹം ജന്തുശാസ്ത്രഗവേഷണത്തിൽ ഇതിനുമുമ്പുതന്നെ പ്രസിദ്ധനാണ്. ചെടികളുടെ ഇലയിലും മററും പരുപോലെയുള്ള മുഴകളുണ്ടാക്കുന്ന ഒരു തരം ചെറിയ കടന്നലുകളെപ്പററിയാണ് അദ്ദേഹം അതിപ്രധാനമായ പഠനങ്ങൾ നടത്തിയിട്ടുള്ളത്. ഈ പ്രാണികളിൽ വ്യക്തികൾക്കു തമ്മിൽത്തമ്മിലുള്ള വ്യത്യാസങ്ങൾ പരിശോധിച്ച് അവയെ ജാതികളായും ഉപജാതികളായും തരം തിരിക്കുന്നതിനുള്ള ആസ്പദം കണ്ടുപിടിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. അമേരിക്കൻഭൂഖണ്ഡത്തിൻെറ വിവിധഭാഗങ്ങളിൽ നിന്ന് ഈ പ്രാണികളെ ലക്ഷക്കണക്കിനു ശേഖരിച്ച് അവയുടെ ലക്ഷണങ്ങൾക്കു പട്ടികയുണ്ടാക്കി, അതെല്ലാം ഗണിതശാസ്ത്രത്തിൻെറ സഹായത്തോടെ അപഗ്രഥിച്ചാണ് ഇതു സാധിക്കുന്നത്. കഥയില്ലാത്ത കടന്നലിനെക്കുറിച്ചുള്ള ഗവേഷണങ്ങളാണിതെന്നു തോന്നിയേക്കാമെങ്കിലും, അവയിൽനിന്നു മനുഷ്യനോൾപ്പെടെയുള്ള ജന്തുലോകത്തിൻെറ പരിണാമരീതികളെപ്പററി അതിപ്രധാനമായ തത്വങ്ങൾ കണ്ടുപിടിക്കുവാൻ കിൻസിക്കു സാധിച്ചിട്ടുണ്ട്.

ഈ ഗവേഷണസമ്പ്രദായം മനുഷ്യരുടെ ലൈംഗികവൃത്തിയെപ്പററി പഠിക്കുന്നതിന്ന് ഉപയോഗിക്കുവാൻ അദ്ദേഹവും കൂട്ടരും തീർച്ചപ്പെടുത്തി. മനുഷ്യരെ നേരിട്ടുകണ്ട് ഓരോരുത്തരുടേയും ലൈംഗികവൃത്തിയെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുകയാണ് അവർ ചെയ്തത്. ഇങ്ങിനെ കിട്ടുന്ന വിവരങ്ങൾ വിശ്വസിക്കത്തക്കതാണോ എന്നു പലരും സംശയിച്ചേയ്ക്കും. എനിക്കും ആ സംശയം തോന്നുകയുണ്ടായി. പക്ഷേ യഥാർത്ഥവിവരങ്ങൾ പൂർണ്ണമായി ഗ്രഹിക്കുന്നതിന്ന് ഈ ഗവേഷകന്മാർ ചെയ്തിട്ടുള്ള ശ്രമങ്ങളും, സഹിച്ച പ്രയാസങ്ങളും അറിഞ്ഞപ്പോൾ ആ സംശയം നീങ്ങിപ്പോയി. അവർ ആദ്യം ചെയ്തത് ഈ വസ്തുതകൾ ഏററവും രഹസ്യമായിരിക്കുന്നതിന്നുള്ള വ്യവസ്ഥകളുണ്ടാക്കുകയാണ്. ഈ ഗവേഷണത്തിന്നുവേണ്ടി പ്രത്യേകം ഉണ്ടാക്കിയ ഒരു ഗൂഢഭാഷയിലാണ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ഗവേഷകന്മാർക്കൊഴികെ മററാർക്കും ഈ ഭാഷ അറിവില്ല. അതിലുപയോഗിക്കുന്ന ചിഹ്നങ്ങളുടേയും അക്കങ്ങളുടേയും അർത്ഥമെന്തെന്ന് എങ്ങും എഴുതിവെച്ചിട്ടില്ല. അതെല്ലാം ഗവേഷകന്മാർ മനപ്പാഠമാക്കിയിട്ടേയുള്ളു. ഒരു കൊല്ലത്തെ നിരന്തരമായ പരിശീലനംകൊണ്ടാണ് ഓരോ ഗവേഷകനും അഭിമുഖസംഭാഷണത്തിന്നുവേണ്ട കഴിവുണ്ടാ

Digitized by Kerala Sahitya Akademi

യതു്. വ്യക്തികളെ അടുത്തറിഞ്ഞ് അവരുടെ അങ്ങേയററത്തെ വിശ്വാസം ആജ്ജിച്ചതിനു ശേഷമേ ചോദ്യങ്ങൾ തുടങ്ങുകയുള്ളു. പലപ്പോഴും അഭിമുഖ സംഭാഷണത്തിന്നായി ക്ഷണിയ്ക്കപ്പെട്ടന്നവരല്ല, ഇങ്ങിനെയൊരു ഗവേഷണം നടക്കുന്നതായി കേട്ടറിഞ്ഞവരാണ് ക്ഷോഭിയ്ക്കാനും പ്രതിഷേധിയ്ക്കാനും തുനിഞ്ഞിട്ടുള്ളതു്. മനുഷ്യരുടെ സ്വകാര്യജീവിതത്തിന്മേലുള്ള കയ്യേററമാണിതെന്നും, ഈ ഗവേഷണം അസാന്മാർഗ്ഗികമാണെന്നും, ഇതു വൈദ്യശാസ്ത്രജ്ഞന്മാരാണ് ചെയ്യേണ്ടതെന്നും, മററും മററും പല പ്രതിഷേധങ്ങളുമുണ്ടായി. ചിലർ കേസ്സു കൊടുക്കുമെന്നുപോലും ഭീഷണിപ്പെടുത്തി. പക്ഷെ ഇതുകൊണ്ടൊന്നും കലുങ്ങാതെ, വിജ്ഞാനത്തിൻെറ പുരോഗതിയ്ക്കുവേണ്ടി ഏററവും രഹസ്യവും സ്വകാര്യവുമായ വസ്തുതകൾപോലും നല്കി ഈ ഗവേഷണത്തെ സഹായിയ്ക്കുവാൻ 12,000 വ്യക്തികൾ സന്നദ്ധരാവുകതന്നെ ചെയ്തു. യാതൊരു വിധമായ നിർബ്ബന്ധവും അധികാരശക്തിയുംകൊണ്ടല്ല ഇത്രയുമാളുകൾ തങ്ങളുടെ ലൈംഗികവൃത്തിയെക്കുറിച്ചുള്ള വിവരങ്ങൾ നല്കുവാൻ സമ്മതിച്ചതു്. എല്ലാം സ്വമേധയാ നല്കിയതാണ്. അവർ തങ്ങളിലപ്പിച്ച വിശ്വാസത്തെ ഒരു കാലത്തും, ഒരു കാരണവശാലും, വഞ്ചിയ്ക്കുകയില്ലെന്നു ഗ്രന്ഥകർത്താക്കൾ ശപഥം ചെയ്തിട്ടുണ്ടു്. ഏതു പാവനമായ കരാറിന്മേൽ നല്കിയ രഹസ്യരേഖയും നീതിന്യായത്തിൻെറ ആവശ്യത്തിനുവേണ്ടി സമപ്പിയ്ക്കണമെന്നു കോടതികൾക്കു കല്പിയ്ക്കാവുന്നതാണെന്ന വസ്തുത അവർ അറിയുന്നുണ്ടു്. അങ്ങിനെയൊരു സന്ദർഭം ഉണ്ടാവുകയും എല്ലാ നീതിപീഠങ്ങളും തങ്ങളെ കൈവെടിയുകയും ചെയ്യുന്നപക്ഷം, ഈ രേഖകൾ സമസ്തവും നശിപ്പിച്ചു തന്മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ അനുഭവിയ്ക്കാമെന്നുതന്നെയാണ് തങ്ങളുടെ നിശ്ചയമെന്ന് അവർ പറയുന്നു.

ഗവേഷകന്മാരുടെ ചോദ്യപരമ്പരകൾക്ക് ഉത്തരം നൽകിയ 12,000 ആളുകൾ പല നിലകളിലും ജീവിതരീതികളിലും കഴിയുന്നവരാണ്. അവർ അമേരിയ്ക്കൻ ഐക്യനാടുകളുടെ പല ഭാഗങ്ങളിൽ ജീവിയ്ക്കുന്നവരുമാണ്. ആസ്തികനും നാസ്തികനും, പ്രഭുവും കുചേലനും, ബാലനും യുവാവും വൃദ്ധനും, വെള്ളക്കാരനും നീഗ്രോവും, വിദ്യാർത്ഥിയും അദ്ധ്യാപകനും, കലീനയും കലടയും, മാന്യനും ദുർമ്മാർഗ്ഗിയും, എന്നുവേണ്ട, എല്ലാ പ്രായക്കാരും തൊഴിലുകാരും മനോഭാവക്കാരും അക്കൂട്ടത്തിലുണ്ടു്. അധമമായി കരു

Digitized by Kerala Sahitya Akademi

തപ്പെട്ടുന്ന ജീവിതവൃത്തികളിൽ കഴിയുന്നവരുടെ വിശ്വാസം നേടു ന്നതിനും, അവരുടെ ലൈംഗികജീവിതത്തെക്കുറിച്ചുള്ള വിവരങ്ങൾ ഗ്രഹിക്കുന്നതിനും ഗവേഷകന്മാർക്കു പല പ്രയാസങ്ങളും സഹി ക്കേണ്ടിവന്നു. ആ ജീവിതമണ്ഡലത്തെക്കുറിച്ചുള്ള പൂർണ്ണവിവര ങ്ങളും, അവിടെ നിലവിലുള്ള ഗ്രാമ്യഭാഷാജടിലമായ സംഭാഷണ രീതികളും മനസ്സിലാക്കിയതിനുശേഷമേ അഭിമുഖസന്ദർശനം ആരം ഭിക്കുകയുള്ളൂ. ഗ്രാമ്യഭാഷയിലുള്ള ഒരൊററ ചോദ്യംകൊണ്ട്, വള രെനേരം അതുമിതും പറഞ്ഞുകൊണ്ടിരുന്ന, ചിലയാളുകൾ മനംതെ ളിഞ്ഞു പുഞ്ചിരിതൂകി, "നിങ്ങൾക്ക് ഇതേപ്പററി ചിലതെല്ലാം അറിയാമെന്നു തോന്നുന്നതുകൊണ്ടു ഞാൻ സകലതും പറയാം; കേൾക്കൂ" എന്നുള്ള പ്രസ്താവനയോടെ, ലൈംഗികജീവിതത്തിൻെറ ഉള്ളറകൾ ഓരോന്നായി തുറന്നു കാണിക്കുകയുണ്ടായി. സംഭാ ഷണങ്ങളെല്ലാം മററാരും കേൾക്കാതെയാണ് നടത്തീട്ടുള്ളത്. ഭാര്യാഭർത്താക്കന്മാരിലൊരാളിൽനിന്നു കിട്ടിയ വിവരങ്ങൾ, മററെ യാൾ ആവശ്യപ്പെട്ടിട്ടും അറിയിച്ചിട്ടില്ല. ജയിൽപ്പുള്ളികളിൽ നിന്നു കിട്ടിയ വിവരങ്ങൾ, അധികാരികൾ ആവശ്യപ്പെടുക യില്ലെന്ന കരാറിന്മേലാണ് രേഖപ്പെടുത്തിയത്. ചില വസ്തുത കൾ വെളിപ്പെടുത്തുന്നത് ദീർഘകാലമായി നിലവിലിരിക്കുന്ന കുടുംബകലഹങ്ങൾ തീരുന്നതിനുപകരിക്കുമെന്നു ബോധ്യമുണ്ടാ യെങ്കിലും ഗവേഷണത്തിൻെറ രഹസ്യസ്വഭാവം പരിപാലിക്കുന്ന തിനുവേണ്ടി, അങ്ങിനെയൊരു ഉപകാരത്തിനായി ഉദ്യമിച്ചിട്ടില്ല. ആകപ്പാടെ ഒരു ലക്ഷം വ്യക്തികളുടെ ലൈംഗികചരിത്രം ശേഖ രിക്കണമെന്നാണ് ഗവേഷകന്മാരുടെ ഉദ്ദേശം. ഇതിനകംതന്നെ വിവരങ്ങൾ നല്കി സഹായിച്ച പന്തീരായിരം പേർക്കും, ഇനിമേൽ സഹായിക്കുവാൻ പോകുന്ന എൺപത്തിഎണ്ണായിരം പേർക്കും ആണ് ഈ ഗ്രന്ഥം സമർപ്പിക്കപ്പെട്ടിരിക്കുന്നത്.

ഈ ഗ്രന്ഥം ഇതിനു മുമ്പുണ്ടായിട്ടുള്ള കാമശാസ്ത്രങ്ങളിൽ നിന്നു തികച്ചും ഭിന്നമാണ്. ശാസ്ത്രജിജ്ഞാസയുടെ നിഷ്പക്ഷവും നിർവ്വികാരവുമായ രീതിയാണ് അതിൽ സ്വീകരിച്ചിരിക്കുന്നത്. നന്മയെന്നും തിന്മയെന്നും, സന്മാർഗ്ഗമെന്നും ദുർമ്മാർഗ്ഗമെന്നും, മാന്യ തയെന്നും വിടത്വമെന്നും, പാതിവ്രത്യമെന്നും വേശ്യാവൃത്തി യെന്നും, സാധാരണമെന്നും അസാധാരണമെന്നും ഉള്ള സങ്കല്പങ്ങ ളൊന്നും ഈ ഗവേഷണത്തെ നയിക്കുവാൻ അനുവദിച്ചിട്ടില്ല. ഇലപ്പുരുവുണ്ടാക്കുന്ന ചെറുകടന്നലിൻെറ ശരീരലക്ഷണങ്ങൾ പഠി

Digitized by Kerala Sahitya Akademi

ഷ്കുന്നതിൽ അന്തർഭവിച്ചിട്ടുള്ള മൂല്യബോധങ്ങളേ ഇതിലുമുള്ളു. എന്തൊക്കെയാണ് സംഭവിക്കുന്നതെന്നറിയുവാനാണ് യത്നിച്ചിട്ടുള്ളത്; നല്ലതേതെന്നും ചീത്തയേതെന്നും നിർണ്ണയിക്കുവാനല്ല. ലൈംഗികവൃത്തികൾ എണ്ണമററ നിരോധങ്ങളുടെയും ആചാരങ്ങളുടെയും ധർമ്മബോധങ്ങളുടെയും അനുശാസനങ്ങളുടെയും കൂനാംകുരുക്കുകളിൽ കുടുങ്ങി, സാമൂഹ്യവ്യവസ്ഥിതിയുടെയും കുടുംബബന്ധങ്ങളുടെയും മൂടുപടങ്ങളാൽ ആച്ഛാദിതമായി, നിഷ്പക്ഷമായ നിരീക്ഷണത്തിനു വിധേയമാകാതെ കിടക്കുകയാണ്. വസ്തുതകൾ ശേഖരിച്ച്, അവയെ ഗണിതവിദ്യയുടെ സഹായത്തോടുകൂടി അപഗ്രഥിച്ച് പൊതുതത്വങ്ങൾ കണ്ടെത്തുവാനാണു കിൻസിയും കൂട്ടരും യത്നിക്കുന്നത്. വിവരങ്ങൾ നല്കിയ 12,000 പേരിൽ എത്ര പേർ സന്മാർഗ്ഗികളാണെന്നും എത്ര പേർ ദുർമ്മാർഗ്ഗികളാണെന്നും അവർ അന്വേഷിക്കുന്നില്ല. ലൈംഗികവൃത്തിയുടെ പ്രവണതകളെന്തെന്നു മനസ്സിലാക്കുവാനാണ് അവരുടെ ശ്രമം. പട്ടികകളും ഗ്രാഫുകളും ഈ ഗ്രന്ഥത്തിൻെറ എല്ലാ വശങ്ങളിലും കാണാവുന്നതാണ്. കാമക്രീഡകളുടെ "പച്ച"യായ വിവരണങ്ങൾ വായിച്ചുരസിക്കാമെന്നു കരുതി ആരും ഈ ഗ്രന്ഥത്തെ സമീപിക്കേണ്ട. അതിന് അമേരിക്കയിലെഴുതിയ പുസ്തകവും വേണ്ട. നമ്മുടെ 'പുരോഗമനസാഹിത്യ'ങ്ങൾ നോക്കിയാൽ മതി. ഇതൊരു ശാസ്ത്രഗ്രന്ഥമാണ്. ആരെയും രസിപ്പിക്കുവാൻ വേണ്ടി എഴുതിയ സാഹിത്യകൃതിയല്ല. മനുഷ്യരിലെ ആൺവ്യക്തികളുടെ ലൈംഗികവൃത്തിയെക്കുറിച്ചുള്ള വസ്തുതകളും സ്ഥിതിവിവരക്കണക്കുകളുമാണ് ഇതിലുള്ളത്. അതിൽ ലൈംഗികാവയവങ്ങളുടെയെന്നല്ല ശിവലിംഗത്തിൻെറപോലും ചിത്രവുമില്ല. പന്തീരായിരം വ്യക്തികളുടെ ലൈംഗികവൃത്തിയെക്കുറിച്ചുള്ള വിവരങ്ങളെ ആസ്പദമാക്കി, വിശപ്പും ദാഹവുംപോലെ ജീവിതത്തിൻെറ ഒരു പ്രധാനഭാവമായ കാമതൃഷ്ണയുടെ വ്യാപാരങ്ങളെന്തെന്നും, അതിൻെറ ഉപാധികളും ഉപായങ്ങളും എങ്ങിനെയുള്ളവയെന്നും ആണ് ഈ ഗ്രന്ഥം പ്രതിപാദിക്കുന്നത്.

കണക്കുകളും പട്ടികകളും കൊണ്ടു നിറഞ്ഞ ഒരു ശാസ്ത്രഗ്രന്ഥത്തിൽനിന്നു നിഗമനങ്ങളും പൊതുതത്വങ്ങളും മാത്രം എടുത്തുകാണിക്കുന്നതു ശരിയല്ല. അങ്ങിനെ ചെയ്താൽ ഗ്രന്ഥത്തിൽനിന്നു കിട്ടുന്നതിൽനിന്നു വളരെ ഭിന്നമായ ധാരണകളും പ്രതീതികളും അവ ജനിപ്പിക്കുവാനിടയുണ്ട്. എങ്കിലും അതിവിപുലമായ

Digitized by Kerala Sahitya Akademi

തോതിൽ, ഇതിനുമുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധത്തിൽ നടത്തപ്പെട്ട ഈ ഗവേഷണത്തിൻെറ ഫലമായി വെളിപ്പെട്ടിട്ടുള്ള അത്ഭുതകരമായ പരമാർത്ഥങ്ങളുടെ മാതൃക കാണിയ്ക്കുവാൻ ഒരു നിഗമനം മാത്രം എടുത്തുപറയാമെന്നു വിചാരിയ്ക്കുന്നു. ഈ ഗ്രന്ഥം ആണിൻെറ ലൈംഗികവൃത്തിയെപ്പററിയുള്ളതാണല്ലോ. ആണും പെണ്ണും തമ്മിലല്ലാതെ, ആണും ആണും തമ്മിലുള്ള ലൈംഗികവൃത്തി അസാധാരണമെന്നും പ്രകൃതിവിരുദ്ധമെന്നും ആണ് കരുതപ്പെടുന്നത്. പക്ഷേ ഈ ഗ്രന്ഥത്തിൽനിന്നു തെളിയുന്നത്, അമേരിയ്ക്കയിലെങ്കിലും, ആണുങ്ങളിൽ 37 ശതമാനം പേർ ഇങ്ങിനെയുള്ള ലൈംഗികവൃത്തിയിൽ ഏർപ്പെടുന്നുണ്ടെന്നാണ്! ഹാവ് ലോക്ക് എല്ലിസ് തുടങ്ങിയ പഴയ നിരീക്ഷകന്മാർ ഇത്തരം ലൈംഗികവൃത്തിയുടെ ശതമാനം ഏറിയാൽ 5 എന്നാണ് കണക്കാക്കിയിട്ടുള്ളത്. പക്ഷേ അവരാരും ഇതുപോലെ വിപുലമായ ഗവേഷണങ്ങളോ, ഇത്ര നേരിട്ടുള്ള അന്വേഷണങ്ങളോ, ഇത്രത്തോളം ശാസ്ത്രീയമായ അപഗ്രഥനങ്ങളോ നടത്തിയിട്ടില്ല. അതുകൊണ്ടു ശാസ്ത്രദൃഷ്ട്യാ നോക്കുമ്പോഴും ഈ കണക്കാണ് കൂടുതൽ വിശ്വാസ്യമായി തോന്നുന്നത്. പക്ഷേ ശാസ്ത്രത്തിൻെറ ദൃഷ്ടിയും സമുദായത്തിൻെറ ദൃഷ്ടിയും ഒന്നല്ല. സമുദായത്തിൻെറ ദൃഷ്ടിയിൽ ഈ ലൈംഗികവൃത്തി അധമവും പ്രകൃതിവിരുദ്ധവും ശിക്ഷാർഹവുമാണ്. അതൊരു ദുർന്നടപ്പെന്നല്ല രോഗമെന്നുപോലും കരുതുന്നവരുണ്ട്. അതിലിടപെടുന്നവരെ സമുദായമദ്ധ്യത്തിൽനിന്നു മാററിക്കളയണമെന്നും, കുഷ്ഠരോഗികളെപ്പോലെ പ്രത്യേക സ്ഥാപനങ്ങളിൽ താമസിപ്പിയ്ക്കണമെന്നും ചികിത്സിയ്ക്കണമെന്നും ചിലർ നിർദ്ദേശിയ്ക്കുന്നു. ഇതെല്ലാം ചെയ്യേണ്ടതാണോ എന്നു ശാസ്ത്രത്തിനു പറയാൻ കഴിവില്ല. മോഷ്ടാക്കളുടെ കണക്കെടുത്താലും ഇതുപോലെയുള്ള ശതമാനം കണ്ടെത്തിയെന്നു വരാം. പക്ഷേ അതുകൊണ്ടു മോഷണം ശിക്ഷാർഹമല്ലെന്നു വാദിയ്ക്കാവുന്നതല്ല. വസ്തുതകളുടെ നിലയെന്തെന്നുമാത്രമേ ശാസ്ത്രം നോക്കുന്നുള്ളു. അതിൻെറ സദാചാരപരമായ മൂല്യനിർണ്ണയം മറെറാരു കാര്യമാണ്. അതിൻെറ ചുമതല ശാസ്ത്രത്തിനല്ല. ഈ സംഗതി തികച്ചും വ്യക്തമാക്കിക്കൊണ്ടു ഗ്രന്ഥകാരന്മാർ പറയുന്നതിതാണ്: അമേരിക്കൻ ഐക്യനാടുകളിൽതന്നെ 63 ലക്ഷം പുരുഷന്മാർ ഈ ശിക്ഷയ്ക്കും ചികിത്സയ്ക്കും വിധേയരാകേണ്ടിയിരിയ്ക്കുന്നു! ഇവരെയെല്ലാം സമുദായത്തിൽനിന്നു നീക്കിക്കളഞ്ഞാലും ബാക്കിയുള്ള

Digitized by Kerala Sahitya Akademi

വരിൽനിന്നുണ്ടാകുന്ന പിന്നത്തെ തലമുറ അതിനു മുമ്പുള്ളവയെക്കാൾ, ഇക്കാര്യത്തിൽ, ഭേദമായിരിക്കുമെന്നു കരുതാനും വഴി കാണുന്നില്ല. 37 ശതമാനം ആളുകൾ ആവിഷ്കരിക്കുന്ന ഒരു സ്വഭാവവിശേഷം അങ്ങിനെയുള്ള പൂച്ചമരുന്നുകൾകൊണ്ടൊന്നും മാറുന്നതല്ല. മനുഷ്യന്റെ ലൈംഗികജീവിതത്തിൽ അടിസ്ഥാനഭൂതമായിക്കാണുന്ന ഒരു പ്രവണതയാണത്. ഇങ്ങനെയുള്ള വസ്തുതകൾ തെളിയിക്കുവാൻ സംഖ്യാശാസ്ത്രത്തിൽ (Statistics) വഴികളുണ്ട്. അവയുപയോഗിച്ചാണ് ഇന്നു ജന്തുവർഗ്ഗങ്ങളുടെ പ്രധാനവും അപ്രധാനവുമായ ലക്ഷണങ്ങൾ നിർണ്ണയിക്കപ്പെടുന്നത്. പണ്ടൊക്കെ ഒന്നോ രണ്ടോ വ്യക്തികളെ ആസ്പദമാക്കിയാണ് ജന്തുക്കളുടെ ലക്ഷണനിർദ്ദേശം ചെയ്തുവന്നിരുന്നത്. ഇന്നു ശാസ്ത്രജ്ഞന്മാർ ഒന്നുരണ്ടല്ല, ആയിരവും പതിനായിരവും ലക്ഷവും വ്യക്തികളെയാണു പരിശോധിക്കുന്നത്. ഇങ്ങനെ സമഷ്ടിയെ അപഗ്രഥിച്ചാണ് അടിസ്ഥാനലക്ഷണങ്ങൾ കണ്ടുപിടിക്കുന്നത്. ലൈംഗികവൃത്തിയെക്കുറിച്ചുള്ള ഈ ഗവേഷണത്തിന്റെ രീതിയും അതുതന്നെയാണ്.

Digitized by Kerala Sahitya Akademi

# 20

# സംസ്കാരത്തിൻെറ ഉത്ഭവസ്ഥാനങ്ങൾ

ചരിത്രകാരന്മാർക്കു കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുള്ള പ്രാചീനസംസ്കാരങ്ങളെല്ലാം തന്നെ ചില മഹാനദികളുടെ തീരങ്ങളിലാണ് സ്ഥിതിചെയ്തിരുന്നത്. ആഫ്രിക്കയിലെ നീലനദി, പശ്ചിമ ഏഷ്യയിലെ യൂഫ്രട്ടീസ്–ടൈഗ്രീസ്, ഇന്ത്യയിലെ സിന്ധുനദി എന്നിവയുടെ തീരദേശങ്ങൾ മാനവസംസ്കാരത്തിൻെറ ഈററില്ലങ്ങളായി ഗണിക്കപ്പെട്ടുപോരുന്നു. ഈ മഹാസരിത്തുകൾ നൂററാണ്ടുകളായി കുമിച്ചുകൂട്ടിയ എക്കൽമണ്ണിൻെറ അടിയിൽനിന്നാണ് ആദിമസംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ കുഴിച്ചെടുക്കപ്പെടുന്നത്. കൃഷിക്കും ഗതാഗതത്തിനും ഉള്ള സൌകര്യമായിരിക്കണം ഇങ്ങിനെ പ്രാചീനമനുഷ്യരെ ആററുതീരങ്ങളിൽ കുടിപാർക്കുവാൻ പ്രേരിപ്പിച്ചത്. ഇന്നുള്ള മിക്കസംസ്കാരങ്ങളുടെയും പുരാണങ്ങളിൽ സാധാരണമായ പ്രളയങ്ങളുടെയും കല്പാന്തങ്ങളുടെയും നിദാനം പണ്ടത്തെ ഈ നദീതലവാസംതന്നെ ആയിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ചരിത്രകാരന്മാർ അനുകതസിദ്ധമെന്നപോലെ കരുതിപ്പോരുന്ന ഈ പ്രാരംഭപ്രമാണത്തിൻെറ സാധുതയെ ആദ്യമായി ചോദ്യം ചെയ്തത് വാവിലോവ് എന്ന ലോകപ്രസിദ്ധനായ റഷ്യൻശാസ്ത്രജ്ഞനാണ്. ഒരു സസ്യശാസ്ത്രജ്ഞനു ചരിത്രഗവേഷണവുമായി എന്തു ബന്ധമെന്നു നാം വിസ്മയിച്ചേക്കാം. പക്ഷേ വാവിലോവിൻെറ നിഗമനങ്ങൾ ഇന്നു ഒരു ചരിത്രകാരനും അവഗണിക്കുവാൻ കഴിയാത്ത വസ്തുതകളായിത്തീർന്നിട്ടുണ്ട്. ഗോതമ്പുചെടിയെക്കുറിച്ചുള്ള ദീർഘഗവേഷണങ്ങളിലൂടെയാണ് അദ്ദേഹം വിസ്മയാവഹമായ ഈ ചരിത്രവസ്തുതയിൽ ചെന്നെത്തിയതു്. അദ്ദേഹത്തിൻെറ ഗവേഷണങ്ങൾ ലെനിൻെറ നിർദ്ദേശപ്രകാരം, സോവിയററുഗവമ്മേണ്ടിൻെറ ആവിർഭാവത്തോടുകൂടിത്തന്നെ, ആരംഭിച്ചവയാണ്. അടുത്ത ഇരുപതുകൊല്ലംകൊണ്ടു വാവിലോവിൻെറ നേതൃത്വത്തിൽ റഷ്യയിലുണ്ടയ ഗവേഷണയത്നം, ശാസ്ത്രത്തിൻെറ ചരിത്രത്തിൽ ഒരു നിസ്തുലസംഭവമായി ശേഷിക്കുന്നു.

Digitized by Kerala Sahitya Akademi

ലോകത്തിന്റെ നാനാഭാഗങ്ങളിലുംനിന്നു് അദ്ദേഹം ഗോതമ്പിന്റെ ജാതിയിൽപെട്ട 23,500 വൎഗ്ഗം ചെടികളെ ശേഖരിച്ചു. ഇങ്ങിനെ ഗോതമ്പിന്റെ വൎഗ്ഗഭേദങ്ങളെ തേടിത്തേടിയാണു് അദ്ദേഹം പ്രാചീനാചരിത്രത്തിൽ ചെന്നെത്തിയതു്. ജീവജാലത്തിന്റെ പരിണാമത്തെ ആധാരമാക്കി നോക്കുമ്പോൾ ഒരേ ജാതിയിൽപെട്ട ഈ ഭിന്നവൎഗ്ഗങ്ങളെല്ലാം ഭൂമുഖത്തു, ഏതോ ഒരു പ്രത്യേക സ്ഥാനത്തുനിന്നു നാനാദേശങ്ങളിലേയ്ക്കും വ്യാപിച്ചതാവാനേ വഴിയുള്ളു. കൃഷികൊണ്ടുള്ള പ്രയോജനം മനസ്സിലാക്കിയ പ്രാചീന മനുഷ്യൻ മുഖേനയാണു് ഈ ചെടികൾ ഇങ്ങിനെ പല രാജ്യങ്ങളിലും പ്രചരിയ്ക്കുവാൻ ഇടയായതു്. ഒരു ദിക്കിൽനിന്നു മറെറാരു ദിക്കിലേയ്ക്കു കൊണ്ടുപോകുമ്പോൾ ചെടിയുടെ ഭിന്നവൎഗ്ഗങ്ങളെയെല്ലാം തേടിപ്പിടിച്ചു കൊണ്ടുപോയിരിയ്ക്കുവാനിടയില്ല. ഇക്കാരണത്താൽ ആദ്യത്തെ സ്ഥാനത്തുള്ളതിൽ കുറച്ചു വൎഗ്ഗങ്ങൾ മാത്രമേ രണ്ടാമത്തെ സ്ഥാനത്തു കാണുകയുള്ളു. മൂന്നാമത്തെ സ്ഥാനത്തു് അതിലും കുറവായിരിയ്ക്കും. ഉത്ഭവസ്ഥാനത്തുനിന്നു് അകന്നകന്നു പോകുംതോറും ഒരേ ജാതിയിലുള്ള വൎഗ്ഗങ്ങളുടെ എണ്ണം കുറഞ്ഞുകുറഞ്ഞു വരുന്നു. ഈ വസ്തുതയെ മുൻനിൎത്തിയാണു് വാവിലോവു പൎയ്യവേക്ഷണം നടത്തിയതു്. സുദീർഘമായ ഈ അപഗ്രഥനത്തിന്റെ ഫലം അത്ഭുതകരമായിരുന്നു. മനുഷ്യൻ കൃഷിയും കുടിപാൎപ്പും തുടങ്ങിയതു് നദീതീരങ്ങളിലാണെന്നാണല്ലോ ചരിത്രകാരന്മാർ പറയുന്നതു്. അതുകൊണ്ടു് പ്രധാനകൃഷിച്ചെടിയായ ഗോതമ്പിന്റെ ഉത്ഭവവും ഈ നദീതടങ്ങളിൽ എവിടെയോ ആയിരിയ്ക്കണമെന്നു ന്യായമായി വിചാരിയ്ക്കാവുന്നതാണു്. പക്ഷേ പരമാൎത്ഥം അതല്ലെന്നാണു് വാവിലോവിന്റെ ഗവേഷണങ്ങളിൽനിന്നു തെളിഞ്ഞതു്. ഗോതമ്പിന്റെ ഉത്ഭവം പൎവ്വതപ്രദേശങ്ങളിലാണു്. അവിടെനിന്നാണു് അതു മററു ദിക്കുകളിലേയ്ക്കു വ്യാപിച്ചതു്.

ഇവിടെ ഒരു കാൎയ്യം വ്യക്തമാക്കേണ്ടതുണ്ടു്. ഗോതമ്പു് എന്ന പേരിൽ തികച്ചും ഭിന്നങ്ങളായ രണ്ടു ജാതി (വൎഗ്ഗമല്ല) ചെടികളുണ്ടു്. നാം ചമ്പാഗോതമ്പെന്നും വെള്ളഗോതമ്പെന്നും വിളിയ്ക്കുന്നവയാണു് ഈ ജാതികൾ. ഇതിൽ ആദ്യത്തേതിന്റെ അരി ചുവന്നുനീണ്ടും, മററതിന്റേതു വെളുത്തുരുണ്ടും ഇരിയ്ക്കുന്നു. ചമ്പാഗോതമ്പിന്റെ അരി കാഠിന്യമുള്ളതാണു്. അതു മാവുണ്ടാക്കുവാൻ കൊള്ളുകയില്ല. വെള്ളഗോതമ്പു, നേരേമറിച്ചു്, മാവു

Digitized by Kerala Sahitya Akademi

ണ്ടാക്കവാനോ കൊള്ളുകയുള്ളു. രണ്ടിനേയും ഗോതമ്പെന്നു വിളിക്കുന്നെങ്കിലും അവ വാസ്തവത്തിൽ (ജന്തുക്കളിൽ പട്ടിയും പൂച്ചയും പോലെ) ഭിന്നജാതികളിൽപെട്ട ചെടികളാണ്. ഓരോന്നിലും ആയിരമായിരം ഭിന്നവർഗ്ഗങ്ങളുണ്ട്—പലവർഗ്ഗം പൂച്ചകളും പട്ടികളും ഉള്ളതുപോലെ. ഈ രണ്ടുജാതി ഗോതമ്പുകളുടേയും ഉത്ഭവസ്ഥാനവും വളരെ ഭിന്നമാണ്. വെള്ളഗോതമ്പ് ഹിമാലയത്തിൻെറയും ഹിന്ദുക്കഷ്ഷിൻെറയും മടക്കിനിടയ്ക്കുള്ള പർവ്വതഭൂമിയിലാണ് ഉത്ഭവിച്ചത്. അവിടെയാണ് അത് ആദ്യമായി കൃഷി ചെയ്യപ്പെട്ടത്. ചമ്പാഗോതമ്പിൻെറ ഉത്ഭവസ്ഥാനം മെഡിററേനിയൻതീരത്തുള്ള പർവ്വതപ്രദേശങ്ങളാണ്. ഈ ഉത്ഭവസ്ഥാനങ്ങഠം നദീതീരങ്ങളല്ലെന്നും പർവ്വതഭൂമികളാണെന്നുമുള്ളതാണ് നമുക്കിവിടെ ശ്രദ്ധേയമായ വസ്തുത. നിഷാദജീവിതത്തിൽനിന്നു കൃഷിയിലേയ്ക്കും കുടിപാർപ്പിലേയ്ക്കും തദ്വാരാ സംസ്കാരത്തിലേയ്ക്കുമുള്ള പരിവർത്തനത്തിൻെറ രംഗം ഏതെന്നാണ് ഗോതമ്പിൻെറ ഉത്ഭവത്തെക്കുറിച്ചുള്ള ഈ ഉപദർശനം വ്യക്തമാക്കുന്നത്. വാസ്തവത്തിൽ കൃഷിയുടെ ഉത്ഭവസ്ഥാനംതന്നെയാണ് സംസ്കാരത്തിൻെറയും ഉത്ഭവസ്ഥാനം. അതുകൊണ്ട് മനുഷ്യൻ സംസ്കാരസരണിയിൽ മുന്നോട്ടുവെച്ച ആദ്യത്തെ കാൽചുവട് കണ്ടെത്തുവാൻ നാം നദീതീരങ്ങളിലല്ല കുഴിച്ചുനോക്കേണ്ടത്. നാം അവിടെ കാണുന്നതു വളരെക്കാലം കഴിഞ്ഞതിനുശേഷമുള്ള പരിപാടികളുടെ മുദ്രകളാണ്. ആദ്യത്തെ അദ്ധ്യായങ്ങഠം പർവ്വതഭൂമികളിലാണ് എഴുതപ്പെട്ടത്. അവയുടെ ലക്ഷ്യങ്ങഠംക്കുവേണ്ടി അവിടേയാണ് തിരയേണ്ടത്. ഈ വഴിയ്ക്ക് ഇന്നുവരെ ആരും ശ്രമിച്ചിട്ടില്ല. വാവിലോവിൻെറ സസ്യശാസ്ത്രഗവേഷണങ്ങഠംക്കു ശേഷം മാത്രമേ ഇങ്ങിനെയൊരു സാദ്ധ്യതയുണ്ടെന്നുപോലും ലോകം മനസ്സിലാക്കിയുള്ളു.

ഗോതമ്പിനെക്കുറിച്ചുള്ള നിരീക്ഷണങ്ങഠംക്കു കിട്ടിയ ഈ വിജയംമൂലം വാവിലോവിനു വളരെ ഉത്സാഹം തോന്നി. അദ്ദേഹം മററു കൃഷിച്ചെടികളെക്കുറിച്ചും ഗവേഷണങ്ങഠം ആരംഭിച്ചു. പക്ഷേ ഗോതമ്പിൻെറ കാര്യത്തിൽ ചെയ്തതുപോലെ അത്ര വിപുലമായ തോതിൽ ഇതു നടത്തുവാൻ സാധിച്ചില്ല. വാവിലോവ് തീക്ഷ്ണബുദ്ധിയും മഹോദ്യമനുമായിരുന്നു. റഷ്യയിലെ എല്ലാ ഭാഷകളും പശ്ചിമയൂറോപ്പിലെ മിക്കഭാഷകളും അദ്ദേഹത്തിനു വശമായിരുന്നു. നാലു മണിക്കൂർനേരം ഉറങ്ങിയാൽ അദ്ദേഹത്തിനു

Digitized by Kerala Sahitya Akademi

തൃപ്തിയായി. ബാക്കി ഇരുപതുമണിക്കൂറും ഇളവില്ലാതെ ജോലി ചെയ്യും. ഏറിയകൂറും കഷ്കവൃത്തികൊണ്ടു പുലൻ റഷ്യൻജനതയ്ക്ക് ആധുനികശാസ്ത്രത്തിൻെറ അനുഗ്രഹങ്ങരം കൈവരുത്തുന്നതിനുവേണ്ടിയാണ് അദ്ദേഹം പാടുപെട്ടത്. എങ്കിലും 1940_നോടടുത്ത്, ഈ മഹാശാസ്ത്രജ്ഞൻ സോവിയററുഗവമ്മെൻറിൻെറ അപ്രീതിയ്ക്കു പാത്രമാവുകയും അദ്ദേഹത്തിൻെറ കാലകൃത്തുകളായ ഗവേഷണങ്ങളും ജാജ്ജ്വല്യമാനമായ ജീവിതവും അതോടെ, പരമദയനീയമായ രീതിയിൽ പര്യവസാനിയ്ക്കുകയും ചെയ്തു. 1946_ൽ അമേരിയ്ക്കയിലെ റഷ്യൻസ്ഥാനപതിയോടു ചില ശാസ്ത്രജ്ഞന്മാർ വാവിലോവിനെക്കുറിച്ച് എഴുതിച്ചോദിച്ചു. അങ്ങിനെയൊരാളെക്കുറിച്ചു തനിക്കോ തൻെറ ഗവമ്മെൻറിനോ അറിവില്ലെന്നാണ് ഈ അന്വേഷണത്തിനു ലഭിച്ച മറുപടി? സോക്രട്ടീസിൻെറയും ഗലീലിയോവിൻെറയും അനുഭവം ഈ ഇരുപതാം നൂററാണ്ടിലും ജ്ഞാനത്തിൻെറ ഉപാസകന്മാക്കു ലഭിയ്ക്കുമെന്നാണ് ഈ സംഭവം തെളിയിയ്ക്കുന്നത്. അതു പോകട്ടെ. ശാസ്ത്രത്തിൽ വ്യക്തികളെ ആരും ഗൗനിയ്ക്കാറില്ല. അതും ഒരുവിധത്തിൽ, അപൗരുഷേയമായ ജ്ഞാനമാണ്.

മററു കൃഷിച്ചെടികളെപ്പററിയും അത്ഥവത്തായ അനേകം വസ്തുതകരം നൽകുവാൻ വാവിലോവിനു സാധിയ്ക്കയുണ്ടായി. ആകപ്പാടെ അഞ്ചാറുസ്ഥാനങ്ങളിൽനിന്നാണ് ഇവയെല്ലാം മററു ദിക്കുകളിലേയ്ക്കു വ്യാപിച്ചിട്ടുള്ളതെന്ന് അദ്ദേഹം പറയുന്നു. ഇവയിൽ രണ്ടെണ്ണത്തെപ്പററി പറഞ്ഞുകഴിഞ്ഞു. വെള്ളഗോതമ്പിൻെറ ഉത്ഭവസ്ഥാനമായ അഫ്ഗാനിസ്ഥാൻതന്നെയാണ് പയറുവഗ്ഗങ്ങരം, പഞ്ഞി, ചണം, ടർണിപ്പ്, കാരട്ട്, ആപ്രിക്കോട്ട്, പീച്ച് എന്നിവയേയും ജനിപ്പിച്ചത്. രണ്ടാമത്തേതായ മെഡിററേനിയൻ പ്രദേശത്തു ചമ്പാഗോതമ്പിനോടൊപ്പം ബീററ്റൂട്ട്, ഒലീവ്, അത്തി എന്നിവയും ഉത്ഭവിച്ചു. മൂന്നാമത്തെ സ്ഥാനം തെക്കുകിഴക്കേ ഏഷ്യയിലാണ്. ഇവിടെ ബാർലി, ചാമ മുതലായ ചെറുതരം ധാന്യങ്ങരം, സോയാബീൻ, പലതരം ഫലവൃക്ഷങ്ങരം എന്നിവയും ഉണ്ടായി. അബിസീനിയയിലാണ് നാലാമത്തെ സ്ഥാനം. അവിടുത്തെ മുഖ്യമായ ഉല്പന്നം വളത്തുമൃഗങ്ങളുടെ ആഹാരമായ പുല്ലുകളും, യൂറോപ്യൻബാർലിയും, ചിലതരം പയറുകളുമാണ്. അഞ്ചാമതായി മധ്യദക്ഷിണ അമേരിയ്ക്ക. ചോളം, ഉരുളക്കിഴങ്ങ്, പുകയില, മരച്ചീനി, നിലക്കടല, റബ്ബർ,

Digitized by Kerala Sahitya Akademi

കൊക്കോ, ടൊമാറേറാ, കൊയിനാമരം എന്നിവയെല്ലം അവിടെ നിന്നുത്ഭവിച്ചവയാണ്. ഇതെല്ലാം പ്രാചീനമനുഷ്യൻ കൃഷിചെയ്തിരുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. കൃഷിയുടെ ആദ്യരംഗങ്ങളെന്ന നിലയിലാണ് ഇപ്പറഞ്ഞ പ്രദേശങ്ങഠം ശ്രദ്ധേയങ്ങളായിരിക്കുന്നത്. ഇപ്പറഞ്ഞ അഞ്ചു സ്ഥാനങ്ങഠം കൂടാതെ ഫിലിപ്പൈൻദ്വീപുകളിലുള്ള ആറാമതൊരു സ്ഥാനമാണ് നെല്ലിൻെറ ഈററില്ലമെന്നു വാവിലോവു പറയുന്നു. പക്ഷേ ഇതേക്കുറിച്ചുള്ള ഗവേഷണങ്ങഠം മുഴുവനാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു എന്നു തോന്നുന്നില്ല.

ലോകപ്രസിദ്ധനായ ഈ റഷ്യൻശാസ്ത്രജ്ഞൻെറ നിഗമനങ്ങഠം മാനവസംസ്കാരത്തിൻെറ പ്രാരംഭഘട്ടങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന ചരിത്രകാരന്ന് അതിമാത്രം അർത്ഥവത്താകുന്നു. മോഹൻജോദാരോ, ഊർ, സുമർ എന്നീ പേരുകളിൽ അറിയപ്പെടുന്ന സംസ്കാരദശക്കു പിന്നിലേക്കു കടന്നുചെല്ലുവാൻ ചരിത്രഗവേഷണത്തിന്ന് ഇന്നുവരെ സാധിച്ചിട്ടില്ല. സമതലങ്ങളിലേക്കും നദീതടങ്ങളിലേക്കും നീങ്ങുന്നതിന്നുമുമ്പ് മനുഷ്യവർഗ്ഗം എത്ര കാലം പർവതഭൂമികളിൽ ജീവിതം നയിച്ചു എന്നു നമുക്കു യാതൊരറിവുമില്ല. ചരിത്രത്തിൻെറ ഈ ആദ്യദശയെക്കുറിച്ചു ഗവേഷണം നടത്തുന്നതിനുള്ള ഉൽബോധനമാണ് വാവിലോവിൻെറ ഉപദർശനങ്ങഠം ഉഠംക്കൊള്ളുന്നത്.

Digitized by Kerala Sahitya Akademi

## 21

# മത്സരവും മേന്മയും

ഭൂമിയുടെ ചരിത്രത്തിൽ ജീവജാലത്തിനു സാരമായ പല മാററങ്ങളും സംഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുത സുവിദിതമാണല്ലോ. ഈ മാററങ്ങൾക്കാണ് ശാസ്ത്രജ്ഞന്മാർ പരിണാമം എന്നു പറയുന്നത്. ജന്തുവർഗ്ഗങ്ങളുടെ പരസ്പരമത്സരവും, അതിൻെറ ഫലമായി ഓരോരോ പരിതഃസ്ഥിതികളുടെ ആവശ്യങ്ങളനുസരിച്ചു അവയുടെ ഇടയ്ക്കു ദീർഘകാലംകൊണ്ടു താനേയുണ്ടാകുന്ന തെരഞ്ഞെടുപ്പുമാണ് ഈ മാററത്തിനുള്ള കാരണം. ഈ വ്യാഖ്യാനം ഇന്നു പരക്കെ സമ്മതിയ്ക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷെ ഈ ശാസ്ത്രീയസിദ്ധാന്തം നല്കുന്ന സാന്മാർഗ്ഗികപാഠത്തെക്കുറിച്ചു പല തെററിദ്ധാരണകളും ഉണ്ടാകുവാനിടയുണ്ട്. പരസ്പരമത്സരം പ്രകൃതിയിൽത്തന്നെയുള്ളതാണെന്നും, അതുകൊണ്ടാണ് ജീവലോകത്തിൽ അത്ഭുതാവഹങ്ങളായ പരിവർത്തനങ്ങൾ ഉണ്ടായിട്ടുള്ളതെന്നും മനുഷ്യനു മേന്മയിലേയ്ക്കുള്ള എളുപ്പവഴി അന്യോന്യം പോരടിയ്ക്കുകയാണെന്നും അനുമാനിയ്ക്കുവാൻ ഇതു വഴി കൊടുക്കുന്നു. ഇക്കാരണത്താൽ ലോകക്ഷേമകാംക്ഷികളായ പലക്കും പരിണാമവാദം അരോചകമായി തോന്നിയിട്ടുണ്ട്. ഈ അനുമാനം ജീവജാലത്തിൻെറ ചരിത്രത്തെക്കുറിച്ചു ശരിയായി ആലോചിച്ചുനോക്കാത്തതുകൊണ്ട് ഉണ്ടാകുന്നതാണെന്നു പറയേണ്ടിയിരിയ്ക്കുന്നു. ജന്തുക്കൾ (വ്യക്തികൾ) തമ്മിൽതമ്മിലുള്ള സ്വാർത്ഥമാത്രമായ മത്സരമല്ല ജന്തുവർഗ്ഗങ്ങളുടെ പരസ്പരമത്സരമാണ് പരിണാമമാർഗ്ഗത്തിൽ കാര്യമായ പുരോഗതിയ്ക്കു നിദാനമായിട്ടുള്ളത്. ഒരു വർഗ്ഗത്തിൽപെട്ട വ്യക്തികൾതമ്മിൽ മത്സരിയ്ക്കുമ്പോൾ തല്ക്കാലത്തേയ്ക്കു നല്ലതെന്നു തോന്നുമെങ്കിലും പിൽക്കാലത്തു ദോഷകരങ്ങളായിത്തീരുന്ന മാററങ്ങളേ ഉണ്ടാവുകയുള്ളു. നേരേമറിച്ച് അന്യവർഗ്ഗങ്ങളോടും ബാഹ്യപ്രകൃതിയോടും മത്സരിയ്ക്കുമ്പോൾ അവയ്ക്ക് യഥാർത്ഥമായ മേന്മ സിദ്ധിയ്ക്കുന്നു. ഉദാഹരണംകൊണ്ട് ഇതു വ്യക്തമാക്കാം. ഇണയെ കിട്ടുവാൻവേണ്ടി പല ജന്തുക്കളും മത്സരിയ്ക്കാറുണ്ടല്ലോ. മത്സരം മൂത്തു മൂത്തു യുദ്ധത്തിലാണ് കലാശിയ്ക്കാറുള്ളത്. ഒരു വർഗ്ഗത്തിനകത്തുതന്നെയുള്ള മത്സരമാണിത്.

Digitized by Kerala Sahitya Akademi

ഇതു തുടരെ നടക്കുകയാണെങ്കിൽ കൂടുതൽ യുദ്ധസാമൎത്ഥ്യമുള്ള വ്യക്തികൾക്കു മററുള്ളവയെക്കാളധികം ഇണകളെ കിട്ടുകയും, അവയുടെ സന്താനങ്ങൾ ക്രമാതീതമായി വൎദ്ധിക്കുകയും ചെയ്യുന്നു. സ്വവൎഗ്ഗത്തിൽപെട്ട വ്യക്തികളെ പോരടിച്ചു കൊല്ലാനുള്ള സാമൎത്ഥ്യമാണ് ഇതുമൂലം പുഷ്ടിപ്പെട്ടുവരുന്നത്. ഇതു പരിണാമദൃഷ്ട്യാ കാര്യമായ ഒരു മേന്മയല്ല. എങ്ങിനെയെന്നു പറയാം. ഇത്തരം മത്സരങ്ങളിൽ ശരീരപുഷ്ടി ഒരു വലിയ സഹായമാണ്. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ. ആണു വലുതും പെണ്ണു ചെറുതുമായുള്ള ജന്തുവൎഗ്ഗങ്ങളിൽ ബഹുഭാര്യത്വം സാധാരണമാണ്. കോഴിയുടെ കഥതന്നെ നോക്കുക. ഒരു വൎഗ്ഗത്തിനുള്ളിൽതന്നെയുള്ള മത്സരത്തിൻെറ ഫലമാണത്. തടിയും വണ്ണവുമാണ് വിജയം നേടുന്നത്. ഇങ്ങിനെ അനേകലക്ഷം വൎഷങ്ങൾ തുടൎന്നുപോകുമ്പോൾ അത് ആ വൎഗ്ഗത്തിൻെറതന്നെ സ്വഭാവമായിത്തീരുന്നു. അതിൻെറ പരിണാമം ആ വഴിക്കാണ് പുരോഗമിക്കുന്നത്. ജീവജാലത്തിൻെറ പൂൎവ്വചരിത്രം പരിശോധിച്ചാൽ ഇതു ദോഷകരമാണെന്നു കാണാം. തടിയും വണ്ണവും ലക്ഷ്യമാക്കി പുരോഗമിച്ചിട്ടുള്ള ജന്തുവൎഗ്ഗങ്ങൾ പൊതുവേ നാശമടയുകയാണ് ചെയ്തിട്ടുള്ളത്. അപരിചിതമായ ഒരു പരിതഃസ്ഥിതിയെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ സ്ഥൂലശരീരികളായ ജന്തുക്കൾക്കാണ് കൂടുതൽ ആപത്തുണ്ടാകുന്നത്. ചെറിയവ വല്ലവിധേനയും രക്ഷപ്പെടും. ഓടുവാനും, പറക്കുവാനും, തുരക്കുവാനും, നീന്തുവാനും എല്ലാം ചെറിയ ഉടലാണ് നല്ലത്. സ്ഥൂലിച്ച ശരീരമുള്ള ജന്തുവൎഗ്ഗങ്ങൾ, ഭൂമിയുടെ ചരിത്രത്തിൽ കൂടെക്കൂടെ നാമാവശേഷമായിപ്പോയതിൻെറ കാരണം ഇതാണെന്നു തോന്നുന്നു.

ഒരുദാഹരണംകൂടി നോക്കാം. ഒരു പ്രത്യേകതരം ആഹാരത്തിനുവേണ്ടി ഒരു ജന്തുവൎഗ്ഗത്തിൽപെട്ട വ്യക്തികൾ മത്സരിക്കുന്നു എന്നിരിക്കട്ടെ. ഈ മത്സരം ഒരേജാതി ഇരയെ പിടിക്കുന്നതിനു പ്രസ്തുത ജന്തുവൎഗ്ഗത്തെ കൂടുതൽ കൂടുതൽ സമൎത്ഥമാക്കുന്നു. ഈ സാമൎത്ഥ്യംകൂടുന്തോറും ഇരയുടെ എണ്ണം കുറഞ്ഞുവരുന്നു. ഇങ്ങനെ കുറെയങ്ങോട്ടു പോകുമ്പോൾ ഇരയെല്ലാം തീരുകയും സാമൎത്ഥ്യം മാത്രം ശേഷിക്കുകയും ചെയ്യും. പൊണ്ണക്കാര്യം പുഴുങ്ങിക്കുത്തിയാൽ വയറു നിറയുകയില്ലെന്നു പറയുമ്പോലെ, ഈ പരിണാമം ആ ജന്തുവൎഗ്ഗം ഒടുവിൽ പട്ടിണികൊണ്ടു മരിക്കുവാൻതന്നെ ഇടയാക്കുന്നു.

Digitized by Kerala Sahitya Akademi

ഒരു വർഗ്ഗത്തിനുള്ളിൽതന്നെയുള്ള മത്സരം ഇങ്ങിനെ ഇടുങ്ങിയതരത്തിലുള്ള മേന്മകഠം മാത്രമെ നൽകുകയുള്ളു. അത് ഒടുവിൽ ദോഷകരമായിത്തീരുമെന്നുള്ളതു തീർച്ചയാണ്. ഒരു ചെറിയ ലക്ഷ്യത്തെ മുൻനിർത്തി ഒരു ചെറിയ മാർഗ്ഗത്തിലൂടെയുള്ള പരിണാമമാണിത്. ഒരുതരം തിണ്ണമിടുക്ക്. കാലത്തിൻെറ അനന്തതയിൽ, ലോകത്തിൻെറ വിശാലതയിൽ, അതുകൊണ്ട് ഒരു പ്രയോജനവുമില്ല. ജീവജാലത്തിൻെറ പൂർവ്വചരിത്രം എന്തെങ്കിലും ഒരു പാഠം നല്കുന്നുണ്ടെങ്കിൽ, അത് ഇടുങ്ങിയ പരിധികഠംക്കുള്ളിലുള്ള പരിണാമം ദോഷകരമാണെന്നുള്ളതാണ്. വലിപ്പംകൊണ്ടും വാശികൊണ്ടും വളരെ വേഗം വിജയംനേടിയ അനേകം ജന്തുവർഗ്ഗങ്ങളുടെ അവശിഷ്ടങ്ങഠം നമുക്കു കിട്ടിയിട്ടുണ്ട്. അവയെല്ലാം ഒടുവിൽ വംശം പുലർത്തുവാൻ കഴിവില്ലാതെ നാശമടയുകയാണ് ചെയ്തത്. കൂട്ടം കുത്തിയാൽ കലവാടും എന്ന ചൊല്ല് പരിണാമദൃഷ്ട്യാ അത്യധികം അർത്ഥവത്താകുന്നു. വലിപ്പവും വാശിയുമെല്ലാം ജന്തുക്കഠം കൂട്ടംകുത്തി നേടുന്ന മേന്മകളാണ്. അതുകൊണ്ടുണ്ടാകുന്ന വിജയം തോൽവിയിലാണ് കലാശിക്കുന്നത്.

ജന്തുലോകത്തിൽ മനുഷ്യൻ നേടിയിട്ടുള്ള മേന്മ ഈ വഴിക്കു കിട്ടിയതല്ല. അവൻെറ പൂർവ്വഗാമികളായ ജന്തുവർഗ്ഗങ്ങഠംക്ക് അവയുടെ ജീവിതകാലത്തു എണ്ണപ്പെട്ട വിജയമൊന്നും കിട്ടിയിരുന്നില്ല. എങ്ങിനെയോ തട്ടിപ്പിഴച്ചു അവയും ജീവിച്ചുപോന്നു എന്നേ പറയാനുള്ളു. ഇടുങ്ങിയ മാർഗ്ഗങ്ങളിൽ കടന്നുകൂടി ശീഘ്രതരമായ വിജയത്തിനുവേണ്ടി അവ കൂട്ടംകുത്തിയിരുന്നെങ്കിൽ ഇന്നത്തെ ഈ സാർവ്വഭൌമത്വം കൈവരികയില്ലായിരുന്നു. അന്യജന്തുവർഗ്ഗങ്ങളോടും ബാഹ്യപ്രകൃതിയോടുമാണ് അവ മത്സരിച്ചത്. അവയോടൊപ്പം ഉണ്ടായ ചില ശാഖകളിൽനിന്നാണ് ഇന്നത്തെ കുതിരകളും കന്നുകാലികളും മററും ഉണ്ടായത്. സവർഗ്ഗമത്സരംകൊണ്ട് പ്രസ്തുതശാഖകഠം വളരെ വേഗം പരിണമിച്ചു. കുതിര ഓട്ടത്തിൽ വിരുതുനേടി. അതിൻെറ ശരീരം ഓട്ടത്തിനുവേണ്ടിമാത്രം പരിണമമാർഗ്ഗേണ രൂപവൽകൃതമായി. മനുഷ്യൻ ഭൂമിയുടെ നാഥനാകുന്നതിന് എത്രയോ മുമ്പുതന്നെ ഇതു സംഭവിക്കുകയും ചെയ്തു. മനുഷ്യൻെറ പൂർവ്വഗാമിയായ ജന്തുവർഗ്ഗം അന്ന് അശ്വവർഗ്ഗത്തിൻെറ ദൃഷ്ടിയിൽ വളരെ മോശമായി തോന്നിയിരിക്കാം. പക്ഷെ ഇന്നത്തെ കഥയൊന്നു ആലോചിച്ചുനോക്കുക. കുതിര കുതിരയായിത്തന്നെ കഴിയുന്നു. അതിൻെറ ദൃഷ്ടിയിൽ

Digitized by Kerala Sahitya Akademi

മോശമായിക്കിടന്ന ശാഖ മനുഷ്യനായിത്തീരുകയും കുതിരപ്പുറത്തു സവാരിചെയ്യുകയും ചെയ്യുന്നു. കുതിരയുടെ പരിണാമം അന്നോടെ നിലച്ചു. അതിനിനിയും യാതൊന്നും നേടുവാൻ സാധ്യമല്ല. ഓടി ഓടി ഒരു വിരലേ കാലിൽ അതിനിന്നു ശേഷിച്ചിട്ടുള്ളു. ഓട്ടത്തിലുള്ള സാമൎത്ഥ്യം കൂട്ടുവാൻ ശ്രമിച്ചതുകൊണ്ടു വന്ന മാററമാണിത്. പക്ഷെ അതിൻെറ ഒടുവിലത്തെ താളം മറിച്ചുകഴിഞ്ഞു. വിരലിൻെറ എണ്ണം ഇനിയും കുറയ്ക്കുവാൻ സാധ്യമല്ല. മനുഷ്യൻെറ പൂൎവ്വഗാമികളോടൊപ്പം ഉണ്ടായ മിക്ക ജന്തുവൎഗ്ഗങ്ങളുടെയും കഥ ഇതാണ്. അവയെല്ലാം അടഞ്ഞ മാൎഗ്ഗങ്ങളിലാണ് അകപ്പെട്ടുപോയത്. മനുഷ്യൻ അവയെ അപേക്ഷിച്ച് ഒടുവിലേ മേന്മ നേടിയുള്ളുവെങ്കിലും, അവനു കിട്ടിയ വിജയം തികച്ചും ഭിന്നമായിട്ടുള്ളതാണ്. അന്യജന്തുക്കളുടെ ശീഘ്രലബ്ധങ്ങളായ ശാരീരികവൈഭവങ്ങളെയെല്ലാം പരാജയപ്പെടുത്തുവാൻ കഴിവുള്ള ബുദ്ധിവൈഭവമാണ് അവൻ നേടിയിരിക്കുന്നത്. പക്ഷെ പരിണാമം നല്കുന്ന പാഠം അവൻ ഇനിയും ഗ്രഹിച്ചിട്ടില്ല. ഇടുങ്ങിയ ലക്ഷ്യങ്ങളെ മുൻനിൎത്തി കൂട്ടംകൂത്തലുകൊണ്ട് ശീഘ്രവിജയം നേടുവാനാണ് ഇന്നത്തെ മനുഷ്യൻ ശ്രമിക്കുന്നത്. സ്വന്തം വൎഗ്ഗത്തിൽപെട്ട വ്യക്തികളോടാണ് അവൻെറ മത്സരം. പരസ്പരം കൊല്ലുവാനുള്ള സാമൎത്ഥ്യത്തിനു വേണ്ടിയാണ് അവൻ ഉഴറിനടക്കുന്നത്. ഇത് എത്ര ആപൽക്കരമാണെന്നു പറയേണ്ടതില്ല. മനുഷ്യൻെറ ഇനിയത്തെ പരിണാമം അവൻെറ ഉടലിനെയല്ല ഉള്ളിലുള്ള ലോകത്തെയാണ് ബാധിക്കുന്നത്. ലോകരംഗത്തു വിജയപൂൎവ്വം ജീവിക്കുവാൻ അവൻെറ ശരീരത്തിനു യാതൊരു പരിവൎത്തനവും വരുത്തേണ്ടതില്ല. കുതിരയോ കന്നുകാലികളോ സിംഹവ്യാഘ്രങ്ങൾപോലുമോ അവനെ കീഴടക്കുകയില്ല. അതുകൊണ്ടാണ് ശാരീരികപരിണാമം ആവശ്യമില്ലെന്നു പറയുന്നത്. മനസ്സും ബുദ്ധിയും കിട്ടിയതോടെ മനുഷ്യന് ഈ വഴിക്കുള്ള പ്രയാസങ്ങളും നീങ്ങിക്കഴിഞ്ഞു. ഈ പുതുമകളുടെ മണ്ഡലമാണ് നമ്മുടെ മുമ്പിൽ തുറന്നുകിടക്കുന്നത്. ഭാഗ്യവശാൽ ഒരു അടഞ്ഞ മാൎഗ്ഗത്തിലല്ല പരിണാമം നമ്മെ കൊണ്ടുചെന്നെത്തിച്ചത്. മേന്മ നേടുവാൻ സാധ്യതകളുള്ള ഒരു വിശാലലോകം നമുക്കു കിട്ടിയിരിക്കുന്നു. പക്ഷെ ഇവിടെയും പരിണാമഗതിയിലെ നിശിതനിയമങ്ങൾ പ്രവൎത്തിക്കുകതന്നെ ചെയ്യും. വ്യാപകമായ, സ്വവൎഗ്ഗത്തെ ആകമാനം ഉൾക്കൊള്ളുന്ന, നിസ്വാ

Digitized by Kerala Sahitya Akademi

ത്ഥവും ലോഭനീയവുമായ ആദർശങ്ങളെ മുൻനിർത്തിയുള്ള, മത്സരങ്ങളിലാണ് നാം ഏർപ്പെടേണ്ടത്. സഹജാതരെ കൊല്ലുവാനും സാരഹീനമായ സാമർത്ഥ്യം സമ്പാദിക്കുവാനും ശ്രമിക്കാതെ, മനസ്സിന്റെ വികാസത്തെ തടയുന്ന മൃഗീയവികാരങ്ങളെ കീഴടക്കുവാനും, ബുദ്ധിശക്തിയെ വെല്ലുവിളിച്ചുകൊണ്ടു കൂരിരുട്ടിൽ മറഞ്ഞുനില്ക്കുന്ന പ്രപഞ്ചസത്യങ്ങളെ ആവിഷ്കരിക്കുന്നതിനും മനുഷ്യജീവിതം പ്രയോജനപ്പെടേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടിയുള്ള മത്സരം കൂട്ടംകുത്തലല്ല; യഥാർത്ഥമായ പുരോഗതിക്കുവേണ്ടിയുള്ള യത്നമാകുന്നു. അനുഗൃഹീതരായ മഹാപുരുഷന്മാർ ചിലപ്പോഴൊക്കെ നമ്മുടെ ഇടയിൽ ജനിച്ചു, ഈ വഴിക്കു നേടാവുന്ന മേന്മയുടെ മാതൃക കാണിക്കാറുണ്ട്. അവരുടെ ഉപദേശംതന്നെയാണ് പരിണാമവാദത്തെക്കുറിച്ചുള്ള പഠനത്തിൽനിന്നും ലഭിക്കുന്നത്.

Digitized by Kerala Sahitya Akademi

22

# ഇന്നത്തെ ജന്തുശാസ്ത്രം

(1948)

ഇന്നുവരെ ആകപ്പാടെ പത്തുലക്ഷത്തിൽപരം ജന്തുജാതികളെ വേർതിരിച്ചറിയുവാൻ ശാസ്ത്രജ്ഞന്മാക്ക കഴിഞ്ഞിട്ടുണ്ട്. അവരുടെ ദൃഷ്ടിയിൽ പെടാതെയും, സൂക്ഷ്മമായ പഠനത്തിനു വിഷയമാകാതെയും വളരെയൊന്നുമൊന്നും ഭൂമുഖത്തു ശേഷിക്കുന്നുണ്ടെന്നു തോന്നുന്നില്ല. ഭിന്നങ്ങളായ ഈ ജന്തുജാതികളുടെ ശരീരഘടനയെക്കുറിച്ചുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നതിനും, അവയ്ക്കുള്ള പരസ്പരബന്ധങ്ങൾ മനസ്സിലാക്കുന്നതിനും ആണ് കഴിഞ്ഞ മൂന്നുനാലു നൂറ്റാണ്ടുകളായി ജന്തുശാസ്ത്രം യത്നിച്ചിട്ടുള്ളത്. ഈ ഉദ്യമത്തിന് വലിയ സഹായം നല്കിയ ചില ഉപകരണങ്ങളും ഈ കാലത്തിനിടയ്ക്കു ശാസ്ത്രജ്ഞന്മാക്ക ലഭിക്കുകയുണ്ടായി. ഇക്കൂട്ടത്തിൽ ഏററവും പ്രധാനമായത് മൈക്രോസ്കോപ്പ് അഥവാ സൂക്ഷ്മദശിനി എന്ന ഉപകരണമാണ്. അതിൻെറ സഹായത്താൽ വെറും കണ്ണുകൊണ്ടു കാണുവാൻ കഴിയാത്ത ജന്തുക്കളെയും ശരീരഭാഗങ്ങളേയുംകുറിച്ച് അതിസൂക്ഷ്മമായ പഠനങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. ഇങ്ങിനെ ശേഖരിച്ച വിവരങ്ങളാണ് ഈ അടുത്ത കാലംവരെ ജന്തുശാസ്ത്രഗ്രന്ഥങ്ങൾ ഉൾക്കൊണ്ടിരുന്നത്. ഇതൽനിന്നു ജന്തുക്കളുടെ ശരീരഘടനയെപ്പററിയും ഇതരലക്ഷണങ്ങളെക്കുറിച്ചും ഗ്രഹിക്കുവാൻ സാധിച്ച വിവരങ്ങൾ ഒരു അടുക്കമില്ലാതെ എഴുതിവെയ്ക്കുകയാണ് ശാസ്ത്രജ്ഞന്മാർ ഇതുവരെ ചെയ്തതെന്നു ധരിക്കുവാനിടയുണ്ട്. ഇതു ശരിയല്ല. ശാസ്ത്രം എപ്പോഴും ബാഹ്യമായ വൈവിദ്ധ്യങ്ങളേയും ഭിന്നതകളേയും തുളച്ചുകടന്ന് അടിസ്ഥാനഭൂതമായ സാദൃശ്യങ്ങളെയും പരസ്പരബന്ധങ്ങളേയും കണ്ടെത്തുവാനാണ് ശ്രമിക്കുന്നത്. ഈ പ്രപഞ്ചത്തിൽ കാണുന്ന എണ്ണമററ പദാത്ഥങ്ങളെല്ലാം ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നിങ്ങിനെ രണ്ടുമൂന്നു ജാതി പരമാണുക്കളുടെ പലമാതിരിയുള്ള സംവിധാനത്തിൽനിന്നു ഉണ്ടാകുന്നതാണെന്നു ഭൗതികശാസ്ത്രം വ്യാഖ്യാനിക്കുന്നത് ഈ ലക്ഷ്യത്തെ മുൻനിത്തിയാണ്. ഈ ലക്ഷ്യം ജന്തുശാസ്ത്രവും അംഗീകരിക്കുന്നുണ്ട്. ഭിന്നങ്ങളായിത്തോ

Digitized by Kerala Sahitya Akademi

ന്നുന്ന വസ്തുതകളെ കൂട്ടിയിണക്കുന്ന പൊതുസിദ്ധാന്തങ്ങൾ കണ്ടുപിടിയ്ക്കുവാനാണ് അതും യത്നിയ്ക്കുന്നത്. ഇങ്ങിനെ മുൻകാലങ്ങളിലെ നിരന്തരയത്നംകൊണ്ടു സംഭരിയ്ക്കപ്പെട്ട ജീവശാസ്ത്രജ്ഞാനത്തെ ആസ്പദമാക്കി, കഴിഞ്ഞ നൂററാണ്ടിൽ ഉന്നയിയ്ക്കപ്പെട്ട അതിപ്രധാനമായ പൊതുസിദ്ധാന്തമാണ് പരിണാമം. ഇത് ആധുനികശാസ്ത്രത്തിൻെറ ഏററവും വലിയ നേട്ടങ്ങളിലൊന്നായി എണ്ണപ്പെടുന്നു. അതിൻെറ അധിപ്രസരം ശാസ്ത്രത്തിൻെറ പരിധികളെ മുറിച്ചു കടന്നു മററു മണ്ഡലങ്ങളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്. അന്യോന്യഭിന്നങ്ങളായ അനേകലക്ഷം ജാതികളായി വേർതിരിഞ്ഞു കാണുന്ന ഈ ജീവജാലം ഒരേ ഒരു ചൈതന്യത്താൽ വ്യാകീർണ്ണമാണെന്നും, ജീവികൾ പലതും ഭിന്നവുമാണെങ്കിലും ജീവൻ ഏകവും അഭിന്നവുമാണെന്നും ആണ് ഈ സിദ്ധാന്തം ശാസ്ത്രരീത്യാ തെളിയിച്ചത്. ജന്തുശാസ്ത്രത്തിൽ അതു ദൂരവ്യാപകമായ പുതുവെളിച്ചം പരത്തി.

എങ്കിലും വലിയ നേട്ടങ്ങൾ വരുത്തിവെയ്ക്കാവുന്ന അനിഷ്ടഫലങ്ങളിൽ ചിലതു പരിണാമത്തിൻെറ ഉപദർശനത്തെയും പിൻതുടരുകയുണ്ടായി. ജീവശാസ്ത്രഗവേഷണം മുഴുവനും പരിണാമത്തിൻെറ തണലിലേയ്ക്കു നീങ്ങിനിന്നു തൃപ്തിയടയുവാൻ തുടങ്ങി. സകല വ്യാഖ്യാനങ്ങളും അതിനെ മുൻനിർത്തിയുള്ളതായിത്തീർന്നു. ജീവലോകത്തെക്കുറിച്ചു മറെറാന്നും ഇനിമേൽ അറിയേണ്ടതായിട്ടില്ലെന്നുകൂടി ചിലക്കു തോന്നിയിരിയ്ക്കണം. ഈ പരിതൃപ്തമനോഭാവത്തിലും ഗതാനുഗതികത്വത്തിലുംനിന്നു ജന്തുശാസ്ത്രം ഉണർന്നത് ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിലാണ്. ആയിടയ്ക്കാണ് ശാസ്ത്രജ്ഞന്മാർ ജന്തുലോകത്തെ കണ്ടുപാിയ്ക്കുകയും, കണ്ടതുപോലെ വിവരിയ്ക്കുകയുംമാത്രം ചെയ്യുന്ന പഴയരീതി ഉപേക്ഷിയ്ക്കുവാനുറച്ചത്. വാസ്തവത്തിൽ അന്നുവരെ ജന്തുശാസ്ത്രം വെറും വിവരണാത്മകമായ ഒരു വിജ്ഞാനശാഖയായിരുന്നു. പ്രകൃതി സ്വയം വെളിപ്പെടുത്തുന്ന വസ്തുതകൾ മാത്രമേ അതു ഗ്രഹിയ്ക്കുവാൻ ശ്രമിച്ചുള്ളു. കാത്തിരുന്നു കണ്ടുപിടിയ്ക്കുന്ന ഈ സമ്പ്രദായം അപൂർവ്വമായിമാത്രമെ കാര്യമായ വിജയങ്ങൾ കൈവരുത്തുകയുള്ളു. പരീക്ഷണങ്ങൾ നടത്തി ഈ കുറവു പരിഹരിയ്ക്കാവുന്നതാണ്. മററു ശാസ്ത്രങ്ങൾ ഈ വഴിയ്ക്കാണ് അത്ഭുതകരമായ ഉപദർശനങ്ങളിൽ എത്തിച്ചേരുന്നത്. പ്രകൃതിയുടെ പ്രവർത്തനങ്ങളിലിടപെട്ട് അതിൻെറ രഹസ്യങ്ങൾ മനസ്സിലാക്കുവാൻ അവ

Digitized by Kerala Sahitya Akademi

ശ്രമിക്കുന്നു. ജന്തുശാസ്ത്രത്തിൽ ഈ അടുത്തകാലത്തുമാത്രമാണ് ഇങ്ങിനെ ഒരു വീക്ഷണഗതിക്കു പ്രാധാന്യം കിട്ടിയത്. രണ്ടു മൂന്നു നൂററാണ്ടുകാലം ചത്ത ജന്തുക്കളെ കൊന്നു കുപ്പികളിലാക്കി 'പ്രേതമഹസ്സർ' എഴുതുകയാണ് മുഖ്യമായി ചെയ്തത്. ജീവശാസ്ത്രം എന്നു പേരുണ്ടെങ്കിലും വാസ്തവത്തിലതു ജീവൻ പോയ ജന്തുക്കളെ പഠിക്കുന്ന ശാസ്ത്രമായിരുന്നു. കുറച്ചുകാലംമുമ്പ് ഈ രാജ്യം സന്ദർശിച്ച ഒരമേരിക്കൻ ജന്തുശാസ്ത്രജ്ഞന്റെ ഗവേഷണ സംരംഭം കണ്ടപ്പോഴാണ് ഇതെത്ര പരിതാപകരമായ ഒരു പരമാർത്ഥമാണെന്ന് എനിക്കു മനസ്സിലായത്. അദ്ദേഹം ഒരു ജലജന്തുവിദഗ്ദ്ധനായിരുന്നു. ഇവിടെ വന്നപ്പോൾ പല ജലാശയങ്ങളും സന്ദർശിക്കുകയുണ്ടായി. ചെല്ലുന്ന ദിക്കിലൊക്കെ ആദ്യം ചെയ്തത് കയ്യിലുള്ള കുപ്പി തുറന്നു വെള്ളത്തിൽ വിഷം കലക്കുകയാണ്. പൊട്ടാസിയം സയനൈഡ് എന്ന അതിഭയങ്കരമായ വിഷമാണ് അദ്ദേഹം ഇതിനുപയോഗിച്ചത്. വിഷമേററ വെള്ളത്തിലുള്ള ജീവികളെല്ലാം ചത്തുപൊങ്ങും. അവയെ അരിച്ചുവാരി സ്പിരിട്ടിലിട്ട് അദ്ദേഹം കാലിഫോർണിയായിലേക്കു കൊണ്ടുപോയി. വലിയ ജലാശയങ്ങൾ കാണുമ്പോൾ അതിൽ മുഴുവൻ വിഷം കലക്കുവാൻ കഴിവില്ലല്ലോ എന്ന് അദ്ദേഹം വിഷാദിക്കുന്നതുപോലെ തോന്നി. മൃതശരീരങ്ങളെ പഠിക്കുന്ന ജീവശാസ്ത്ര പാരമ്പര്യം അദ്ദേഹം ഇന്നും പുലർത്തുകയാണ്.

പരിണാമം എങ്ങിനെ സംഭവിക്കുന്നു; അതിന്റെ പ്രവർത്തനപരിപാടികളെന്ത്? എന്നറിയുവാനുണ്ടായ ഔത്സുക്യമാണ് ഈ വീക്ഷണഗതിക്കു മാററം വരുത്തിയത്. ജന്തുക്കളിൽ പരീക്ഷണം നടത്താതെ ഇമ്മാതിരി പ്രശ്നങ്ങൾക്ക സമാധാനം കണ്ടെത്തുവാൻ സാധ്യമല്ലെന്നു ശാസ്ത്രജ്ഞന്മാൎക്കു ബോദ്ധ്യമായി. അങ്ങിനെ അവരുടെ ശ്രദ്ധ മൃതദേഹങ്ങളിൽനിന്നു സജീവശരീരങ്ങളിലേക്കു തിരിഞ്ഞു. ജീവികൾക്ക ദീർഘകാലംകൊണ്ടു് മാററം വരുമെന്നും, തൽഫലമായി ഒരു ജീവിവർഗ്ഗം പുതിയ മറെറാന്നായിത്തീരുമെന്നുമാണല്ലോ പരിണാമവാദം സമർത്ഥിക്കുന്നത്. ഇക്കാരണത്താൽ ജന്തുക്കളുടെ ലക്ഷണങ്ങൾക്കും സ്വഭാവങ്ങൾക്കും ആധാരമായ ഘടകങ്ങൾ ഏതെന്നുള്ള പ്രശ്നമാണ് ആദ്യം ആലോചനാവിഷയമായത്. കഴിഞ്ഞ നൂററാണ്ടിൽ മൊറേവിയാ രാജ്യത്ത് ജീവിച്ചിരുന്ന മെൻഡൽ എന്ന കുശാഗ്രബുദ്ധിയായ ഒരു ക്രിസ്തീയപുരോഹിതൻ ഇതറിയുവാൻവേണ്ടി ക്ഷമയേറിയ

Digitized by Kerala Sahitya Akademi

ചില പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ നിഗമനങ്ങൾ അൻപതുവർഷത്തോളം ആരും ശ്രദ്ധിക്കാതെ കിടന്നു. 1900-മാണ്ടാണ് മൂന്നു ശാസ്ത്രജ്ഞന്മാർ യാദൃച്ഛികമായി മെൻഡലിന്റെ ഈ ഗവേഷണപ്രബന്ധം കണ്ടെത്തിയത്. ഓരോ സ്വഭാവത്തിനും വ്യതിരിക്തമായ ഓരോ ആസ്പദമുണ്ടെന്നും, അത് എന്നും ഒറ്റതിരിഞ്ഞുതന്നെ നില്ക്കുന്നു എന്നും, മെൻഡൽ തന്റെ പരീക്ഷണഫലങ്ങളെക്കുറിച്ചുള്ള അത്യഗാധമായ ചിന്തയിൽനിന്ന് ഊഹിച്ചു. ഈ ഘടകങ്ങളെപ്പറ്റി കൂടുതൽ അറിയുവാനായിരുന്നു പിന്നത്തെ ശ്രമം. മെൻഡലിന്റെ ഊഹം ശരിയാണെന്നും അദ്ദേഹം സങ്കല്പിച്ചതുപോലെയുള്ള ഘടകങ്ങൾ യഥാർത്ഥത്തിലുണ്ടെന്നും, കഴിഞ്ഞ നാല്പതിൽപരം വർഷത്തെ പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ഓരോ ജന്തുവിനേയും രംഗപ്രവേശം ചെയ്യിക്കുന്ന ബീജങ്ങളിലൂടെയാണ് ഈ ഘടകങ്ങൾ അതിനു ലഭിക്കുന്നത്. പ്രസ്തുത ജന്തു വളർച്ച പ്രാപിച്ച് സന്താനോല്പാദനം ചെയ്യുമ്പോൾ ഈ ഘടകങ്ങളെ തന്റെ ബീജങ്ങളിലൂടെ അത് അടുത്ത തലമുറയിലേയ്ക്കു കൈമാറുന്നു. മനുഷ്യന്റെ സന്താനം മനുഷ്യനായും മണ്ണെലിയുടേത് മണ്ണെലിയായും തീരുന്നത് ഇതു കൊണ്ടാണ്. സുദീർഘമായ പരീക്ഷണങ്ങളുടെ ഫലമായി ഈ ഘടങ്ങളുടെ സ്വഭാവത്തെയും പ്രവർത്തനരീതികളെയുംകുറിച്ച് നമുക്കിന്നു ഗണ്യമായ അറിവുണ്ട്. ഒരു പ്രത്യേകജന്തുവിന്റെ സ്വഭാവങ്ങൾക്ക് ആധാരമായ ഘടകങ്ങൾ ഏതു സ്ഥാനത്താണിരിക്കുന്നതെന്ന് ശാസ്ത്രജ്ഞന്മാർ ഇന്നു കാണിച്ചുതരും. ജീവജാലത്തിന്റെ സാരസർവ്വസ്വമായ വസ്തുശകലങ്ങളാണിതെന്ന് പ്രത്യേകം ഓർമ്മിക്കണം. ജീവന്റെ പ്രതിഭാസചക്രത്തിൽ അവ കേന്ദ്രസ്ഥാനം വഹിക്കുന്നു. പാരമ്പര്യത്തിന്റെ പരമാണുക്കളാണവ. ഓരോ ജന്തുവിന്റെയും ഭാഗധേയത്തെ നിയന്ത്രിക്കുന്ന ദുരൂഹശക്തികളാണ് അവയിൽ കുടികൊള്ളുന്നത്. എത്രയോ ആയിരം വർഷങ്ങളായി വിധിയെന്നും, ദൈവഗതിയെന്നും കർമ്മബന്ധമെന്നുമുള്ള പേരുകളിൽ മനുഷ്യരാശിയാൽ ഭീതിപൂർവ്വം വീക്ഷിക്കപ്പെട്ടുവരുന്ന വിഷയങ്ങളിലേയ്ക്ക്, ഇവയിലൂടെ നമുക്ക് ഇദംപ്രഥമമായി ഒരുൾക്കാഴ്ച ലഭിക്കുന്നു. ഈ സൂക്ഷ്മഘടകങ്ങൾക്ക് കൃത്രിമമായ പ്രയോഗങ്ങൾകൊണ്ട് മാററം വരുത്താമെന്നും, അങ്ങിനെ പുതിയ ജാതി ജന്തുക്കളെ ജനിപ്പിക്കാമെന്നും പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. ഈ മാററങ്ങളെ രസതന്ത്രരീത്യാ

Digitized by Kerala Sahitya Akademi

മനസ്സിലാക്കുന്നതിനുള്ള തീവ്രയത്നങ്ങളും ഇന്നു നടക്കുന്നുണ്ട്. ഈ വഴിക്കു കിട്ടുന്ന അറിവ് വേണ്ടത്ര വദ്ധിക്കുമ്പോഠം എന്തൊക്കെയാണ് സാധിച്ചുകൂടാത്തത്! ''ജാത്യാ ഉള്ളതു തൂത്താൽ പോകുമോ'' എന്നും ''തലയിലെഴുത്തു മാററാൻ കഴിയുമോ'' എന്നുമുള്ള ചൊല്ലുകഠക്ക് മനുഷ്യനോളംതന്നെ പഴക്കമുണ്ട്. അസാദ്ധ്യമെന്ന് അനുഭവസിദ്ധമായി കരുതപ്പെടുന്ന ഈ സംഗതികഠം അത്ഭുതകരമായ ചില ഔഷധങ്ങളുടെ മറിമായങ്ങളാണെന്നു വെളിപ്പെടാൻ പോകുന്നതുപോലെ തോന്നുന്നു.

സ്വഭാവങ്ങഠം നിണ്ണയിക്കുന്നവയും ഉററതിരിഞ്ഞു നില്ക്കുന്നവയുമായ ഈ സൂക്ഷ്മഘടകങ്ങളിൽനിന്നു സങ്കീണ്ണവും അവിഭാജ്യവുമായ ജന്തുശരീരം രൂപമെടുക്കുന്നത് എങ്ങിനെയെന്നുള്ളതാണ് ഇന്നത്തെ ജന്തുശാസ്ത്രജ്ഞന്മാരെ ആകഷിച്ചിട്ടുള്ള മറെറാരു പ്രശ്നം. ഒരു ജന്തു എന്നു പറയുന്നതു വ്യതിരിക്തങ്ങളായ സ്വഭാവങ്ങളായിട്ടല്ല പ്രത്യക്ഷപ്പെടുന്നത്. അതിനു നിസ്തക്കമായ രൂപസമഗ്രതയും ഭാവസമഗ്രതയും എല്ലാമുണ്ട്. പക്ഷെ പാരമ്പര്യത്തെപ്പററിയുള്ള പാഠം ഈ പരമാത്ഥത്തെ നിഷേധിക്കുന്നതായിട്ടാണ് കാണുന്നത്. സ്വഭാവഘടകങ്ങളുടെ വ്യതിരേകവും ജീവികളുടെ അവിഭാജ്യതയും തമ്മിലുള്ള ഈ പൊരുത്തക്കേടു വളരെ പ്രയാസത്തിനു കാരണമായി. ഓരോ ജന്തുവും ബീജാവസ്ഥയിൽനിന്നു പൂണ്ണരൂപം പ്രാപിക്കുന്നതും നിദ്ദിഷ്ടകാലം ജീവിച്ചു മരണമടയുന്നതും ഒരു സമഗ്രവസ്തുവായിട്ടാണ്; അനേകം അംശങ്ങളായിട്ടല്ല. ചുരുക്കിപ്പറഞ്ഞാൽ ജന്തുവിൻെറ ഉത്ഭവത്തെയും പാരമ്പര്യത്തെയും പരിഗണിക്കുമ്പോഠം അതിൽ അംശങ്ങളെയുള്ളു; ഉത്ഭവാനന്തരമുള്ള വളച്ചയെ പരിഗണിക്കുമ്പോഠം അതിൽ അംശങ്ങളല്ല, പൂണ്ണതയാണ് കാണപ്പെടുന്നത്. 1918–ലാണ് ഈ പ്രഹേളികയ്ക്ക് ഒരു വ്യാഖ്യാനം കണ്ടെത്തിയത്. ആ കൊല്ലം സ്പെമാൻ എന്ന ജമ്മൻ ശാസ്ത്രജ്ഞൻ ജന്തുക്കളുടെ വളച്ചയിൽ അവയ്ക്കു സമഗ്രരൂപം കൈവരുത്തുന്ന ഉപാധികഠം കണ്ടുപിടിച്ചു. അദ്ദേഹം വെളിപ്പെടുത്തിയ തത്വം ഇതാണ്:

ഒരു ജന്തു പൂണ്ണമായല്ലാതെ അംശങ്ങളായി വളരുവാൻ സാദ്ധ്യമല്ലെന്നുള്ള സങ്കല്പം തെററാണ്. കണ്ണും കാലും തലച്ചോറും ഉടലും എല്ലാം ഒരുമിച്ചു ഒത്തിണങ്ങിവന്നെങ്കിലെ അതു വളരുകയുള്ളു എന്നു പറഞ്ഞുകൂടാ. അത് അംശങ്ങളായും വളരും. പ്രത്യേകതരത്തിലുള്ള പ്രയോഗങ്ങഠംകൊണ്ട് അര ജന്തുവിനെയും

Digitized by Kerala Sahitya Akademi

അരയ്ക്കാൽ ജന്തുവിനേയും, ചിലപ്പോഠം ഒന്നര ജന്തുവിനേയും വളർത്തിയെടുക്കാം. ഇത്തരം വൈകൃതങ്ങഠം പ്രകൃതിയിലും താനെ ഉണ്ടാകാറുണ്ട്. പക്ഷെ അതെങ്ങിനെ സംഭവിക്കുന്നു എന്നു മനസ്സിലാക്കി കൃത്രിമമായി അതുണ്ടാക്കുകയാണ് സ്പെമാൻ ചെയ്തത്. ജന്തുക്കളുടെ വളർച്ചയിൽ പ്രത്യക്ഷപ്പെടുന്ന രൂപസമഗ്രത ഭിന്നങ്ങളായ അനേകം സംഭവങ്ങഠം ഒത്തിണങ്ങുന്നതുമൂലം ഉണ്ടാകുന്നതാണ്. ഇവയിൽ ഓരോന്നിലും നമുക്കു പ്രത്യേകം പ്രത്യേകം ഇടപെടുവാനും ഇടങ്കോലിടുവാനും സാധിക്കും. അങ്ങിനെ ഈ പരീക്ഷണങ്ങളും വ്യതിരിക്തങ്ങളായ അംശങ്ങളുടെ ഭാഗത്തേക്കു തന്നെയാണ് ചായുന്നത്. എങ്കിലും ഒരു വ്യത്യാസമുണ്ട്. പാരമ്പര്യത്തെപ്പറ്റിയുള്ള പഠനം വെളിപ്പെടുത്തിയത് ഒററതിരിഞ്ഞുനില്ക്കുന്ന വസ്തുക്കളെയാണ്. സ്പെമാനും കൂട്ടുകാരും വെളിപ്പെടുത്തിയത് വ്യതിരിക്തങ്ങളായ സംഭവങ്ങളെയാണ്. ഇവയെ പരസ്പരം യോജിപ്പിക്കുവാനാണ് ഇന്നത്തെ ശ്രമം. ജന്തുക്കളുടെ സ്വഭാവങ്ങഠംക്കു ആസ്പദമായി നില്ക്കുന്ന വസ്തുമാത്രങ്ങളായ ബീജഘടകങ്ങഠം, വാസ്തവത്തിൽ അവയുടെ വളർച്ചയെ നിയന്ത്രിക്കുന്ന സംഭവങ്ങഠംക്കു പുമതലപ്പെട്ടവയാണെന്നു കരുതേണ്ടിയിരിക്കുന്നു. ഈ സംഭവങ്ങളുടെ അഘാതങ്ങളും പ്രത്യാഘാതങ്ങളുമാണ് ജന്തുവിൻെറ വളർച്ചയും ജീവിതവുമായി പ്രത്യക്ഷപ്പെടുന്നത്. ഇങ്ങിനെ ഒരു വ്യാഖ്യാനം സ്വീകരിച്ചാൽ സംഭവങ്ങഠംക്കു മുൻകൈ കൊടുക്കാതെ തരമില്ല. വസ്തുമാത്രങ്ങളായ ഘടകങ്ങഠം ഈ സംഭവങ്ങളുടെ ഭാഗങ്ങളാണ്; അവയിലെ പ്രത്യേകഘട്ടങ്ങളുടെ ചിഹ്നങ്ങഠം മാത്രമാണ്. ഒരു ഉദാഹരണംകൊണ്ട് ഇതു വ്യക്തമാക്കാം. മഴത്തുള്ളിയാണ് വർഷക്കാലത്തിൻെറ സാരസർവ്വസ്വമായി നാം കാണുന്നത്. എങ്കിലും മഴത്തുള്ളിയേയും ഇടവപ്പാതിയിലെ കോളിളക്കങ്ങളേയും കൂട്ടിയിണക്കുവാൻ നോക്കുമ്പോഠം കോളിളക്കം മുൻകൈ നേടുന്നു. മഴത്തുള്ളി ആ സംഭവങ്ങളിലെ ഒരു പ്രത്യേകഘട്ടത്തിൻെറ പ്രതിനിധിയായി മാറുന്നു. ജന്തുപാരമ്പര്യത്തെ പരിഗണിക്കുമ്പോഠം നാം കണ്ടെത്തുന്ന വസ്തുമാത്രങ്ങളായ സൂക്ഷ്മഘടകങ്ങളുടെ കഥയും ഇതുപോലെയാണ്. അവ അടിസ്ഥാനഭൂതങ്ങളും അനുസ്യൂതങ്ങളുമായ ജീവിതവൃത്തികളിൽ ഓരോ സ്ഥാനത്തെ കുറിക്കുന്നവയാണ്. ജന്തുക്കളെ ജീവിതവൃത്തികളായും സ്വഭാവങ്ങളായും അപഗ്രഥിച്ചാൽ ഈ ഘടക

Digitized by Kerala Sahitya Akademi

ങ്ങളും അതാതിന്റെ സ്ഥാനങ്ങളിൽ ഇണങ്ങിച്ചേരുന്നതായി കാണാം.

എന്റെ വിവരണം ഇന്നത്തെ പ്രയാസമേറിയ ഈ ചിന്താഗതിയെ വ്യക്തമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. പ്രപഞ്ചത്തെ 'സ്ഥാനവും' 'മാനവും' ഉള്ള നിശ്ചലസാധനങ്ങളായി കാണുവാനാണ് നാം പരിചയിച്ചിട്ടുള്ളത്. ആകാശം, ഭൂമി, കല്ല്, മണ്ണ്, മരം എന്നിങ്ങിനെയുള്ള സ്ഥാവരങ്ങളുടെ പ്രതീതിയാണ് നമ്മുടെ മനസ്സിൽ അടിസ്ഥാനഭൂതമായി നില്ക്കുന്നത്. അതു തെളിവു വേണ്ടാത്ത ഒരു പരമാർത്ഥമായി നാം സ്വീകരിക്കുന്നു. മററു സകലതിനും ഉള്ള പ്രമാണവും പശ്ചാത്തലവും അതാണ്. എന്തെങ്കിലും ചലനമോ, ഏററക്കുറവോ ഉണ്ടായാൽ അതു വെറുമൊരു സംഭവമായി നാം കരുതുന്നു. പ്രസ്തുത സംഭവം അപ്രധാനമാണ്; ആനുഷംഗികമാണ്. ആദ്യം പറഞ്ഞ സ്ഥാവരങ്ങളാണ് അടിയിലുള്ള പരമാർത്ഥം. ഈ മനോഭാവം മാറി, സംഭവങ്ങൾക്കു പ്രാഥമ്യവും പ്രാധാന്യവും നല്കുന്ന വീക്ഷണഗതി സ്വീകരിക്കുവാൻ പ്രയാസമാണ്. എങ്കിലും അതാണ് ശരിയായ വീക്ഷണം. ജീവികളെയും ജീവനെയും കുറിച്ചു ചിന്തിക്കുമ്പോൾ ഒരു സ്ഥാവരബോധമല്ല, ജംഗമബോധമാണ് നമുക്കുണ്ടാകേണ്ടത്. സംഭവങ്ങളെയാണ് അടിസ്ഥാനമായി സ്വീകരിക്കേണ്ടത്. സ്ഥാവരഭാവങ്ങൾ യാദൃച്ഛികങ്ങളാണ്; ജംഗമഭാവത്തിന്റെ ഇടനിലകൾ മാത്രമാണ്. ചതുരംഗത്തിൽ കരുക്കളുടെ നിലയെമാത്രം നോക്കിയിരിക്കുന്നവനും, അവയുടെ ഗതിയിൽ ശ്രദ്ധിക്കുന്നവനും തമ്മിലുള്ള വ്യത്യാസം ഇന്നലത്തെയും ഇന്നത്തെയും ജന്തുശാസ്ത്രങ്ങൾ തമ്മിലുണ്ട്.

ഇങ്ങിനെ ഒരു വീക്ഷണഗതി ഇന്നു ഭൗതികശാസ്ത്രം അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പദാർത്ഥത്തിന്റെ ഘടകങ്ങളായി കരുതപ്പെട്ടിരുന്ന ഇലക്ട്രോൺ, പ്രോട്ടോൺ തുടങ്ങിയ സൂക്ഷ്മങ്ങളായ പരമാണുക്കൾ യാഥാർത്ഥ്യത്തിന്റെ ഭാഗികമായ ചിത്രം മാത്രമാണെന്നും, പദാർത്ഥഘടകങ്ങളെ തരംഗസമൂഹങ്ങളായി ജംഗമഭാവത്തിൽ സങ്കല്പിക്കുന്നതാണ് ശരിയായ വീക്ഷണമെന്നും ഡി ബ്രോഗ്ലി,ഷ്റോഡിങ്ങർ, ഹൈസൻബെർഗ്ഗ് എന്നിവരുടെ നിരീക്ഷണങ്ങൾ തെളിയിക്കുന്നു. ആററംബോംബുൾപ്പെടെയുള്ള ഭൗതികശാസ്ത്രവിജയങ്ങൾ ഈ പുതിയ വീക്ഷണത്തിന്റെ ഫല

Digitized by Kerala Sahitya Akademi

ങ്ങളാകുന്നു. ജന്തുശാസ്ത്രത്തിൽ ഈ പരിവർത്തനം വന്നുതുടങ്ങിയി ട്ടേയുള്ളു. എങ്കിലും ഇതിനകംതന്നെ പല ഗുണങ്ങളും അതുകൊ ണ്ടുണ്ടായിട്ടുണ്ട്. ഒരു ചെറിയ ഉദാഹരണംമാത്രം പറയാം. ജന്തുശാസ്ത്രത്തിൽ ഹരി: ശ്രീ കുറിയ്ക്കുന്നത് തവളയിലാണെന്നു സുവിദിതമാണല്ലോ. അതിനെ കീറിനോക്കിയാണ് ഈ ശാസ്ത്ര ത്തിൻെറ പ്രാരംഭപാഠങ്ങൾ എല്ലാവരും അഭ്യസിയ്ക്കുന്നത്. വിജ്ഞാനത്തിൻെറ പുരോഗതിയ്ക്കുവേണ്ടി ഇത്ര വലിയ തോതിൽ ബലികഴിയ്ക്കപ്പെട്ടിട്ടുള്ള ജന്തുക്കൾ വേറെയില്ല. താഴ്ന്ന ക്ലാസ്സുക ളിലെ വിദ്യാർത്ഥികൾക്കുപോലും സുപരിചിതമായ ഈ ജന്തുവി നെക്കുറിച്ചുള്ള സകല വിവരങ്ങളും അറിയാമെന്നാണ് എല്ലാവരും വിചാരിച്ചിരുന്നത്. മനുഷ്യൻെറയും മററും ഹൃദയത്തിൽ ശുദ്ധ രക്തത്തെയും അശുദ്ധരക്തത്തെയും കൈകാര്യം ചെയ്യുവാൻ പ്ര ത്യേകം സഞ്ചികളുണ്ട്. രണ്ടുതരം രക്തവും കൂടിക്കലരുന്നില്ല. അശുദ്ധരക്തം മാത്രം ശ്വാസകോശത്തിലേയ്ക്കും ശുദ്ധരക്തം മററ വയവങ്ങളിലേയ്ക്കും പോകുന്നു. തവളയ്ക്ക് ഈ രണ്ടുതരം രക്ത ത്തെയും കൈകാര്യം ചെയ്യുവാൻ ഒരൊററ സഞ്ചിയേയുള്ളു. രണ്ടും അതിൽ ഒന്നിച്ചു വീഴുന്നു. ഇങ്ങിനെയാണെങ്കിലും ഹൃദ യസഞ്ചിയുടെ ഘടനാവിശേഷത്താൽ രക്തത്തിനു വലിയ കല പ്പൊന്നും ഉണ്ടാകുന്നില്ലെന്നും അശുദ്ധരക്തം ശ്വാസകോശത്തി ലേയ്ക്കു തന്നെയാണ് പോകുന്നതെന്നും ഇന്നലെവരെ വ്യാഖ്യാനി യ്ക്കപ്പെട്ടുവന്നു. ഈ വ്യാഖ്യാനം ഹൃദയത്തിൻെറ ഘടനയെ മുൻനിർത്തിയുള്ള ഊഹം മാത്രമായിരുന്നു എന്നുവരികിലും എല്ലാ വരും അത് അംഗീകരിയ്ക്കുകയുണ്ടായി. പക്ഷെ ഈയ്യിടെ പ്രസി ദ്ധപ്പെടുത്തിയ ഒരു ഗവേഷണപ്രബന്ധത്തിൽ ഈ വ്യാഖ്യാനം സവ്വാബദ്ധമാണെന്നു തെളിയിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഈ ഗവേ ഷണം നടത്തിയ ശാസ്ത്രജ്ഞൻ ഹൃദയത്തിൻെറ ഘടനയിലല്ല ശ്രദ്ധിച്ചത്; അതിൻെറ പ്രവർത്തനത്തിലാണ്. അതു നേരിട്ടു മനസ്സിലാക്കുവാനുള്ള വിദ്യ അദ്ദേഹം കണ്ടുപിടിച്ചു. ഹൃദയ ത്തിൽനിന്നു ശ്വാസകോശത്തിലേയ്ക്കും മററവയവങ്ങളിലേയ്ക്കും പോകുന്ന രക്തത്തിൻെറ സ്വഭാവമെന്താണെന്നാണ് അദ്ദേഹം പരിശോധിച്ചത്. ഇതിൻെറ ഫലം വിസ്മയാവഹമായിരുന്നു. രക്തമെല്ലാം ഒരേവിധത്തിലുള്ളതായിട്ടാണ് കണ്ടത്. ശ്വാസ കോശത്തിലേയ്ക്കു പോകുന്നതുപോലെതന്നെയുള്ള രക്തമാണ് മററ വയവങ്ങളിലേയ്ക്കും പോകുന്നത്. മനുഷ്യനിലോ മററോ ഇങ്ങിനെ

Digitized by Kerala Sahitya Akademi

സംഭവിച്ചാൽ മരണം നിശ്ചയമാണ്. പക്ഷേ തവളയ്ക്കു് ഇതുകൊണ്ടു യാതൊരു കേടും വരുന്നില്ല. ഇതിന്റെ കാരണം എന്താണെന്നു അന്വേഷിച്ചപ്പോൾ പ്രസ്തുത ജന്തുവിന്റെ രക്തപരിവാഹത്തെപ്പററിയുണ്ടായിരുന്ന ധാരണകളൊക്കെ മാറേറണ്ടിവന്നു. അതിന്റെ ഹൃദയത്തിൽ വീഴുന്ന രക്തം ശുദ്ധമെന്നും അശുദ്ധമെന്നും വേർതിരിയ്ക്കാവുന്നതല്ല. രക്തമെല്ലാം ഒരേ സഞ്ചിയിൽ വീണു കൂടികലരുന്നില്ലെങ്കിലാണ് ആപത്തുള്ളത്. അതിന്റെ ഹൃദയഘടനയ്ക്കുതന്നെ പുതിയ അർത്ഥമുണ്ടെന്നു വെളിപ്പെട്ടിരിയ്ക്കുന്നു. മുമ്പു, വളച്ചുകെട്ടിയ വ്യാഖ്യാനത്തിൽ കലപ്പു തടയാനുള്ളതെന്നു വിചാരിച്ചിരുന്ന ഹൃദയസഞ്ചി കലപ്പുണ്ടാക്കുവാനുള്ളതാണെന്നു കാണുന്നു. ഇതു് ഇങ്ങേയററത്തെ ഒരു ഉദാഹരണമാണ്. എങ്കിലും ജന്തുശാസ്ത്രത്തിലുണ്ടായിട്ടുള്ള പുതിയ ഉണർവ്വ് അതിനെ പരീക്ഷണപക്ഷപാതിയാക്കിയിട്ടുണ്ടെന്നും തന്മൂലം നമുക്കു ജീവന്റെ രഹസ്യങ്ങളെക്കുറിച്ചു വളരെ കൂടുതൽ അറിവു നേടുവാൻ വഴിതെളിഞ്ഞിട്ടുണ്ടെന്നും അതു കാണിയ്ക്കുന്നുണ്ട്. ജീവജാലത്തിന്റെ അടിസ്ഥാനധർമ്മങ്ങൾ പുതിയ രീതിയിലുള്ള ഇമ്മാതിരിപഠനത്തിനു വിധേയമായിക്കൊണ്ടിരിയ്ക്കുന്ന കാലമാണിത്. രസതന്ത്രവും, ഭൗതികശാസ്ത്രവും, ഗണിതംപോലും ജന്തുശാസ്ത്രഗവേഷണത്തിനു ആവശ്യമായിത്തീർന്നിരിയ്ക്കുന്നു. ഈ പുതിയ അന്വേഷണം വെളിപ്പെടുത്തുവാൻപോകുന്ന മഹാത്ഭുതങ്ങളെക്കുറിച്ചുള്ള പ്രതീക്ഷ ഇന്നു പരക്കെയുണ്ട്. അതിനെ സഫലീകരിയ്ക്കുവാനുള്ള മഹായത്നമാണ് ഇന്നത്തെ ജന്തുശാസ്ത്രം.

[തിരുവനന്തപുരം ബ്രോഡ്കാസ്റ്റിങ്ങ് സ്റ്റേഷന്റെ ഡയരക്ടരുടെ അനുമതിയോടുകൂടി]

Digitized by Kerala Sahitya Akademi

## 23

# റഷ്യയിലെ ജീവശാസ്ത്രം

(1949)

ഇന്നു റഷ്യയിൽ നിലവിലിരിക്കുന്ന സമുദായസ്ഥിതിയുടെ അടിസ്ഥാനമായ മാർക്സിയൻതത്ത്വങ്ങൾ ജീവശാസ്ത്രത്തോടു ബന്ധപ്പെട്ടവയാണ്. താൻ സമുദായശാസ്ത്രത്തിലെ ഡാർവിനാണെന്നു കാറൽമാർക്സ് പറയാറുണ്ടായിരുന്നു. Das Kapital എന്ന തന്റെ മഹാഗ്രന്ഥം ഡാർവിന്ന് സമർപ്പിക്കണമെന്നും അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ അക്കാര്യം ഡാർവിനെ അറിയിച്ചപ്പോൾ ആ ശാസ്ത്രജ്ഞൻ വലിയ താല്പര്യം കാണിച്ചില്ല. അതുകൊണ്ടാണ് അങ്ങിനെയൊരു സമർപ്പണകർമ്മം നടക്കാതിരുന്നത്. മാർക്സ് അതിൽ വളരെ ഖേദിച്ചതായി പറയപ്പെടുന്നു. മാർക്സിന് ജീവശാസ്ത്രത്തോടു തോന്നിയ ഈ ആദരവ് അദ്ദേഹത്തിന്റെ സ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളാക്കിയ ലെനിന്റെ വീക്ഷണഗതിയിലും പ്രകടമായിരുന്നു. ആധുനികശാസ്ത്രങ്ങളുടെ, പ്രത്യേകിച്ച് ജീവശാസ്ത്രത്തിന്റെ സഹായത്തോടുകൂടിമാത്രമേ റഷ്യക്ക് ഉൽക്കർഷം പ്രാപിക്കാൻ സാധിക്കയുള്ളു എന്ന് അദ്ദേഹം മനസ്സിലാക്കുകയും ആ സഹായം കൈവരുത്തുന്നതിനുവേണ്ട സാഹചര്യങ്ങൾ ആദ്യമേതന്നെ സൃഷ്ടിക്കുകയുംചെയ്തു. ഏറിയകൂറും കർഷകവൃത്തികൊണ്ടുതന്നെ പുലർന്നിരുന്ന റഷ്യക്കു ജീവശാസ്ത്രത്തിന്റെ സംഭാവനകൾ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം കണ്ടു. പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മെച്ച്നിക്കോവ് എന്ന മഹാന്റെ ഗവേഷണങ്ങൾമൂലം റഷ്യക്കു ജീവശാസ്ത്രത്തിൽ യശസ്സുനേടുവാൻ കഴിഞ്ഞിരുന്നു എങ്കിലും, വലിയ തോതിൽ ആധുനികഗവേഷണങ്ങൾ നടത്തുന്നതിനുവേണ്ട സൗകര്യങ്ങളൊന്നും ആ രാജ്യത്തില്ലായിരുന്നു. ഗവർമ്മെന്റിന്റെ ആഭിമുഖ്യത്തിൽത്തന്നെ അതെല്ലാം ഉണ്ടാക്കുവാൻ ലെനിൻ തീർച്ചപ്പെടുത്തി. എൻ. ഐ. വാവിലോവ് എന്ന മധ്യവയസ്കനായ ഒരു ശാസ്ത്രജ്ഞനെയാണ് അദ്ദേഹം ഇതിനുവേണ്ടി തിരഞ്ഞെടുത്തത്. പശ്ചിമയൂറോപ്പിലെ ശാസ്ത്രീയകേന്ദ്രങ്ങളിൽ വളരെക്കാലത്തെ ശിക്ഷണം സിദ്ധിച്ച ഈ റഷ്യക്കാരൻ അസാമാന്യമായ

Digitized by Kerala Sahitya Akademi

ബുദ്ധിശക്തിയും അദ്ധ്വാനശീലവും ലെനിൻെറ അത്രതന്നെ ദീർഘദൃഷ്ടിയുമുള്ള ആളായിരുന്നു. ലെനിൻെറ നിയോഗത്തെ ശിരസാവഹിച്ച് അദ്ദേഹം ജീവശാസ്ത്രത്തെ സോവിയററുനാടിൻെറ ആവശ്യത്തിനു യോജിച്ച തോതിൽ വളർത്തുവാൻ ശ്രമിച്ചു. ആ വിസ്തൃതരാജ്യത്തിൻെറ നാനാഭാഗങ്ങളിലും അദ്ദേഹം നൂതനങ്ങളായ ഗവേഷണശാലകൾ സ്ഥാപിച്ചു. പത്തുകൊല്ലംകൊണ്ട് ഇവയുടെ എണ്ണം ആയിരക്കണക്കിലെത്തി. ഓരോ പ്രദേശത്തെയും കാലാവസ്ഥകളും കാർഷികപ്രശ്നങ്ങളും നേരിട്ടു പഠിയ്ക്കുന്നതിനും റഷ്യൻജനതയുടെ ആവശ്യങ്ങളറിഞ്ഞു ഗവേഷണങ്ങൾ നടത്തുന്നതിനും അവരുടെ ഭൗതികക്ഷേമത്തെ എത്രയുംവേഗം വളർത്തുന്നതിനുമാണ് വാവിലോവ് വിപുലമായ ഈ സംഘടനമൂഖേന യത്നിച്ചത്. വൻതോതിലുള്ള ഈ ഗവേഷണവകുപ്പ് ഭരിച്ചതിനോടൊപ്പംതന്നെ സ്വയം ഗവേഷണങ്ങളിലേപ്പെടുന്നതിനും മഹോദ്യമനായ ഈ ശാസ്ത്രജ്ഞനു സാധിച്ചു. റഷ്യൻജനതയുടെ ആഹാരത്തിനുതകിയ കൃഷിച്ചെടികളിലാണ് അദ്ദേഹത്തിൻെറയും അനുയായികളുടെയും ശ്രദ്ധ മുഖ്യമായി പതിഞ്ഞത്. റഷ്യൻ കാലാവസ്ഥകൾക്കു യോജിച്ച പുതിയ തരം കൃഷിച്ചെടികളെ ജീവശാസ്ത്രത്തിൻെറ സഹായത്തോടെ ഉണ്ടാക്കിയെടുക്കുവാൻ അവർ ശ്രമിച്ചു. ലോകപ്രസിദ്ധനായ ഈ ശാസ്ത്രജ്ഞൻെറ നേതൃത്വത്തിൽ 1920 മുതൽ 1930 വരെ, പത്തു കൊല്ലംകൊണ്ട് റഷ്യയിലുണ്ടായ കൃഷിശാസ്ത്രപരമായ പുരോഗതി, ഇംഗ്ലണ്ടിൽ ഇനിയും ഒരയ്മ്പതുകൊല്ലം കഴിഞ്ഞാലും ഉണ്ടാകുമെന്നു താൻ പ്രതീക്ഷിയ്ക്കുന്നില്ലെന്ന് ഒരു ഇംഗ്ലീഷുശാസ്ത്രജ്ഞൻ എഴുതുകയുണ്ടായി.

കൃഷിച്ചെടികളുടെ ലക്ഷണങ്ങളെയും സ്വഭാവവിശേഷങ്ങളെയും കുറിച്ചുള്ള ഗവേഷണങ്ങളിലാണ് വാവിലോവും അനുയായികളും ഏർപ്പെട്ടിരുന്നത്. ഈ ലക്ഷണങ്ങളുടെ നിദാനങ്ങളും നിഷ്പത്തികളും കണ്ടുപിടിച്ച് റഷ്യൻകർഷകന് ഏററവും ഗുണകരമായ ലക്ഷണങ്ങളുള്ള പുതിയതരം കൃഷിച്ചെടികളെ വളർത്തിയെടുക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ക്ഷമയേറിയ പരീക്ഷണങ്ങൾകൊണ്ടല്ലാതെ, ഇന്ദ്രജാലംകൊണ്ടൊന്നും സാധിക്കാവുന്ന ഒരു കാര്യമല്ലിത്. ജീവജാലത്തിൻെറ പാരമ്പര്യത്തെപ്പററിപ്പഠിയ്ക്കുന്ന ശാസ്ത്രശാഖയിൽ ചിരകാലമായി അംഗീകരിയ്ക്കപ്പെട്ടുവന്ന നിയമങ്ങളും ചിന്താഗതികളും അനുസരിച്ചാണ് വൻപിച്ച

Digitized by Kerala Sahitya Akademi

തോതിലുള്ള ഈ റഷ്യൻഗവേഷണങ്ങരം നടത്തപ്പെട്ടത്. ഉടനടി ഉപയോഗമില്ലാത്തതെങ്കിലും സിദ്ധാന്തപരമായിനോക്കുമ്പോരം വിലയേറിയ എത്രയോ ഉപദർശനങ്ങരം വാവിലോവും അനുയായികളും പ്രസിദ്ധപ്പെടുത്തി. റഷ്യൻഭാഷയിലുണ്ടായ ഈ പ്രസിദ്ധീകരണങ്ങരം അന്യരാജ്യങ്ങളിലേയ്ക്ക് അധികമൊന്നും പ്രചരിയ്ക്കാതിരുന്നതുകൊണ്ട് ബാഹ്യലോകം വളരെ നാളത്തേയ്ക്കു ഇതേപ്പററി യാതൊന്നും അറിഞ്ഞില്ല. തർജ്ജമകളും മററും ഉണ്ടായി ഈ പ്രബന്ധങ്ങരം വായിയ്ക്കുവാനിടയായപ്പോരം പശ്ചിമയൂറോപ്പിലും അമേരിയ്ക്കയിലുമുണ്ടായ അത്ഭുതം അതിരററതായിരുന്നു. ജീവശാസ്ത്രത്തിനു റഷ്യയിൽ സിദ്ധിച്ച മഹത്തായ ഉജ്ജീവനം ലോകത്തിൻെറ ആദരവിനു പാത്രമായി.

ആധുനികറഷ്യയിലെ ജീവശാസ്ത്രത്തിൻെറ പിതാവും മാതാവുമായ ഈ മഹാശാസ്ത്രജ്ഞനെപ്പററി ഇന്നു യാതൊന്നും കേരംക്കാനില്ല. ഏഴെട്ടു കൊല്ലമായി അദ്ദേഹത്തിന് എന്തു സംഭവിച്ചു എന്ന് ആക്കും അറിഞ്ഞുകൂടാ. അദ്ദേഹം സോവിയററ്ഗവമ്മെണ്ടിൻെറ അപ്രീതിയ്ക്കു പാത്രമായെന്നും തന്മൂലം സംഹരിയ്ക്കപ്പെട്ടുവെന്നും വിശ്വസിയ്ക്കപ്പെടുന്നു. ഈ അപ്രീതിയ്ക്കുണ്ടായ കാരണം വിചിത്രമാണ്. വാവിലോവിൻെറ കീഴിൽ, കരിങ്കടൽ തീരത്തുള്ള ഒഡെസ്സാ എന്ന സ്ഥലത്ത് ജോലിനോക്കിയിരുന്ന ലൈസൻകൊ എന്നൊരു യുവാവ് 1939–ൽ തൻെറ മേലധികാരിയെയും അദ്ദേഹത്തിൻെറ ഗവേഷണങ്ങരംക്ക് ആധാരമായ പാരമ്പര്യശാസ്ത്രഗവേഷണങ്ങളെയും അടിമുടി ഖണ്ഡിയ്ക്കുകയുണ്ടായി. ജീവശാസ്ത്രജ്ഞന്മാരുടെ ഒരു വലിയ സമ്മേളനത്തിൽ വെച്ചാണ് ഇതുണ്ടായത്. ചെടികളുടെ സ്വഭാവപാരമ്പര്യത്തെപ്പററി സങ്കീർണ്ണങ്ങളായ സിദ്ധാന്തങ്ങരം കെട്ടിച്ചമച്ചതുകൊണ്ട് യാതൊരു വിശേഷവുമില്ലെന്നും, കഷ്കന്ന് എന്തു സഹായം നല്കി എന്നതിനെ ആശ്രയിച്ചാണ് സസ്യശാസ്ത്രത്തിൻെറ വിജയവും പരാജയവും നിർണ്ണയിയ്ക്കേണ്ടതെന്നും, ഇതിൽ വാവിലോവും അദ്ദേഹം നടത്തിയ ബൃഹദ്ഗവേഷണങ്ങളും പരാജയപ്പെടുകയാണ് ചെയ്തതെന്നും ലൈസൻകൊ വാദിച്ചു. പത്തു കൊല്ലം മുമ്പ് ഒരു വാദപ്രതിവാദമായി ആരംഭിച്ച ഈ അഭിപ്രായവ്യത്യാസം ഇന്നു വാവിലോവിൻെറ തിരോധാനത്തിലും ലൈസൻകോയുടെ വിജയത്തിലും കലാശിച്ചിരിയ്ക്കുന്നു. ലൈസൻകൊ ഇന്നു റഷ്യയിലെ ശാസ്ത്രമണ്ഡലത്തിൽ ഏററവും പ്രമാണിയായ

Digitized by Kerala Sahitya Akademi

ആളാണ്. അദ്ദേഹത്തിൻെറ അധികാരശക്തിക്ക് അതിരും എതിരുമില്ല. വാവിലോവും അദ്ദേഹത്തെപ്പോലെ ശാസ്ത്രത്തിൻെറ അംഗീകൃതസങ്കല്പങ്ങളെ പിൻതുടൎന്ന ജീവശാസ്ത്രജ്ഞന്മാരും തങ്ങളുടെ പ്രവൃത്തിപഥത്തിൽനിന്നു നിഷ്ഠുരണം നിമ്മാജ്ജനംചെയ്യപ്പെട്ടിരിക്കുന്നു. അവർ ജോലി തുടരുന്നതും ജീവിച്ചിരിക്കുന്നതുതന്നെയും റഷ്യൻഗവമ്മേണ്ടിന് ഹിതകരമല്ലാതായിരിക്കുന്നു. ലൈസൻകൊ അധികാരത്തിൽ വന്നതും ഇങ്ങനെ കൊല്ലുംശക്തി കരസ്ഥമാക്കിയതും ബാഹ്യലോകം അംഗീകരിക്കുന്ന രീതിയിലുള്ള ഗവേഷണയത്നംകൊണ്ടല്ല. ശാസ്ത്രത്തെ രാഷ്ട്രീയവിദ്യകളുമായി കൂട്ടിക്കലൎത്തി, വാവിലോവിൻെറയും മററും ഗവേഷണ സമ്പ്രദായം റഷ്യൻ രാഷ്ട്രത്തിൻെറ അസ്തിത്വത്തിനുതന്നെ ആപത്താണെന്നു അധികാരികളെ വിശ്വസിപ്പിച്ചതുകൊണ്ടാണ്. നമുക്കിതു മനസ്സിലാക്കാൻ സാധ്യമല്ല. എങ്കിലും റഷ്യയിൽ അങ്ങിനെയാണ് സംഭവിച്ചിരിക്കുന്നത്. ഒരു വലിയ രാഷ്ട്രത്തിൻെറ ഭരണമേധാവികളെ മുഴുവനും സൂത്രശാലിയായ ഒരു പണ്ഡിതമ്മന്യൻ വഴിതെററിച്ചിരിക്കുന്നു എന്നാണ് ഇംഗ്ലണ്ടിലെയും അമേരിക്കയിലെയും നിരീക്ഷകന്മാർ പറയുന്നത്. ഇതും അത്ര ശരിയാണെന്നു തോന്നുന്നില്ല. റഷ്യയിലെ ഭരണാധികാരികൾ അത്ര മുഗ്ദ്ധബുദ്ധികളാണെന്നു കരുതുവാൻ ന്യായം കാണുന്നില്ല. ഒന്നുമില്ലെങ്കിൽ ഹിററ്ലറുടെ ദോഷത്തങ്ങൾ മനസ്സിലാക്കുന്നതിനും ആ പരാക്രമിയെ കീഴടക്കുന്നതിനും ഉള്ള കഴിവെങ്കിലും അവർ കാണിച്ചിട്ടുണ്ട്. പിന്നെ എങ്ങിനെയാണ് റഷ്യൻജീവശാസ്ത്രത്തിലെ ഈ ഭൂകമ്പം ഉണ്ടായതെന്ന് അത്ഭുതപ്പെടുകയേ നിവൃത്തിയുള്ളു.

ജീവശാസ്ത്രത്തിൽ ഇന്നോളം അംഗീകൃതമായിട്ടുള്ള നിയമങ്ങളും സങ്കല്പങ്ങളും ആലോചിച്ചാൽ ലൈസൻകോ പറയുന്നതു മുഴുവനും അസംബന്ധമാണ്. കൃഷിച്ചെടികളെ നമുക്കു വേണ്ട രീതിയിൽ രൂപപ്പെടുത്തിയെടുക്കുന്നതിന് പാരമ്പര്യശാസ്ത്രത്തിൻെറ സങ്കീൎണ്ണപദ്ധതികളൊന്നും വേണ്ടെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ജന്മനാ ലഭിക്കുന്ന ലക്ഷണങ്ങളും സ്വഭാവങ്ങളുമല്ലാതെ, ജനനശേഷം ബാഹ്യലോകത്തിൽനിന്നു കിട്ടുന്നതൊന്നും പിൻതലമുറകളിലേക്കു സംക്രമിക്കുകയില്ലെന്നുള്ളത് ജീവശാസ്ത്രത്തിൽ പരക്കെ വിശ്വസിക്കപ്പെട്ടുപോരുന്ന ഒരു തത്വമാണ്. ആൎജ്ജിതസ്വഭാവങ്ങൾ പരമ്പരാഗതങ്ങളാവുകയില്ല;

Digitized by Kerala Sahitya Akademi

അച്ഛൻ ആനകേറിയാൽ മകനു തഴമ്പുകിട്ടുകയില്ല. ഈ തത്വം ഡാർവിൻെറ കാലശേഷം പല രാജ്യങ്ങളിലും നടത്തപ്പെട്ട എത്രയോ പരീക്ഷണങ്ങൾമൂലം നിസ്തക്കം തെളിഞ്ഞിട്ടുള്ളതാണ്. പക്ഷെ ലൈസൻകോ പറയുന്നു ഇതബദ്ധമാണെന്ന്. ഇതിനു വേണ്ടത്ര തെളിവുകൊടുക്കാനും അദ്ദേഹം സന്നദ്ധനാണ്. വാവിലോവിൻെറ ഗവേഷണങ്ങൾ ആദ്യം പറഞ്ഞ തത്വത്തെ ആസ്പദമാക്കി, വർണ്ണസങ്കരംകൊണ്ട്—ജാത്യാതന്നെ നമുക്കാവശ്യമുള്ള ലക്ഷണങ്ങൾ കലന്ന കൃഷിച്ചെടികളെ ഉണ്ടാക്കിയെടുക്കുവാനാണ് ഉന്നിയത്. ലൈസൻകോ ആകട്ടെ ചെടിയുടെ പാരമ്പര്യത്തെ ക്കുറിച്ചൊന്നും ഗൗനിക്കുന്നില്ല. അതിനെ വേണ്ടതുപോലെ വളത്തിയാൽ മതി വേണ്ടതൊക്കെ കിട്ടും എന്നും വാദിക്കുന്നു. ഒരാറം, എല്ലാം വിത്തിൻെറ ഗുണത്തെയാണ് ആശ്രയിച്ചിരിക്കുന്ന തെന്നു പറയുന്നു. അപരൻ വിത്തേതായാലും മതി, കൃഷി വിദ്യകൾകൊണ്ടു നമുക്കതിനെ രൂപാന്തരപ്പെടുത്താമെന്നു പറയുന്നു. ഇതാണ് വ്യത്യാസം.

സിദ്ധാന്തപരമായ ഈ വാദപ്രതിവാദത്തിൽ സോവിയററു ഗവമെൻറിനോ ജനതക്കോ എന്തെങ്കിലും താല്പര്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. വാവിലോവിൻെറ പാരമ്പര്യശാസ്ത്രം ജീവജാലത്തിൽ വ്യക്തികൾക്കു സമത്വമുണ്ടെന്നു സമ്മതിക്കുന്നില്ലെന്നും അങ്ങിനെ അതു സോവിയററുഗവമെൻറിൻെറ വിശ്വാസ പ്രമാണത്തിനു വിരുദ്ധമാണെന്നും വേണമെങ്കിൽ പറയാവുന്നതാണ്. ലൈസൻകോയുടെവാദം നേരെമറിച്ച് വ്യക്തിമാഹാത്മ്യത്തെയും, കുലമഹിമയെയും, പാരമ്പര്യവിശേഷത്തെയുമെല്ലാം സമൂലം നിഷേധിക്കുകയും സൃഷ്ടിയിൽ എല്ലാ വ്യക്തികളും തുല്യരാണെന്നും ജന്മശേഷം ലഭിക്കുന്ന സൗകര്യങ്ങൾ മാത്രമാണ് ഓരോന്നിൻെറയും ഭാഗധേയത്തെ നിയന്ത്രിക്കുന്നതെന്നും സമത്ഥിക്കുന്നതുകൊണ്ട്, അതവക്കു കൂടുതൽ പ്രിയതരമാണെന്നും വിചാരിക്കാൻ വഴിയുണ്ട്. പക്ഷെ ഇതാണ് ലൈസൻകോയുടെ മഹാവിജയത്തിനു കാരണമെന്നു പറയുകയാണെങ്കിൽ അതും അത്ര വിശ്വാസ്യമാകുമെന്നു പറഞ്ഞുകൂടാ. അദ്ദേഹം കൃഷിശാസ്ത്രത്തിൻെറ പ്രായോഗികാംശങ്ങളിൽമാത്രം താല്പര്യമുള്ള ഒരാളായിട്ടാണ് ജീവിതം ആരംഭിച്ചത്. 1930നിടക്ക് ഒഡെസ്സായിൽ വെച്ച് അദ്ദേഹത്തെ കണ്ടിട്ടുള്ളവർ ആ യുവാവു പ്രദർശിപ്പിച്ച അജ്ഞതയെപ്പററി ആശ്ചര്യപ്പെടുകയുണ്ടായി. എങ്കിലും അദ്ദേഹ

Digitized by Kerala Sahitya Akademi

ത്തിന് ഒരു നല്ല കൃഷിക്കാരൻെറ കൈപ്പുണ്യവും ഭൂതോദയങ്ങളും ധാരാളമുള്ളതായി അവക്കു തോന്നി. ഈ പ്രായോഗികവൈദഗ്ധ്യംകൊണ്ടാണ് അദ്ദേഹം സോവിയററുഗവമ്മെൻറിൻെറ പ്രത്യേകപ്രീതിയ്ക്കു പാത്രമായതെന്നു വിചാരിയ്ക്കുവാൻ ന്യായമുണ്ട്. റഷ്യയുടെ പല ഭാഗങ്ങളും കൊല്ലത്തിൽ അധികസമയവും മഞ്ഞുകൊണ്ടു മൂടിക്കിടക്കുകയാണ്. വേനല്ക്കാലത്ത് കുറച്ചുനാൾ മാത്രമേ മഞ്ഞു നീങ്ങി ഭൂമി തെളിഞ്ഞുകിട്ടുകയുള്ളു. ഈ ചുരുങ്ങിയ കാലത്തിനിടയ്ക്ക് കൃഷിയിറക്കി വിളവെടുക്കുവാൻ സൗകര്യമില്ല. ഇക്കാരണത്താൽ അതിവിശാലമായ പല സ്ഥലങ്ങളും അനാദികാലം മുതൽ വെറും തരിശായിക്കിടക്കുകയായിരുന്നു. ഇവയെ കൃഷിയ്ക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരുപായം ലൈസൻകോ കണ്ടുപിടിച്ചു. അദ്ദേഹം പാരമ്പര്യശാസ്ത്രജ്ഞന്മാരുടെ രീതിയിൽ വർണ്ണസങ്കരംകൊണ്ടു പുതിയ വർഗ്ഗം ചെടികളെ നിർമ്മിയ്ക്കുകയല്ല, ഉള്ള വർഗ്ഗങ്ങളെത്തന്നെ ഒരു പുതിയ സമ്പ്രദായപ്രകാരം വളർത്തുകയാണ് ചെയ്തത്. ഗോതമ്പ്, ബാർലി, റൈ എന്നീ ധാന്യങ്ങളിലെല്ലാം അദ്ദേഹം ഈ വിദ്യ പ്രയോഗിച്ചു. സാധാരണ ചെയ്യാറുള്ളതുപോലെ കൃഷിയിറക്കിയാൽ കതിരുവരുമ്പോഴേയ്ക്ക് മഞ്ഞുവീണ് വിളയെല്ലാം നശിച്ചുപോകും. അതുകൊണ്ട് ഈ ധാന്യങ്ങൾക്കു പാടത്തുള്ള വിളവുകാലം ഹ്രസ്വമാക്കുവാനാണ് ലൈസൻകോ ശ്രമിച്ചത്. ഈ ശ്രമത്തിൽ അദ്ദേഹം വിജയിയ്ക്കുകയും അങ്ങനെ റഷ്യയ്ക്ക് അനേകലക്ഷം ഏക്കർ പുതിയ വിളനിലങ്ങൾ ലഭിയ്ക്കുകയുംചെയ്തു. ലൈസൻകോ കണ്ടുപിടിച്ച സമ്പ്രദായത്തിനു ''വെർണലൈസേഷൻ'' എന്നാണ് പേര്. പാടത്തു വിതയ്ക്കും മുമ്പ് വിത്തിന്മേൽ ചില പ്രയോഗങ്ങൾ നടത്തുന്ന ഒരു പദ്ധതിയാണത്. ആദ്യമായി അതിനു നനവു തട്ടിയ്ക്കുന്നു, പിന്നെ ഉണക്കുന്നു, പിന്നെ തണുപ്പിയ്ക്കുന്നു. ഇങ്ങനെ ചെയ്താൽ അതു വളരെവേഗം കതിരിട്ടു വിളയുന്നതായിട്ടാണ് അനുഭവം. ഇതു പ്രായോഗികമായ ഒരു മഹാവിജയമാണെന്നുള്ളതിൽ തക്കമില്ല. റഷ്യയിലെ കഷകക്ക് അതൊരു പുതിയ ലോകംതന്നെ തുറന്നുകൊടുത്തു. ഈ കണ്ടുപിടുത്തത്തിനു സിദ്ധാന്തപരമായ ഒരു വ്യാഖ്യാനം നല്കുവാനും ലൈസൻകോ യത്നിയ്ക്കുകയുണ്ടായി. അങ്ങിനെയാണ് അദ്ദേഹം പഴയ പാരമ്പര്യശാസ്ത്രജ്ഞന്മാരുമായി ഏററുമുട്ടിയത്. അദ്ദേഹത്തിൻെറ വ്യാഖ്യാനം സസ്യശാസ്ത്രത്തിൽ അശ്രുതപൂർവ്വമായ

Digitized by Kerala Sahitya Akademi

അനേകം സങ്കല്പങ്ങളെ ആശ്രയിക്കുന്നു. ഇവയെ അംഗീകരിക്കു വാൻ മററുള്ള ശാസ്ത്രജ്ഞന്മാൎക്കു വളരെ പ്രയാസമായി. വ്യാഖ്യാനമെന്തുമാകട്ടെ, കൃഷിക്കാരനു് അതു പ്രയോജനപ്പെട്ടില്ലേ? എന്നാണു് ലൈസൻകോ ചോദിച്ചതു്. ഇക്കാര്യത്തിൽ സംശയത്തിനു വകയില്ല. സോവിയററു ഗവമ്മേണ്ടു് തങ്ങളുടെ ഏററവും വലിയ കീൎത്തിമുദ്രകളാലും സമ്മാനങ്ങളാലും അദ്ദേഹത്തെ ബഹുമാനിച്ചു. റഷ്യൻജനത അദ്ദേഹത്തോടു് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നതിനു തെളിവാണിതു്. കൃഷിക്കാരനു വ്യാഖ്യാനത്തിലും സിദ്ധാന്തത്തിലുമല്ല താല്പര്യം. പ്രയോജനമുണ്ടോ എന്നാണു് അയാൾ ചോദിക്കുന്നതു്. ഈ വഴിക്കു ലൈസൻകോ റഷ്യൻ ജനതയുടെ പരിപൂൎണ്ണമായ വിശ്വാസം സമാൎജ്ജിച്ചു കഴിഞ്ഞു. അങ്ങിനെയാണു് അദ്ദേഹം പ്രാമാണ്യവും അധികാരവും നേടിയതെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. വാവിലോവിൻെറ പണ്ടത്തെ സ്ഥാനവും അതിൻെറ പത്തിരട്ടി അധികാരവും അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടു്. തൻെറ പുതിയ സിദ്ധാന്തങ്ങളെ ആരും ഗൗനിക്കുന്നില്ലെന്നു കണ്ടപ്പോൾ എതിരാളികളെയും അവരുപാസിക്കുന്ന പാരമ്പര്യശാസ്ത്രത്തെയും അതിനിശിതമായി ഭർത്സിക്കുവാനും, ഒന്നടക്കം നിഷേധിക്കുവാനും അദ്ദേഹം നിശ്ചയിച്ചു. അതുകൊണ്ടും ഫലമില്ലെന്നു കണ്ടപ്പോഴായിരിക്കണം എതിരഭിപ്രായക്കാരെ സംഹരിക്കുക എന്ന റഷ്യയിലെ രാഷ്ട്രീയവിദ്യതന്നെ സ്വീകരിച്ചതു്. ആദ്യമൊക്കെ ഒളിച്ചും മറഞ്ഞുമാണു് ഈ നയം പ്രയോഗിച്ചുവന്നതു്. വാവിലോവിനെ സംഹരിച്ചതുതന്നെ യുദ്ധകാലത്തു റഷ്യനതിൎത്തി കടക്കുവാൻ ശ്രമിച്ചു എന്ന കാരണത്തിന്മേലാണെന്നു പറയപ്പെടുന്നു. പക്ഷെ ഇന്നു് ഒളിവും മറവുമെല്ലാം നിശ്ശേഷം ഉപേക്ഷിച്ചിരിക്കുയാണു്. താൻ ഒരു പുതിയ റഷ്യൻജീവശാസ്ത്രത്തിൻെറ നായകനാണെന്നു ലൈസൻകോ പ്രഖ്യാപിച്ചിരിക്കുന്നു. അടുത്ത കാലത്തു് ജീവിച്ചിരുന്ന മിച്ചൂറിൻ എന്ന ഒരു റഷ്യൻ കൃഷിവിദഗ്ദ്ധനെയാണു് ഈ നൂതനവിജ്ഞാനത്തിൻെറ ഉപജ്ഞാതാവും ആചാര്യനുമായി അവരോധിച്ചിരിക്കുന്നതു്. ഈ മിച്ചൂറിൻജീവശാസ്ത്രത്തിൻെറ ഉപാസകന്മാരായി സത്യപ്രതിജ്ഞ ചെയ്യുവാൻ റഷ്യൻഗവമ്മേണ്ടു് അവിടത്തെ ഗവേഷകന്മാരോടു് ആവശ്യപ്പെടുന്നു. അതിനു സമ്മതമില്ലാത്തവൎക്കു റഷ്യയിൽ സ്ഥാനമില്ല. ഇതാണു് റഷ്യയിൽ

Digitized by Kerala Sahitya Akademi

ഇന്നു ജീവശാസ്ത്രത്തിൻെറ നില. ലൈസൻകോയുടെ പ്രയോഗ പദ്ധതികൾ ജനസമുദായത്തിന്നു ഗുണകരമായിരിയ്ക്കാമെങ്കിലും അതുമൂലം ശാസ്ത്രത്തിൻെറ നേക്ക് ഇങ്ങനെയൊരു ഏകാധിപത്യ മനോഭാവം കൈക്കൊള്ളുന്നത് ജ്ഞാനത്തിൻെറ പുരോഗതിയ്ക്കു ഹാനികരമാണ്. അതുകൊണ്ടുള്ള ദോഷം റഷ്യതന്നെയാണ് അനുഭവിയ്ക്കാനും പോകുന്നത്.

[തിരുവനന്തപുരം റേഡിയോ നിലയം ഡയരക്ടറുടെ അനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നത്.]

Digitized by Kerala Sahitya Akademi

# ജീവശാസ്ത്രത്തിലെ ദുർഘടസന്ധി

(1954)

ജീവശാസ്ത്രത്തിൻെറ പുരോഗതിയിൽ ശ്രദ്ധേയമായ ഒരു പരിവത്ത്നനം ഉണ്ടായിട്ടുള്ള കാലമാണിത്. ജീവജാലങ്ങളുടെ രൂപവൈചിത്ര്യങ്ങളും സ്വഭാവവിശേഷങ്ങളും മനസ്സിലാക്കുന്നതിനേക്കാറം ജീവശരീരത്തിൻെറ പ്രവത്ത്നരഹസ്യങ്ങറം കണ്ടുപിടിക്കുന്നതിലാണ് ഇന്നത്തെ ശാസ്ത്രജ്ഞന്മാക്ക് കൂടുതൽ താല്പര്യം. അനുനിമിഷം വികസിച്ചുകൊണ്ടിരിക്കുന്ന ഊജ്ജതന്ത്രം, രസതന്ത്രം എന്നീ വിജ്ഞാനശാഖകളുടെ സഹായത്തോടെ ജീവൻെറ ആസ്പദമായ ശരീരവസ്തുവിനെ അപഗ്രഥനം ചെയ്യും, അതിൻെറ പ്രവത്ത്നരീതികളെ പിൻതുടന്നും, പ്രയോഗവിശേഷങ്ങളെ അനുകരിക്കാൻ ശ്രമിച്ചും, വിസ്തൃതമായ തോതിൽ, പല പ്രകാരത്തിലുള്ള ഗവേഷണങ്ങറം നടക്കുകയാണ്. ചെടിയുടേയും മൃഗത്തിൻേറയും ശരീരത്തിൽ ഇലയായും കറയായും, മജ്ജയായും മാംസമായും രൂപവൽകൃതമായി കാണപ്പെടുന്ന, ജീവചൈതന്യത്തിൻെറ വാഹനമായ ഈ അത്ഭുതപദാത്ഥത്തിൻെറ ഘടകങ്ങളേയും ഘടനയേയുംകുറിച്ചു വളരെയധികം വസ്തുതകറം അറിയപ്പെട്ടിട്ടുണ്ട്. ഈ മട്ടിലുള്ള അപഗ്രഥനം അങ്ങേയററമെത്തുമ്പോറം ജീവൻെറ രഹസ്യവും വെളിപ്പെടുമെന്ന് ചില ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ഇവർ ശുദ്ധ ഭൗതികവാദികളാണ്. ഉപ്പിൻെറ രുചിയും വെടിമരുന്നിൻെറ സ്ഫോടനശക്തിയും പോലെ, പ്രോട്ടോപ്ലാസം എന്ന സങ്കീണ്ണമായ ശരീരവസ്തുവിൻെറ സ്വഭാവമാണ് ജീവൻ എന്ന് ഇവർ കരുതുന്നു. തങ്ങളുടെ നിരീക്ഷണങ്ങളുടെ പരമമായ വിജയസാദ്ധ്യതയെപ്പററി അവക്ക് സംശയമില്ല. ദുരൂഹവും ഭൗതികശാസ്ത്രത്തിൻെറ യുക്തിക്കു ഗ്രഹിക്കുവാൻ കഴിയാത്തതുമായ എന്തെങ്കിലും ഘടകം ജീവവസ്തുവിൽ അന്തർഭവിച്ചിട്ടുണ്ടെന്ന് അവർ വിശ്വസിക്കുന്നില്ല.

പക്ഷെ, ഇതുവരെയുള്ള അനുഭവംകൊണ്ട്, മററു ചില ശാസ്ത്രജ്ഞന്മാക്ക് ഇങ്ങിനെയൊരു ശുഭാപ്തിവിശ്വാസം ഇല്ലാതായിട്ടുണ്ട്. ജഡപദാത്ഥങ്ങളെ വിശകലനം ചെയ്തുചെയ്തു, പ്രപ

Digitized by Kerala Sahitya Akademi

ഞ്ചത്തിൻെറ രഹസ്യം കണ്ടെത്താമെന്നു കഴിഞ്ഞ നൂററാണ്ടിലെ ഭൗതികശാസ്ത്രജ്ഞന്മാർ വ്യാമോഹിച്ചതും ഒടുവിൽ അവക്കു പൂർവ്വ സങ്കല്പങ്ങളെയെല്ലാം പരിത്യജിച്ച് പണ്ടു സ്വപ്നത്തിൽപോലും വിചാരിച്ചിരിയ്ക്കാത്ത നിഗമനങ്ങൾ സ്വീകരിയ്ക്കേണ്ടിവന്നതും ഇക്കൂട്ടർ ചൂണ്ടിക്കാണിയ്ക്കുന്നു. ജഡലോകം ദൃഢമായ അണുക്കളേയും പരമാണുക്കളേയുംകൊണ്ടു നിർമ്മിതമാണെന്നുള്ള ധാരണപോലും ഒടുവിൽ ഉപേക്ഷിയ്ക്കേണ്ടിവന്നു. ഇങ്ങിനെയുള്ള ചിന്താവിപ്ലവങ്ങൾക്കു ജീവശാസ്ത്രവും രംഗഭൂവാകേണ്ടിവന്നിരിയ്ക്കുന്നു എന്നുതന്നെയാണ് അവരുടെ അഭിപ്രായം. ഊർജ്ജതന്ത്രത്തിൻെറയും രസതന്ത്രത്തിൻെറയും യാന്ത്രികയുക്തികളെ ആധാരമാക്കിയുള്ള അപഗ്രഥനവും നിരീക്ഷണങ്ങളുംകൊണ്ട് ജീവവസ്തുവിനെ മനസ്സിലാക്കുവാൻ സാദ്ധ്യമല്ലെന്നു, ഇതുവരെയുള്ള അനുഭവങ്ങളെയും ഇന്നു നേരിടേണ്ടിവന്നിരിയ്ക്കുന്ന പ്രായസങ്ങളേയും ചൂണ്ടിക്കാണിച്ചുകൊണ്ട്, അവർ വാദിയ്ക്കുന്നു.

ഒരു ചിത്രശലഭത്തിൻെറ കഥതന്നെ നോക്കുക. കഷ്ടിച്ചു കാണാവുന്ന ഒരു മുട്ടയിൽനിന്നാണ് അതുണ്ടാകുന്നത്. മുട്ടമുതൽ ശലഭംവരെയുള്ള അവക്രാന്തിദശകളെല്ലാം നമുക്കു സുപരിചിതമാണ്. മുട്ട വിരിഞ്ഞു പുഴുവാകുന്നതും, പുഴു തിന്നുതിന്ന് വണ്ണിയ്ക്കുന്നതും, ഒടുവിൽ തീററി മതിയാക്കി ഒരു കോശത്തിനുള്ളിൽ ഒളിയ്ക്കുന്നതും, കുറേക്കഴിഞ്ഞ് കോശം പിളന്നു പൂമ്പാററ ഇറങ്ങുന്നതും പറന്നുപോകുന്നതും കൊച്ചുകുട്ടികൾക്കുപോലും അറിയാവുന്ന വസ്തുതകളാണ്. ഇതേക്കുറിച്ചു വളരെയധികം സൂക്ഷ്മവിവരങ്ങൾ ശാസ്ത്രജ്ഞന്മാർ ശേഖരിച്ചിട്ടുണ്ട്. എങ്കിലും കടുകിൻമണിയോളമുള്ള മുട്ടയിൽ കാണുന്ന ജീവവസ്തു വളിച്ച് അത്ഭുതാകാരമായ ചിത്രശലഭമായിത്തീരുന്നതിൻെറ രഹസ്യം ഇന്നും അജ്ഞാതമാണ്. ജീവവസ്തുവിൻെറ അളവു കൂടുന്നതെങ്ങിനെയെന്ന് അറിയാം. പക്ഷേ അതു സവിശേഷമായ ഈ രീതിയിൽതന്നെ കൂടിവരുന്നതെങ്ങിനെയെന്നാണ് അറിഞ്ഞുകൂടാത്തത്. അത് ഒരു ലക്ഷ്യത്തിന്നഭിമുഖമായി കാലത്തിലൂടെ ഉദ്ദേശപൂർവ്വം സഞ്ചരിയ്ക്കുന്നതുപോലെയോ, ശാസ്ത്രജ്ഞൻെറ സൂക്ഷ്മദർശിനിയ്ക്കുപോലും കണ്ടുപിടിയ്ക്കുവാൻ കഴിയാത്ത ഏതോ ഉപകരണങ്ങൾ അതിനെ നിർദ്ദിഷ്ടരീതിയിൽ രൂപവല്ക്കരിയ്ക്കുന്നതുപോലെയോ തോന്നിപ്പോകുന്നു. പണ്ടുപണ്ടേയുള്ള ആ ഉപമ—കുശവൻെറ കൈയിലെ കളിമണ്ണ്—ജീവവസ്തുവിൻെറ അവക്രാന്തിയും

Digitized by Kerala Sahitya Akademi

വളർച്ചയും കാണുമ്പോൾ ഇന്നും പ്രസക്തമായിത്തോന്നുന്നു. പണ്ടു ള്ളവക്കു കുശവൻ ആരെന്നുള്ളതിനെപ്പററി സംശയമില്ലായിരുന്നു. അദൃശ്യനും സർവ്വശക്തനുമായ ആ മഹാകുലാലനെ അവർ അറിയുന്നതായി വിശ്വസിയ്ക്കുകയും ആരാധിയ്ക്കുകയും ചെയ്യുവന്നു. ഇന്നത്തെ കഥ അതല്ല. കളിമണ്ണും കാര്യക്കാരനമല്ലാതെ ഒരു കുശവനും ഇല്ലെന്നു തീർച്ചയായിരിയ്ക്കുന്നു. കളിമണ്ണ് സ്വയം കുടമാവുകയാണ്—പുഴു തനിയെ പൂമ്പാററയാവുകയാണ്. ആഹാരം എന്നു പറയുന്ന അന്യപദാർത്ഥങ്ങൾ പുറമേനിന്ന് അതു ഗ്രഹിയ്ക്കു കയും ജീവവസ്തുവായി സംസ്കരിച്ചു തന്നിൽ ലയിപ്പിയ്ക്കുകയും ചെ യ്യുന്നുണ്ട്. ഇതെങ്ങിനെ സംഭവിയ്ക്കുന്നു എന്നുള്ളത് ഏറെക്കുറെ മ നസ്സിലാക്കാൻ കഴിയും. പക്ഷേ വർദ്ധിയ്ക്കുന്നതിനോടൊപ്പം ഈ ക ളിമണ്ണ് സ്വയം കുടമായി മെനഞ്ഞുവരുന്നതാണ് അത്ഭുതകരമായി രിയ്ക്കുന്നത്. പൂമ്പാററയുടെ കാര്യത്തിൽ ഇടയ്ക്കൊരു അഴിച്ചുപണി യുംകൂടി നടക്കുന്നുണ്ട്. കോശത്തിനുള്ളിലായ പുഴു വിശ്രമിയ്ക്കുക യോ, ചില പാഠപുസ്തകങ്ങളിൽ പറയുന്നതുപോലെ ''സമാധിയി രി''യ്ക്കുകയോ, അല്ല ചെയ്യുന്നത്. അതിൻെറ കൊഴുത്തുതടിച്ച ശരീരം ദ്രവിച്ചുപോകുന്നു. കണ്ണും കാലും കുടലും എല്ലാം തകർന്നു തരിപ്പണമാകുന്നു. കോശത്തിനുള്ളിലെ ഈ ''പ്രളയപയോധിജല'' ത്തിൽ അങ്ങിങ്ങു കാണുന്ന പദാർത്ഥശകലങ്ങളിൽനിന്നാണ് അതി മനോഹരമായ ചിത്രശലഭം ഉരുക്കൂട്ടുന്നത്. എങ്ങിനെ?

എങ്ങിനെ എന്ന ഈ ചോദ്യമാണ് വിഷമിപ്പിയ്ക്കുന്നത്. ചെളി അടിഞ്ഞുകൂടുന്നതുപോലെയോ, മഞ്ഞ് ഉറഞ്ഞുകൂടുന്നതു പോലെയോ ഉള്ള അന്ധമായ ഒരു പ്രതിഭാസമല്ലത്. അതിൽ ലക്ഷ്യവും ഉദ്ദേശവും പ്ലാനും പദ്ധതിയും എല്ലാമുണ്ട്. ജീവ വസ്തുവിൻെറ എല്ലാ പ്രവർത്തനങ്ങളിലും പരിവർത്തനങ്ങളിലും ഇങ്ങിനെ സ്വയം സംഘടിയ്ക്കുവാനും, സ്വയമേവ രൂപവൽകൃത മാകുവാനുമുള്ള അത്ഭുതശക്തി ദർശനീയമാണ്. കളിമണ്ണു തനിയേ കുടംമെനയുമെന്നോ, അല്ലെങ്കിൽ കളിമണ്ണിൽ അതിൻെറ കുശവനും ലയിച്ചിരിയ്ക്കുന്നു എന്നോ പറഞ്ഞാൽ എന്തെങ്കിലും മനസ്സിലാകു മെങ്കിൽ, അതാണ് എങ്ങിനെ എന്ന ഈ ചോദ്യത്തിൻെറ ഉത്തരം. ജന്തുക്കളുടെയും ചെടികളുടെയും അവക്രാന്തിദശകളും വളർച്ചയും പഠിയ്ക്കുന്നതിനു പലപ്പോഴും അവയുടെ അനുപദമുള്ള ഫോട്ടോ എ ടുത്തു ചലനചിത്രങ്ങൾ നിർമ്മിയ്ക്കാറുണ്ട്. ഇത്തരം ചലനചിത്ര ങ്ങൾ പ്രദർശിപ്പിച്ചുകാണുന്നത് അത്യന്തം രസകരമാണ്. രണ്ടാഴ്ച

Digitized by Kerala Sahitya Akademi

കൊണ്ടോ രണ്ടു കൊല്ലംകൊണ്ടോ സംഭവിക്കുന്ന വളച്ച് മുഴുവനും കൂടി രണ്ടു മണിക്കൂറിനുള്ളിൽ ഞെരുക്കിക്കാണിച്ചാൽ, ശരീരവസ്തു നേരത്തെ കണ്ടുവെച്ച ഒരു ലക്ഷ്യത്തിലേക്കു ബോധപൂർവ്വം ത്വരിത ഗമനം ചെയ്യുന്നതുപോലെ തോന്നും. മരത്തിൻെറ വളച്ച് കാണി ക്കുന്ന ചിത്രമാണെങ്കിൽ, ആദ്യം കാണുന്ന വിത്ത് അതിൽനിന്നു ണ്ടാകുന്ന തടിയും കൊമ്പും ഇലയും പൂവും കായും എല്ലാം ഇന്ന രൂപത്തിൽ ഇന്ന ദിക്കിൽ ഇന്നപ്പോഠം വരണമെന്ന് ''അറിഞ്ഞി ട്ടുള്ള''തുപോലെ തോന്നിപ്പോകും. വിമാനത്തിലിരുന്നുകൊണ്ടു വിശാലമായ ഒരു റെയിൽവേ ജങ്ഷൻ കണ്ടാലുണ്ടാകുന്ന പ്രതീ തിയാണ് ഇത്തരം ചലനചിത്രങ്ങഠം ജനിപ്പിക്കുന്നത്. അനേകം തീവണ്ടികഠം അട്ടകളെപ്പോലെ ഇഴഞ്ഞുനടക്കുന്നതു കാണാം. ഓരോന്നിനും മററുള്ളവയുടെ പോക്കുവരവുസമയങ്ങളും ലക്ഷ്യ ങ്ങളും അറിയാവുന്നതുപോലെയും, എല്ലാം അറിഞ്ഞുകൊണ്ട് ഓരോന്നും സ്വന്തം ഗതിയെ നിയന്ത്രിക്കുന്നതുപോലെയും തോന്നും. വാസ്തവത്തിൽ ഓരോ വണ്ടിയേയും നയിക്കുന്ന ആളുകഠം അതിൻെറ ഗതിയും സമയവും മാത്രമേ നോക്കുന്നുള്ളു. അതുമാത്രമേ നോക്കേ ണ്ടതുമുള്ളു. എല്ലാ വണ്ടികളുടെയും കാര്യം നോക്കേണ്ടതു ജനറൽ മാനേജരാണ്. അദ്ദേഹം അതു നേരത്തെ നോക്കി ഓരോന്നി ൻെറയും ഗതിയും സമയവും നിശ്ചയിച്ചിട്ടുണ്ട്. ഈ പൊതു പദ്ധതിയുടെ ചിത്രമാണ് നാം വിമാനത്തിലിരുന്നു കാണു ന്നത്. ജീവികളുടെ വളച്ച്യെ ദ്രുതഗതിയിൽ കാണിക്കുന്ന ചലന ചിത്രങ്ങഠം കാണുമ്പോഴും ഇങ്ങിനെ നേരത്തെ നിശ്ചയിച്ച ഒരു പൊതുപദ്ധതിയുടെ പ്രതീതി നമുക്കുണ്ടാകുന്നു. പക്ഷെ ഇവി ടെ ചുമതല വഹിക്കുവാൻ ഒരു ജനറൽ മാനേജരില്ലെന്നുള്ള വസ്തു തയാണ് നമ്മെ അമ്പരപ്പിക്കുന്നത്. മുട്ട പൂമ്പാററയാകുവാൻ ''വെമ്പു''ന്നതും, പുഴുവിൻെറ ചൈതന്യം കോശത്തിനുള്ളിലെ ദ്രവീകൃതശരീരത്തിലൂടെ ''നീക്കുഴി''യിട്ടുവരുന്നതും എല്ലാം കാണു കയും ഉള്ള പരീക്ഷണങ്ങളെല്ലാം നടത്തിനോക്കുകയും ചെയ്യു മ്പോഠം, പിന്നെയും എങ്ങിനെ എന്ന ആ ചോദ്യം ശേഷി ക്കുന്നു.

ജീവവസ്തുവിൻെറ പ്രവത്തനങ്ങളിൽ ഇടപെടുകയും ഇടങ്കോ ലിടുകയും ചെയ്താൽ ഈ പ്രശ്നത്തിന്ന് ഉത്തരം ലഭിക്കുമെന്ന് ഇടക്കാ ലത്തു പലരും പ്രത്യാശിക്കുകയുണ്ടായി. അങ്ങിനെയുള്ള വളരെയ ധികം ഗവേഷണങ്ങഠം നടക്കുകയും ചെയ്തു. ഇന്നും ധാരളമായി

Digitized by Kerala Sahitya Akademi

നടക്കുന്നുണ്ടു്. പക്ഷെ, ഈ വഴിക്കു പോയാലും വിജയസാദ്ധ്യത വളരെയൊന്നും വർദ്ധിക്കുന്നില്ലെന്നാണു് ഇതുവരെയുള്ള അനുഭവം. ജീവവസ്തുവിന്റെ വളർച്ചയാകുന്ന കുലാലചക്രത്തിൽ പ്രതിബന്ധങ്ങളിട്ടുനോക്കുന്ന വിദ്യയാണു് ആദ്യം പ്രയോഗിച്ചതു്. ഫലം കൂടുതൽ വിസ്മയകരമായിരുന്നു. നമ്മുടെ ഉപമയെ പിടിച്ചു തന്നെ കുറേക്കൂടി പോകാം. കുടമായിട്ടു പൊങ്ങിവരാതെ അമത്തിപ്പിടിച്ചാൽ, പരന്ന ചട്ടിയായിട്ടെങ്കിലും സ്വയം മെനയുവാൻ കളിമണ്ണിനു കഴിയുമെന്നാണു് കണ്ടതു്. തീരെ നിവൃത്തിയില്ലാതെ വന്നാൽ മാത്രമേ ജീവവസ്തു കാലസരണിയിലൂടെയുള്ള അതിന്റെ മഹാപ്രസ്ഥാനം ഉപേക്ഷിച്ചു് നശിക്കുവാൻ തയ്യാറാവുകയുള്ളു. ഹോൾട്ട്ഫ്രീറർ എന്ന ശാസ്ത്രജ്ഞൻ തവളയുടെ ഭ്രൂണങ്ങളെക്കൊണ്ടു നടത്തിയ ഒരു വിചിത്രപരീക്ഷണം ഓർമ്മയിൽ വരുന്നു. ഈ ഭ്രൂണം വെള്ളത്തിലാണു് വളരുന്നതു്. ആദ്യം അതു് അകംപൊള്ളയായ ഒരു ഗോളമാകുന്നു. പിന്നീടു ഗോളത്തിന്റെ അടിവശം ഉള്ളിലേയ്ക്കു ചുളിഞ്ഞുകയറി, അതു് ഇരട്ടബ്ഭിത്തിയുള്ള ഒരു കുടംപോലെയാകുന്നു. ഒരു മൺകുടത്തിനുള്ളിൽ കെട്ടിത്തൂക്കിയ തുറന്ന സഞ്ചിപോലെ എന്നു പറയാം. ഈ സഞ്ചിയാണു് ഭ്രൂണത്തിന്റെ ആമാശയം. അതിനുള്ളിൽ ദഹനരസങ്ങളും മററും ക്രമേണ ഉണ്ടാകും. ഭ്രൂണഗോളത്തിന്റെ ഭിത്തി ഇങ്ങിനെ അകത്തേയ്ക്കു കുഴിഞ്ഞു ആമാശയസഞ്ചിയുണ്ടാകുന്നതെങ്ങിനെയെന്നു ഹോൾട്ട്ഫ്രീറർ പഠിക്കുകയായിരുന്നു. ഭ്രൂണഗോളത്തിനു ചുററുമുള്ള ജലത്തിന്റെ സ്വഭാവം ഇക്കാര്യത്തിൽ ഒരു പ്രധാനപങ്കു് വഹിക്കുന്നുണ്ടെന്നു അദ്ദേഹം മനസ്സിലാക്കി. ചില പ്രത്യേകതരം ഉപ്പുകൾ കലർത്തിയ ജലത്തിൽ അദ്ദേഹം ഭ്രൂണത്തെ വളർത്തി. ഇങ്ങിനെയുള്ള ചുററുപാടുകളിൽ ഭ്രൂണഭിത്തി അകത്തേയ്ക്കു കുഴിയുന്നതു ദുഷ്കരമാണു്. ഉപ്പുവെള്ളം അതനുവദിക്കുകയില്ല. ഈ ദുർഘടസന്ധിയിലും ഭ്രൂണം അതിന്റെ യത്നം കൈവെടിഞ്ഞില്ല; അതു നശിച്ചില്ല. അതിന്റെ ഭിത്തി അകത്തേയ്ക്കു കുഴിഞ്ഞിറങ്ങുന്നതിനുപകരം പുറത്തേയ്ക്കു കുമളിച്ചുവന്നു. ഇങ്ങിനെ വെളിയിൽ ആമാശയമുള്ള ഭ്രൂണത്തെ കുറച്ചുനാൾ വളർത്താൻ സാധിച്ചിട്ടുണ്ടു്. പക്ഷെ തുടർന്നുള്ള ജീവിതം അതിനു സാദ്ധ്യമല്ല. ആമാശയം അകംപുറം മറിഞ്ഞതാണു് കിടക്കുന്നതു്. അതൊരു സഞ്ചിയല്ല, ബലൂണാണെന്നു പറയാം. ദഹനരസങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും അവയെല്ലാം പുറത്തേയ്ക്കു സ്രവിക്കു

Digitized by Kerala Sahitya Akademi

ന്നതുകൊണ്ട് വെള്ളത്തിൽ കലർന്നുപോകുന്നു.

ഇങ്ങിനെയുള്ള ദുർഘടസന്ധിയിലും ഭ്രൂണത്തിലെ ജീവവസ്തു നിർദ്ദിഷ്ടലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ടുതന്നെ പ്രവർത്തിക്കുന്നു എന്നുള്ളതാണ് ശ്രദ്ധേയമായ സംഗതി. അന്ധമായ ഭൗതിക ശക്തികളുടെ ആഘാതപ്രത്യാഘാതങ്ങളല്ല നാം കാണുന്നത്. തവളയുടേയും മററു ചില ജലജന്തുക്കളുടേയും ഭ്രൂണാവക്രാന്തിയിലെ ആദ്യഘട്ടങ്ങളിൽ നടത്തിയിട്ടുള്ള ചില പരീക്ഷണങ്ങളെക്കുറിച്ചു കൂടി പറയാം. ഇവയുടെ മുട്ട ആദ്യം രണ്ട്, പിന്നെ നാല്, എട്ട്, പതിനാറ് എന്നിങ്ങിനെ സ്വയം മുറിയുന്നു. പക്ഷേ ഈ കഷണങ്ങൾ വേർപെടുന്നില്ല. അവ അടുത്തു ചേർന്നിരിക്കുകയും ചില പ്രത്യേകരീതികളിൽ രൂപവൽകൃതമാവുകയും ചെയ്യുന്നു. ആദ്യത്തെ ദശയിൽതന്നെ മുട്ടയുടെ രണ്ടു കഷണങ്ങളേയും പരസ്പരം വേർപെടുത്തിയാൽ അവ നശിക്കുന്നില്ല; അവക്രാന്തിക്കു ഭംഗവും നേരിടുന്നില്ല. ഇരുകഷണങ്ങളും വളരുന്നു. പക്ഷേ ഒരുമിച്ചിരുന്നപ്പോഴത്തെപ്പോലെ ഓരോന്നും ഓരോ അർദ്ധജീവിയായിട്ടല്ല തീരുന്നത്. ഓരോ കഷണവും ഓരോ പൂർണ്ണജീവിയാകുന്നു. രണ്ടു മുട്ടകൾ കൂട്ടിയൊട്ടിച്ച് ഒരൊററ ജീവിയെ ജനിപ്പിക്കുവാനും സാധിക്കും. ഇതിൻെറയെല്ലാം രഹസ്യമെന്താണ്? മുമ്പ് അറിഞ്ഞിട്ടില്ലാത്ത ചുററുപാടുകളിൽപോലും കളിമണ്ണ് സ്വയം കുടമാകുന്നു; ആകുന്നതിനുവേണ്ടി അങ്ങേയററം പ്രയത്നിക്കുന്നു. എങ്ങനെ? ആ ചോദ്യം രാവണശീർഷംപോലെ പിന്നെയും പിന്നെയും നമ്മെ അഭിമുഖീകരിക്കുന്നു. കളിമണ്ണിൽ അന്തർലീനമായ കുലാലശക്തി, ഒരേസമയംതന്നെ കളിമണ്ണും കുശവനുമായി പെരുമാറുന്ന അത്യത്ഭുതകരമായ ഈ ജീവവസ്തു, നമ്മുടെ അപഗ്രഥനങ്ങൾക്കും പരീക്ഷണങ്ങൾക്കും പിടിതരാതെ വഴുതിപ്പോകുന്നു.

ഇതെല്ലാം പാരമ്പര്യഘടകങ്ങളുടെ വൈഭവമാണെന്നു സങ്കല്പിച്ച് ഒരു വലിയ സംഘം ശാസ്ത്രജ്ഞന്മാർ അവയെ പിൻതുടരുന്നുണ്ട്. പിതാക്കൾ അഥവാ പൂർവ്വജീവികളുടെ ബീജങ്ങൾ അഥവാ ശരീരശകലങ്ങളിൽനിന്നാണ് പുതിയ ജന്തുക്കൾ ഉണ്ടാകുന്നത്. ബീജങ്ങളിൽ പാരമ്പര്യവാഹികളായ സൂക്ഷ്മഘടകങ്ങളുണ്ട്. ഇവയ്ക്കു് ജീൻ എന്നു പേർ പറയുന്നു. ഇവയുടെ

Digitized by Kerala Sahitya Akademi

സാന്നിദ്ധ്യംമൂലമാണ് പൂച്ചയുടെ സന്താനം പൂച്ചയായും മനുഷ്യ ന്റേതു മനുഷ്യനായും തീരുന്നത്. ഈ ഘടകങ്ങളുടെ സംക്രമ ത്തെയും പ്രവത്തനത്തെയും കുറിച്ച് വളരെയധികം വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. മുട്ട രണ്ട്, നാല്, എട്ട് എന്നിങ്ങനെ മുറിഞ്ഞു മുറിഞ്ഞ് ഭ്രൂണമായും, ഭ്രൂണം വളൻ ജന്തുവായും തീരുമെന്നു പറ ഞ്ഞുവല്ലോ. ഇങ്ങനെ ഓരോ പ്രാവശ്യം മുറിയുമ്പോഴും ജീൻ എന്നു പറയുന്ന ഘടകങ്ങളും പെരുകുന്നുണ്ട്. ഓരോ കഷണ ത്തിലും ആദ്യമുണ്ടായിരുന്ന ജീൻകൂട്ടത്തിന്റെ ശരിപ്പകപ്പുകൾ ഉണ്ടാകുന്നു. പൂണ്ണവളച്ച്യിലെത്തിയ ജന്തുശരീരം എത്രയോ ലക്ഷം ചെറിയ ചെറിയ കഷണങ്ങൾകൊണ്ടാണു സംഘടിപ്പി ച്ചിരിക്കുന്നത്. ജീവവസ്തു വദ്ധിക്കുന്നതങ്ങനെയാണ്. ഈ കഷണങ്ങളിലെല്ലാം മേല്പറഞ്ഞ ജീൻകൂട്ടങ്ങളുണ്ട്. ശരീരലക്ഷ ണങ്ങൾ ആവിർഭവിക്കുന്നതിന്ന് അവയാണ് കാരണക്കാർ. പക്ഷെ ഇവിടെയും ഒരു പ്രയാസത്തെ നമുക്ക് നേരിടേണ്ടിവരുന്നു. ശരീ രത്തിന്റെ ഏതു ഭാഗത്തും എല്ലാ ലക്ഷണങ്ങൾക്കും കാരണക്കാരായ ജീൻകൂട്ടമുണ്ട്. വിരലിന്റെ അററത്ത് വിരലിന്റെ ലക്ഷണത്തെ നിയന്ത്രിക്കുന്ന ജീൻമാത്രമല്ല ഉള്ളത്. മുഖത്തിന്റെ ആകൃതിയും കണ്ണിന്റെ നിറവും കാലിന്റെ നീളവും എല്ലാം നിയന്ത്രിക്കുന്ന ജീൻഘടകങ്ങൾ അവിടെയുണ്ട്. അതുപോലെതന്നെ മററു ശരീ രഭാഗങ്ങളിലും. ചുമതലക്കാരുടെ ഈ ബഹളത്തിനിടയ്ക്ക് അടുക്കും മുറയും ഉണ്ടാകുന്നതെങ്ങനെയെന്നും, ഭ്രൂണത്തിലെ ജീവവസ്തു ശരീരലക്ഷണങ്ങളെ യഥാസ്ഥാനങ്ങളിൽ ആവിഷ്കരിക്കുന്നത് എങ്ങനെയെന്നും ഉള്ളത് ഒരു കീറാമുട്ടിയായിത്തന്നെ ശേഷി ക്കുന്നു. ഏതു ജീൻ എവിടെ പ്രകാശിക്കണമെന്നും എവിടെ യെല്ലാം പ്രകാശിക്കരുതെന്നും ആരാണ് നിശ്ചയിക്കുന്നത്? കളി മണ്ണിന്റെയും കുശവന്റെയും, കഥതന്നെയാണ് ഇവിടെയും കാണുന്നത്. നിയമവും നിയോഗവും നിർദ്ദേശവും എല്ലാം ഈ ജീൻഘടകങ്ങളിൽതന്നെ ലീനമായിരിക്കുന്നു. ഇന്നയിന്ന രീതി യിൽ പെരുമാറണമെന്ന് അവയ്ക്കുതന്നെ അറിയാമെന്നു തോന്നി പ്പോകുന്നു. പുറമേനിന്നു യാതൊരു നിയാമകശക്തിയും ഈ ഘട കങ്ങളുടെ പ്രവൃത്തിമണ്ഡലത്തിൽ അധികാരം ചെലുത്തുന്നതായി നാം കാണുന്നില്ല. എങ്കിലും നിയാമകശക്തി ഉണ്ടെന്നുള്ളത് പ്രത്യക്ഷവുമാണ്. അത് അവയിൽതന്നെ കുടികൊള്ളുന്നതായി

Digitized by Kerala Sahitya Akademi

അനുമാനിക്കാനേ നിവൃത്തിയുള്ളു. അപ്പോഠം വീണ്ടും നാം എങ്ങനെ എന്ന ആ ചോദ്യത്തിൽതന്നെ ചെന്നുമുട്ടുന്നു.

ജീവവസ്തുവിൽ അടിസ്ഥാനഭൂതമായിക്കാണുന്ന ഈ പ്രതിഭാസത്തെ ഭൌതികശാസ്ത്രത്തിൻെറ ഉപാധികളിലൂടെ വ്യാഖ്യാനിക്കാൻ കഴിയാതെ പ്രാമാണികന്മാരായ പല ജീവശാസ്ത്രജ്ഞന്മാരും ഇന്നു കുഴങ്ങുകയാണ്. എങ്കിലും ഗവേഷകന്മാരിൽ ഭൂരിപക്ഷവും ഇമ്മാതിരി അടിസ്ഥാനപ്രശ്നങ്ങളിൽ വ്യഗ്രത കാണിക്കാതെ തങ്ങളുടെ അപഗ്രഥനങ്ങഠം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കൂടുതൽ കൂടുതൽ അറിയാൻ ശ്രമിക്കണമെന്നേ അവക്ക് ഉദ്ദേശമുള്ളു. ചോരുന്ന പാളകൊണ്ടു കുളം തേകുന്നതുപോലെയുള്ള വൃഥായത്നമാണിതെന്നു സമഗ്രവീക്ഷണവും ക്രാന്തദശിത്വവുമുള്ള ചുരുക്കം ചില ശാസ്ത്രജ്ഞന്മാർ മാത്രമേ മനസ്സിലാക്കിത്തുടങ്ങിയിട്ടുള്ളു. അവരിൽ ഒന്നുരണ്ടു പേരെങ്കിലും തികച്ചും വിപ്ലവാത്മകമായ നിഗമനങ്ങഠംക്കു മുതിന്നിട്ടുമുണ്ട്. ജീവവസ്തുവിൻെറ ഈ സ്വയംനിയാമകസ്വഭാവം അവ്യാഖ്യേയമായ ഒരു പരമാത്ഥമാണെന്ന് അംഗീകരിക്കണമെന്ന് അവർ വാദിക്കുന്നു. അത് ഈ പ്രപഞ്ചത്തിൻെറ ഒരു പ്രാഥമികഭാവമാണ്; അടിസ്ഥാനവസ്തുതയാണ്. അതിൻെറ പിന്നിലേക്കു കടന്നുനോക്കുവാൻ നമ്മുടെ ബുദ്ധിക്കു കഴിവില്ലെന്നു സമ്മതിക്കുകയും, അതിനെ ആസ്പദമാക്കി മുന്നോട്ടു പോവുകയുമാണ് ഭേദം. ഇതു ചെയ്യാത്തപക്ഷം ജീവശാസ്ത്രഗവേഷണം വൃഥായത്നമായിപ്പോകും. എങ്ങിനെ എന്ന ചോദ്യം എന്നും ശേഷിക്കുകയും ചെയ്യും. ഇതിനു തുല്യമായ ഒരു ചിന്താഗതി ഭൌതികശാസ്ത്രത്തിൽ ഇപ്പോഠം സാവ്വത്രികമായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഊജ്ജം അല്ലെങ്കിൽ ഭൌതികശക്തി തുടച്ചയായി പ്രവഹിക്കുന്നില്ലെന്നും ക്വാൻറം എന്നു പറയുന്ന സൂക്ഷ്മമാത്രകളായിട്ടാണ് അതിൻെറ ആവിഭാവവും തിരോഭാവവും പരിവത്തനങ്ങളും സംഭവിക്കുന്നതെന്നും ഈ നൂററാണ്ടിൻെറ ആരംഭത്തിൽ കണ്ടുപിടിക്കുകയുണ്ടായി. ഇതു പഴയ ഭൌതികശാസ്ത്രത്തിൻെറ ദൃഷ്ടിയിൽ യുക്തിസഹമല്ലാത്ത ഒരു സങ്കല്പമാണ്. പക്ഷേ ഇന്നത്തെ ആററംഗവേഷകന്മാക്ക് അതു നിത്യപരിചിതമായ ഒരു വസ്തുതയാണ്. അതിനെ വിട്ടൊഴിയുവാൻ അവക്കു സാദ്ധ്യമല്ല. അതിനെ വ്യാഖ്യാനിക്കുവാനും അവക്കു കഴിവില്ല. അതുകൊണ്ട് ഈ ഊജ്ജമാത്രകഠം ഇന്നത്തെ ഭൌതി

Digitized by Kerala Sahitya Akademi

കശാസ്ത്രത്തിൽ, പ്രപഞ്ചത്തിൻെറ ഒരു പ്രാഥമികഭാവമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ അംഗീകരിച്ചതുമൂലമാണ് ഇന്നു അറോമിക്‌ശാസ്ത്രം അത്യത്ഭുതകരമായ പുരോഗതിയെ പ്രാപിച്ചു കൊണ്ടിരിക്കുന്നത്. ഇതുപോലെയുള്ള അനുമാനധീരതക്കു ജീവശാസ്ത്രവും സന്നദ്ധമാകേണ്ടിയിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ അതു സംഭവിക്കുമെന്നും ജീവശാസ്ത്രം ഇന്നത്തെ ദുർഘടത്തിൽ നിന്നു മോചനംനേടി അഭൂതപൂർവ്വമായി വികസിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi